# അധികാര വികേന്ദ്രീകരണവും സാമൂഹ്യക്ഷേമവും

## കൈപുസ്തകം

കില
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ് പി.ഒ., തൃശൂർ - 680581

| | |
|---|---|
| **അധികാര വികേന്ദ്രീകരണവും** | **Democratic Decentralisation** |
| **സാമൂഹ്യക്ഷേമവും** | **and Welfare** |
| കൈപുസ്തകം | Handbook |
| ചീഫ് എഡിറ്റർ | Chief Editor |
| **ഡോ.പി.പി.ബാലൻ** | **Dr.P.P.Balan** |
| ഡയറക്ടർ-കില | Director-KILA |
| എഡിറ്റർ: | Editor: |
| **ഡോ. സണ്ണിജോർജ്ജ്** | **Dr.Sunny George** |
| ഡയറക്ടർ, സ്കൂൾ ഓഫ് | Director, School of |
| ലോക്കൽ ഗവേണൻസ്, കില | Local Governance, KILA |
| എഡിറ്റോറിയൽ സഹായം: | Editorial Assistance |
| **പി.എം.ദേവരാജൻ** | **P.M. Devarajan** |
| **കെ.വി.ഗോവിന്ദൻ** | **K.V. Govindan** |
| തയ്യാറാക്കിയവർ: | Prepared by: |
| ജെ.ഷരീഫ് | J. Sherief |
| ആർ.ബാലഗംഗാധരൻ | R.Balagangadharan |
| രഘുരാമൻ | Reghuraman |
| കെ.വി.ഗോവിന്ദൻ | K.V.Govindan |
| പി.എം.ദേവരാജൻ | P.M Devarajan |
| എം.ജി. കാളിദാസൻ | M.G. Kalidasan |
| വി.കെ. മോഹൻകുമാർ | V.K. Mohankumar |
| ജി. പത്മകുമാർ | G. Padmakumar |
| വി. സുകുമാരൻ | V. Sukumaran |
| പ്രസാധനം | Published by: |
| **സെന്റർ ഫോർ അർബൻ ഗവേണൻസ്** | **Centre for Urban Governance** |
| **(സി.യു.ജി)** | **(C.U.G)** |
| കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ | Kerala Institute of Local |
| അഡ്മിനിസ്ട്രേഷൻ (കില) | Administration (KILA) |
| മുളങ്കുന്നത്തുകാവ്, തൃശ്ശൂർ-680581, കേരളം | Mulamkunnathukavu, Thrissur–680581, Kerala |
| ഇ-മെയിൽ: kilaurban@gmail.com | E-mail: kilaurban@gmail.com |
| mail@kilaonline.org | mail@kilaonline.org |
| ഫോൺ - 0487-2220312, 2200244 | Ph. 0487-2220312,2200244 |
| മാർച്ച് - 2013 | March – 2013 |
| ഡി.ടി.പി | D.T.P |
| നഫല.കെ.എം, | Nafala. K.M |
| അച്ചടി | Printed at |
| കോ-ഓപ്പറേറ്റീവ് പ്രസ്സ് മുളങ്കുന്നത്തുകാവ് | Co-operative Press, Mulamkunanthukavu |
| ഫോൺ : 0487-2200391 | Ph : 0487-2200391 |

# അവതാരിക

ഒരു കേന്ദ്രീകൃത ഭരണ സംവിധാനത്തിൽ ദുർബല ജനസമൂഹങ്ങളും അവികസിത പ്രദേശങ്ങളും വികസന മുന്നേറ്റത്തിൽ പിന്തള്ളപ്പെട്ടു പോവുക എന്നത് സാർവ്വ ലൗകീക മായി കാണുന്ന ഒരു പ്രതിഭാസമാണ്. ഈ അവസ്ഥയ്ക്കെതിരായി ഉയർന്നു വന്ന പ്രതി ഷേധങ്ങളുടേയും ഉയർച്ചകളുടേയും ഒരു ഘട്ടത്തിൽ അധികാര വികേന്ദ്രീകരണം എന്ന ആശയം ഉയർന്നു വന്നു. ഇന്നു ലോകമെങ്ങും സന്തുലിതമായ പ്രാദേശിക വികസന ത്തിന് അധികാരവികേന്ദ്രീകരണം അനിവാര്യമാണെന്ന കാഴ്ച്ചപ്പാടിൽ എത്തുകയും അതനുസരിച്ചുള്ള നടപടികൾ മുന്നോട്ടു നീക്കുകയും ചെയ്തു കഴിഞ്ഞിരിക്കുന്നു. പ്രാചീന ഇന്ത്യയിൽ നാട്ടുകൂട്ടങ്ങളുടേയും ഗ്രാമസഭകളുടേയും മറ്റും രൂപത്തിൽ ഗ്രാമ ങ്ങളിലും നഗരങ്ങളിലും പ്രാദേശിക സർക്കാർ സംവിധാനങ്ങൾ നിലനിന്നിരുന്നു. എന്നാൽ അവയ്ക്കെല്ലാം പരിമിതമായ അധികാരങ്ങളും പ്രവർത്തന സ്വാതന്ത്ര്യവും മാത്രമെ ഉണ്ടായിരുന്നുള്ളു. സ്വതന്ത്രാനന്തരം ആദ്യവർഷങ്ങളിൽ തന്നെ മാറ്റങ്ങൾ ഉണ്ടായി എങ്കിലും അവ ഒന്നും സമഗ്രമായിരുന്നില്ല. എന്നാൽ 1993 ലെ 74-ാം ഭരണഘ ടനാ ഭേദഗതിയോടെ നഗരസഭകൾക്ക് കൂടുതൽ അധികാരങ്ങളും ഫണ്ടുകളും ലഭ്യമാ യി. നഗര വികസന പ്രവർത്തനങ്ങളും ക്ഷേമ നടപടികളും അവയുടെ അനിവാര്യ ചുമ തലകളായി മാറുകയും ചെയ്തു.

നഗരസഭകൾ കൂടുതൽ ശക്തിയാർജ്ജിക്കുമ്പോൾ കൗൺസിലർമാരുടെ ഉത്തരവാ ദിത്തങ്ങളും വർദ്ധിക്കുന്നു. പൊതുജനങ്ങൾ നഗരസഭയിൽ നിന്ന് സമഗ്രവും സമയബ ന്ധിതവുമായ സേവനങ്ങൾ പ്രതീക്ഷിക്കുന്നു. ഇതിനനുസരണമായി കൗൺസിലർമാ രുടെ പ്രവർത്തന ഗുണനിലവാരം ഉയരേണ്ടതുണ്ട്. ഈ വെല്ലുവിളി നേരിടുന്നതിന് നഗരഭരണകൂടങ്ങൾക്ക് സാധ്യമാവാതെ വന്നാൽ അധികാര വികേന്ദ്രീകരണം ഫലപ്രാ പ്തിയിൽ എത്താൻ പ്രയാസമാണ്. ഇതിന് ഏറ്റവും ആവശ്യം നിരന്തരവും ഇടമുറിയാ ത്തതുമായ വിദഗ്ദ്ധ പരിശീലനമാണ്.

നഗരസഭകളുടെ ഭരണ നിർവഹണത്തിൽ വളരെ ഉയർന്ന പങ്കാണ് സ്റ്റാന്റിംഗ് കമ്മി റ്റികൾക്കും അതിലെ അംഗങ്ങൾക്കും വഹിക്കാനുള്ളത്. നഗരഭരണ നിർവഹണം യഥാർത്ഥത്തിൽ നടക്കുന്നത് സ്റ്റാന്റിംഗ് കമ്മിറ്റികൾ വഴിയാണ്. വികസന പ്രവർത്തന

ങ്ങളുടെയും പദ്ധതി രൂപീകരണ നടത്തിപ്പിന്റേയും പൂർണ്ണ ചുമതല വികസന സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ സമയബന്ധിതവും കാര്യക്ഷമവുമായി പ്രവർത്തിച്ചില്ലെങ്കിൽ ആ നഗരസഭയുടെ പദ്ധതി പ്രവർത്തനങ്ങളും വികസന സംരംഭങ്ങളും അപകടത്തിൽ ആവുമെന്നത് നിസ്തർക്കമാണ്. അതേസമയം വികസനത്തേയും കാലത്തിനുചേരുന്ന വികസന സമ്പ്രദായങ്ങളേയും പറ്റി കൃത്യമായ കാഴ്ചപ്പാടും ഭാവനയുമുള്ള ഒരു സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കൗൺസിലിനേയും ആ പാതയിലൂടെ നയിക്കാൻ കഴിയും. സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഈ രീതി സ്വായത്തമാക്കണമെങ്കിൽ നിരന്തര പരിശീലനവും പങ്കാളിത്ത ചർച്ചകളും അനിവാര്യമാണ്. ശാസ്ത്രീയമായ പരിശീലനം ലഭിക്കാതെ ആധുനിക ഭരണ നിർവഹണം സാധ്യമേ അല്ല. ഇതു കണക്കിലെടുത്ത് നഗരസഭാ വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്ക് ഒരു പരിശീലന പദ്ധതിയ്ക്ക് കില രൂപം നൽകിയിരിക്കുന്നു. മൂന്ന് ദിവസം കിലയിൽ താമസിച്ചുകൊണ്ട് പൂർത്തിയാക്കേണ്ട പരിശീലനത്തിൽ മുതിർന്നവരുടെ പഠനത്തിന് സഹായകരമായ നൂതന പഠനരീതിയാണ് അവലംബിക്കുന്നത്. ഈ പരിശീലന പരിപാടി രൂപകല്പന ചെയ്യുന്നതിനും അതിനു സഹായകരമായ രീതിയിൽ ഈ കൈപുസ്തകം തയ്യാറാക്കുന്നതിനും നേതൃത്വം നൽകിയ ഡോ.സണ്ണിജോർജ്ജിനേയും അദ്ദേഹത്തോടൊപ്പം ഈ സംരംഭത്തിൽ പങ്കാളികളായ മറ്റ് പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. ഈ സംരംഭത്തിന് ധനസഹായം നൽകിയ HUDCO-HSMI യ്ക്ക് കിലയുടെ നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

തൃശൂർ
05-03-2013

**ഡോ. പി.പി. ബാലൻ**
ഡയറക്ടർ, കില

# ആമുഖം

കേരളത്തിൽ നടപ്പിൽ വന്ന അധികാര വികേന്ദ്രീകരണ ഭരണ സംവിധാനങ്ങൾ വിജയകരമാവുകയും മറ്റ് സംസ്ഥാനങ്ങൾക്കും രാജ്യങ്ങൾക്കും മാതൃകയാവുകയും ചെയ്തതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിൽ ഒന്ന് അത് പ്രാദേശിക ഭരണവുമായി ബന്ധപ്പെടുന്ന എല്ലാവർക്കും ലഭ്യമാക്കുന്ന നിരന്തര പരിശീലനങ്ങളാണ്. ഇതിനുതകുന്ന രീതിയിൽ ഭരണ സമിതികളിലേയ്ക്കുള്ള ഓരോ തെരെഞ്ഞെടുപ്പിനും ശേഷം പുതിയ ജനപ്രതിനിധികളുടെ പരിശീലനം ആരംഭിക്കുകയും അവരുടെ ഭരണ കാലാവധി അവസാനിക്കും വരെ തുടർപരിശീലനം നൽകികൊണ്ടിരിക്കുകയും ചെയ്യുക എന്നത് കിലയുടെ സുപ്രധാനമായൊരു നടപടി ക്രമമാണ്.

നഗരഭരണത്തിൽ ഇന്ന് സ്ഥിരം സമിതികളുടെ സ്ഥാനം ഭരണ നിർവഹണത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമാണ്. നഗരവികസനത്തിനുതകുന്ന പദ്ധതികൾക്ക് രൂപം നൽകുകയും വിവിധ വികസന മാതൃകകളിൽ അനുയോജ്യമായത് തെരെഞ്ഞെടുക്കുകയും അവ നടപ്പിൽ വരുത്തുകയും ചെയ്യുന്നതിൽ ഏറ്റവും പ്രധാന പങ്കാണ് വികസന സ്ഥിരം സമിതിക്കുള്ളത്. ഈ പ്രവർത്തനം കാര്യക്ഷമമായി നിർവ്വഹിക്കണമെങ്കിൽ സ്ഥിരം സമിതി അംഗങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം അനിവാര്യമാണ്. അത് കണക്കിലെടുത്താണ് വികസന സ്ഥിരം സമിതി അംഗങ്ങൾക്ക് മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടിയ്ക്ക് കില രൂപം കൊടുത്തിട്ടുള്ളത്.

മാറിയ കാലത്തിനും സാങ്കേതിക വികസനത്തിനും അനുയോജ്യമായ പഠന രീതിയാണ് പരിശീലനത്തിന് സ്വീകരിക്കാൻ കില ശ്രമിക്കുന്നത്. നീണ്ട അവതരണ ക്ലാസ്സുകൾക്ക് പകരം പങ്കാളിത്ത പഠനരീതിക്ക് അനുയോജ്യമായ ദൃശ്യ-ശ്രവ്യ സങ്കേതങ്ങൾ, ഗ്രൂപ്പ് ചർച്ച, ബ്രെയിൻ സ്റ്റോമിംഗ്, റോൾപ്ലേ തുടങ്ങിയ രീതികൾ ഉപയോഗിച്ചുകൊണ്ട് പരിശീലനം കൂടുതൽ ഫലപ്രദമാക്കാൻ ശ്രമിച്ചിട്ടുണ്ട്. പരിശീലനം രൂപകല്പന ചെയ്യാനും മൊഡ്യൂളുകളും കൈപുസ്തകങ്ങളും തയ്യാറാക്കാനും കിലയുടെ എക്സ്റ്റൻഷൻ ഫാക്കൽറ്റി അംഗങ്ങളും ജീവനക്കാരും മറ്റ് വിദഗ്ദ്ധരും പൂർണ്ണമനസ്സോടെ പ്രവർത്തിച്ചിട്ടുണ്ട്. എല്ലാവർക്കും നന്ദി രേഖപ്പെടുത്താൻ ഈ അവസരം ഉപയോഗിക്കട്ടെ.

**ഡോ. സണ്ണി ജോർജ്ജ്**
ഡയറക്ടർ
സ്കൂൾ ഓഫ് ലോക്കൽ ഗവേണൻസ്
കില

തൃശൂർ
05-03-2013

# ഉള്ളടക്കം


| | പേജ് നം |
|---|---|
| അവതാരിക | 3 |
| ആമുഖം | 5 |
| അധികാര വികേന്ദ്രീകരണവും സാമൂഹ്യക്ഷേമവും | 9 |
| സ്റ്റാന്റിംഗ് കമ്മിറ്റി യോഗ നടപടികൾ | 17 |
| ചേരിപരിഷ്കരണം | 25 |
| പ്രാദേശിക സാമ്പത്തിക വികസനം | 34 |
| സാമൂഹ്യക്ഷേമപ്രവർത്തനവും സാമൂഹ്യപെൻഷനുകളും | 38 |
| പ്രാദേശിക പദ്ധതി രൂപീകരണം | 57 |
| സ്ത്രീകളുടേയും കുട്ടികളുടേയും വികസനം | 84 |
| പട്ടികജാതി/പട്ടികവർഗവികസനം | 96 |
| ദാരിദ്ര്യലഘൂകരണം | 102 |
| വാർഡ്സഭ/വാർഡ്കമ്മിറ്റി | 116 |

# 1

# അധികാരവികേന്ദ്രീകരണവും സാമൂഹ്യക്ഷേമവും

## ചരിത്രപശ്ചാത്തലം

സ്വാതന്ത്ര്യസമരകാലഘട്ടം മുതൽ അധികാരവികേന്ദ്രീകരണം ഇന്ത്യയിൽ ഏറെ ചർച്ചകൾക്ക് വിധേയമായ ഒന്നായിരുന്നു. ഇതു സംബന്ധിച്ച് രണ്ട് വിരുദ്ധ കാഴ്ച്ചപ്പാടുകൾ സ്വാതന്ത്ര്യപൂർവ്വ ഇന്ത്യയിൽ നിലനിന്നിരുന്നു. തങ്ങളുടെ സാമ്പത്തിക ഉത്തരവാദിത്തങ്ങൾ കയ്യൊഴിയുന്നതിനുള്ള വഴിയായിട്ടാണ് അധികാര വികേന്ദ്രീകരണത്തെ ബ്രിട്ടീഷ് സാമ്രാജ്യത്വ സർക്കാർ നോക്കി കണ്ടതെങ്കിൽ അവർക്കെതിരായ് ഇന്ത്യൻ ജനതയെ ഉണർത്തുന്നതിനുള്ള സമരായുധമായാണ് ഗാന്ധിജി അതിനെ നോക്കി കണ്ടത്. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കേന്ദ്രീകൃത അധികാരഘടനയ്ക്കെതിരായി ഓരോ തലത്തിലും സ്വയം ഭരണാവകാശമുള്ള സ്വയം ഭരണയൂണിറ്റുകളുടെ തിരശ്ചീന രൂപത്തിലുള്ള ഒരു ഫെഡറേഷനായാണ് അദ്ദേഹം ഇന്ത്യൻ സമൂഹഘടനയെ വിഭാവനം ചെയ്തത്. അത്തരം ഒരു സാമൂഹ്യഘടനയുടെ ഏറ്റവും അടിസ്ഥാന യൂണിറ്റായി ഗാന്ധിജി നിർദ്ദേശിച്ചത് സ്വയം നിയന്ത്രണ ശേഷിയുള്ള വ്യക്തിയേയും സ്വയംഭരണാവകാശമുള്ള ഗ്രാമങ്ങളേയുമായിരുന്നു.

എന്നാൽ സ്വാതന്ത്ര്യ ഇന്ത്യയിൽ ഗാന്ധിജിയുടെ സ്വയംഭരണാവകാശമുള്ള പഞ്ചായത്തീരാജ് സംവിധാനമല്ല നടപ്പിലായത് പകരം ഉദ്യോഗസ്ഥമേധാവിത്തത്തിൽ ഊന്നിയ ഗ്രാമവികസന ബ്ലോക്കുകളെ കേന്ദ്രീകരിച്ച് ഗ്രാമവികസന പരിപാടിയാണ് സ്വാതന്ത്ര്യാനന്തരം നടപ്പിലായത്. ഇത് ജനങ്ങൾക്കിടയിൽ വലിയ അസംതൃപ്തിക്ക് കാരണമായി. അതിനെ തുടർന്ന് 1958 ൽ അതുവരെയുള്ള ഭരണാനുഭവങ്ങളെപറ്റി പഠിക്കാൻ ബൽവന്ത് റായ് മേത്ത ചെയർമാനായി ഒരു കമ്മീഷനെ നിയമിച്ചു. അതിന്റെ റിപ്പോർട്ട് പുറത്തുവന്നതിനെതുടർന്ന് വിശദമായ ചർച്ചകൾ രാജ്യത്ത് ഉടനീളം നടന്നു. തുടർന്ന് മറ്റ് പല കമ്മിറ്റികളും വരികയും പോവുകയും ചെയ്തെങ്കിലും അഖിലേന്ത്യാടിസ്ഥാനത്തിൽ കേന്ദ്രീകൃത ഭരണ സംവിധാനത്തിൽ വലിയ മാറ്റങ്ങൾ ഒന്നും ഉണ്ടായില്ല. കർണ്ണാടകം, പശ്ചിമബംഗാൾ തുടങ്ങിയ ചുരുക്കം ചില സംസ്ഥാനങ്ങളിൽ മാത്രം ഈ ദിശയിൽ ചില നിയമനിർമ്മാണങ്ങൾ നടത്തിയിരുന്നു. ചുരുക്കത്തിൽ 1992 വരെ ഇന്ത്യയിലെ അധികാരവികേന്ദ്രീകരണ പരിശ്രമങ്ങൾ ആശയതലത്തിൽ മാത്രം ഒതുങ്ങിനിന്നു. പ്രായോഗികതലത്തിൽ വളരെ ഒന്നും നടന്നിരുന്നില്ല.

## കേരളത്തിലെ അനുഭവങ്ങൾ

കേരള സംസ്ഥാന രൂപീകരണം മുതൽ തന്നെ അധികാരവികേന്ദ്രീകരണം ഇവിടെ സജീവമായി ചർച്ച ചെയ്യപ്പെട്ടിരുന്നു. ശ്രീ ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള സർക്കാർ 1958ൽ നിയോഗിച്ച ഭരണപരിഷ്ക്കരണ കമ്മിറ്റിയുടെ പ്രധാന അജണ്ടകളിൽ ഒന്ന് ഭരണപരമായ വികേന്ദ്രീകരണമായിരുന്നു. ഈ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 1958ൽ കേരള പഞ്ചായത്ത് ബില്ലും, 1959ൽ കേരള ഡിസ്ട്രിക്ട് കൗൺസിൽ ബില്ലും നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടു എങ്കിലും മന്ത്രിസഭ പിരിച്ചുവിടപ്പെട്ടതിനാൽ പാസാക്കപ്പെട്ടില്ല. പിന്നീട് 1960ലെ പട്ടംതാണുപിള്ള സർക്കാറിന്റെ കാലത്ത് കേരള പഞ്ചായത്ത് നിയമം, കേരള മുനിസിപ്പൽ നിയമം, മുനിസിപ്പൽ കോർപ്പറേഷൻ നിയമം എന്നിവ പാസാക്കപ്പെട്ടു. എന്നാൽ ഇരു നിയമങ്ങളിലേയും കാതലായ വകുപ്പുകൾ ഒന്നും തന്നെ നടപ്പിലാക്കപ്പെട്ടിരുന്നില്ല. തുടർന്ന് 1967ൽ അധികാരത്തിൽ വന്ന ഇ.എം.എസ് മന്ത്രിസഭ സമഗ്രമായ കേരള പഞ്ചായത്തീരാജ് ബിൽ നിയമസഭയിൽ അവതരിപ്പിച്ചെങ്കിലും അതിനിടയിൽ മന്ത്രിസഭ ഇല്ലാതായതിനാൽ അതും പാസാക്കപ്പെട്ടില്ല. വീണ്ടും നീണ്ട ഒരു കാലയളവിന് ശേഷം 1980ൽ അധികാരവികേന്ദ്രീകരണ രംഗത്ത് ശ്രദ്ധേയമായൊരു ചുവട് വെപ്പായിരുന്ന കേരള ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ആക്ട് പാസായി. ഇതിന്റെ അടിസ്ഥാനത്തിൽ 1989ൽ ഇ.കെ.നായനാരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പ് നടത്തുകയും തുടർന്ന് ജില്ലാ കൗൺസിൽ അധികാരത്തിൽ വരികയും ചെയ്തു. ഈ അധികാര സംവിധാനവും ഇടയ്ക്ക് വെച്ച് ഇല്ലാതായി. ഇതിനെല്ലാം ശേഷം അഖിലേന്ത്യാടിസ്ഥാനത്തിൽ ശ്രീ രാജീവ് ഗാന്ധിയുടെ നേതൃത്വത്തിൽ അധികാരവികേന്ദ്രീകരണത്തിനനുകൂലമായ നീക്കങ്ങൾ ഉണ്ടാവുകയും 1992ൽ 73,74 ഭരണഘടനാ ഭേദഗതികൾ പാസാവുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 1994 ൽ കേരള നിയമസഭ കേരള പഞ്ചായത്തീരാജ് ആക്ടും, കേരള മുനിസിപ്പൽ ആക്ടും പാസാക്കി എടുക്കുകയുണ്ടായി.

1994ലെ കേരള മുനിസിപ്പൽ നിയമത്തിന്റേയും കേരള പഞ്ചായത്ത് ആക്ടിന്റേയും തുടർച്ചയായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ യഥാർത്ഥ സ്വയംഭരണ സ്ഥാപനങ്ങളാക്കി മാറ്റുന്നതിനെ പറ്റി പഠിക്കുന്നതിനായി സെൻ കമ്മിറ്റി നിയോഗിക്കപ്പെട്ടു. ഈ കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 1999ൽ കേരള മുനിസിപ്പൽ നിയമം സമഗ്രമായി പരിഷ്കരിക്കപ്പെട്ടു. സർക്കാറിന്റെ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന അധികാരങ്ങളും ചുമതലകളും നഗരസഭകൾക്ക് കൈമാറി. അവയുടെ നിർവഹണത്തിന് ആവശ്യമായ ഓഫീസുകളും ജീവനക്കാരും നഗരസഭയുടെ അധികാരപരിധിയിലായി. 1996ൽ അധികാര വികേന്ദ്രീകരണ രംഗത്ത് ഒരു സുപ്രധാനമായ കാൽവെപ്പായിരുന്ന ജനകീയാസൂത്രണം നിലവിൽ വന്നതോടെ 35-40% സംസ്ഥാന പദ്ധതിവിഹിതവും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും നഗരസഭകൾക്കും ലഭ്യമായി.

## അധികാര വികേന്ദ്രീകരണത്തിന്റെ ശ്രദ്ധേയതകൾ

- പ്രാദേശിക ഭരണത്തിൽ ജനങ്ങളുടെ നേരിട്ടുള്ള ഇടപെടലുകൾ

- ഭരണകാര്യങ്ങൾ വേഗത്തിൽ നടക്കുന്നു.
- ഭരണത്തിൽ കാര്യക്ഷമത വർദ്ധിക്കുന്നു
- അധികാരം താഴേക്ക് ലഭിക്കുന്നതോടുകൂടി പ്രശ്നങ്ങൾക്ക് വേഗത്തിൽ പരിഹാരം കാണാൻ സാധിക്കുന്നു
- അറിയാനുള്ള അവകാശം പ്രാവർത്തികമാക്കുന്നതോടു കൂടി സുതാര്യത വർദ്ധിക്കുന്നു
- ജനങ്ങൾ ഭരണത്തിൽ പങ്കാളികളാകുന്നതനുസരിച്ച് ജനപങ്കാളിത്തം വർദ്ധിക്കുന്നു
- സാമൂഹ്യ നീതി ഉറപ്പ് വരുത്താൻ സാധിക്കുന്നു
- ഭരണകാര്യത്തിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിക്കുന്നതോടെ ലിംഗനീതി ഉറപ്പ് വരുത്താൻ കഴിയുന്നു

## അധികാരവികേന്ദ്രീകരണം സാമൂഹ്യരംഗത്ത്

1994ലെ കേരള മുനിസിപ്പൽ നിയമം അനുസരിച്ച് ഭരണത്തിലെ ഏറ്റവും ഉയർന്ന അധികാരകേന്ദ്രം കൗൺസിലാണ്. ഏതുകാര്യത്തിലും അവസാന തീരുമാനം കൗൺസിലിന്റേതായിരിക്കും. അതേ സമയം തനത് വ്യക്തിത്വത്തോടുകൂടി മറ്റ് അധികാര സംവിധാനവും നിലനിൽക്കുന്നു. അതിൽ പ്രധാനം സ്റ്റാന്റിംഗ്കമ്മിറ്റികളാണ്. എല്ലാ വിഷയങ്ങളും കൗൺസിലിന്റെ മുമ്പാകെ വരേണ്ടതുള്ളതിനാൽ പലപ്പോഴും ഒരുവിഷയത്തിന്റെ വിശദാംശങ്ങൾ കൗൺസിലിൽ ചർച്ച ചെയ്യാൻ പ്രയാസം നേരിടും എന്നാൽ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ കാര്യത്തിൽ നിശ്ചിതവിഷയങ്ങളിൽ മാത്രം തീരുമാനമെടുക്കേണ്ട ആവശ്യമേയുള്ളൂ എന്നതിനാൽ ഓരോ സ്റ്റാന്റിംഗ്കമ്മിറ്റിയ്ക്കും അവരുടെ മേഖലയിൽ വരുന്ന കാര്യങ്ങളിൽ വിശദമായി ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ കഴിയും. എടുത്ത തീരുമാനങ്ങൾ ശരിയായ വണ്ണം നടപ്പിലാകുന്നുണ്ടോ എന്ന് പരിശോധിച്ച് വീഴ്ചകൾ കണ്ടെത്തിയാൽ അത് പരിഹരിച്ച് മുന്നോട്ട് പോകാനും സ്റ്റാന്റിംഗ്കമ്മിറ്റിക്ക് കഴിയും. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നേരിട്ട് സംവേദിക്കാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് പൂർണ്ണമായും സ്വാതന്ത്ര്യമുണ്ട്.

സ്റ്റാന്റിംഗ്കമ്മിറ്റികളിൽ സാമൂഹ്യക്ഷേമ രംഗത്തെ പ്രവർത്തനങ്ങൾ എല്ലാം തന്നെ ക്ഷേമകാര്യസ്റ്റാന്റിംഗ്കമ്മിറ്റിയുടെ ചുമതലയിൽ വരുന്നു. 1996ൽ ജനകീയാസൂത്രണം നിലവിൽ വന്നതോടുകൂടി അതുവരെ സംസ്ഥാനസർക്കാരിന്റെ വകുപ്പുകൾ മാത്രമായിരുന്ന സാമൂഹ്യക്ഷേമ സംവിധാനങ്ങൾ മിക്കവാറും എല്ലാംതന്നെ നഗരസഭകളുടെയും അതുവഴി ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ചുമതലയിലും അധികാരത്തിലുമായി. അന്നേവരെ സാധാരണ രീതിയിലുള്ള സർക്കാർവകുപ്പ്തല പ്രവർത്തനങ്ങൾ മാത്രമായിരുന്ന സാമൂഹ്യക്ഷേമ പരിപാടികളിൽ ജനകീയ പങ്കാളിത്തവും ജനകീയ മേൽനോട്ടവും രൂപപ്പെടുന്ന കാഴ്ച കേരളത്തിലുടനീളം കാണാൻ കഴിഞ്ഞു. അതിന്റേതായ ഗുണഫലങ്ങൾ ഓരോ മേഖലയിലും ഉണ്ടാവുകയും ചെയ്തു.

## സ്ത്രീകളുടെയും കുട്ടികളുടെയും വികസനം

എല്ലാവിഭാഗങ്ങളിലുംപെട്ട സ്ത്രീകൾ, പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾ, മത്സ്യതൊഴിലാളികൾ എന്നിവർ കേരളത്തിന്റെ മുഖ്യധാരാ വികസനസൂചികകളിൽ ഏറെപുറകിലാണെന്ന് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. 1996ൽ ജനകീയാസൂത്രണത്തിന് തുടക്കമിടുമ്പോൾ അതിന്റെ പ്രധാനലക്ഷ്യങ്ങളിലൊന്ന് സമൂഹത്തിൽ ചരിത്രപരമായി പുറകിലേക്ക് തള്ളിനീക്കപ്പെട്ട ഈ വിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നതായിരുന്നു. അതിനു സഹായകമായ രീതിയിൽ മേൽപറഞ്ഞ വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പ്രത്യേക പദ്ധതികളും പരിഗണനകളും അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ ഉടനീളം ഉണ്ടായിരുന്നു.

വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ തുടക്കത്തിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന വികസന റിപ്പോർട്ടിൽ ഒരു അധ്യായം സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾക്കായി നീക്കിവെച്ചിരുന്നു. അതുപോലെ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള കർമ്മസമിതികളിൽ ഒന്ന് സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനുവേണ്ടിയുള്ളതായിരുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കനുവദിക്കുന്ന പദ്ധതിവിഹിതത്തിൽ 10%ൽ കുറയാത്ത തുക വനിതാഘടകപദ്ധതിക്ക് വേണ്ടി നീക്കിവെയ്ക്കണമെന്ന നിബന്ധന തികച്ചും വിപ്ലവകരമായ ഒന്നായി വിലയിരുത്തപ്പെട്ടു. എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും സ്ത്രീ ജാഗ്രതാസമിതി ഉണ്ടാവണമെന്നുള്ള സർക്കാർ ഉത്തരവുണ്ടായി. അതുപോലെ 2004ൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും കുടുംബശ്രീ മിഷന്റെ പ്രവർത്തനം വ്യാപിപ്പിച്ചു.

ഈ പ്രയത്നങ്ങളുടെ ഫലമായും ചരിത്രപരമായ കാരണങ്ങളാലും ജീവിതനിലവാരസൂചികകളിൽ കേരളത്തിലെ സ്ത്രീകൾ ഇന്ത്യയിലെ മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലാണ്. ഇന്ത്യയിലെ ശിശുമരണനിരക്ക് 1000 പേർക്ക് 80 ആണെങ്കിൽ കേരളത്തിൽ അത് 13 മാത്രമാണ്. സ്ത്രീകളുടെ ആയുർദൈർഘ്യം കേരളത്തിൽ 72 വയസ്സായിരിക്കുമ്പോൾ ഇന്ത്യയിൽ ശരാശരി 63 വയസ്സ് മാത്രമാണ്. കുട്ടികളുടെ മരണനിരക്ക് കേരളത്തിൽ 1000ന് 14 ആകുമ്പോൾ അഖിലേന്ത്യാ ശരാശരി 29 ആണ്. ഗർഭനിരോധന സംവിധാനങ്ങൾ 80% കേരളദമ്പതികൾ ഉപയോഗിക്കുമ്പോൾ ഇന്ത്യയിൽ ശരാശരി 43% ആണ്. പെൺകുട്ടികളുടെ വിവാഹപ്രായം ഇന്ത്യയിൽ ശരാശരി 14-15 വയസ്സായിരിക്കുമ്പോൾ കേരളത്തിൽ അത് 21 ആണ്. സാക്ഷരതാ നിരക്കിൽ കേരളസ്ത്രീകൾ 87.56 ൽ എത്തി നിൽക്കുമ്പോൾ ഇന്ത്യയിൽ സ്ത്രീകൾ 54.16 എത്തിയിട്ടേയുള്ളൂ (2001ലെ സെൻസസ് കണക്കുകൾ). ഈ കണക്കുകൾ കേരള സ്ത്രീസമൂഹത്തിന്റെ സാമൂഹ്യമുന്നേറ്റത്തെയാണ് കാണിക്കുന്നത്.

വനിതാഘടകപദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തി തുടങ്ങിയതോടെ അതുവരെ സ്ത്രീകൾ ഇടപെടാൻ മടിച്ചുനിന്ന പല മേഖലകളിലേക്കും അവരുടെ സാന്നിദ്ധ്യമുണ്ടായി. വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം, കരാട്ടെ പരിശീലനം, ആധുനികസാങ്കേതിക വിദ്യകളുടെ ഉപയോഗത്തിൽ പരിശീലനം തുടങ്ങിയവ ഇത്തരം മേഖലകളാണ്. വനിതാട്രാൻസ്പോർട്ട് സഹകരണ സംഘം പോലുള്ള നൂതന മേഖലകളും പലയിടത്തും ആരംഭിച്ചു. സ്ത്രീകളുടെപ്രത്യേക ആരോഗ്യപ്രശ്നങ്ങളായ ഗർഭാശയ കാൻസർ, സ്തനാർബുദം

തുടങ്ങിയവ തിരിച്ചറിയുന്നതിനും ചികിത്സിക്കുന്നതിനുമുള്ള ക്യാമ്പുകളും തുടർ ചികിത്സാ സംവിധാനങ്ങളുമൊക്കെ പല തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ നടക്കുന്നുണ്ട്. ഈ വഴിത്താരകളിലെല്ലാം സ്ത്രീ മുന്നേറ്റത്തിന്റെ കാലടിപ്പാടുകൾ കാണാം.

## കുടുംബശ്രീ

സ്ത്രീ ശാക്തീകരണത്തിന്റെ ജ്വലിക്കുന്ന പ്രതീകമായി ലോകത്തിനുമുമ്പാകെ ഉയർന്നു നിൽക്കുന്ന കുടുംബശ്രീ സംവിധാനം വികേന്ദ്രീകൃതാസൂത്രണത്തിന്റെ വിജയം എടുത്തു കാണിക്കുന്ന മറ്റൊരു മേഖലയാണ്. 2000–2002 കാലത്ത് കുടുംബശ്രീ സംവിധാനം കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കും വ്യാപിപ്പിച്ചു. 2009ൽ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ എണ്ണം 1,96,236 ആയി ഉയർന്നു. 2001ൽ ഇത് 37209മാത്രമായിരുന്നു. അയൽക്കൂട്ട അംഗങ്ങളായ കുടുംബങ്ങളുടെ എണ്ണം 2001ലെ 8,67,021ൽ നിന്നും 2009ൽ 37,13,902 ആയി വർദ്ധിച്ചു. 2001 ൽ കേവലം 31.79 കോടിയായിരുന്ന നിക്ഷേപം 2009 ൽ 1241.59 കോടിയായി. നൽകിയ വായ്പ 2001 ൽ219.95 കോടിയായിരുന്നുവെങ്കിൽ 2009 ൽ അത് 3226.60 കോടിയിൽ എത്തി.

വൈവിദ്ധ്യമാർന്ന അനേകം സംരംഭങ്ങൾ സംസ്ഥാനത്തുടനീളം കുടുംബശ്രീ പ്രവർത്തനത്തിന്റെ ഭാഗമായി നടക്കുന്നു. 303 ഖരമാലിന്യ സംസ്ക്കരണ യൂണിറ്റുകൾ, 519 വനിതാ കാന്റീനുകൾ, 393 ന്യൂട്രീമിക്സ് യൂണിറ്റുകൾ, 78 ഐ.ടി.യൂണിറ്റുകൾ എന്നിവ അവയിൽ ചിലതു മാത്രമാണ്. കുടുംബശ്രീ ആഭിമുഖ്യത്തിലുള്ള സംഘകൃഷി 72,915 ഏക്കർ സ്ഥലത്തേക്ക് വ്യാപിപ്പിക്കാൻ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിലൂടെ കഴിഞ്ഞു. ഈ ദൃശ്യ പ്രവർത്തനങ്ങളിലൂടെ ഏഷ്യയിലെ തന്നെ സ്ത്രീകളുടെ ഏറ്റവും വലിയ സാമൂഹ്യ സംഘടന സംവിധാനമായി കുടുംബശ്രീ മാറി. (കൈപുസ്തകം കില 2004)

## പട്ടികജാതി ക്ഷേമം

ആറാം പഞ്ചവത്സര പദ്ധതികാലഘട്ടം വരെ പൊതുവായ വികസന പദ്ധതികളുടെ ഗുണം പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് സ്വാഭാവികമായ രീതിയിൽ ലഭ്യമാകും എന്ന ധാരണയായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഇത് വ്യാമോഹം മാത്രമാണെന്നും നിലവിലുള്ള സാമൂഹ്യഘടനയിൽ പൊതുപദ്ധതികളുടെ പ്രയോജനം പാർശ്വവൽക്കരിക്കപ്പെട്ട ഈ വിഭാഗത്തിൽ എത്തുന്നില്ല എന്നും 6-ാം പദ്ധതി ആയപ്പോഴേക്കും ബന്ധപ്പെട്ട എല്ലാവർക്കും മനസിലായി. ഈ തിരിച്ചറിവിൽ നിന്നാണ് 1979ൽ ഈ വിഭാഗങ്ങൾക്കുവേണ്ടി പ്രത്യേക ഘടക പദ്ധതികൾക്ക് രൂപം നൽകാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചത്. മാറ്റത്തിനുള്ള നയപരമായ തീരുമാനം ഉണ്ടായി എങ്കിലും 1996 ൽ അധികാരവികേന്ദ്രീകരണ നടപടികൾ ആരംഭിക്കുന്നതുവരേയും ടി പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും കേന്ദ്രീകൃതമായി ഉദ്യോഗസ്ഥ സംവിധാനത്തിനു കീഴിൽ തന്നെയാണ് തുടർന്നത്.

1996ൽ ജനകീയാസൂത്രണം ആരംഭിച്ചതോടെ കേരളത്തിൽ പ്രത്യേക ഘടകപദ്ധതികളുടെ പ്രവർത്തനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ചുമതലയിലേക്ക് മാറ്റപ്പെട്ടു. പട്ടിക

ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പിനു കീഴിൽ ഉണ്ടായിരുന്ന സ്ഥാപനങ്ങളേയും ഉദ്യോഗസ്ഥരേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. പ്രത്യേക ഘടക പദ്ധതികളിൽ ഉൾപ്പെടുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ ആ വിഭാഗത്തിൽപ്പെടുന്നവർക്ക് മാത്രമായി പരിമിതപ്പെടുത്തി. ഈ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് വാർഡ് സഭയിലൂടെ വേണമെന്ന് നിർബ്ബന്ധമാക്കി. പദ്ധതി നടത്തിപ്പിലെ ഈ മാറ്റങ്ങൾ കഴിഞ്ഞ 15 വർഷങ്ങൾക്കിടയിൽ ആ വിഭാഗങ്ങൾക്കിടയിൽ വലിയ പുരോഗതിക്ക് വഴിയൊരുക്കി. ദേശീയ സാമ്പിൾ സർവ്വെ ഓർഗനൈസേഷന്റെ കണക്കുകൾ പ്രകാരം 1983ൽ കേരളത്തിൽ പട്ടികജാതി ദരിദ്രർ 62.3% ആയിരുന്നെങ്കിൽ 1999-2000ൽ അത് 14.6 ശതമാനമായി കുറഞ്ഞു. പട്ടികവർഗ്ഗത്തിന്റെ കാര്യത്തിൽ ഇത് 37.3 ശതമാനത്തിൽ നിന്നും 24.2 ശതമാനമായി കുറഞ്ഞു.

## വിദ്യാഭ്യാസം

ചരിത്രപരമായ കാരണങ്ങളാൽ തന്നെ കേരളം വിദ്യാഭ്യാസപരമായി എന്നും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളേക്കാൾ മുന്നിലായിരുന്നു. ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനം -സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടെ മുന്നേറ്റം-പുരോഗമന പ്രസ്ഥാനങ്ങളുടെ സാന്നിദ്ധ്യം തുടങ്ങിയവ ഈ പുരോഗതിക്ക് കാരണമായി. ഉയർന്ന സാക്ഷരതാ നിരക്ക്, ഉയർന്ന സ്കൂൾ പ്രവേശനം, ഉന്നതവിദ്യാഭ്യാസം നേടിയവരുടെ ഉയർന്ന നിരക്ക്, വിദ്യാഭ്യാസരംഗത്തെ സ്ത്രീ-പുരുഷ തുല്യത എന്നിവ കേരള വിദ്യാഭ്യാസ മേഖലയുടെ പ്രത്യേകതകളാണ്. കേരളത്തിലെ സാക്ഷരതാ നിരക്ക് 2001ലെ സെൻസസ് പ്രകാരം 90.92 ശതമാനമാണ്. ഇന്ത്യയിൽ ആവട്ടെ ശരാശരി 65.38 ശതമാനം മാത്രവും. കേരളത്തിലെ പുരുഷ സാക്ഷരതാ നിരക്ക് 94.2 ശതമാനവും (ഇന്ത്യ-75.85) സ്ത്രീ സാക്ഷരതാ നിരക്ക് 87.56 ശതമാനവും (ഇന്ത്യ-54.16)മാണ്. സ്ത്രീ പുരുഷ സാക്ഷരതാ നിരക്കിൽ അഖിലേന്ത്യാ തലത്തിൽ വലിയ വ്യത്യാസം കാണുമ്പോൾ കേരളത്തിൽ അത് താരതമ്യേന തുല്യമാണ്.

കേരളത്തിലെ കുട്ടികളുടെ സ്കൂൾ പ്രവേശന നിരക്ക് ഏതാണ്ട് 100 ശതമാനമാണ്. സൗജന്യവും നിർബന്ധിതവുമായ സ്കൂൾ വിദ്യാഭ്യാസം, എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകർക്ക് സർക്കാർ നേരിട്ട് ശമ്പളം നൽകുന്ന രീതി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിൽ പ്രാദേശികവും സാമൂഹികവുമായ അന്തരങ്ങൾ കുറക്കാൻ കഴിഞ്ഞത്. കാര്യക്ഷമമായ ഉച്ചകഞ്ഞി വിതരണം, വിദ്യാർത്ഥികൾക്കുള്ള യാത്രാ സൗജന്യം തുടങ്ങിയ കാര്യങ്ങളാണ് ഈ ഉയർന്ന സ്കൂൾ പ്രവേശനത്തിലേയ്ക്ക് നയിച്ച കാരണങ്ങൾ. ലഭ്യമായ കണക്കുകൾ പ്രകാരം കുട്ടികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞു പോക്കും കേരളത്തിൽ വളരെ കുറവാണ്. 2004-2005 കണക്കുകൾ പ്രകാരം പൊതുവിദ്യാഭ്യാസത്തിന്റെ കൊഴിഞ്ഞു പോക്ക് നിരക്ക് 1.46 ശതമാനം മാത്രമാണ്. പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ ഇത് 3.66 ശതമാനവും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ 4.66 ശതമാനവുമാണ്. (കേരള വികസന റിപ്പോർട്ട് 2008)

വിദ്യാഭ്യാസരംഗത്ത് കേരളത്തിന്റെ മുതൽ മുടക്ക് 1986 ൽ 415 കോടിയായിരുന്നത് 2002-2003 ൽ 2928 കോടിയായി ഉയർന്നു. സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 4.12 ശതമാനം

വരും ഇത്. ടി തുകയുടെ 75 ശതമാനം സ്കൂൾ വിദ്യാഭ്യാസത്തിനു വേണ്ടിയാണ് ചെലവിടുന്നത്.

## അധികാരവികേന്ദ്രീകരണവും വിദ്യാഭ്യാസമേഖലയും

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ഹയർസെക്കണ്ടറിതലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. പ്രൈമറിതലം മുതൽ ഹയർസെക്കണ്ടറി തലം വരെയുള്ള സ്ഥാപനങ്ങൾ മുനിസിപ്പാലിറ്റികളുടെ നിയന്ത്രണത്തിൽ വരും. സ്കൂളുകളുടെ ദൈനംദിന നടത്തിപ്പ്, അടിസ്ഥാന സൗകര്യം ഒരുക്കൽ, അക്കാദമിക്ക് നിലവാരം ഉയർത്തൽ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്.

അധികാരവികേന്ദ്രീകരണത്തിനു ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറി കിട്ടിയ സ്ഥാപനങ്ങൾ എന്ന നിലയിൽ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നിരവധി ശ്രമങ്ങൾ ഉണ്ടായി. 9-ാം പദ്ധതി കാലയളവിൽ തന്നെ സംസ്ഥാനത്തൊട്ടാകെ 1,80,180 ച:മീറ്റർ കെട്ടിടങ്ങൾ സ്കൂളുകൾക്കായി നിർമ്മിച്ചു (സാമ്പത്തിക അവലോകനം 2007). പത്താം പദ്ധതി കാലത്തും ഈ മേഖലയിൽ വലിയമുന്നേറ്റം ഉണ്ടായി. 2002ൽ സംസ്ഥാനത്തെ 84 ശതമാനം സർക്കാർ വിദ്യാലയങ്ങൾക്കു മാത്രമേ പക്കാ കെട്ടിടങ്ങൾ ഉണ്ടായിരുന്നുള്ളു. 2007ൽ അത് 99 ശതമാനമായി ഉയർന്നു. 2002ൽ 88 ശതമാനം സർക്കാർ സ്കൂളിൽ മാത്രമേ ശുദ്ധമായ കുടിവെള്ളം ലഭ്യമായിരുന്നുള്ളു എങ്കിൽ 2007ൽ അത് 97.2 ശതമാനമായി (സാമ്പത്തികാവലോകനം 2002-2007). 2008ലെ കേരള വികസന റിപ്പോർട്ട് പ്രകാരം 74 ശതമാനം സ്കൂളിൽ മൂത്രപ്പുര/കക്കൂസ് സൗകര്യം ലഭ്യമാണ്. 90 ശതമാനം ഹൈസ്കൂളിലും 24 ശതമാനം പ്രൈമറി സ്കൂളിലും ഇന്ന് കമ്പ്യൂട്ടർ സംവിധാനം നിലവിലുണ്ട്. ക്ലാസ് മുറികളിലേക്കുള്ള ഉപകരണങ്ങൾ, കുട്ടികൾക്കുള്ള കളി സാമഗ്രികൾ, ഫർണ്ണിച്ചറുകൾ, ലാബ് ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതിലും വലിയ മുന്നേറ്റമുണ്ടായി. ഈ നേട്ടങ്ങൾക്കെല്ലാം കാരണം അധികാര വികേന്ദ്രീകരണവും അതിലൂടെ താഴെ തട്ടിലേക്ക് പ്രവർത്തനങ്ങൾ ഇറങ്ങി ചെന്നതുമാണെന്ന് തർക്കമറ്റ സംഗതിയാണ്.

മേൽ കാര്യങ്ങൾ പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത് അധികാരവികേന്ദ്രീകരണത്തിന് ശേഷം സാമൂഹ്യ വികസനത്തിന്റെ വിവിധ മേഖലയിൽ ഉണ്ടായ മുന്നേറ്റങ്ങളാണ്. അധികാരവികേന്ദ്രീകരണത്തിനു മുമ്പ് ക്ഷേമപ്രവർത്തനങ്ങൾ എല്ലാം തന്നെ ഉദ്യോഗസംവിധാനത്തിനു കീഴിൽ മാത്രമായി പരിമിതപ്പെടുത്തപ്പെട്ടിരുന്നു. ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും നടത്തിപ്പിലും ഉണ്ടാകുന്ന അനീതികൾ ചോദ്യം ചെയ്യപ്പെട്ടിരുന്നില്ല. പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനു വേണ്ടി വിവിധ സർക്കാരുകൾ നീക്കിവെച്ചിരുന്ന പദ്ധതി തുകളുടെ സിംഹഭാഗവും ഗുണഭോക്താക്കളിൽ എത്താതെ രാഷ്ട്രീയ-ഉദ്യോഗസ്ഥ-ഇടത്തട്ടു വിഭാഗങ്ങൾക്കിടയിൽ പങ്കുവെയ്ക്കപ്പെട്ടു. എന്നാൽ വികേന്ദ്രീകരണത്തിലൂടെ ഇതിനു മാറ്റമുണ്ടായി. ഏറ്റവും വലിയമാറ്റം ഗുണഭോക്തൃ തെരഞ്ഞെടുപ്പിലാണ് ഉണ്ടാ

യത്. ഗ്രാമസഭ/വാർഡ്സഭ/ഊരുകൂട്ടങ്ങളിലൂടെ തെരഞ്ഞെടുപ്പ് ജനാധിപത്യ രീതിയിലായി. പിന്തള്ളപ്പെടുന്നവർക്ക് അതെന്ത് കൊണ്ടാണെന്ന് അറിയാനാവും. അനീതിയാണ് നടന്നതെങ്കിൽ മേൽസഭകളിൽ തന്നെ ചോദ്യം ചെയ്യാൻ അവസരമുണ്ടാകുന്നു. അതുപോലെ നടത്തിപ്പിലും ഒരുപരിധിവരെയെങ്കിലും സാമൂഹ്യ ഇടപെടലുകളുണ്ടായത് അഴിമതിയുടെയും കെടുകാര്യസ്ഥിതിയുടെയും തോത് കുറക്കാൻ കാരണമായി. ഇങ്ങിനെ പരിശോധിച്ചു നോക്കുമ്പോൾ കാണാൻകഴിയുന്നത് അധികാരവികേന്ദ്രീകരണത്തിലൂടെ വികസന പ്രവർത്തനങ്ങളും സാമൂഹിക പ്രവർത്തനങ്ങളും നടപ്പിൽ വരുത്തുമ്പോൾ അത് കൂടുതൽ സുതാര്യവും ജാധിപത്യപരവും അഴിമതിരഹിതവും ഗുണഭോക്തൃ പങ്കാളിത്തം ഉൾക്കൊള്ളുന്നതും ആയി മാറുന്നു എന്നാണ്.

2

# സ്റ്റാന്റിംഗ് കമ്മിറ്റി യോഗ നടപടിക്രമങ്ങൾ

കൗൺസിലിന്റേയും, സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും യോഗങ്ങൾ നഗരസഭ ഭരണത്തെ മുന്നോട്ടു നയിക്കുന്ന രണ്ട് ചാലക ശക്തികളാണ്. നഗരസഭയെ സംബന്ധിച്ചിടത്തോളം പ്രാദേശിക വികസനത്തിന് വഴിയൊരുക്കുന്നതും സാമൂഹിക നീതി ഉറപ്പാക്കുന്നതുമായ തീരുമാനങ്ങൾ കൈകൊള്ളുന്നത് ഈ രണ്ട് അധികാര കേന്ദ്രങ്ങളുടെ യോഗങ്ങൾ മുഖേന യാണ്. ഈ തീരുമാനങ്ങൾ ഏകപക്ഷീയമാകാതിരിക്കുകയും കൂടുതൽ സുതാര്യമാകുകയും ചെയ്യുന്നതിന് ഉതകുന്ന അധികാരങ്ങൾ കേരളാ മുനിസിപ്പാലിറ്റി ആക്ടും അനുബന്ധ ചട്ട ങ്ങളും നഗരസഭാ കൗൺസിലിനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും നൽകുന്നുണ്ട്.

കൗൺസിലിന്റേയും സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും യോഗ നടപടിക്രമങ്ങൾ വ്യക്തമായി മനസ്സിലാക്കേണ്ടത് ഓരോ കൗൺസിലറുടേയും ചുമതലയാണ്. പലവട്ടം കൗൺസിൽ അംഗ മായിരുന്നിട്ടും കൗൺസിലിന്റേയും, കമ്മിറ്റിയുടേയും നടപടിക്രമങ്ങളെക്കുറിച്ചും ശരിയായ അറിവ് നേടാൻ ശ്രമിക്കാത്തവർ നിരവധിയാണ്. ഈ അജ്ഞത കാരണം കൗൺസിലിലും സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിലും ഗൗരവമായ ചർച്ചകൾ പലപ്പോഴും നടക്കുകയോ ഉചിത മായ തീരുമാനങ്ങൾ കൈക്കൊള്ളുകയോ ചെയ്യാറില്ല എന്നതും ഒരു യാഥാർത്ഥ്യമാണ്. ഇതിന്റെ ഫലമായി പ്രാദേശിക വികസനം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പലപ്പോഴും പരാജയപ്പെടുന്നു എന്നതും നിഷേധിക്കാനാവില്ല.

പ്രാദേശിക വികസനമെന്ന ലക്ഷ്യം നേടുന്നതിന് ശക്തമായ കൗൺസിലും, കൗൺസി ലിനെ ഉചിതമായ തീരുമാനമെടുക്കുന്നതിന് സഹായിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റികളും എന്ന തായിരുന്നു കാഴ്ചപ്പാടെങ്കിലും ഇവ രണ്ടും പരസ്പര പൂരിതമാകാത്ത സ്ഥിതി ഇന്നും പല നഗരസഭകളിലും നിലനിൽക്കുന്നു.

## സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്തിന്?

നഗരസഭാ കൗൺസിലിനെ ശരിയായ തീരുമാനങ്ങൾ എടുക്കുന്നതിന് സഹായിക്കുന്ന പ്രേരക ശക്തിയാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ ഒന്നാം പട്ടികയിൽ വിവക്ഷിച്ചിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ച പദ്ധതികൾക്ക് രൂപം നൽകുകയും കൗൺസിലിന്റെ അംഗീകാരത്തോടെ അവ നടപ്പിലാക്കുകയുമാണ് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രാഥമിക ചുമതല. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങൾ മുനിസിപ്പൽ കൗൺസിലിലേ ക്കുള്ള നിർദ്ദേശ സ്വഭാവത്തോടു കൂടിയതാണ്. അതായത് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യാൻ കൗൺസിലിന് അധികാരമുണ്ടായിരിക്കും.

കൗൺസിൽ കൈകാര്യം ചെയ്യേണ്ടതായ എല്ലാ വിഷയങ്ങളും സ്റ്റാന്റിംഗ് കമ്മിറ്റി കൂടി പരിഗണിക്കണമെന്ന് വ്യവസ്ഥയുണ്ട്. കമ്മിറ്റിയിൽ നടക്കുന്ന ചർച്ചയുടേയും നിഗമനങ്ങളുടേയും അടിസ്ഥാനത്തിലുള്ള ശുപാർശയോടു കൂടിയാവണം വിഷയങ്ങൾ കൗൺസിലിലേക്ക് വരേണ്ടത്. അതാത് കമ്മിറ്റികളിൽ നടക്കുന്ന പ്രാഥമിക ചർച്ചയെ തുടർന്ന് ലഭ്യമാകുന്ന നിഗമനങ്ങളുമായി വിഷയം കൗൺസിലിലേക്ക് വരുമ്പോൾ യുക്തമായ തീരുമാനങ്ങളിലെത്താൻ കൗൺസിലിന് അനായാസം കഴിയുന്നു.

## സ്റ്റാന്റിംഗ് കമ്മിറ്റികൾ

കേരളാ മുനിസിപ്പാലിറ്റി നിയമപ്രകാരം 6 സ്റ്റാന്റിംഗ് കമ്മിറ്റികളാണ് നിലവിലുള്ളത്.

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
2. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
3. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
4. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
5. മരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
6. വിദ്യാഭ്യാസ-കലാ-കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

## മുനിസിപ്പൽ കോർപ്പറേഷൻ

മുനിസിപ്പൽ കോർപ്പറേഷനുകളിൽ താഴെപറയുന്ന 8 സ്റ്റാന്റിംഗ് കമ്മിറ്റികളാണ് രൂപീകരിക്കേണ്ടത്.

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
2. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
3. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
4. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
5. മരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
6. നഗരാസൂത്രണകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
7. നികുതി അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
8. വിദ്യാഭ്യാസ-കലാ-കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

## പൊതുവായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

ഓരോ സ്റ്റാന്റിംഗ് കമ്മിറ്റികളും വെവ്വേറെ വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നതെങ്കിലും എല്ലാ കമ്മിറ്റി ചെയർമാൻമാരും, അംഗങ്ങളും പൊതുവായി അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളുണ്ട്.

1. എല്ലാ കൗൺസിലർമാരും ഏതെങ്കിലും ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗമായിരിക്കണം
2. ചെയർപേഴ്സൺ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളിലേയും വോട്ടവകാശമില്ലാത്ത എക്സ് ഒഫീഷ്യോ അംഗമായിരിക്കും.
3. ഡെപ്യൂട്ടി ചെയർപേഴ്സൺ/ഡെപ്യൂട്ടി മേയർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ എക്സ് ഒഫീഷ്യോ അംഗവും ചെയർമാനും ആയിരിക്കും.
4. ചെയർപേഴ്സൺ അധികാര അതിർത്തിയിൽ 15 ദിവസത്തിലധികം തുടർച്ചയായി ഇല്ലാതിരിക്കുകയോ, കൃത്യനിർവ്വഹണം നടത്താൻ കഴിയാത്ത രീതിയിൽ അവശത അനുഭവിക്കുകയോ ചെയ്യുമ്പോൾ വൈസ് ചെയർമാൻ/ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനെയാണ് ചുമതലകൾ ഏൽപ്പിച്ചു കൊടുക്കേണ്ടത്. മുകളിൽ വിവരിച്ച സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രമത്തിലായിരിക്കും ഇത്തരം ചുമതലകൾ ഏൽപ്പിച്ചു നൽകുക.
5. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നഗരസഭകൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരും അതാത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കേണ്ടത്.
6. സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്ന എല്ലാ പ്രമേയങ്ങളും കൗൺസിലിന്റെ തൊട്ടടുത്ത യോഗത്തിൽ സമർപ്പിക്കണം. ആവശ്യമായ പക്ഷം അതിൽ മാറ്റം വരുത്താനുള്ള അധികാരം കൗൺസിലിൽ നിക്ഷിപ്തമാണ്.
7. പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനായി രൂപീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾ അതാത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്.
8. ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ശരിയായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാവുകയോ, ഭൂരിപക്ഷ അംഗങ്ങൾ രാജിവെക്കുന്നത് വഴി പ്രവർത്തിക്കാൻ കഴിയാതിരുന്നാലോ പ്രസ്തുത കമ്മിറ്റി പുഃനർരൂപീകരിക്കുന്നതുവരെ അതിന്റെ അധികാരങ്ങളും ചുമതലകളും സ്റ്റിയറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.
9. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്കും മറ്റും നൽകുന്നതായ എല്ലാ ഉത്തരവുകളും രേഖാമൂലം ആയിരിക്കേണ്ടതാണ്.

## സ്റ്റാന്റിംഗ് കമ്മിറ്റി യോഗ നടപടിക്രമങ്ങൾ

കൗൺസിൽ യോഗങ്ങളെപ്പോലെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾക്കും നടപടിക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. മുനിസിപ്പൽ ആക്ട് സെക്ഷൻ 36 പ്രകാരം കൗൺസിലിന്റേയും സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും നടപടികൾ നിയന്ത്രിക്കാനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് അധികാരം നൽകിയിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ വിശദമായി പ്രതിപാദിച്ചുകൊണ്ട് കേരളാ മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ SRO നമ്പർ 950/200 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

## യോഗം ചേരുന്നതിനുള്ള കാലാവധി

കൗൺസിൽ യോഗം മാസത്തിൽ ഒന്നെങ്കിലും ചേരണമെന്നുള്ളതുപോലെ സ്റ്റാന്റിംഗ് കമ്മിറ്റിയോഗങ്ങളും മാസത്തിൽ ഒരു പ്രാവശ്യം നിർബന്ധമായും ചേർന്നിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതനുസരിച്ച് മാസത്തിൽ ഒരു പ്രാവശ്യം മാത്രം യോഗം ചേർന്നാൽ മതിയെന്ന ധാരണ വച്ചു പുലർത്തുന്ന നിരവധി കമ്മിറ്റി ചെയർമാന്മാരുണ്ട്. എന്നാൽ ആവശ്യാനുസരണം യോഗങ്ങൾ ചേരുകയും ഫലപ്രദമായ ചർച്ചകളിലൂടെയും യുക്തമായ തീരുമാനങ്ങളിലൂടെയും നിയമപ്രകാരം തങ്ങളിൽ സമർപ്പിക്കപ്പെട്ട ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികൾ തയ്യാറാകുമ്പോഴാണ് പ്രാദേശിക ഭരണം അതിന്റെ ലക്ഷ്യം കൈവരിക്കുകയെന്ന യാഥാർത്ഥ്യം പ്രത്യേകം ഓർമ്മിപ്പിക്കേണ്ടതുണ്ട്.

## യോഗ സമയം, തിയതി, സ്ഥലം

കൗൺസിൽ യോഗത്തിന് നിശ്ചയിച്ചിരിക്കുന്നതു പോലെ രാവിലെ 9 മണിയ്ക്ക് മുമ്പും വൈകുന്നേരം 6 മണിക്ക് ശേഷവും സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ നടത്താൻ പാടുള്ളതല്ല. പൊതു ഒഴിവു ദിവസം ഒഴികെയുള്ള ഏതു ദിവസങ്ങളിലും യോഗം ചേരാം. എന്നാൽ അടിയന്തര ഘട്ടങ്ങളിൽ യോഗം ചേരുകയാണെങ്കിൽ ഈ നിബന്ധനകൾ ബാധകമാവില്ല.

മുനിസിപ്പൽ ഓഫീസിലായിരിക്കണം യോഗം ചേരേണ്ടത്. യോഗ തിയതിയും, സമയവും നിശ്ചയിക്കുന്നത് അതാത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായിരിക്കും.

എന്നാൽ സെക്രട്ടറിയോ, മൂന്നിൽ കുറയാത്ത കമ്മിറ്റി അംഗങ്ങളോ രേഖാമൂലം ആവശ്യപ്പെട്ടാൽ 48 മണിക്കൂറിനുള്ളിൽ കമ്മിറ്റിയോഗം വിളിച്ചു കൂട്ടാൻ ചെയർമാൻ ബാദ്ധ്യസ്ഥനാണ്. ഇപ്രകാരം കമ്മിറ്റി വിളിച്ചു കൂട്ടാൻ ആവശ്യപ്പെടുമ്പോൾ ചർച്ച ചെയ്യേണ്ട വിഷയം പ്രസ്തുത നോട്ടീസിൽ പ്രത്യേകം കാണിച്ചിരിക്കണം.

## യോഗ നോട്ടീസ്

കമ്മിറ്റിയോഗം ചേരുന്ന വിവരം അറിയിച്ചുകൊണ്ടുള്ള നോട്ടീസ് അതാത് കമ്മിറ്റി ചെയർമാൻമാരാണ് പുറപ്പെടുവിക്കുന്നത്. കമ്മിറ്റി കൂടുന്നതിന് നിശ്ചയിച്ചിട്ടുള്ള തിയതിക്ക് 3 പൂർണ്ണ ദിവസം മുമ്പെങ്കിലും അംഗങ്ങൾക്ക് നോട്ടീസ് ലഭിച്ചിരിക്കേണ്ടതാണ്. ഇതിൽ നോട്ടീസ് കൈപ്പറ്റുന്ന തിയതിയും യോഗതിയതിയും ഉൾപ്പെടുന്നതല്ല. ഇക്കാര്യം കമ്മിറ്റി ചെയർമാൻമാർ ഉറപ്പുവരുത്തിയിരിക്കണം. എന്നാൽ അടിയന്തിര ഘട്ടങ്ങളിൽ കുറഞ്ഞ സമയത്തെ നോട്ടീസ് നൽകിയും യോഗം വിളിക്കാൻ വ്യവസ്ഥയുണ്ട്. യോഗ നോട്ടീസുകളുടേയും അജണ്ടയുടേയും പകർപ്പുകൾ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തണം.

കമ്മിറ്റി അംഗങ്ങൾക്ക് യോഗത്തിൽ പങ്കെടുക്കുന്നതിന് സൗകര്യം ഉണ്ടാക്കുന്നതിനും, അജണ്ടയെക്കുറിച്ച് പഠിക്കുന്നതിനുള്ള സമയം ലഭ്യമാക്കുന്നതിനും വേണ്ടിയാണ് യോഗ നോട്ടീസ് 3 ദിവസം മുമ്പെങ്കിലും നൽകണമെന്ന് നിഷ്ക്കർഷിച്ചിട്ടുള്ളത്. എന്നാൽ പല

പ്പോഴും സമയപരിധിക്കുള്ളിൽ നോട്ടീസ് അംഗങ്ങൾക്ക് എത്തിക്കുന്നതിന് ചില കമ്മിറ്റി ചെയർമാൻമാരെങ്കിലും ആവശ്യമായ ശുഷ്കാന്തി പ്രകടിപ്പിക്കാറില്ല എന്നത് യാഥാർത്ഥ്യ മാണ്. ഇക്കാര്യത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ കൂടുതൽ ഗൗരവം കാണിക്കുന്ന പക്ഷം എല്ലാ അംഗങ്ങൾക്കും അജണ്ടയിലുള്ള വിഷയങ്ങളെക്കുറിച്ച് കൂടുതൽ പഠിക്കാനും കമ്മിറ്റിയിൽ ഗൗരവമായ ചർച്ചകൾക്ക് വഴിയൊരുക്കാനും കഴിയും.

കമ്മിറ്റി യോഗം ചേരുന്ന തിയതി, സമയം ചർച്ച ചെയ്യുന്ന വിഷയങ്ങൾ എന്നിവ നഗര സഭാ ചെയർപേഴ്സനെ അറിയിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന് നിയമപരമായ ബാദ്ധ്യതയുണ്ട്. നഗരസഭാ ചെയർമാൻ/മേയർ എല്ലാ കമ്മിറ്റികളുടേയും എക്സ് ഒഫീഷ്യോ മെമ്പർ ആയിരിക്കുമെന്ന് കേരളാ മുനിസിപ്പാലിറ്റീസ് ആക്ട് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കമ്മിറ്റി യോഗത്തിൽ അതാത് കമ്മിറ്റി ചെയർമാൻ തന്നെയായിരിക്കും അദ്ധ്യക്ഷൻ.

### അജണ്ട

കമ്മിറ്റി യോഗങ്ങൾക്കുള്ള അജണ്ട തയ്യാറാക്കേണ്ട ചുമതല നഗരസഭാ സെക്രട്ടറിമാർക്കാ ണ്. അതാത് കമ്മിറ്റി ചെയർമാൻമാരുമായി ആലോചിച്ചാണ് സെക്രട്ടറി അജണ്ട തയ്യാറാ ക്കേണ്ടത്. കമ്മിറ്റിയുടെ അംഗീകാരം ആവശ്യമുണ്ടെന്ന് സെക്രട്ടറിക്ക് ബോധ്യമുള്ള വിഷയ ങ്ങളും, ചെയർമാൻ നിർദ്ദേശിക്കുന്ന വിഷയങ്ങളും കമ്മിറ്റി മുമ്പാകെ അജണ്ടയായി സമർപ്പി ക്കാവുന്നതാണ്. അജണ്ടയിലുള്ള വിഷയത്തിന്മേൽ ചെയർമാനും സെക്രട്ടറിയ്ക്കും തങ്ങ ളുടെ അഭിപ്രായം കുറിപ്പായി രേഖപ്പെടുത്താൻ അവകാശമുണ്ടായിരിക്കും. കൗൺസിൽ യോഗത്തിനായി അജണ്ട തയ്യാറാക്കുന്ന രീതി തന്നെയാണ് സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിന് വേണ്ടി അജണ്ട തയ്യാറാക്കുമ്പോഴും അവലംബിക്കേണ്ടത്.

അജണ്ടകൾ വളരെ വ്യക്തമായി തയ്യാറാക്കുന്നതിന് സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതുണ്ട്. അജണ്ട വ്യക്തമായിരുന്നാൽ അംഗങ്ങൾക്ക് വിഷയത്തെക്കുറിച്ച് ശരി യായ ധാരണ ലഭിക്കുന്നതിന് പര്യാപ്തമാകും. വിഷയം വളരെ ചുരുക്കിയാണ് അജണ്ട യിൽ പ്രതിപാദിക്കേണ്ടതെങ്കിലും അതിനെക്കുറിച്ച് നിർബന്ധമായും അറിഞ്ഞിരിക്കേണ്ടതായ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിന് സെക്രട്ടറിമാർ ശ്രദ്ധിക്കേണ്ടതാണ്. കമ്മിറ്റി ചെയർമാൻമാരും ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകണം.

വ്യക്തമായ അജണ്ട കമ്മിറ്റികൾക്ക് വ്യക്തമായ ദിശാബോധം നൽകുകയും യുക്തമായ തീരുമാനങ്ങൾ എടുക്കുവാൻ സഹായിക്കുകയും ചെയ്യും.

### കോറം

സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കോറം മൂന്നായിരിക്കും. എന്നാൽ നാല് അംഗങ്ങൾ മാത്രമുള്ള കമ്മിറ്റികളുടെ കോറം രണ്ട് ആയി നിജപ്പെടുത്തിയിട്ടുണ്ട്. കോറമില്ലാത്തപക്ഷം കമ്മിറ്റി യോഗം ചേരാൻ പാടുള്ളതല്ല.

## അദ്ധ്യക്ഷൻ

സ്റ്റാന്റിംഗ് കമ്മിറ്റിയോഗങ്ങളിൽ അതാത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനാണ് അദ്ധ്യക്ഷത വഹിക്കേണ്ടത്. അദ്ദേഹത്തിന്റെ അഭാവത്തിൽ യോഗത്തിൽ ഹാജരുള്ള അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരംഗത്തിന് അദ്ധ്യക്ഷം വഹിക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. ചെയർമാന്റെ എല്ലാ അധികാരങ്ങളും ബാദ്ധ്യതകളും അദ്ധ്യക്ഷത വഹിക്കുന്ന അംഗത്തിന് ഉണ്ടായിരിക്കുന്നതാണ്. യോഗനിയന്ത്രണം, ക്രമപ്രശ്നങ്ങൾ എന്നിവ തീർപ്പാക്കലും അദ്ധ്യക്ഷന്റെ ചുമതലയിൽപ്പെട്ടതാണ്.

## സെക്രട്ടറി പങ്കെടുക്കണം

സെക്രട്ടറി കമ്മിറ്റിയോഗങ്ങളിൽ പങ്കെടുക്കണമെന്ന് നിയമം അനുശാസിക്കുന്നു. ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ മാത്രമെ പകരം ഉദ്യോഗസ്ഥനെ നിയോഗിക്കാൻ പാടുള്ളു. സെക്രട്ടറി തന്നെ യോഗത്തിൽ പങ്കെടുത്താൽ അജണ്ടയിൻമേലുള്ള ഏത് സംശയങ്ങളും യോഗസമയത്ത് തന്നെ പരിഹരിക്കാൻ കഴിയുന്ന സ്ഥിതിയുണ്ടാകും. പകരക്കാരനെ നിയോഗിക്കുമ്പോൾ അജണ്ടയിലുള്ള വിഷയങ്ങളെക്കുറിച്ച് ശരിയായ അറിവ് ഉള്ള ഉദ്യോഗസ്ഥനെ നിയോഗിക്കുന്നതിന് സെക്രട്ടറി ശ്രദ്ധിക്കേണ്ടതുമാണ്.

## അജണ്ടയും ചർച്ചയും

അജണ്ടയിലുള്ള വിഷയങ്ങളെക്കുറിച്ച് ഗൗരവമായ ചർച്ചകൾക്കുള്ള വേദിയാകണം സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ. അജണ്ട വായിച്ച് പാസ്സാക്കാം, അല്ലെങ്കിൽ നിരസിക്കാം എന്ന രീതിയിലുള്ള മനോഭാവം ഒരിക്കലും ഭൂഷണമല്ല. വിഷയത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ നടത്താൻ കമ്മിറ്റി അംഗങ്ങൾ തയ്യാറാകണം. ഓരോ അംഗങ്ങളും അഭിപ്രായം രേഖപ്പെടുത്തണമെന്ന് ചെയർമാന് നിർദ്ദേശിക്കാം. തുറന്ന ചർച്ച അനിവാര്യമാക്കണം. ഓരോ അംഗങ്ങളും ചർച്ചയിൽ പങ്കെടുക്കുമ്പോൾ വിഷയത്തിന്റെ എല്ലാ വശങ്ങളും വിശകലനം ചെയ്യാൻ അവസരമുണ്ടാകും. വ്യത്യസ്ത കാഴ്ചപ്പാടുകൾ ചർച്ചയ്ക്ക് വിധേയമാക്കുമ്പോഴാണ് തികച്ചും ഉചിതവും യുക്തവുമായ തീരുമാനങ്ങളിൽ എത്തിചേരാൻ കമ്മിറ്റിക്കു കഴിയുക.

## പ്രമേയവും ചോദ്യവും

കൗൺസിൽ യോഗത്തിൽ പ്രമേയവും ചോദ്യം ചോദിക്കാനുള്ള അവകാശവും അംഗങ്ങൾക്ക് ഉണ്ടായിരിക്കുമെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഈ അവകാശം അനുവദിച്ചിട്ടില്ല. എന്നാൽ കമ്മിറ്റി സ്വമേധയാ ഒരു പ്രമേയം പാസ്സാക്കി കൗൺസിലിന് സമർപ്പിക്കുന്നതിന് തടസ്സവുമില്ല.

## കമ്മിറ്റി തീരുമാനങ്ങൾ

കൗൺസിൽ യോഗത്തിലെന്നതുപോലെ കമ്മിറ്റികളുടെയും തീരുമാനവും ഭൂരിപക്ഷപ്രകാരമായിരിക്കും. വോട്ടിംഗ് ഉണ്ടാവുകയും വോട്ടിംഗ് നില തുല്യമാവുകയും ചെയ്യുന്ന സംഗതിയിൽ കമ്മിറ്റി ചെയർമാന് കാസ്റ്റിംഗ് വോട്ട് വിനിയോഗിക്കാനുള്ള അവകാശം ഉണ്ട്.

ഒരു നഗരസഭയിൽ 6 കമ്മിറ്റികളും കോർപ്പറേഷനുകളിൽ 8 കമ്മിറ്റികൾ വരെയും ഉള്ള തിനാൽ ചിലപ്പോൾ കമ്മിറ്റികൾ ഒരു വിഷയത്തിന്മേൽ പരസ്പര വിരുദ്ധമായ തീരുമാന ങ്ങൾ കൈക്കൊള്ളാൻ സാദ്ധ്യതയുണ്ട്. ഇപ്രകാരം പരസ്പര വിരുദ്ധമായ തീരുമാനങ്ങൾ കമ്മിറ്റികൾ കൈക്കൊള്ളുകയാണെങ്കിൽ സെക്രട്ടറി ഇക്കാര്യം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും കൗൺസിലിന്റെ തീരുമാനം ഉണ്ടാകുന്നതുവരെ കമ്മിറ്റിയുടെ തീരു മാനം നടപ്പാക്കുന്നത് നിർത്തിവയ്ക്കുകയും വേണം.

## മിനിട്സ് ബുക്ക്

സ്റ്റാന്റിംഗ് കമ്മിറ്റി യോഗ നടപടിക്രമങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒരു മിനിട്സ് ബുക്ക് ഉണ്ടായിരിക്കേണ്ടതും എല്ലാ യോഗ നടപടിക്രമങ്ങളും സെക്രട്ടറി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി കമ്മിറ്റി ചെയർമാന്റെ ഒപ്പ് വാങ്ങിക്കേണ്ടതുമാണ്. മിനിട്സിന്റെ പകർപ്പ് അംഗങ്ങൾക്ക് നൽകേണ്ടതുമാണ്.

കമ്മിറ്റി പാസാക്കുന്ന പ്രമേയങ്ങൾ തൊട്ടടുത്ത കൗൺസിൽ യോഗത്തിൽ സമർപ്പിക്കാ നുള്ള ചുമതലയും സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. അതാത് കമ്മിറ്റി ചെയർമാൻമാർ ഇക്കാര്യം ഉറപ്പുവരുത്തണം.

## കൗൺസിൽ പ്രമേയങ്ങൾ നടപ്പാക്കൽ

കൗൺസിൽ അംഗീകരിക്കുന്ന എല്ലാ പ്രമേയങ്ങളും നടപ്പാക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റികൾ ബാദ്ധ്യസ്ഥരാണ്. കൗൺസിൽ പാസ്സാക്കുന്ന വിഷയം ഏത് കമ്മിറ്റിയുടെ പരിധിയിലാണോ വരുന്നത് ആ കമ്മിറ്റി പ്രസ്തുത വിഷയത്തിന്മേലുള്ള കൗൺസിൽ തീരുമാനം നടപ്പിലാ ക്കുന്നതിനുള്ള നടപടികൾ നിർവ്വഹിക്കേണ്ടതും മേൽനോട്ടം വഹിക്കേണ്ടതുമാണ്.

## കമ്മിറ്റി തീരുമാനങ്ങൾ റദ്ദു ചെയ്യുമ്പോൾ

കമ്മിറ്റി കൈകൊണ്ടിട്ടുള്ള തീരുമാനങ്ങൾ പാസ്സാക്കിയ തിയതി മുതൽ 3 മാസത്തിനു ള്ളിൽ റദ്ദാക്കാനോ ഭേദഗതി ചെയ്യാനോ പാടുള്ളതല്ല. അപ്രകാരം റദ്ദു ചെയ്യുകയോ, ഭേദ ഗതി വരുത്തുകയോ വേണ്ടിവരുകയാണെങ്കിൽ അതിന് പ്രത്യേക കമ്മിറ്റിയോഗം വിളിച്ചു ചേർക്കണം. 3 മാസം കഴിഞ്ഞതിന് ശേഷമാണെങ്കിൽ സാധാരണ യോഗത്തിൽ വെച്ച് യോഗതീരുമാനങ്ങൾ റദ്ദു ചെയ്യുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാണ്. 3 മാസ ത്തിനുള്ളിൽ തീരുമാനങ്ങൾ റദ്ദു ചെയ്യേണ്ടി വരികയാണെങ്കിൽ അനുവദിക്കപ്പെട്ട അംഗ സംഖ്യയുടെ പകുതിയിലധികം അംഗങ്ങളുടെ പിന്തുണ ഉണ്ടായിരിക്കുകയും വേണം.

## സ്റ്റാന്റിംഗ് കമ്മിറ്റി വിളിച്ചു ചേർക്കേണ്ട മറ്റ് യോഗങ്ങൾ

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ അതുമായി ബന്ധപ്പെട്ടവരുടെ ഏത് യോഗവും വിളിച്ചു ചേർക്കാനും അവലോകനം നടത്താനും, ചർച്ച ചെയ്ത് ഉചിത മായ ശുപാർശ കൗൺസിലിലേക്ക് സമർപ്പിക്കാനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് അധികാ

രവും ചുമതലയുമുണ്ട്. ഈ ചുമതല നിർവ്വഹിക്കുന്നതിൽ പല നഗരസഭകളിലേയും സ്റ്റാന്റിംഗ് കമ്മിറ്റികൾ വീഴ്ച വരുത്തുന്നുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കമ്മിറ്റിയോഗങ്ങൾക്ക് മുമ്പാകെ വരുന്ന അജണ്ടകൾ പരിഗണിക്കുന്നത് മാത്രമാണ് കമ്മിറ്റിയുടെ ചുമതലയെന്ന് കരുതുന്നവരാണ് കൂടുതലും. ഓരോ കമ്മിറ്റികൾക്കും നൽകിയിരുന്ന വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു കൂട്ടുന്നതിന് കമ്മിറ്റി ചെയർമാൻമാർ മുൻകൈയെടുക്കണം.

നഗരസഭകളുടെ ഭരണം കൂടുതൽ മെച്ചപ്പെടുത്താൻ ഇത്തരം യോഗങ്ങളിലൂടെ സാദ്ധ്യമാകുമെന്നതിനാൽ ഇക്കാര്യത്തിൽ ഉദാസീനത പാടുള്ളതല്ല.

ഇപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് വിളിച്ചു ചേർക്കാവുന്നതും പ്രവർത്തന പുരോഗതി വിലയിരുത്താൻ കഴിയുന്നതുമായ ചില യോഗങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ
2. വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ട് വിലയിരുത്തുന്നതിനുള്ള യോഗം
3. പദ്ധതി നിർവ്വഹണത്തിന് മുന്നോടിയായി അതാത് മോണിറ്ററിംഗ് കമ്മിറ്റുടേയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും യോഗങ്ങൾ
4. വാർഡ് സഭകളുടെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനുള്ള യോഗം.
5. അതാത് മേഖലയിലെ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനുള്ള യോഗം
6. ബന്ധപ്പെട്ട നഗരസഭ ഉദ്യോഗസ്ഥരുടെ യോഗം
7. കൗൺസിൽ വിളിച്ചു ചേർക്കാൻ ആവശ്യപ്പെടുന്ന മറ്റ് യോഗങ്ങൾ

മേൽവിവരിച്ച തരത്തിലുള്ള യോഗങ്ങൾ വിളിച്ചു ചേർക്കുന്നതിലൂടെ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പ്രവർത്തനം കൂടുതൽ സജീവമാകും. നിയമാനുസൃതം നിക്ഷിപ്തമായ വിഷയങ്ങളിൽ ഗുണപരമായ രീതിയിൽ ഇടപെടാനും, കൗൺസിലിന് സഹായകരമായ വിധത്തിലുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കഴിയുമ്പോൾ നഗരസഭാ ഭരണം കൂടുതൽ മെച്ചപ്പെടുകയും കൂട്ടുത്തരവാദിത്വം യാഥാർത്ഥ്യമാവുകയും ചെയ്യും.

# 3
# ചേരിപരിഷ്ക്കരണം

## ആമുഖം

ഒരു പ്രത്യേക പ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെയില്ലാത്ത ഒരുപറ്റം ആൾക്കാർ വൃത്തിഹീനമായ അന്തരീക്ഷത്തിലും സാഹചര്യത്തിലും പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ട് ജീവിക്കുന്ന പ്രദേശങ്ങളെ ചേരിപ്രദേശം എന്നുപറയാം. അല്ലെങ്കിൽ ഇപ്രകാരമാകാം ചേരി പ്രദേശത്തിന് ഒരു നിർവചനം നൽകുകയാണ് എങ്കിൽ ആയത്.

"അടിസ്ഥാനസൗകര്യങ്ങളായ വെള്ളം, വെളിച്ചം, യാത്രാസൗകര്യം, പ്രാഥമിക സൗകര്യങ്ങൾ, ആരോഗ്യകരമായ അന്തരീക്ഷം, യോഗ്യമായ പാർപ്പിട സൗകര്യം എന്നിവ ലഭ്യമല്ലാതെ ഒരു കൂട്ടം ആളുകൾ വൃത്തിഹീനമായ അന്തരീക്ഷത്തിൽ പരിമിതമായ സ്ഥലത്ത് കുടുംബമായോ ഒറ്റയ്ക്കോ താമസിയ്ക്കുന്ന പ്രദേശത്തെ ഒരു ചേരിപ്രദേശം എന്നുപറയാം."

## അല്പം ചരിത്രം

ആദികാലത്ത് ചേരി നിർമ്മാർജ്ജനം എന്ന ആശയമാണ് സർക്കാരിന് ഉണ്ടായിരുന്നത്. 1956 ൽ കേന്ദ്രാവിഷ്കൃത പദ്ധതിയായി ലോണും ഗ്രാന്റും ഉൾപ്പെടുത്തി ഇത് നടപ്പാക്കി വന്നിരുന്നു. 1/4/69 മുതൽ ഈ പ്രവർത്തി സംസ്ഥാന സർക്കാരുകൾക്ക് കൈമാറി. ഇക്കാലത്ത് നഗരപ്രദേശങ്ങളിലുള്ള ചേരികളിൽ വസിക്കുന്നവർക്ക് സാമാന്യ ജീവിതനിലവാരം ഉറപ്പാക്കുന്നതിനും ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന പദ്ധതികളാണ് ആവിഷ്ക്കരിച്ച് വന്നിരുന്നത്. നഗരാസൂത്രണ വകുപ്പ് (Town Planning Department) മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിയിരുന്നത്. ദാരിദ്ര്യ നിർമ്മാർജനത്തിന്റെ ഭാഗമായി UBS (Urban Basic Service -1985) NRY (Nehru Rosgar Yojana 1989), UBSP (Urban Basic Service for the Poor) (1991), PMIUPEP (Prime Ministers Integrated Urban Poverty Erradication Project -1996), SJSRY -1997) എന്നിവയായും നടപ്പിലാക്കി വന്നിരുന്നു.

സമഗ്ര പഠനത്തിന്റെ അടിസ്ഥാനത്തിൽ നഗരാസൂത്രണ വകുപ്പ് 95 ൽ കേരളത്തിലെ നഗരസഭകളിലെ അംഗീകൃതചേരികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ചേരി പരിഷ്ക്കരണ പദ്ധതികൾ

ചേരി പ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി 1996 ൽ NSDP (National Slum Development Programme) ആവിഷ്ക്കരിച്ചു. 50% സെൻട്രൽ ഗ്രാന്റും 50% ലോണും അടങ്ങു

ന്നതായിരുന്നു പദ്ധതി. ചേരികളുടെ അടിസ്ഥാന വികസനത്തിനായി റോഡുകൾ നിർമ്മിക്കുന്നതിനും, പഴയവ മെച്ചപ്പെടുത്തുന്നതിനും, കുടിവെള്ളം എത്തിക്കുന്നതിനും വൈദ്യുതി എത്തിക്കുന്നതിനും, ഓടകൾ നിർമ്മിക്കുന്നതിനും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നു.

## NSDP സമീപനവും രീതിയും

- സാമ്പത്തിക സഹായത്തിന് ആവശ്യമായി നഗരസഭകൾക്ക് പദ്ധതി തയ്യാറാക്കാനുള്ള അവസരം ഉണ്ടായിരുന്നു.
- തയ്യാറാക്കുന്ന പദ്ധതികൾക്കുള്ള അംഗീകാരം കുടുംബശ്രീ മിഷൻ നൽകും.
- അംഗീകാരം വിലയിരുത്തൽ രീതികൾ ലളിതമായിരുന്നു.
- നടത്തിപ്പ് നഗരസഭാ സംവിധാനം
- നിർവ്വഹണം/മോണിറ്ററിംഗ് പ്രത്യേക സംവിധാനമില്ല.
- നിർവ്വഹണം സി.ഡി.എസ്/ഗുണഭോക്തൃ സമിതി
- സഹായത്തിന് ഉയർന്ന പരിധി ഉണ്ടായിരുന്നു.
- നടത്തിപ്പിന് സാമ്പത്തിക സഹായം അല്ലാതെ മറ്റ് സഹായം ലഭ്യമായിരുന്നില്ല
- കേന്ദ്രസർക്കാർ സഹായം പരിമിതം
- ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്ന ക്രമീകരണങ്ങളും പ്രക്രിയകളും കുറവായിരുന്നു. NSDP യിലെ അപാകതകൾ പരിഹരിച്ച് ചേരി നിർമ്മാർജ്ജനത്തിന് പശ്ചാത്തല സൗകര്യം മാത്രം പോരാ പാവപ്പെട്ട ചേരിനിവാസികൾക്ക് മെച്ചപ്പെട്ട കിടപ്പാടം കൂടി ഒരുക്കണം എന്ന ഉദ്ദേശത്തോടെ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ആഭിമുഖ്യത്തിൽ VAMBAY പദ്ധതി 21.1.2002 ലെ G.O. (Rt) 269/2002/LSG ഉത്തരവ് പ്രകാരം കേരളത്തിലും നടപ്പിലാക്കി തുടങ്ങി.

## VAMBAY (Valmiki Ambedkar Awas Yojana ) 2002

## സമീപനവും രീതിയും

- ഭവന നിർമ്മാണത്തിന് വ്യക്തിഗത ധനസഹായം
- സഹായധനത്തിന് ഉയർന്ന പരിധി 40,000 രൂപ
- സി.ഡി.എസ്. മുഖേന നഗരസഭകൾ ഗുണഭോക്താക്കളെ കണ്ടെത്തുന്നു.
- ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കളിൽ നിന്നും ശേഖരിക്കുന്നു.
- നടത്തിപ്പ് നഗരസഭ UPA വിഭാഗം

- സാമ്പത്തിക സഹായമല്ലാതെ മറ്റൊന്നും ലഭ്യമല്ല. കേന്ദ്രസഹായം 50%
- ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്ന ക്രമീകരണങ്ങളും പ്രക്രിയകളും പരിമിതം
- ഹഡ്കോ നിരീക്ഷണ സംവിധാനം

**1) IHSDP (Intgrated Housing & Slum Development Programme)**

നിലവിലുണ്ടായുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ചേരി വികസന പരിപാടി (NSDP)യും വാത്മീകി അംബേദ്കർ ആവാസ് യോജന (VAMBAY) യും സംയോജിപ്പിച്ചു കൊണ്ട് 2005 ഡിസംബറിൽ കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതികളാണ് IHSDP.

2005 ഡിസംബറിൽ NSDP, VAMBAY എന്നി പദ്ധതികൾ അവസാനിച്ചെങ്കിലും പ്രസ്തുത പദ്ധതികളിൽ ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും പണം നൽകുന്നതിനും നിയമതടസമില്ല.

**2) BSUP ( Basic Services for Urban Poor)**

നഗരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതിനും ഊന്നൽ നൽകുന്ന ജവഹർലാൽ നെഹ്റു ദേശീയ നഗരനവീകരണ മിഷൻ (JNNRUM) പദ്ധതിയുടെ ഉപഘടകമാണ് ബേസിക സർവ്വീസ് ഫോർ ദി അർബൻ പുവർ (BSUP). ദരിദ്രർ തിങ്ങിപ്പാർക്കുന്ന ചേരിപ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷമിടുന്ന ഈ പദ്ധതി 2005-06 ലാണ് ആരംഭിച്ചത്.

**IHSDP / BSUP സമീപനവും രീതിയും**

- 10 ലക്ഷം ജനസംഖ്യയുള്ള JNNURM പദ്ധതി നടപ്പാക്കുന്ന വലിയ പട്ടണങ്ങളിൽ BSUP മറ്റ് പട്ടണങ്ങളിൽ IHSDP.
- ചിട്ടയായ ആസൂത്രണ മാർഗ്ഗരേഖ
- പദ്ധതി ആസൂത്രണത്തിന് പ്രത്യേക തലങ്ങൾ - സംസ്ഥാന കേന്ദ്രതല കമ്മറ്റികൾ
- ചേരികളുടെ സമഗ്ര വികസനം - ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, അടിസ്ഥാന സൗകര്യ വികസനങ്ങൾ
- ചേരി നിവാസികളെ മാറ്റി പാർപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ
- ദരിദ്രർ താമസിക്കുന്ന പ്രദേശത്തെ അടിസ്ഥാന സൗകര്യ വിക്സനം, ഓടകൾ, അഴുക്കുചാലുകൾ, റോഡുകൾ ഇവയുടെ അറ്റകുറ്റപ്പണികൾ
- നഗരദരിദ്ര കുടുംബങ്ങൾക്ക് വീടുകൾ
- ചേരിപ്രദേശങ്ങളിലെ പരിസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ
- ചേരികളിലെ ഖരമാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ
- ചേരികളിലെയും ദരിദ്രർ പാർക്കുന്ന ക്ലസ്റ്ററുകളിലേയും തെരുവുവിളക്കുകൾ

- കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, അങ്കണവാടികൾ, പ്രാഥമികാരോഗ്യ കേന്ദ്രം തുടങ്ങിയവയുടെ നിർമ്മാണം
- ഭൂമി വാങ്ങുന്നതിനുള്ള ചെലവ് ഈ പദ്ധതിയിൽനിന്നും കണ്ടെത്താൻ കഴിയില്ല.
- പരമ്പരാഗത മത്സ്യതൊഴിലാളികൾ താമസിക്കുന്ന തീരപ്രദേശത്തിനും പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ പാർക്കുന്ന പ്രദേശങ്ങൾക്കും പ്രത്യേക പരിഗണന.
- പദ്ധതി തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ നിയോഗിക്കാം.
- ഗുണഭോക്തൃ ലിസ്റ്റ് പ്രോജക്ടിനോടൊപ്പം അംഗീകരിക്കുന്നു.
- ഗുണഭോക്താക്കളെ മാറ്റം വരുത്തുന്നതിന് പ്രത്യേക ക്രമീകരണങ്ങൾ
- ഗുണഭോക്തൃ വിഹിതം മുൻകൂർ അടയ്ക്കണം
- വിവിധ തലങ്ങളിലുള്ള നിരീക്ഷണ നിയന്ത്രണ സംവിധാനം
- സഹായത്തിന് ഉയർന്ന പരിധിയില്ല
- നടത്തിപ്പിന് പിന്തുണ സംവിധാനം
- കേന്ദ്രസഹായം 40 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരങ്ങൾ 35% 10 ലക്ഷത്തിനുമുകളിൽ ജനസംഖ്യയുള്ള നഗരങ്ങൾക്ക് 50% തലസ്ഥാന നഗരങ്ങൾക്കും പൈതൃക നഗരങ്ങൾക്കും 80%
- വീടുകൾക്ക് 80,000 രൂപ, വലിപ്പം $30m^2$-$60m^2$ വരെ
- ഭവനപുനരുദ്ധാരണം 25,000 രൂപ വരെ
- ടോയ്‌ലറ്റ് - 2500 രൂപ
- ഭവന പുനരുദ്ധാരണം/ടോയ്‌ലറ്റ് - ഗുണഭോക്തൃ വിഹിതം 10%

## IHSDP / BSUP അനുഭവപാഠങ്ങൾ

- മൊത്തം നഗരവികസനത്തിന്റെ ഭാഗമാകാതെ ചില ചേരികളിൽ മാത്രമായി ഒതുങ്ങി
- ആസൂത്രണത്തിൽ ചേരിനിവാസികളുടെ നേരിട്ടുള്ള പങ്കാളിത്ത കുറവ്
- സാമൂഹിക സ്ഥിതി മനസ്സിലാക്കാതെയുള്ള പദ്ധതി ആസൂത്രണം
- ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വം ഇല്ലായ്മ
- സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.
- നഗരസഭകൾക്ക് ബാധ്യത
- ആസൂത്രണാധിഷ്ഠിതമായിരുന്നു എങ്കിലും നഗരസഭകളിൽ നിലനിന്നിരുന്ന നിർവ്വഹണ രീതികൾ ശക്തമാകാതിരുന്നതിനാൽ നിർവ്വഹണം കാര്യക്ഷമമായിരുന്നില്ല.

- മുൻഗണനാ പട്ടികയിൽ ആദ്യം വരേണ്ടവരല്ലാത്തവർ ക്ലസ്റ്റർ പദ്ധതിയിൽ ഉൾപ്പെട്ടു.
- കൃത്യതയില്ലാത്ത ഗുണഭോക്തൃ ലിസ്റ്റ്.

## രാജീവ് ആവാസ് യോജന

ഭാരത സർക്കാർ ആവിഷ്കരിച്ച ചേരി പുനരുദ്ധാരണ/നിർമ്മാർജ്ജന പദ്ധതിയാണ് രാജീവ് ആവാസ് യോജന. ചേരിരഹിത ഭാരതം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതി താഴെപ്പറയുന്ന കാര്യങ്ങൾക്കാണ് ഊന്നൽ കൊടുക്കുന്നത്.

1. ഒരു നഗരപ്രദേശത്തുള്ള ചേരികളെ/ചേരിസമാന പ്രദേശങ്ങളെ (പ്രഖ്യാപിക്കപ്പെട്ടവയും, അല്ലാത്തവയും) വികസനത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരികയും അവിടെയുള്ള ആളുകൾക്ക് നഗരത്തിലെ വികസിത പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് ലഭിക്കുന്ന അതേ ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
2. പുതിയ ചേരികളുടെ രൂപീകരണത്തിന് വഴി വയ്ക്കുന്ന നഗര വികസന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിക്കുക.
3. നഗരത്തിൽ സ്ഥലം, വീട് എന്നിവയുടെ ലഭ്യതക്കുറവുമൂലം ചേരികളിലേക്ക് ചേക്കേറേണ്ടിവരുന്നവർക്ക് അവരുടെ ഉപജീവനോപാധികളെ ബാധിക്കാത്തവിധം സ്വന്തമായി വീടും സ്ഥലവും ലഭിക്കുക എന്ന ആവശ്യം നേടിയെടുക്കാൻ വേണ്ട നിയമ നടപടി സ്വീകരിക്കുക.
4. വരുന്ന 20 വർഷങ്ങൾ മുമ്പിൽ കണ്ടുകൊണ്ടുള്ള വിശദമായ ഒരു ആസൂത്രണമാണ് ഓരോ നഗരങ്ങളിലും നടത്തുക. ഇക്കാലയളവിൽ ഒരു പുതിയ ചേരി പോലും ഉടലെടുക്കാൻ സാധ്യതയില്ലാത്ത വിധം ഒരു നഗര ചേരി നിർമ്മാർജ്ജ മാർഗ്ഗരേഖയും പദ്ധതിയുടെ ഭാഗമായി രൂപപ്പെടുത്തുന്നുണ്ട്.

### ചേരി തെരഞ്ഞെടുപ്പ്

ഒരേക്കറിൽ 200 ആളുകൾ എന്ന ക്രമത്തിൽ ജനസാന്ദ്രതയുള്ള (ഏറ്റവും കുറഞ്ഞത് 25 സെന്റിൽ 10 വീടുകളെങ്കിലും ഉള്ള) പ്രദേശങ്ങളിൽ താഴെപ്പറയുന്ന ഒന്നോ അതിലധികമോ മാനദണ്ഡങ്ങൾ ബാധകമാകുകയാണെങ്കിൽ അത്തരം പ്രദേശങ്ങളെ രാജീവ് ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

### മാനദണ്ഡങ്ങൾ

1. മാലിന്യക്കൂമ്പാരം, മലിനജലം, കെട്ടികിടക്കുന്ന സ്ഥലം, കനാൽ, തുറന്ന ഓടകൾ, കുളങ്ങൾ എന്നിവയ്ക്കടുത്ത് സ്ഥിതി ചെയ്യുന്ന പ്രദേശം
2. റോഡ്, റെയിൽവേ, കനാൽ പുറമ്പോക്കുകൾ തുങ്ങിയ അനധികൃത കുടിയേറ്റത്തിന് വിധേയമായ പ്രദേശങ്ങൾ

3. വെള്ളക്കെട്ട്, മലിനജലം, ഓട എന്നിവയുള്ള പ്രദേശം
4. 50%ത്തിലധികം ആളുകളുടെ വരുമാന മാർഗ്ഗം അസംഘടിത മേഖലയിൽ നിന്നാണെങ്കിൽ
5. വീടുകളിൽ 50% ഭാഗികമായോ, മുഴുവനായോ വാസയോഗ്യം അല്ലാത്തവയായിരിക്കുക
6. 50% വീടുകൾക്ക് പൈപ്പ് വെള്ളം ലഭ്യമല്ലാതിരിക്കുക
7. 50% വീടുകൾക്ക് സ്വന്തമായി സാനിട്ടറി കക്കൂസുകൾ ഇല്ലാതിരിക്കുക
8. 50% വീടുകൾക്ക് സ്വന്തമായി കുളിമുറി സൗകര്യം ഇല്ലാതിരിക്കുക
9. 50% വീടുകൾക്ക് ഒരു മീറ്ററെങ്കിലും വീതിയുള്ള റോഡ് സൗകര്യം ഇല്ലാതിരിക്കുക
10. തെരുവു വിളക്കുകൾ ഇല്ലാതിരിക്കുക
11. 20% വീടുകൾക്കെങ്കിലും അംഗീകൃത വൈദ്യുതി കണക്ഷൻ ഇല്ലാതിരിക്കുക

**പദ്ധതിയിൽ ഉൾക്കൊള്ളുന്ന ഘടകങ്ങൾ**

ഓരോ ചേരികളുടെയും സമഗ്ര വികസനത്തിനായി അതാത് പ്രദേശങ്ങളുടെ ആവശ്യങ്ങൾക്കും സാഹചര്യങ്ങൾക്കുമനുസരിച്ച് അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളും സാമൂഹ്യ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുന്നതാണ്.

**അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ**

- 30 ച. മീ. പ്ലിന്ത് ഏരിയ വരെയുള്ള ഭവനങ്ങളുടെ നിർമ്മിതി/പുനരുദ്ധാരണം
- വീടുകളിലേക്ക് കുടിവെള്ള വിതരണം
- മലിനജല നിർഗ്ഗമന സൗകര്യങ്ങൾ
- ഓടകൾ/കലുങ്കുകൾ/റോഡുകൾ
- ഖരമാലിന്യ നിർമ്മാർജ്ജന മാർഗ്ഗങ്ങൾ
- എല്ലാ വീടുകൾക്കും വൈദ്യുതി, എല്ലാ ചേരികളിലും വഴിവിളക്കുകൾ
- ചേരികൾക്കുള്ളിലെയും ചേരികളിലേയ്ക്കുള്ളതുമായ റോഡുകളുടെ നിർമ്മാണം/പുനർനിർമ്മാണം.

## സാമൂഹ്യ സൗകര്യങ്ങൾ

- അങ്കണവാടികൾ-നേഴ്സറികൾ
- ശിശു പരിപാലന കേന്ദ്രങ്ങൾ/കൗമാര കേന്ദ്രങ്ങൾ
- സാമൂഹ്യ കേന്ദ്രങ്ങൾ
- സ്കുളുകൾ

- ആരോഗ്യ കേന്ദ്രങ്ങൾ/ആരോഗ്യ ഉപകേന്ദ്രങ്ങൾ
- അസംഘടിത മേഖലാ മാർക്കറ്റുകൾ
- ഉപജീവന കേന്ദ്രങ്ങളും അവയുടെ അടിസ്ഥാന സൗകര്യവികസനവും
- രാത്രി താമസസ്ഥലം/താത്ക്കാലിക താമസ സ്ഥലം
- ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ തുടങ്ങിയവ സമഗ്രമായി സമന്വയിപ്പിച്ചിട്ടുള്ള പദ്ധതികൾ

## ജനകീയ പങ്കാളിത്തം

പദ്ധതിയുടെ വിഭാവനം, ആസൂത്രണം, നടത്തിപ്പ്, സുസ്ഥിരത തുടങ്ങി ഓരോ ഘട്ടത്തിലും നിർബന്ധിതമായുണ്ടാകേണ്ട സാമൂഹ്യ പങ്കാളിത്തം (community partipation) ഈ പദ്ധതിയുടെ പരമപ്രധാനമായ പ്രത്യേകതയായിരിക്കും. ജനങ്ങൾക്കുവേണ്ടിയുള്ള ഓരോ രൂപരേഖയും ഉണ്ടാക്കേണ്ടത് അവർ തന്നെ ആയിരിക്കണം.

ജനകീയപങ്കാളിത്തം ഉറപ്പാക്കേണ്ടതിന്റെ ചുമതല ജനപ്രതിനിധി, കീപേഴ്സൺ, ക്ലസ്റ്റർ വികസന സമിതി എന്നിവയിൽ നിക്ഷിപ്തമാണ്.

## ക്ലസ്റ്റർ വികസന സമിതി (CDC)

- ചേരി വികസന പ്രവർത്തനങ്ങളിലെ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള സമിതി
- അടുത്തടുത്തുള്ള 20-30 കുടുംബങ്ങളെ ചേർത്ത് ഒരു യൂണിറ്റ് ആയി കണക്കാക്കി 2 പ്രതിനിധികളെ അംഗങ്ങളായി തെരഞ്ഞെടുക്കുന്നു. (ഒരു സ്ത്രീ, ഒരു പുരുഷൻ, സ്ത്രീ അയൽകൂട്ട അംഗമായിരിക്കണം.)
- ഇങ്ങനെ തെരഞ്ഞെടുക്കുന്ന അംഗങ്ങൾ, എ.ഡി.എസ്. ചെയർപേഴ്സൺ, കൗൺസിലർ, കീപേഴ്സൺ, പ്രാദേശിക നേതാക്കൾ എന്നിവരുൾപ്പെടുന്നതാണ് ക്ലസ്റ്റർ വികസന സമിതി
- ക്ലസ്റ്റർ വികസന സമിതിയ്ക്ക് നേതൃത്വം നൽകാനായി ഒരു കൺവീനർ, ജോയിന്റ് കൺവീനർ എന്നിവരെ തെരഞ്ഞെടുക്കണം. (ഒരു സ്ത്രീ, ഒരു പുരുഷൻ)

## സി.ഡി.സി. ചുമതലകൾ

- ജനകീയ പങ്കാളിത്തം ഉറപ്പാക്കൽ
- പ്രാദേശിക സ്വീകാര്യത ഉറപ്പാക്കൽ
- ഉടമസ്ഥത ബോധം വളർത്തിയെടുക്കൽ
- ഒരുമ വളർത്തിയെടുക്കൽ
- പ്രാദേശിക തർക്കങ്ങൾ പരിഹരിയ്ക്കൽ

- ലേയ്സണിംഗ് - റേ ടീം, ഏജൻസീസ്, ബാങ്ക്, അനുബന്ധ സ്ഥാപനങ്ങൾ
- ഗുണഭോക്തൃ വിഹിതസമാഹരണം എളുപ്പമാക്കൽ
- ക്ലസ്റ്റർ യോഗങ്ങൾ സംഘടിപ്പിയ്ക്കൽ
- വീട്ടുനമ്പർ, സർവ്വെ എന്നിവ കോർഡിനേറ്റ് ചെയ്യൽ
- ഡോക്യുമെന്റേഷൻ
- ബഹുനില കെട്ടിടങ്ങൾ/ചേരിമാറ്റി പാർപ്പിക്കൽ എന്നിവയിൽ പുതുതായി നിർമ്മിക്കപ്പെടുന്ന വീടുകളിൽ താമസിക്കേണ്ട ഗുണഭോക്താക്കളുടെ മുൻഗമനാക്രമം ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സഹായിക്കുക
- ഓരോ ഘട്ടത്തിലും വീട് ലഭ്യമാക്കേണ്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് സഹായിക്കുക

**നിർമ്മാണ ചെലവ്**

വ്യക്തിഗതമായി ലഭിക്കുന്ന ഘടകങ്ങളുടെ (വീട് നിർമ്മാണം, വീട് പുനരുദ്ധാരണം, കക്കൂസ്, കുളിമുറി) നിർമ്മാണ ചെലവിന്റെ 50 ശതമാനം കേന്ദ്ര സർക്കാർ വിഹിതവും, 30% നഗരസഭ വിഹിതവും 20 ശതമാനം ഗുണഭോക്തൃ വിഹിതവും ആണ്. ഗുണഭോക്താവിന്റെ സാമ്പത്തിക - സാമൂഹ്യ അവസ്ഥയ്ക്കനുസരിച്ച് ഗുണഭോക്തൃ വിഹിതത്തിൽ മാറ്റം വരും. അടിസ്ഥാന സൗകര്യ വികസനം, പൊതു സേവനങ്ങൾ എന്നിവയ്ക്ക് ഗുണഭോക്തൃവിഹിതം പാടില്ല.

**പദ്ധതി നടത്തിപ്പിൽ അടങ്ങിയിരിക്കുന്ന പ്രക്രിയകൾ**

താഴെപ്പറയുന്ന ക്രമാനുഗതമായ പ്രക്രിയകളിലൂടെ മാത്രമെ രാജീവ് ആവാസ് യോജന പദ്ധതി നടപ്പിലാവുകയുള്ളൂ.

1. പദ്ധതിയിലുൾപ്പെടുത്താവുന്ന പ്രദേശങ്ങളുടെ തെരഞ്ഞെടുപ്പ് (സാമ്പത്തിക സാമൂഹ്യ സ്ഥിതിഗതികൾ വിലയിരുത്തി തദ്ദേശസ്വയം ഭരണ സ്ഥാപനമാണ് അർഹമായ പ്രദേശങ്ങളെ തെരഞ്ഞെടുക്കുക)
2. ഈ പ്രദേശങ്ങളിൽ സർക്കാർ നിയോഗിക്കുന്ന ഏജൻസി പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നു.
3. തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിലെ ജനങ്ങൾക്ക് പദ്ധതിയെക്കുറിച്ചുള്ള പ്രാഥമിക വിവരങ്ങൾ നൽകുക
4. ഈ പ്രദേശങ്ങളുടെ സാമൂഹ്യ സാമ്പത്തിക സർവ്വെ നടത്തുക. ഈ സർവ്വേ വിവരങ്ങൾ പരിശോധനയ്ക്ക് ശേഷം കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനത്തിലേക്ക് (MIS) ഉള്ളടക്കം ചെയ്യുക
5. ഓരോ നഗരത്തിനും ചേരി രഹിത നഗരാസൂത്രണ കർമ്മ പദ്ധതി (SFCPoA) തയ്യാറാക്കുക

6. ഈ പദ്ധതിയ്ക്ക് സംസ്ഥാന സർക്കാർ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഓരോ പദ്ധതി പ്രദേശങ്ങൾക്കും വേണ്ടി വിശദമായ വികസന/പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നു.
7. സർക്കാർ നിയോഗിക്കുന്ന ഏജൻസി നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു.

രാജീവ് ആവാസ് യോജന പദ്ധതി കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും കണ്ണൂർ മുനിസിപ്പാലിറ്റിയിലും നടപ്പിലാക്കി വരുന്നു.

## നഗരസഭകളും ചേരിവികസനവും

നഗരസഭകൾ നടപ്പിലാക്കുന്ന വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചേരി പരിഷ്കരണത്തിന് പ്രോജക്ടുകൾ നഗരസഭക്ക് തന്നെ ഡി.പി.സി. അംഗീകാരത്തോടെ നടപ്പിലാക്കാവുന്നതാണ്.

## KSUDP യും ചേരിപരിഷ്ക്കരണവും

### KSUDP (കേരള സുസ്ഥിര നഗരവികസന പദ്ധതി)

ദ്രുതഗതിയിലുള്ള നഗരവൽക്കരണ പ്രക്രിയ ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ നഗരസഭകളെ പ്രാപ്തമാക്കുന്നതിന് കേരള സർക്കാർ ഏഷ്യൻ വികസന ബാങ്ക് (ADB) ന്റെ വായ്പാ സഹായത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കേരള സുസ്ഥിര നഗരവികസന പദ്ധതി. കേരളത്തിൽ 5 കോർപ്പറേഷനുകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ JNNRUM മായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. KSUDP പ്രോജക്ടുകളിൽ ചേരിവികസനവുമായി ബന്ധപ്പെട്ട് പ്രധാനമായും രണ്ട് പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

**a CIF ( Community Infrastructure Fund)**

താഴ്ന്നവരുമാനക്കാർക്ക് അടിസ്ഥാന സൗകര്യവികസനവും ചേരി നിവാസികളായ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ട അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കുന്നതിന് കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ചർ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.

**b. PSF (Poverty Social Fund)**

PSF ഫണ്ടുപയോഗിച്ച് ചേരിപ്രദേശങ്ങളിലെ ജനങ്ങൾക്ക് പരമ്പരാഗത തൊഴിൽ മെച്ചപ്പെടുത്തുന്നതിനും വരുമാനദായകമായ തൊഴിൽ സംരംഭങ്ങൾ സ്വയംസഹായ സംഘങ്ങളിലൂടെ ആരംഭിക്കുന്നതിനും സംരഭകത്വം വളർത്തുന്നതിനും പദ്ധതികൾ ആവിഷ്കരിക്കാം.

ഉദാ. ഫിഷിംഗ്, മൺപാത്ര നിർമ്മാണം, കരകൗശല നിർമ്മാണം മുതലായവ. SJSRY യുടെ മാനദണ്ഡങ്ങളാണ് ഇവയ്ക്കും ബാധകം.

# 4

# പ്രാദേശിക സാമ്പത്തിക വികസനം

പ്രാദേശിക സാമ്പത്തിക വികസനത്തിന് ലോകത്തെമ്പാടും സ്വീകാര്യമായ ഒരു നിർവചനം നിലവിലില്ല. പൊതുവെ പറഞ്ഞാൽ ഇതൊരു പ്രക്രിയയാണ്. ഈ പ്രക്രിയയിൽ, സർക്കാർ, സ്വകാര്യമേഖല, ലാഭേച്ഛകൂടാതെ പ്രവർത്തിക്കുന്ന സർക്കാരിതര ഏജൻസികൾ, പ്രാദേശിക ജനസമൂഹം എന്നിവരെല്ലാം പ്രാദേശിക സാമ്പത്തിക വ്യവസ്ഥയെ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങളിൽ വ്യാപൃതരാവുന്നു.

ഒരു പ്രദേശത്തിന്റെ വിഭവങ്ങളേയും, ആവശ്യങ്ങളേയും, പ്രധാന വികസന വിടവുകളേയും, തിരിച്ചറിഞ്ഞ് പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ വിവിധ വികസന പങ്കാളികൾ കൂട്ടായി പ്രവർത്തിക്കുക വഴി തൊഴിലില്ലായ്മ പരിഹരിക്കുകയും, ഉയർന്ന ജീവിത നിലവാരം സാധ്യമാകുകയും അങ്ങിനെ സാമ്പത്തിക വളർച്ച ഉറപ്പാക്കുകയും ചെയ്യുന്നു. ലക്ഷ്യം കൈവരിക്കുന്നതിന് പ്രാദേശിക സാദ്ധ്യതകളിലൂന്നി പങ്കാളിത്തത്തോടെയും ആസൂത്രിതമായും ആയിരിക്കണം പ്രാദേശിക സാമ്പത്തിക വികസനം നടപ്പിലാക്കേണ്ടത്.

പൊതുവെ പറഞ്ഞാൽ പ്രാദേശിക വികസനം സാദ്ധ്യമാകണമെങ്കിൽ കൃത്യമായ തന്ത്രം അനിവാര്യമാണ്. ഈ തന്ത്രം ഓരോ പ്രദേശത്തിന്റേയും സാദ്ധ്യതകൾക്കും ലക്ഷ്യങ്ങൾക്കും അനുസരിച്ച് വ്യത്യസ്ഥമായിരിക്കും. ഉദാഹരണമായി കാർഷിക പ്രാധാന്യമായ ഒരു സമ്പദ് വ്യവസ്ഥയിൽ ഒരു പക്ഷെ മൂല്യവർദ്ധനയിൽ അധിഷ്ഠിതമായ തൊഴിലുകളിലും നിക്ഷേപങ്ങളിലും ആയിരിക്കും ഊന്നൽ കൊടുക്കുക. ധാരാളം പണവും, വിദ്യാസമ്പന്നരും, നിക്ഷേപ അവസരങ്ങളും ലഭ്യമായ നാഗരിക സമൂഹത്തിൽ ഒരു പക്ഷെ ധനപരമായ പ്രവർത്തനങ്ങൾക്കായിരിക്കും മുൻഗണന നൽകേണ്ടത്. തൊഴിലില്ലായ്മയും ദാരിദ്ര്യവും സാമ്പത്തിക വികസനത്തിന് മാന്ദ്യം സൃഷ്ടിക്കുന്ന ഘടകങ്ങൾ ആണ്. അതുകൊണ്ടുതന്നെ പ്രാദേശിക വികസനത്തിന് ഏറ്റവും അനിവാര്യമായത് തൊഴിലില്ലായ്മ പരിഹരിക്കുക എന്നതാണ്. ജനങ്ങൾക്ക് പ്രാദേശികമായി തന്നെ തൊഴിലവസരം ഉണ്ടാകുവാൻ സാധിക്കുകയാണെങ്കിൽ പ്രാദേശിക വ്യാപാരത്തിൽ അതിന്റെ പ്രതിഫലനം ഉണ്ടാക്കുവാൻ സാധിക്കും.

സംരംഭകത്വം, സമ്പന്ന കുടുംബങ്ങൾക്ക് മാത്രമാണ് എന്നുള്ള മനോഭാവത്തിൽ മാറ്റം വന്നു തുടങ്ങി. ടാറ്റക്കും ബിർലക്കും പകരം അംബാനിമാരും നാരായണമൂർത്തിയും വന്നു തുടങ്ങി. വീ-ഗാർഡ്, ഉജാല, കിറ്റെക്സ്, വി.കെ.സി എന്നിവ കേരളത്തിന്റെ സംഭാവനകൾ ആണ്.

സംരംഭകത്വ വികസനത്തിന് സംസ്ഥാനതലത്തിലും ദേശീയ തലത്തിലും വളരെയധികം പദ്ധതികൾ ഉണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായിട്ടുള്ള SJSRY, സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള PMEUP, KVIC യുടെ മാർജിൻ മണി എന്നിവ ദേശീയ തലത്തിലുള്ള പദ്ധതികളാണ്. സംസ്ഥാനതലത്തിൽ, സംരംഭകത്വമിഷൻ, വ്യവസായവകുപ്പ്, തൊഴിൽ വകുപ്പ് എന്നിവ സംരംഭകത്വ വികസനത്തിനുവേണ്ടി പ്രവർത്തിക്കുന്നുണ്ട്.

സംരംഭകത്വ വികസന പരിപാടികൾക്കായും വിവിധ സ്ഥാപനങ്ങൾ സംസ്ഥാന തലത്തിലും ദേശീയതലത്തിലും ഉണ്ട്. ഇത്രയെല്ലാം അനുകൂല ഘടകങ്ങൾ ഉണ്ടായിട്ടും കേരളം ഇന്നും സംരംഭകത്വ വികസനത്തിനും അതിലൂടെയുള്ള പ്രാദേശിക സാമ്പത്തിക വികസനത്തിനും വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നില്ല.

സംരംഭകത്വ വികസന പരിപാടിയുടെ വിജയത്തിന് ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം വരേണ്ടത് അനിവാര്യമാണ്. സബ്സിഡി കിട്ടുന്നതിലല്ല മറിച്ചു വരുമാനമാർഗ്ഗം ഉണ്ടാകുന്നതിനുവേണ്ടിയാണ് സംരംഭകത്വം തിരഞ്ഞെടുക്കേണ്ടത്. ഈ മനോഭാവത്തിന് പ്രാദേശിക തലത്തിൽ പരിശീലനങ്ങൾ വേണ്ടതാണ്. സംരംഭത്തെ അതിന്റെ ശരിയായ രീതിയിൽ നയിച്ച് വിജയിക്കാനുള്ള മാനസികാവസ്ഥ ജനങ്ങളിൽ ഉണ്ടാക്കണം.

സമൂഹത്തിനാവശ്യമായ തൊഴിലവസരം ഉണ്ടാക്കുക എന്നത് സർക്കാരിനും സർക്കാർ ഇതര സ്ഥാപനങ്ങൾക്കും വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. സ്വയം തൊഴിലിന് വരും തലമുറയെ പ്രേരിപ്പിക്കുക എന്നതാണ് പ്രാദേശിക സാമ്പത്തിക വികസനത്തിനായി ചെയ്യേണ്ട പ്രധാന കർത്തവ്യം.

ചെറിയ ചായക്കട മുതൽ വലിയ ബഹുരാഷ്ട്ര കമ്പനി വരെയുള്ളതിനെ സംരംഭത്തിന്റെ ഘടനയിൽ കൊണ്ടുവരാം. മുടക്കുമുതലിന്റെ അടിസ്ഥാനത്തിൽ സംരംഭങ്ങളെ സൂക്ഷ്മ, ചെറുകിട, ഇടത്തരം, വൻകിട എന്നിവയായി തരംതിരിച്ചിരിക്കുന്നു. സ്വാശ്രയ സംഘങ്ങളുടേയും, അയൽകൂട്ടത്തിന്റേയും ആവിർഭാവത്തോടുകൂടി Tiny enterprises, Small micro-enterprises എന്നീ വകഭേദങ്ങളും ഉടലെടുത്തു.

വ്യത്യസ്ത രീതികളിൽ നമുക്ക് സംരംഭങ്ങളിൽ ഏർപ്പെടുവാൻ സാധിക്കും അവ:

### വ്യക്തിഗത സംരംഭങ്ങൾ

തങ്ങളുടെ കഴിവിനനുസരിച്ച് വ്യക്തികൾ സംരംഭകത്വത്തിന്മേൽ ഏർപ്പെടുന്നു. നമ്മുടെ ചുറ്റുപാടിൽ നോക്കുകയാണെങ്കിൽ ഒട്ടനവധി സംരംഭങ്ങൾ നമുക്ക് കാണാം. ചിലപ്പോൾ അത് സ്വയംതൊഴിൽ ആകാം അല്ലെങ്കിൽ ഒന്നോ രണ്ടോ ജോലിക്കാരെ വെച്ചിട്ടാകാം ആ സംരംഭം നടത്തി കൊണ്ടുപോകുന്നത്. ഫുഡ് പ്രോസസിംഗ്, ലൈറ്റ് എഞ്ചിനീയറിംഗ്, ഫർണീച്ചർ, ടൂറിസം, ഐ ടി എന്നീ മേഖലകളിൽ ധാരാളം സംരംഭങ്ങൾ ഉണ്ട്.

## കരിംനഗറിലെ രേവമ്മയുടെ കഥ:

രേവമ്മ ഭിക്ഷ യാചിച്ചു നടന്നിരുന്ന ഒരു സ്ത്രീ ആയിരുന്നു. ചെറിയ രണ്ട് കുട്ടികളും ഉണ്ട്. അന്തിയുറങ്ങിയിരുന്നത് ഒരു സാനിറ്റേഷൻ പൈപ്പിന്റെ ഉള്ളിലായിരുന്നു. ഭിക്ഷ യാചിച്ചു കിട്ടുന്ന എട്ടോ പത്തോ രൂപകൊണ്ടാണ് ആ മൂന്നംഗ കുടുംബം ജീവിച്ചിരുന്നത്.

ആന്ധ്രപ്രദേശിലെ കരിംനഗറിൽ പ്രവർത്തിക്കുന്ന ഒരു സന്നദ്ധ സംഘടന ചെറിയ ഒരു വരുമാന മാർഗ്ഗത്തിൽ ഏർപ്പെടുവാൻ രേവമ്മയോട് ആവശ്യപ്പെട്ടു. അതിന് 500 രൂപ വായ്പ കൊടുക്കാനും അവർ തയ്യാറായി. എന്നാൽ സ്വന്തം വിധിയെ പഴിച്ച് ആ വായ്പ വാങ്ങാൻ അവർ തയ്യാറായില്ല. അഞ്ചാറുമാസത്തെ പ്രേരണകൊണ്ട് ആ സന്നദ്ധ സംഘടനക്ക് രേവമ്മക്ക് 500 രൂപ വായ്പ കൊടുക്കുവാൻ സാധിച്ചു.

500 രൂപകൊണ്ട് രേവമ്മ വള, മാല, കൺമഷി തുടങ്ങി സ്ത്രീകൾക്കാവശ്യമായ വസ്തുക്കൾകൊണ്ടു നടന്ന് വിൽക്കുവാൻ തുടങ്ങി. തുടക്കത്തിൽ ഒരു ദിവസം നാലോ അഞ്ചോ രൂപയാണ് അവർക്ക് ലാഭം കിട്ടിയിരുന്നത്. പക്ഷെ ആത്മധൈര്യം വെടിയാതെ അവർ ആ കച്ചവടത്തിൽ ഉറച്ചു നിന്നു. നാലഞ്ച് രൂപയിൽ നിന്ന് ആറുമാസത്തിനുള്ളിൽ അവർക്ക് പത്ത് പന്ത്രണ്ട് രൂപ കിട്ടി തുടങ്ങി. 500 രൂപ കടം വീട്ടി കൂടുതൽ വായ്പ എടുത്ത് കച്ചവടത്തെ വിപുലീകരിച്ചു. ചെറിയ കുട്ടയിൽ നിന്ന് ഉന്തുവണ്ടിയിലേക്ക് - അവിടെ നിന്ന് സ്വന്തമായൊരു കടയിലേക്ക്. പൈപ്പിനുള്ളിലെ താമസം വെടിഞ്ഞ് വാടകവീട്ടിലേക്ക് - അവിടെ നിന്ന് സ്വന്തം വീട്ടിലേക്കും. ചെറുതായി തുടങ്ങിയ കച്ചവടം നല്ലൊരു വരുമാന മാർഗ്ഗമായി.

അധികം റിസ്ക് എടുക്കാതെ സ്ഥിരം വരുമാനത്തിന് വഴിതെളിയിക്കുന്നതാണ് ചെറുകിട സൂക്ഷ്മസംരംഭങ്ങൾ. ലഭ്യമായ വിഭവങ്ങളെ പ്രയോജനപ്പെടുത്തി ജനങ്ങൾക്ക് വരുമാനമാർഗ്ഗം ഉണ്ടാക്കുവാൻ സാധിക്കുന്ന ഒരു ഉപാധിയാണിത്. സർക്കാരുകളുടെ പല പദ്ധതികളും ഇതിനെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. തടസ്സം നിൽക്കുന്നത് ജനങ്ങളുടെ മനോഭാവം ആണ്. അതുകൊണ്ടുതന്നെ ചെറുകിട സൂക്ഷ്മസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുമ്പോൾ ആദ്യം ചെയ്യേണ്ടത് തുടങ്ങുന്നവരിൽ ഒരു സംരംഭകത്വ മനോഭാവം ഉണ്ടാക്കി എടുക്കുകയാണ്.

എന്നാൽ ഇന്ന് സൂക്ഷ്മ സംരംഭ വികാസം ആദ്യം ചെയ്യുന്നത് ഏതെങ്കിലും ഒരു സാങ്കേതിക വിദ്യ പഠിപ്പിയ്ക്കുകയാണ്. അതിനുശേഷം സബ്സിഡിയും ബാങ്ക് ലോണും കൊടുത്ത് അവരോട് ബിസിനസ്സ് ചെയ്യുവാൻ പറയുന്നു. ഉദാഹരണമായ് സോപ്പുപൊടി ഉണ്ടാക്കുവാനുള്ള സാങ്കേതിക പരിശീലനം കൊടുക്കുന്നു. സബ്സിഡിയും ലോണും ശരിയാക്കി അവരോട് ബിസിനസ്സ് ചെയ്യുവാൻ പറയുന്നു. അവർക്ക് ആകെ അറിയുന്നത് സോപ്പുപൊടി ഉണ്ടാക്കുവാൻ മാത്രമാണ്. അല്ലാതെ ബിസിനസ്സ് ചെയ്യുവാൻ അല്ല. അതുപോലെത്തന്നെ മാനസികമായി അവർ ബിസിനസ്സ് ചെയ്യുവാൻ തയ്യാറെടുക്കുന്നില്ല. അനന്തരഫലമോ ബിസിനസ്സിലുള്ള പരാജയം.

## ഗ്രൂപ്പ് സംരംഭങ്ങളും/ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളും:

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി സൂഷ്മ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് അധികവും ഗ്രൂപ്പ് സംരംഭങ്ങളിലൂടെ ആണ്. അഞ്ചോ പത്തോ ആളുകൾ ഒരുമിച്ച് നടത്തുന്ന സംരംഭത്തെ ആണ് ഗ്രൂപ്പ് സംരംഭങ്ങൾ എന്ന് പറയുന്നത്. ഒറ്റക്ക് ചെയ്യുന്നതിനേക്കാൾ ഒരു ധൈര്യം കൂട്ടായി ചെയ്യുമ്പോൾ ഉണ്ടാകും.

സൂക്ഷ്മസംരംഭങ്ങളുടെ സുസ്ഥിരമായ വളർച്ചക്ക് സംരംഭകർക്ക് മാനസികവും ബിസിനസ്സുപരവുമായ സഹായം വളരെ ആവശ്യമാണ്. എന്നാൽ ഇന്ന് തുടങ്ങുവാൻ മാത്രമെ സഹായം കൊടുക്കുകയുള്ളു. സംരംഭകത്വ വികസനത്തിന് വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് പ്രാദേശിക ഭരണകൂടം രൂപപ്പെടുത്തി എടുക്കേണ്ടതാണ്.

# 5

# സാമൂഹ്യക്ഷേമപ്രവർത്തനവും സാമൂഹ്യ ക്ഷേമപെൻഷനുകളും

ഒരു രാജ്യത്തിന്റെ ഏറ്റവും വലിയസമ്പത്താണ് മനുഷ്യവിഭവം. അത് കൊണ്ട് തന്നെ മാനവശേഷി വികസനം രാഷ്ട്രപുരോഗതിയുടെ അടിത്തറയാണ്. ഭൗതിക സാഹചര്യങ്ങളുടെ പുരോഗതി മാത്രമല്ല വികസനം. വിവിധ മേഖലകളിൽ നാം ഉദ്ദേശിച്ച നേട്ടം കൈവരിച്ചാലും ഇത് അനുഭവിക്കേണ്ട ജനങ്ങൾ മാനസികവും സാമൂഹികവും ശാരീരികവുമായ വളർച്ച നേടിയിട്ടില്ലെങ്കിൽ നമ്മുടെ പരോഗതി വൃഥാവിലാകുന്നു.

വ്യക്തികളുടെ സമഗ്ര വികസനത്തിലൂടെയാണ് ഒരു രാഷ്ട്രത്തിന് സാമൂഹിക സാമ്പത്തിക പുരോഗതി കൈവരിക്കാനാവുക. ഒരു വ്യക്തിയുടെ വളർച്ചയ്ക്കും വികസനത്തിനുമുള്ള അടിത്തറ പാകുന്നത് ശൈശവദിശയിലാണ്. കുട്ടിയുടെ ജനനത്തിന് മുമ്പും ശേഷവും വളർച്ചയ്ക്കും വികാസത്തിനും അനുയോജ്യമായ സാഹചര്യങ്ങൾ ഒരുക്കുക/സേവന പരിപാടികൾ ലഭ്യമാക്കുക എന്നത് സാമൂഹിക വികസനത്തിന്റെ അടിസ്ഥാനഘടകങ്ങളിൽ ഒന്നാണ്. മാതൃ-ശിശുക്ഷേമ പരിപാടികളിലൂടെ ശിശുമരണം, രോഗാതുരത, അംഗവൈകല്ല്യം, പോഷണകുറവ്, വിദ്യാഭ്യാസത്തിന്റെ പിന്നോക്കനില, മാനസിക വികസന കുറവ് എന്നിവ മൂലമുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനും വ്യക്തികളുടെ സമഗ്ര വികസനത്തിലൂടെ സാമൂഹിക-സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനും കഴിയുന്നു.

73,74 ഭരണഘടനാ ഭേദഗതി അനുസരിച്ച് മാതൃ-ശിശു വികസന പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ വിഷയമാണ്. ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് അറിയാവുന്നത് പ്രാദേശിക സർക്കാറുകൾക്കാണ്. ആ നിലയ്ക്ക് സാമൂഹ്യക്ഷേമം ഉറപ്പുവരുത്തുന്നതിനുതകുന്ന കർമ്മപരിപാടികൾക്ക് രൂപം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. സാമൂഹ്യക്ഷേമ പരിപാടികൾക്ക് നേതൃത്വം കൊടുക്കേണ്ടത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്.

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ ഒന്നാം പട്ടികയിൽ നഗരസഭയുടെ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും വിവരിച്ചിട്ടുണ്ട് (സെക്ഷൻ 30). ഇതിൽ നഗരസഭയുടെ അനിവാര്യ ചുമതലകൾ, പൊതുവായ ചുമതലകൾ, മേഖലാ ചുമതലകൾ എന്നിവ പട്ടികപ്പെടുത്തിയിട്ടുണ്ട്.

മേഖലാ ചുമതലകളിൽ സാമൂഹ്യക്ഷേമം (ക്രമനമ്പർ 13) എന്ന ശീർഷകത്തിൽ താഴെ പറയുന്ന സംഗതികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

1. അങ്കണവാടി നടത്തുക
2. അഗതികൾക്കും വിധവകൾക്കും വികലാംഗർക്കും കർഷകത്തൊഴിലാളികൾക്കും പെൻഷൻ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക
3. തൊഴിലില്ലായ്മ വേതനം അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക
4. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുക
5. ദരിദ്ര വിഭാഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി നടപ്പാക്കുക
6. അനാഥാലയങ്ങൾക്ക് ഗ്രാന്റുകൾ നൽകുക
7. അംഗഭംഗം വന്നവർ, അഗതികൾ മുതലായവർക്ക് ക്ഷേമത്തിനായി സ്ഥാപനങ്ങൾ തുടങ്ങുക.

മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 22 പ്രകാരം മേൽ പറഞ്ഞ ചുമതലകൾ നഗരസഭയിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

## മാതൃ-ശിശു വികസനം

പ്രാദേശികാസൂത്രണ പ്രക്രിയയിലൂടെ മാതൃ-ശിശു വികസന മേഖലയിൽ ഫലപ്രദമായി ഇടപെടാൻ ഒരു പരിധി വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ക്ഷേമ പരിപാടി എന്നതിലുപരി വികസന പരിപാടിയെന്നുള്ള സമീപന മാറ്റമാണ് ശ്രദ്ധേയമാകുന്നത്. ശിശു വികസന പരിപാടികൾ മാനവശേഷി വികസനത്തിനുള്ള മഹത്തായ നിക്ഷേപമായിട്ടാണ് കരുതപ്പെടുന്നത്. മാതൃ-ശിശു വികസനത്തിനുള്ള സമഗ്രമായ ഒരു പദ്ധതിയാണ് സംയോജിത ശിശു വികസന പദ്ധതി (ICDS)

## സംയോജിത ശിശു വികസന പദ്ധതി

ജനനത്തിനു മുൻപും പിൻപും വളർച്ചയുടെ എല്ലാ ഘട്ടത്തിലും കുട്ടികൾക്കാവശ്യമായ സേവനങ്ങൾ ഉറപ്പാക്കികൊണ്ട് മുഴുവൻ കുട്ടികൾക്കും സമഗ്ര വികസനത്തിന് അനുയോജ്യമായ പരമാവധി സൗകര്യങ്ങൾ ഉറപ്പാക്കുക എന്ന ദേശീയ നയത്തിന്റെ ഭാഗമായി അഞ്ചാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആവിഷ്ക്കരിച്ച പദ്ധതിയാണ് സംയാജിത ശിശു വികസന പദ്ധതി (Integrated Child Development Scheme) സമഗ്ര മാതൃ-ശിശു വികസനത്തിനുള്ള ഈ കേന്ദ്രാവിഷ്കൃത പദ്ധതി ഇന്നു ലോകത്തിലെ തന്നെ ഏറ്റവും വലിയ ഗ്രാമതല വ്യാപന പരിപാടിയായി (out reach programme) മാറിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഗ്രാമതല/നഗരതല നിർവ്വഹണ യൂണിറ്റാണ് അങ്കണവാടികൾ.

### ഐ.സി.ഡി.എസ്.പദ്ധതി -ലക്ഷ്യങ്ങൾ

1. 6 വയസ്സു വരെയുള്ള കുട്ടികളുടെ പോഷണാരോഗ്യ നിലവാരം മെച്ചപ്പെടുത്തുക
2. ശിശുവിന്റെ ശാരീരിക മാനസിക സാമൂഹിക വികസനത്തിന് അടിത്തറ പാകുക

3. ശിശുമരണം, രോഗാതുരത, പോഷണകുറവ്, സ്കൂളിൽ നിന്നുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് എന്നിവയുടെ തോത് കുറയ്ക്കുക
4. ശിശു വികസനത്തിനു അനുയോജ്യമായ വിധത്തിൽ വിവിധ വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുക
5. ശിശുക്കളുടെ ശരിയായ ആരോഗ്യവും പോഷണാവശ്യകതയും ശ്രദ്ധിക്കുവാൻ തക്ക വണ്ണം അമ്മമാരുടെ കഴിവ് വർദ്ധിപ്പിക്കുക.

**ഐ.സി.ഡി.എസ്. ഗുണഭോക്താക്കൾ**

1. 6 വയസ്സിനു താഴെയുള്ള കുട്ടികൾ
2. ഗർഭിണികൾ
3. മുലയൂട്ടുന്ന അമ്മമാർ
4. കൗമാരക്കാരായ പെൺകുട്ടികൾ
5. 15 നും 45 നും മദ്ധ്യേ പ്രായമുള്ള സ്ത്രീകൾ

**സേവനങ്ങൾ/പദ്ധതികൾ**

1. അനുപൂരക പോഷകാഹാരം
2. ആരോഗ്യ പരിശോധന
3. പരാമർശ സേവനം (Referal service)
4. രോഗപ്രതിരോധ കുത്തിവെയ്പ്പും ചികിത്സയും
5. ആരോഗ്യപോഷണ വിദ്യാഭ്യാസം
6. അനൗപചാരിക പ്രീ-സ്കൂൾ വിദ്യാഭ്യാസം
7. കുമാരിമാർക്കുള്ള ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ
8. സ്ത്രീകളുടെ ഉന്നമനത്തിനുള്ള പരിപാടികൾ

## ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല

വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ചു കൊണ്ട് കുറ്റമറ്റ രീതിയിൽ സമഗ്ര മാതൃ-ശിശു വികസനം സാദ്ധ്യമാക്കുന്ന പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിനായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിനെ സജ്ജമാക്കുക എന്ന ചുമതലയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

സംയോജിത ശിശു വികസന പദ്ധതിക്ക് ആവശ്യമായ തുക വികസനഫണ്ട് നിർബന്ധമായും വകയിരുത്തേണ്ടതാണ്.

**പുതിയ സമീപനം**

മാതൃ-ശിശു വികസന കാര്യത്തിൽ പുതിയ സമീപനം കൈകൊള്ളണം. കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വീടുകളിൽ നിന്നും ലഭിക്കുന്ന ആഹാരത്തിലെ പോഷണക്കുറവ് പരിഹരിക്കുന്നതിനാണ് അങ്കണവാടികളുടെ അനുപൂരക പോഷകാഹാര പരിപാടി നടപ്പിലാക്കി വരുന്നത്. ഈ പരിപാടി കൂടുതൽ ആകർഷകമാക്കണം.

കുട്ടികളുടെയും അമ്മമാരുടെയും ഗർഭിണികളുടെയും കൗമാരക്കാരായ പെൺകുട്ടികളുടെയും പ്രാഥമിക ആരോഗ്യപരിപാലന പരിപാടികളും വളരെയധികം പ്രാധാന്യം അർഹിക്കുന്നു. ആരോഗ്യ-പോഷകാഹാര വിദ്യാഭ്യാസവും പലപ്രദമാക്കേണ്ടതുണ്ട്. ഇതിനായി മാസം തോറും അങ്കണവാടികൾ കേന്ദ്രീകരിച്ച് നടക്കുന്ന അമ്മമാരുടെ യോഗത്തിലേക്ക് വർദ്ധിച്ച പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പ്രാദേശിക ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്.

കുട്ടികളുടെ മാനസികവും ശാരീരികവും വൈകാരികവുമായ വികസനവും സാമൂഹ്യവത്ക്കരണവുമാണ് അനൗപചാരിക പ്രീ-സ്കൂൾ കൊണ്ട് ലക്ഷ്യമിടുന്നത്. എന്നാൽ ഇന്നു നാം ലക്ഷ്യത്തിൽ നിന്നും വളരെ അകലെയാണ്. വീടിനെയും വിദ്യാലയത്തെയും ബന്ധിപ്പിക്കുന്ന കണ്ണിയായി ഇത്തരം സ്ഥാപനങ്ങൾ മാറേണ്ടതുണ്ട്. രക്ഷിതാക്കളുടെയും അദ്ധ്യാപകരുടെയും സമൂഹത്തിന്റെയും സംയുക്ത പ്രവർത്തനം ഈ കാര്യത്തിൽ ഉണ്ടാകണം.

മേൽ പറഞ്ഞ കാര്യങ്ങൾ സാദ്ധ്യമാകണമെങ്കിൽ അങ്കണവാടികളുടെ ഭൗതിക സാഹചര്യം ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. ആവശ്യമായ ഭൂമി, അനുയോജ്യമായ കെട്ടിടം, കുടിവെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം എന്നിവ ഉറപ്പു വരുത്തണം. അതോടൊപ്പം ഒരു പ്രദേശത്തെ സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക വികസനത്തിൽ നിർണ്ണായക പങ്കു വഹിക്കുന്ന കേന്ദ്രങ്ങളായി അങ്കണവാടികളെ മാറ്റാൻ കഴിയണം. സ്ത്രീകൾക്ക് ഒത്തു ചേരാനുള്ള ഒരിടമായി അങ്കണവാടികൾ മാറേണ്ടതുണ്ട്. ക്ലാസ്സുകൾ, ചർച്ചകൾ, തൊഴിൽ പരിശീലനങ്ങൾ എന്നിവ സംഘടിപ്പിക്കുക വഴി സ്ത്രീകളുടെ നേതൃത്വ ശേഷി വർദ്ധിപ്പിക്കാൻ കഴിയുന്നതുമാണ്. ഒരു നഗരസഭയിൽ ഒരങ്കണവാടിയെങ്കിലും സ്ത്രീകൾക്കായുള്ള കമ്മ്യൂണിറ്റി സെന്ററും കുട്ടികളുടെ പാർക്കും വായനശാലയും ഒക്കെ ചേർന്ന ഒരു സാംസ്ക്കാരിക സ്ഥാപനമായി മാറ്റാനുള്ള ശ്രമം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭാഗത്തു നിന്നും ഉണ്ടാകണം.

## വർക്കിംഗ് ഗ്രൂപ്പുകൾ

കൗൺസിലുകളുടെ പൊതുവായ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടത്. എന്നാൽ മുനിസിപ്പാലിറ്റികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടുള്ള വിഷയ ചുമതലകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലുമായിരിക്കണം ഓരോ വർക്കിംഗ് ഗ്രൂപ്പുകളും പ്രവർത്തിക്കേണ്ടതെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

ഇത് പ്രകാരം നിർബന്ധമായും രൂപീകരിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകളിൽ 5 വർക്കിംഗ് ഗ്രൂപ്പുകളാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്നത്.

(1) ദാരിദ്ര്യലഘൂകരണം (2) സാമൂഹ്യക്ഷേമം (3) പട്ടികജാതി വികസനം (4) പട്ടിക വർഗ്ഗ വികസനം (5) സ്ത്രീകളുടെയും കുട്ടികളുടെയും വികസനം. ഇതിൽ സാമൂഹ്യക്ഷേമം എന്ന വിഷയവുമായി ബന്ധപ്പെട്ട് രണ്ട് വർക്കിംഗ് ഗ്രൂപ്പുകളാണ് ഉള്ളത്. (1) സാമൂഹ്യ ക്ഷേമ വർക്കിംഗ് ഗ്രൂപ്പ് (വൃദ്ധർ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടെ). (2) സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനുള്ള വർക്കിംഗ് ഗ്രൂപ്പ്.

## സാമൂഹ്യസുരക്ഷാ പെൻഷനുകളും ധനസഹായവും

വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, തൊഴിൽരഹിത വേതനം, സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം എന്നിവയാണ് നഗരസഭകൾ വഴി നൽകുന്ന വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകളും ധനസഹായവും.

## പൊതുവായ വ്യവസ്ഥകൾ

1. എല്ലാ സാമൂഹ്യസുരക്ഷാ പരിപാടികളുടെയും നിർവ്വഹണ ഉദ്യോഗസ്ഥൻ നഗരസഭാ സെക്രട്ടറിയാണ്. (ദേശീയ മാതൃസഹായ പദ്ധതി ഒഴികെ)
2. എല്ലാ സുരക്ഷാ പെൻഷനുകൾക്കും നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷിക്കണം. (രണ്ട് കോപ്പി)
3. സാമൂഹ്യസുരക്ഷാ പരിപാടികൾക്ക് ലഭിക്കുന്ന ഫണ്ട് ബി കാറ്റഗറി ഫണ്ടാണ്.
4. തുക പിൻവലിക്കുന്നതിലും വിതരണം ചെയ്യുന്നതിലും 12.04.2006 ലെ (പി) 177/06/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കണം.
5. ബന്ധപ്പെട്ട അധികാരികളിൽ നിന്ന് അലോട്ട്മെന്റ് ലഭിക്കുന്നതിനനുസരിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് നഗരസഭ ധനസഹായം വിതരണം ചെയ്യുന്നു.
6. സാമൂഹ്യസുരക്ഷാ പെൻഷൻ മണിയോർഡറായി (മണിയോർഡർ കമ്മീഷൻ കഴിക്കാതെ) പെൻഷണർക്ക് അയച്ചു കൊടുക്കുന്ന നിലവിലുള്ള രീതിക്ക് മാറ്റം വരുന്നു. അർഹമായ കേസുകളിൽ ഒഴികെ പെൻഷൻ തുക ഗുണഭോക്താവിന്റെ പോസ്റ്റോഫീസ്/ബാങ്ക്/ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന രീതി 1.1.2013 മുതൽ പ്രാബല്യത്തിൽ വന്നു. (G.O.(Rt)2738/2012/LSGD. dtd.29/9/2012)
7. ഒരാൾക്ക് ഒന്നിൽ കൂടുതൽ പെൻഷൻ ലഭിക്കുന്നില്ലെന്ന് നഗരസഭ ഉറപ്പു വരുത്തേണ്ടതാണ്.
8. സാമൂഹ്യസുരക്ഷാ പെൻഷന് അപേക്ഷിച്ച് 10 ദിവസത്തിനകം അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ലഭ്യമാക്കുകയും പരമാവധി 40 ദിവസത്തിനകം നഗരസഭ അപേക്ഷ തീർപ്പാക്കുകയും വേണം. (G.O(p)105/2002 LSGD.dtd 25/6/2002). ഓരോ പെൻഷനും സംബന്ധിച്ച വിശദവിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

## 1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (IGNOAP)

കേന്ദ്ര സർക്കാറിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഒരു ദേശീയ സുരക്ഷാ പദ്ധതി.

| | |
|---|---|
| പെൻഷൻ തുക | പ്രതിമാസം 400/-രൂപ. 80 വയസ്സിനു മുകളിലുള്ളവർക്ക് 900 രൂപ വീതവും |
| അർഹത | 65 വയസ്സ് കഴിഞ്ഞ ബിപിഎൽ വിഭാഗത്തിൽപ്പെടുന്നവർ. 3 വർഷമായി കേരളത്തിൽ താമസിക്കുന്നവരായിരിക്കണം. |
| അർഹരല്ലാത്തവർ | സർക്കാർ അനാഥാലയങ്ങളിലെ അന്തേവാസികൾ,യാചകവൃത്തി തൊഴിലാക്കിയവർ, മറ്റു സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ വാങ്ങുന്നവർ. |
| അന്വേഷണ ചുമതല | സെക്രട്ടറി നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ (ഭൂരിപക്ഷം നഗരസഭകളിലും റവന്യൂ ഇൻസ്പെക്ടർമാർ) |
| ഫണ്ട് അനുവദിക്കുന്നത് | ജില്ലാ കളക്ടർ |
| ഫണ്ട് അനുവദിക്കുന്നത് | ജില്ലാ കളക്ടർ |
| സാങ്ഷനിംഗ് അധികാരി | നഗരസഭാ കൗൺസിൽ |
| അപ്പീൽ അധികാരി | ജില്ലാ കളക്ടർ (നിരസിച്ച വിവരം ലഭിച്ച് 30 ദിവസത്തിനകം) |

## 2. തൊഴിൽരഹിത വേതനം

| | | |
|---|---|---|
| 1 | തുക | 120 രൂപ (പ്രതിമാസം) |
| 2 | വാർഷിക കുടുംബവരുമാന പരിധി | 12000 രൂപ (മാതാപിതാക്കൾ, അവിവാഹിതരായ സഹോദരങ്ങൾ കൂടെ താമസിക്കുന്നവർ എന്നിവരുടേതുൾപ്പെടെ) |
| 3 | വയസ്സ് | 18 മുതൽ 35 വരെ |
| 4 | അപേക്ഷിക്കാൻ വേണ്ട യോഗ്യതകൾ | 1) എസ്.എസ്.എൽ.സി. പാസ്സായ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 3 വർഷം പൂർത്തിയാക്കിയവർ<br>2) പട്ടികജാതി/വർഗ്ഗക്കാരാണെങ്കിൽ എസ്.എസ്.എൽ.സി. പരീക്ഷക്ക് ഹാജരായാൽ മതിയാകും. (നിശ്ചിത വയസ്സ് കഴിഞ്ഞ് എസ്.എസ്.എൽ. സി. പരീക്ഷ മാത്രം പ്രൈവറ്റായി എഴുതി തോറ്റവർക്ക് ബാധകമല്ല)<br>3) 6 മാസത്തെ കമ്പ്യൂട്ടർ പഠനം ഉൾപ്പെടെയുള്ള ഹ്രസ്വകാല കോഴ്സുകൾ ഷോർട്ട്ഹാന്റ്/ടൈപ്പ്റൈറ്റിംഗ്, കെ.ജി.റ്റി.ഇ./കെ.ജി.സി.ഇ. കോഴ്സുകൾ എന്നിവ ചെയ്യുന്നവരെയും, എസ്.സി./എസ്.ടി.ക്കായി ഹരിജന ക്ഷേമവകുപ്പ് സ്റ്റൈപ്പന്റ് നൽകി നടത്തുന്ന 2–3 മാസദൈർഘ്യമുള്ള കോഴ്സുകളിൽ പഠിക്കുന്നവരെയും വിദ്യാർത്ഥി എന്ന നിർവ്വചനത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സർക്കാർ അംഗീകാരമില്ലാത്ത കോഴ്സുകൾക്കിത് ബാധകമല്ല.<br>4) അംഗവൈകല്യമുള്ളവരെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് 18 വയസ്സിനുശേഷം തുടർച്ചയായി 2 വർഷത്തെ സീനിയോറിറ്റി മതി. എസ്.എസ്.എൽ.സി. പരീക്ഷക്ക് ഹാജരായാൽ മതി.<br>5) താമസം മാറ്റിയാൽ പുതിയ പഞ്ചായത്തിൽ അപേക്ഷ നൽകണം. തീർപ്പാകും വരെ വേതനം പഴയ സ്ഥലത്തുനിന്ന് (ഉത്തരവിൻ ക്രമ നമ്പർ 11 ബി കാണുക). |
| 5 | അർഹതയില്ലാത്തവർ | 1) സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ ഔപചാരിക വിദ്യാഭ്യാസം നടത്തുന്നവർ<br>2) പെൻഷൻ, സർക്കാർധനഹായം, പാരിതോഷികം, സ്റ്റൈപ്പന്റ്, അലവൻസ്, എക്സ്ഗ്രേഷ്യ തുടങ്ങി പ്രതിമാസം 100 രൂപയിൽ കൂടുതൽ വരുമാനമുള്ളവർ<br>3) പ്രതിമാസം 100 രൂപയിൽ കൂടുതൽ വരുമാനമുള്ള തൊഴിൽ ലഭിക്കുന്നവർ<br>4) രജി: യഥാസമയം പുതുക്കാതിരുന്നാൽ<br>5) രജി: റദ്ദാക്കിയാൽ<br>6) രജിസ്ട്രേഷൻ യഥാസമയം പുതുക്കാതെ സർക്കാരിന്റെയോ എംപ്ലോയ്മെന്റ് ഡയറക്ടറുടെയോ പ്രത്യേകം ഉത്തരവ് മുഖേന പുതുക്കിയാൽ<br>7) തുടർച്ചയായി രണ്ടു തവണ വേതനം കൈപ്പറ്റാതിരുന്നാൽ |

| | | |
|---|---|---|
| 6 | അപേക്ഷ സമർപ്പിക്കേണ്ട വിധം | നിശ്ചിത ഫോറത്തിൽ (2 കോപ്പി) സെക്രട്ടറിക്ക്. |
| 7 | അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ | 1) വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് (ത.ഭ. സ്ഥാപനത്തിന് യുക്തമായ തീരുമാനമെടുക്കാം)<br>2) വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്<br>3) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ് |
| 8 | അപേക്ഷ പരിശോധനയും അംഗീകാരവും | 1) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പരിശോധനയിൽ അർഹതയില്ലെന്ന് കണ്ടെത്തിയാൽ ആ വിവരം ത.ഭ. സ്ഥാപനത്തെ അറിയിക്കണം<br>2) വേതനം ലഭിക്കുന്നവരുടെയും നിരസിക്കുന്നവരുടെയും ലിസ്റ്റ് ഗ്രാമസഭയിൽ/വാർഡ്സഭയിൽ/വാർഡ് കമ്മിറ്റിയിൽ വായിക്കണം. പൊതുവായി പ്രസിദ്ധപ്പെടുത്തണം. ലിസ്റ്റിന്റെ കോപ്പി എംപ്ലോയ്മെന്റ് ഓഫീസർക്ക് നൽകണം.<br>3) ലഭിച്ച/അനുവദിച്ച/നിരസിച്ച അപേക്ഷകരുടെ വിവരത്തിന് രജിസ്റ്റർ (ഫോറം-4) സൂക്ഷിക്കണം<br>4) അക്വിറ്റൻസ് രജിസ്റ്റർ (ഫോറം-6) സൂക്ഷിക്കണം<br>5) അന്വേഷണ ചുമതല സെക്രട്ടറിക്ക്<br>6) ഫണ്ട് അനുവദിക്കുന്നത് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ |
| 9 | വിതരണം | പണമായി നൽകുന്നു |
| 10 | അപ്പീൽ | ത.ഭ. സ്ഥാപനങ്ങളുടെ തീരുമാനം ലഭിച്ച് 60 ദിവസത്തിനകം അപ്പീൽ ജില്ലാ കളക്ടർക്ക് നൽകാം. ലഭിച്ച അപ്പീൽ/റിവിഷൻ 45 ദിവസത്തിനകം തീർപ്പാക്കണം. |
| 11 | ഉത്തരവുകൾ/ഭേദഗതികൾ | എ) ജി.ഒ.(പി) 23/98/തൊ.വ./28.5.1998 (ചട്ടങ്ങൾ)<br>ബി) ജി.ഒ.(പി) 1764/05/തൊ.വ./28.6.05 (ചട്ടങ്ങൾ)<br>സി) ജി.ഒ.(പി) 68/07/തൊ.വ./5.6.07 (അപ്പീൽ നടപടിക്രമങ്ങൾ) |

**പരിശോധിക്കേണ്ട രേഖകൾ**

1 അപേക്ഷാ ഫോറം
2 വേതനത്തിന് അർഹതയുള്ളവരുടെ പട്ടിക
3 നിരസിച്ച അപേക്ഷകരുടെ പട്ടിക
4 ലഭിച്ച/അനുവദിച്ച/നിരസിച്ച അപേക്ഷകരുടെ രജിസ്റ്റർ
5 അപ്പലേറ്റ് അതോറിറ്റി സൂക്ഷിക്കേണ്ട രജിസ്റ്ററിന്റെ മാതൃക
6 അക്വിറ്റൻസ് രജിസ്റ്റർ
7 വേതനവിതരണ കാർഡ്
8 കൈപ്പറ്റ് രസീത്, ജോലി ഇല്ല എന്ന സമ്മതപത്രം

## 3. കർഷകത്തൊഴിലാളി പെൻഷൻ

| | | |
|---|---|---|
| 1 | തുക | 400 രൂപ (പ്രതിമാസം) |
| 2 | വാർഷിക കുടുംബവരുമാന പരിധി | 11000 രൂപ (അപേക്ഷിക്കുന്നയാളുടെ ഭാര്യ/ഭർത്താവ്, പ്രായപൂർത്തിയായ വരും അവിവാഹിതരുമായ ആൺമക്കൾ എന്നിവരുടെ വരുമാനം കൂടി കണക്കാക്കണം) |
| 3 | വയസ്സ് | 60 |
| 4 | അപേക്ഷിക്കാൻ വേണ്ട യോഗ്യതകൾ | 1) 10 വർഷമായി ഭൂവുടമകളുടെ കൃഷിഭൂമികളിൽ കൂലി വാങ്ങി കർഷക വൃത്തി ചെയ്യുന്നവരും പ്രധാനമായും ആ കൂലിയെ ആശ്രയിച്ചു ജീവിക്കുന്നവരുമായ കർഷകത്തൊഴിലാളിയായിരിക്കണം<br>2) തുടർച്ചയായി 10 വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമുള്ളവരാകണം<br>3) 1974-ലെ കർഷകത്തൊഴിലാളി ക്ഷേമനിധി അംഗമായിരിക്കണം (01.01.2002 മുതൽ)<br>4) വാർദ്ധക്യവും/ശാരീരിക ദൗർബല്യവും മൂലം ജോലിചെയ്യാൻ കഴിയാത്ത കർഷക തൊഴിലാളിക്കും മറ്റെല്ലാവിധത്തിലും യോഗ്യതയുണ്ടെങ്കിൽ പെൻഷന് അർഹതയുണ്ട്. |
| 5 | അർഹതയില്ലാത്തവർ | 1) 1951-ലെ തോട്ടം തൊഴിലാളി നിയമത്തിന്റെ പരിധിയിൽ വരുന്ന തൊഴിലാളിക്ക് ഈ പദ്ധതി ബാധകമല്ല<br>2) അപേക്ഷകൻ വൃദ്ധർക്കോ/രോഗാതുരർക്കോ വേണ്ടി നടത്തുന്ന സ്ഥാപനത്തിന്റെ സംരക്ഷണത്തിൽ കഴിയുന്നയാളാവരുത്.<br>3) കേന്ദ്ര/സംസ്ഥാന സർക്കാരിൽ നിന്നോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ധനസഹായം കൈപ്പറ്റുന്നവരാകരുത് (ക്ഷയം/കുഷ്ഠം/കാൻസർ രോഗിക്കുള്ള ധനസഹായം ഒഴികെ)<br>4) പെൻഷനർ മരിച്ചാലോ 2 മാസത്തിൽ കൂടുതൽ തുക കൈപ്പറ്റാതിരുന്നാലോ നിർത്തലാക്കും. |
| 6 | അപേക്ഷ സമർപ്പിക്കേണ്ട വിധം | നിശ്ചിത ഫോറത്തിൽ (2 കോപ്പി) സെക്രട്ടറിക്ക് (ഫോറം നമ്പർ-2) |
| 7 | അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ | 1) വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് (മറ്റ് രേഖകളും അനുവദനീയം)<br>2) വയസ്സ് തെളിയിക്കാൻ പള്ളി റെക്കോർഡ്/സ്കൂൾ റെക്കോർഡ്/ജനന മരണ രജിസ്റ്റർ/തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡ് എന്നിവയിലേതെങ്കിലും അടിസ്ഥാനമാക്കാം. അല്ലെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് വേണം. |

| | | |
|---|---|---|
| 8 | അപേക്ഷ പരിശോധനയും അംഗീകാരവും | 1) അപേക്ഷകർക്ക് കൈപ്പറ്റ് ചീട്ടു നൽകണം (ക്രമ നമ്പർ സഹിതം)<br>2) അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീർപ്പാക്കണം<br>3) അർഹനല്ലെന്നു തോന്നിയാൽ ഈ വിവരം കാണിച്ച് 15 ദിസത്തെ നോട്ടീസ് അപേക്ഷകന് നൽകണം. വാദം കേട്ട് തീർപ്പാക്കണം. നിരസിച്ചാൽ കാരണം ഫോറം നമ്പർ 3-ൽ രേഖപ്പെടുത്തി അപേക്ഷകനെ അറിയിക്കണം.<br>4) ലഭിച്ച/അനുവദിച്ച/നിരസിച്ച അപേക്ഷകളുടെ രജിസ്റ്റർ (ഫോറം നമ്പർ 4-ൽ) സൂക്ഷിക്കണം<br>5) ലിസ്റ്റ് ഓരോ സാമ്പത്തിക വർഷം വാർഡ് അടിസ്ഥാനത്തിൽ പ്രസിദ്ധപ്പെടുത്തണം<br>6) ഗ്രാമസഭയിൽ/വാർഡ് സഭയിൽ/വാർഡ് കമ്മിറ്റിയിൽ വായിക്കണം. സി.ഡി.എസ്.കൾക്ക് നൽകണം<br>7) പെൻഷൻ വിതരണ രജിസ്റ്റർ (ഫോറം-6) സൂക്ഷിക്കണം<br>8) ഫണ്ട് അനുവദിക്കുന്നത് ജില്ലാ ലേബർ ഓഫീസർ ആണ്. |
| 9 | വിതരണം | 1. മണിയോർഡർ മുഖേന.<br>2. മരിച്ച പെൻഷൻകാരന്റെ മരണം വരെയുള്ള കുടിശ്ശിക ലഭിക്കാൻ തഹസിൽദാരിൽ നിന്നും ലഭിച്ച അവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കണം. പെൻഷനർ മരിച്ചാൽ മരണം നടന്ന മാസം വരെയുള്ള കുടിശ്ശിക അവകാശിക്ക് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകാം. 1500 രൂപ വരെ - വില്ലേജ് ഓഫീസർ. അതിനുമേൽ തഹസിൽദാർ (ജി.ഒ.പി.) 54/06/തൊ.വ./14.8.06) |
| 10 | അപ്പീൽ | ത.ഭ.സ്ഥാപനത്തിന്റെ തീരുമാനത്തിന്മേൽ നിരസിച്ച ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം ഉത്തരവിന്റെ പകർപ്പ് സഹിതം ജില്ലാ കളക്ടർക്ക് അപ്പീൽ നൽകാം. 45 ദിവസത്തിനകം തീർപ്പാക്കണം. അപ്പീലിന്റെ വിവരങ്ങൾ അപ്പീൽ രജിസ്റ്ററിൽ (ഫോറം നമ്പർ 5) രേഖപ്പെടുത്തണം. സർക്കാരിലേക്ക് റിവിഷൻ പെറ്റീഷൻ നൽകാം. ഇതും 45 ദിവസത്തിനകം തീർപ്പാക്കണം. നിർത്തൽ ചെയ്ത പെൻഷൻ പുന:സ്ഥാപിക്കാനും അപ്പീൽ നൽകാം. |
| 11 | ഉത്തരവുകൾ | എ) ജി.ഒ.(പി)18/98/തൊ.വ./16.4.1998(ജി.ഒ.(പി)23/82/എൽ.ബി.ആർ/13.7.82 ലെ ചട്ടങ്ങൾ പുതുക്കിയത്)<br>ബി)ഒരു പെൻഷനർ മരിച്ചാൽ മരണം നടന്ന മാസം വരെയുള്ള കുടിശ്ശിക അവകാശികൾക്ക് നൽകാം, (ജി.ഒ.(പി)31/2000/തൊവ./14.3.00)<br>സി)ഇതിന് 16.4.98 മുതൽ മുൻകാല പ്രാബല്യം നൽകി (ജി.ഒ.(പി)41/2003/തൊ.വ./23.8.03). |

**പരിശോധിക്കേണ്ട രേഖകൾ**

ഫോറം നമ്പർ

1 അപേക്ഷാ ഫോറം
2 അനുമതി പത്രിക
3 നിരസിച്ച വിവരം കാണിക്കുന്ന പത്രിക
4 ലഭിച്ച/അനുവദിച്ച/നിരസിച്ച അപേക്ഷകളുടെ രജിസ്റ്റർ
5 അപ്പീൽ രജിസ്റ്റർ
6 പെൻഷൻ വിതരണ രജിസ്റ്റർ

## 4. വാർദ്ധക്യകാല പെൻഷൻ

| | | |
|---|---|---|
| 1 | തുക | 400 രൂപ (പ്രതിമാസം) 900 (80 വയസ്സിനുശേഷം) |
| 2 | വാർഷിക കുടുംബവരുമാന പരിധി | 11000 രൂപ |
| 3 | വയസ്സ് | 65 കഴിയണം |
| 4 | അപേക്ഷിക്കാൻ വേണ്ട യോഗ്യതകൾ | 1) അഗതിയായ ഭാര്യയും ഭർത്താവും അർഹരാണ്<br>2) തുടർച്ചായി 3 വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമുള്ളവരാകണം<br>3) കുടുംബത്തിൽ ആരും സംരക്ഷണത്തിനുണ്ടാവരുത്<br>4) ഒറ്റക്ക് ജീവിക്കുന്ന സ്ത്രീകൾ, എസ്.സി./എസ്.ടി. വിഭാഗക്കാർ, വികലാംഗർ, സ്വന്തം ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾ എന്നിങ്ങനെയാണ് മുൻഗണനാക്രമം |
| 5 | അർഹതയില്ലാത്തവർ | 1) യാചകർ<br>2) അതിഥിമന്ദിരങ്ങളിൽ കഴിയുന്നവർ<br>3) മറ്റു സ്ഥാപനങ്ങളുടെ പെൻഷൻ വാങ്ങുന്നവർ<br>4) അനർഹർ ആനുകൂല്യം വാങ്ങിയാൽ ഉത്തരവാദിത്വം ഉദ്യോഗസ്ഥർക്കും അനുദ്യോഗസ്ഥർക്കും |
| 6 | അപേക്ഷ സമർപ്പിക്കേണ്ട വിധം | നിശ്ചിത ഫോറത്തിൽ (2 കോപ്പി) സെക്രട്ടറിക്ക് |
| 7 | അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ | 1) അപേക്ഷകന്റെ വാർഷികകുടുംബവരുമാനം കാണിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്<br>2) വയസ്സ് തെളിയിക്കുന്നതിന് ഗവ. സർജന്റെ/അസി. സർജന്റെ സർട്ടിഫിക്കറ്റ് |
| 8 | അപേക്ഷ പരിശോധനയും അംഗീകാരവും | 1) അപേക്ഷകന് കൈപ്പറ്റ് ചീട്ട് നൽകണം<br>2) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കണം (വി. ഇ.ഒ., ആർ.ഐ.)<br>3) അയൽക്കൂട്ടം, വാർഡ് മെമ്പർ, ഗ്രാമസഭ/വാർഡ് സഭ/വാർഡ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, കൗൺസിൽ എന്നിവയുടെ അംഗീകാരം വേണം<br>4) സെക്രട്ടറിയുടെ ഉത്തരവ്<br>5) അംഗീകരിച്ചവ സെക്രട്ടറി ഫണ്ടിനുവേണ്ടി ജില്ലാ കളക്ടർക്ക് നൽകുന്നു<br>6) അപേക്ഷ ത.ഭ. സ്ഥാപനത്തിൽ ലഭിച്ച് 10 ദിവസത്തിനകം അന്വേഷിച്ച് 30 ദിവസത്തിനകം തീർപ്പാക്കണം<br>7) അപേക്ഷകളുടെ വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർക്കണം<br>8) ജില്ലാ കളക്ടർ അംഗീകരിച്ച അപേക്ഷകളുടെ വിവരം രജിസ്റ്ററിൽ ചേർക്കണം |

| | | |
|---|---|---|
| | | 9) അപേക്ഷ നിരസിച്ച വിവരം അപേക്ഷകരെ അറിയിക്കണം<br>10) പെൻഷനർ മരിച്ചാൽ ആ വിവരം സെക്രട്ടറി ജില്ലാ കളക്ടറെ അറിയിക്കണം. കുടിശ്ശിക നിയമാനുസൃതാധികാരിക്ക് നൽകാം.<br>11) ലൈഫ് സർട്ടിഫിക്കറ്റ് മെയ് 15-ന് മുമ്പ് ബഹു: ജില്ലാ കളക്ടർക്ക് സമർപ്പിക്കണം |
| 9 | വിതരണം | മണിയോർഡർ മുഖേന (മരിക്കുന്ന പെൺഷണറുടെ കുടിശ്ശിക അനന്തരാവകാശിക്ക് നൽകാം (ചട്ടം 11(3) |
| 10 | അപ്പീൽ | നിരസിച്ച വിവരം ലഭിച്ച് 30 ദിവസത്തിനകം ജില്ലാ കളക്ടർക്ക് നൽകണം. തെറ്റായ വിവരം നൽകി പെൻഷൻ നേടുന്നു എന്നുകണ്ടാൽ പെൻഷൻ നിർത്തലാക്കാൻ ഈ പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ചുമതലയുള്ള ജില്ലാ കളക്ടർക്ക് അധികാരമുണ്ട് |
| 11 | ഉത്തരവുകൾ | ജി.ഒ.(പി)95/സാ.ക്ഷേ.വ./13.12.95 (ചട്ടങ്ങൾ 1.11.95 മുതൽ പ്രാബല്യം)<br>ജി.ഒ.(പി)11/92/സാ.ക്ഷേ.വ./7.4.97<br>ജി.ഒ.(പി)25/96/സാ.ക്ഷേ.വ. 3.7.06. |

## 5 വികലാംഗ പെൻഷൻ

| | | |
|---|---|---|
| 1 | തുക | 525 രൂപ (പ്രതിമാസം) |
| 2 | വാർഷിക കുടുംബവരുമാന പരിധി | 20000 രൂപ (ഗ്രാമപ്രദേശം), 22375 (നഗരപ്രദേശം)ജി.ഒ.(എം.എസ്)21/10/ സാക്ഷേവ/17.3.10 പ്രകാരംസ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പെൻഷൻ കണക്കാക്കേണ്ടതില്ല (ജി.ഒ.(പി)10/98/സാ.ക്ഷേ.വ./31.3.98) |
| 3 | വയസ്സ് | പരിധിയില്ല |
| 4 | അപേക്ഷിക്കാൻ വേണ്ട യോഗ്യതകൾ | 1) മന്ത്, ബധിരത, അന്ധത, മൂകത, അംഗഭംഗം എന്നീ വൈകല്യമുള്ള വർ<br>2) വൈകല്യം 40 ശതമാനത്തിലധികം വേണം |
| 5 | അർഹതയില്ലാത്തവർ | മറ്റു സ്ഥാപനങ്ങളുടെ പെൻഷൻ/ധനസഹായം തുടർച്ചയായി വാങ്ങുന്ന വർ |
| 6 | അപേക്ഷ സമർപ്പിക്കേണ്ട വിധം | നിശ്ചിത ഫോറത്തിൽ (2 കോപ്പി) സെക്രട്ടറിക്ക് |
| 7 | അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ | 1) വൈകല്യം തെളിയിക്കാൻ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്<br>2) വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് |
| 8 | അപേക്ഷ പരിശോധനയും അംഗീകാരവും | 1) കൈപ്പറ്റു ചീട്ടു നൽകണം<br>2) അന്വേഷണ റിപ്പോർട്ട് (എച്ച്.ഐ.)<br>3) അയൽക്കൂട്ടം, ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ അംഗീകാരം<br>4) ഫണ്ട് അനുവദിക്കുന്നത് ജില്ലാ കളക്ടർ |
| 9 | വിതരണം | പ്രതിമാസം മണിയോർഡർ മുഖേന (തഹസിൽദാരുടെ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനന്തരാവകാശിക്ക് പെൻഷൻ കുടിശ്ശിക നൽകാം – സർക്കുലർ നം.2509/സി/08/സാ.ക്ഷേ.വ./12.8.08 |
| 10 | അപ്പീൽ | നിരസിച്ച വിവരം ലഭിച്ച് 30 ദിവസത്തിനകം ജില്ലാ കളക്ടർക്ക് നൽകണം. തെറ്റായ വിവരം നൽകി പെൻഷൻ നേടുന്നു എന്നുകണ്ടാൽ പെൻഷൻ നിർത്തലാക്കാൻ ഈ പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ചുമതലയുള്ള ജില്ലാ കളക്ടർക്ക് അധികാരമുണ്ട് |
| 11 | ഉത്തരവുകൾ | ജി.ഒ.(പി)154/182/ത.സ്വ.ക്ഷേ.വ. 6.9.82 (ജി.ഒ.(പി)145/73/ത.സ്വ.ക്ഷേ.വ./ 3.8.73 പരിഷ്കരിച്ചത്) |

# 6. വിധവാ പെൻഷൻ

| | | |
|---|---|---|
| 1 | തുക | 525 രൂപ (പ്രതിമാസം) |
| 2 | വാർഷിക കുടുംബവരുമാന പരിധി | 20000 രൂപ (ഗ്രാമപ്രദേശം), 22375 (നഗരപ്രദേശം)ജി.ഒ.(എം.എസ്)21/10/ സാ.ക്ഷേ.വ./17.3.10 പ്രകാരംസ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പെൻഷൻ കണക്കാക്കേണ്ടതില്ല (സ.ഉ.(അ)സാ.ക്ഷേ.വ./31.3.98) |
| 3 | വയസ്സ് | പരിധിയില്ല |
| 4 | അപേക്ഷിക്കാൻ വേണ്ട യോഗ്യതകൾ | 1) ആരോരും ആശ്രയമില്ലാത്തവരും വരുമാനമില്ലാത്തവരും<br>2) തുടർച്ചയായി 2 വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമുള്ളവരാകണം<br>3) വിധവകൾ<br>4) വിവാഹമോചനം നേടിയ സ്ത്രീകൾ<br>5) 7 വർഷമായി ഭർത്താവിനെക്കുറിച്ച് വിവരം ലഭ്യമല്ലാത്ത സ്ത്രീകൾ |
| 5 | അർഹതയില്ലാത്തവർ | 1) പുനർവിവാഹം ചെയ്ത വിധവകൾ<br>2) മറ്റു സ്ഥാപനങ്ങളുടെ പെൻഷൻ/ധനസഹായം തുടർച്ചയായി വാങ്ങുന്നവർ |
| 6 | അപേക്ഷ സമർപ്പിക്കേണ്ട വിധം | നിശ്ചിത ഫോറത്തിൽ (2 കോപ്പി) സെക്രട്ടറിക്ക് |
| 7 | അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ | 1) അപേക്ഷകയുടെ വാർഷിക കുടുംബ വരുമാനം രേഖപ്പെടുത്തിയ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്<br>2) ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്<br>3) അപേക്ഷക വിധവയാണെന്നും പുനർവിവാഹം ചെയ്തിട്ടില്ലെന്നും കാണിക്കുന്ന മെമ്പറുടെ/കൗൺസിലറുടെ സർട്ടിഫിക്കറ്റ് |
| 8 | അപേക്ഷ പരിശോധനയും അംഗീകാരവും | 1) കൈപ്പറ്റു ചീട്ടു നൽകണം<br>2) ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ട്<br>3) അയൽക്കൂട്ടം, ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ അംഗീകാരം<br>4) ഫണ്ടിനായി റവന്യൂ അധികാരികൾക്ക് അയക്കണം |
| 9 | വിതരണം | മണിയോർഡർ മുഖേന (തഹസിൽദാരുടെ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കുടിശ്ശിക അനന്തരാവകാശികൾക്ക് നൽകാം - സർക്കുലർ നം.2509/സി/08/സാ.ക്ഷേ.വ./12.8.08) |
| 10 | അപ്പീൽ | നിരസിച്ച വിവരം ലഭിച്ച് 30 ദിവസത്തിനകം ജില്ലാ കളക്ടർക്ക് നൽകണം. തെറ്റായ വിവരം നൽകി പെൻഷൻ നേടുന്നു എന്നുകണ്ടാൽ പെൻഷൻ നിർത്തലാക്കാൻ ഈ പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ചുമതലയുള്ള ജില്ലാ കളക്ടർക്ക് അധികാരമുണ്ട്. |

| | | |
|---|---|---|
| 11 | ഉത്തരവുകൾ | എ) ജി.ഒ.(പി)1415/73/സാക്ഷേവ/3.8.73 (ചട്ടങ്ങൾ)<br>ബി) ജി.ഒ.(പി)11/97/സാക്ഷേവ/7.4.97<br>സി) ജി.ഒ.(എം.എസ്)12/08/സാക്ഷേവ/16.1.08 (പെൻഷന് 20 വയസ്സിൽ കൂടുതലുള്ള ആൺമക്കളുള്ളവർക്കും അർഹതയുണ്ട്)<br>ഡി) സർ.നം.59670/ഡിബി2/08/തസവഭവ/17.9.08(പെൻഷന് 20 വയസ്സിൽ കൂടുതലുള്ള ആൺമക്കളുള്ളവർക്കും അർഹതയുണ്ട്) |

## 7. സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം

| | | |
|---|---|---|
| 1 | തുക | 10000 രൂപ (ഒറ്റതവണ) |
| 2 | വാർഷിക കുടുംബവരുമാന പരിധി | 20000 രൂപ (ഗ്രാമപ്രദേശം), 22375 (നഗരപ്രദേശം) |
| 3 | വയസ്സ് | പരിധി ഇല്ല |
| 4 | അപേക്ഷിക്കാൻ വേണ്ട യോഗ്യതകൾ | 1) ആദ്യ വിവാഹമായിരിക്കണം<br>2) പെൺകുട്ടിക്ക് വിവാഹ ദിവസം 18 വയസ്സ് പൂർത്തിയാകണം<br>3) 3 വർഷമോ അതിലധികമോ വിമാഹമോചിതരായി കഴിയുന്ന സ്ത്രീകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകാം. (ജി.ഒ.(പി)11/98/സാ.ക്ഷേ.വ./2.4.98) |
| 5 | അർഹതയില്ലാത്തവർ | വിവാഹിതയാകുന്ന പെൺകുട്ടിയുടെ സ്വർണ്ണമുൾപ്പെടെ ആകെ സമ്പത്ത് 50000 രൂപയിൽ കവിയരുത്. |
| 6 | അപേക്ഷ സമർപ്പിക്കേണ്ട വിധം | നിശ്ചിത ഫോറത്തിൽ (2 കോപ്പി) സെക്രട്ടറിക്ക് വിവാഹ തീയതിക്ക് ഒരു മാസം മുമ്പ് നൽകണം (തക്കതായ കാരണത്താൽ യഥാസമയം അപേക്ഷിക്കാൻ കഴിയാതെ വന്നാൽ സെക്രട്ടറിക്ക് മാപ്പപേക്ഷ നൽകാം. വിവാഹത്തിനുശേഷം ഒരു വർഷം വരെ മാപ്പപേക്ഷ പരിഗണിക്കാം). |
| 7 | അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ | 1) പ്രതിശ്രുതവരന്റെ സത്യവാങ്മൂലം<br>2) പരേതൻ അപേക്ഷകയുടെ ഭർത്താവും വധുവിന്റെ പിതാവുമായിരുന്നു എന്നു കാണിക്കുന്ന സർട്ടിഫിക്കറ്റ് (റവന്യൂ അധികാരികൾ, കൗൺസിലർ, മിശ്രവിവാഹ സംഘടനകൾ, ദേവാലയങ്ങളിലെ അധികാരികൾ, സമുദായ സംഘടനകൾ എന്നിവയിൽ ഏതെങ്കിലും)<br>3) പരേതന്റെ മരണ സർട്ടിഫിക്കറ്റ്<br>4) വധുവിന്റെ ജനനതീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്<br>5) അപേക്ഷകയുടെ വരുമാന സർട്ടിഫിക്കറ്റ്<br>6) വിധവ സ്ഥിരബുദ്ധിയില്ലാത്തയാളാണെങ്കിൽ പെൺകുട്ടിയെ ഏറ്റെടുക്കുന്ന വ്യക്തിക്ക് മതിയായ ഈടിന്മേൽ ധനസഹായം നൽകാം (ജി.ഒ.പി)182/84/സാക്ഷേവ/19.4.84)<br>7) ഭർത്താവിന്റെ മരണം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ മരണം നടന്നതായി കണക്കാക്കണം. ഇക്കാര്യത്തിൽ സ്ഥലവാസികളായ രണ്ട് പ്രമുഖ വ്യക്തികളുടെ സർട്ടിഫിക്കറ്റുകൾ ആവശ്യമാണ് (ജി.ഒ.(പി)167/83/സാക്ഷേവ/20.10.1983) |
| 8 | അപേക്ഷ പരിശോധനയും അംഗീകാരവും | 1) പറ്റുചീട്ടു നൽകണം<br>2) അന്വേഷണറിപ്പോർട്ട് വേണം (ഐ.സി.ഡി.എസ്. സൂപ്പർവൈസറുടേത്)<br>3) അയൽക്കൂട്ടം, വാർഡ്സഭ/വാർഡ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, കൗൺസിൽ എന്നിവയുടെ അംഗീകാരം വേണം<br>4) സെക്രട്ടറിയുടെ ഉത്തരവ് വേണം |

| | | |
|---|---|---|
| 9 | വിതരണം | ചെക്കായി നൽകുന്നു |
| 10 | അപ്പീൽ | ജില്ലാ കളക്ടർക്ക് |
| 11 | ഉത്തരവുകൾ | എ) ജി.ഒ.(പി)151/78/സാ.ക്ഷേ.വ./19.6.78<br>ബി) ജി.ഒ. (എം.എസ്.) നം.76/2012/ സ.നീ.വ. തീയതി 26-12-2013<br>സി) വിവാഹശേഷം 3 മാസത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ 30 ദിവസത്തിനകം കളക്ടർക്ക് അയക്കണം<br>(സർക്കുലർ നമ്പർ 25918/ഡി.ബി-2/08/എൽ.എസ്.ജി.ഡി./14.7.08)<br>ഡി) വിവാഹം നടന്ന് 3 മാസത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കാൻ പാടില്ല -ജി.ഒ.(പി)5/93/സാ.ക്ഷേ.വ./31.3.93<br>ഇ) സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധന സഹായം നൽകുന്നതിനുള്ള നിബന്ധനകൾ ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവിലെ (24.2.79 ലെ ജി.ഒ.(പി)29/79/ത.ഭ.&സാ.ക്ഷേ.വ.) നിബന്ധന 4..6. ന് ചുവടെ ചേർത്ത് കുറിപ്പ് (1) താഴെ പറയും പ്രകാരം തിരുത്തുന്നു. വിവാഹിതയാകാൻ പോകുന്ന പെൺകുട്ടി 3 വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമാക്കിയിരുന്നാൽ മാത്രമെ ധനസഹായത്തിന് അപേക്ഷിക്കാൻ അർഹതയുള്ളൂ (ജി.ഒ.(പി)43/97/സാ.ക്ഷേ.വ./19.12.97)<br>എഫ്)പെൺകുട്ടിയുടെ വിവാഹത്തിനുമുമ്പ് വിധവ മരിച്ചാൽ കുടുംബത്തിലെ മറ്റംഗത്തിനോ വിവാഹം നടത്തിക്കൊടുക്കാൻ തയ്യാറാകുന്ന വ്യക്തിക്കോ ധനസഹായം നൽകാം (ജി.ഒ.(എം.എസ്.) 50/08/സാ.ക്ഷേ.വ./4.9.08) |

## 8. അമ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ

| | | |
|---|---|---|
| 1 | തുക | 525 രൂപ (പ്രതിമാസം) |
| 2 | വാർഷിക കുടുംബവരുമാന പരിധി | 20000 രൂപ (ഗ്രാമപ്രദേശം), 22375 (നഗരപ്രദേശം)ജി.ഒ.(എം.എസ്)21/10/ സാക്ഷേവ/17.3.10 |
| 3 | വയസ്സ് | 50 |
| 4 | അപേക്ഷിക്കാൻ വേണ്ട യോഗ്യതകൾ | 50 വയസ്സ് കഴിയണം. അവിവാഹിതയായിരിക്കണം. സാമ്പത്തികമായി പിന്നോക്കമായിരിക്കണം. കേരളത്തിൽ സ്ഥിരതാമസക്കാരിയായിരിക്കണം. |
| 5 | അർഹതയില്ലാത്തവർ | മേൽ പറഞ്ഞ യോഗ്യതയില്ലാത്തവർ |
| 6 | അപേക്ഷ സമർപ്പിക്കേണ്ട വിധം | നിശ്ചിത ഫോറത്തിൽ (2 കോപ്പി) സെക്രട്ടറിക്ക് |
| 7 | അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ | 1) വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്<br>2) അവിവാഹിതയാണെന്നും തദ്ദേശഭരണസ്ഥാപനത്തിന്റെ പരിധിയിൽ സ്ഥിരതാമസക്കാരിയാണെന്നുമുള്ള വാർഡ് മെമ്പറുടെ സർട്ടിഫിക്കറ്റ്<br>3) 40 വയസ്സ് കഴിഞ്ഞതായുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ്<br>4) റേഷൻ കാർഡിന്റെ കോപ്പി |
| 8 | അപേക്ഷ പരിശോധനയും അംഗീകാരവും | 1) പറ്റു ചീട്ട് നൽകണം<br>2) അന്വേഷണ റിപ്പോർട്ട് വേണം<br>3) അയൽക്കൂട്ടം, വാർഡ്സഭ/വാർഡ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ അംഗീകാരം വേണം<br>4) സെക്രട്ടറിയുടെ ഉത്തരവ് വേണം<br>5) ഫണ്ട് അനുവദിക്കുന്നത് ജില്ലാ കളക്ടർ<br>6) 2 വർഷം കൂടുമ്പോൾ, ഗസറ്റഡ് ഓഫീസർ ഒപ്പിട്ട ലൈഫ് സർട്ടിഫിക്കറ്റ് ആവശ്യമാണ് |
| 9 | വിതരണം | ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന |
| 10 | അപ്പീൽ | ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനകം ജില്ലാ കളക്ടർക്ക് (ഉത്തരവിന്റെ പകർപ്പ് സഹിതം) സമർപ്പിക്കേണ്ടതാണ്. |
| 11 | ഉത്തരവുകൾ | എ) ജി.ഒ.(എം.എസ്.)14/01/സാക്ഷേവ/31.3.2001 (മാർഗ്ഗരേഖ)<br>ബി) 50 വയസ്സ് കഴിഞ്ഞവരും വിവാഹം കഴിക്കാതെ കുട്ടികളുള്ളവരുമായ അമ്മമാരും അർഹരാണ് (ജി.ഒ(എം.എസ്)43/04/സാക്ഷേവ/1.7.04) |

9. എല്ലാതര സാമൂഹ്യസുരക്ഷാ പെൻഷനുകളുടെയും ക്ഷേമപരിപാടികളുടെയും ഗുണഭോക്താക്കളുടെ അർഹത വാർഡ് കമ്മിറ്റി/വാർഡ്സഭ പരിശോധിക്കേണ്ടതാണ്. (കേരളാ മുനിസിപ്പൽ ആക്ട് വകുപ്പ് 45(1)(കെ)).

10. അപേക്ഷകരുടെ കുടുംബവാർഷിക വരുമാനം അന്വേഷണ ഉദ്യോഗസ്ഥൻ തന്നെ കണക്കാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിനു യുക്തമെന്നു തോന്നുന്ന പക്ഷം വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്.

11. ആനുകൂല്യത്തിനുള്ള അപേക്ഷ നിരസിക്കപ്പെടുന്ന പക്ഷം വ്യക്തമായ കാരണം രേഖപ്പെടുത്തി അപേക്ഷകനെ അറിയിക്കേണ്ടതാണ്. നിരസിച്ചു കൊണ്ടുള്ള അറിയിപ്പിൽ ജില്ലാ കളക്ടർക്ക് അപ്പീൽ സമർപ്പിക്കാമെന്ന വിവരവും രേഖപ്പെടുത്തേണ്ടതാണ്.

12. എല്ലാ ധനസഹായങ്ങളും കാലതാമസം വരുത്താതെ വിതരണം ചെയ്യണം. (സർക്കുലർ നമ്പർ 36854/ഡി.പി 1/05/തസ്വഭവ. തിയതി.1.8.2005)

13. മരണമടയുന്നവരുടെ പെൻഷൻ കുടിശ്ശിക ബന്ധപ്പെട്ട തഹസിൽദാറിൽ നിന്നുള്ള അനന്തരാവകാശ (Heirship)സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകാം. (സർക്കുലർ നമ്പർ 2509/സി/08/സാക്ഷേവ.തിയതി 12/8/2008)

14. കർഷക തൊഴിലാളി പെൻഷൻ കുടിശ്ശിക മരണമടഞ്ഞ പെൺഷണറുടെ അവകാശികൾക്ക് 1500 രൂപ വരെ വില്ലേജ് ഓഫീസറുടെയും അതിന് മുകളിൽ തഹസിൽദാറിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകാം.(G.O.(p)54/06/തൊഴിൽ തീയതി 14.8.2006)

15. അർഹതയില്ലാത്തവർക്ക് പെൻഷൻ ആനുകൂല്യം ലഭിച്ചാൽ അതിനു ശുപാർശ ചെയ്ത ഉദ്യോഗസ്ഥരിൽ നിന്നോ അനുദ്യോഗസ്ഥരിൽ നിന്നോ പ്രസ്തുത തുക ഈടാക്കാൻ വ്യവസ്ഥയുണ്ട്. തെറ്റായ വിവരങ്ങൾ നൽകി ഏതെങ്കിലും വ്യക്തി പെൻഷൻ/ധനസഹായം വാങ്ങുന്നുവെങ്കിൽ പ്രസ്തുത ആനുകൂല്യം അയാൾക്ക് നോട്ടീസ് നൽകി റദ്ദാക്കാവുന്നതും അനർഹമായി കൈപ്പറ്റിയ തുക തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കാവുന്നതുമാണ്.

# 6

# പ്രാദേശിക പദ്ധതി രൂപീകരണം

ഇന്ത്യൻ ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിൽ പറഞ്ഞിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള വികസന പദ്ധതി തയ്യാറാക്കി നടപ്പിലാക്കേണ്ട ചുമതല നഗരസഭകൾക്കാണ്.

ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിനും, ഉല്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും വേണ്ടിയായിരിക്കണം വികസന പദ്ധതി തയ്യാറാക്കേണ്ടത്. വാർഡ് സഭ/വാർഡ് കമ്മിറ്റി ഓരോ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മൂന്ന് മാസം മുൻപ് നടക്കുന്ന വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ തീരുമാനിച്ച് കൗൺസിലിന് സമർപ്പിക്കുന്ന വാർഡ് വികസനരേഖയെ പരിഗണിച്ചാണ് വാർഷിക പദ്ധതി തയ്യാറാക്കേണ്ടത്.

നഗരസഭയുടെ പൊതുവികസന കാഴ്ച്ചപ്പാടിന് അനുസൃതമായി എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട മേഖലയിൽ വികസന പ്രോജക്ടുകൾ തയ്യാറാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നഗരസഭാ നിയമത്തിൽ പറയുന്ന സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, പട്ടിക ജാതി പട്ടികവർഗ്ഗ വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷാ പെൻഷനും ധനസഹായവും, ദാരിദ്ര്യ നിർമ്മാർജ്ജനം, ചേരിപരിഷ്ക്കരണം, പൊതുവിതരണ സമ്പ്രദായങ്ങൾ എന്നീ വിഷയവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കാനാവശ്യമായ സാധ്യമായ എല്ലാ നടപടികളും കൈക്കൊള്ളേണ്ടതുണ്ട്.

മുൻ പഞ്ചവത്സരപദ്ധതികാലത്തെ അനുഭവങ്ങൾ ഉൾക്കൊണ്ടുകൊണ്ടും സാമൂഹ്യനീതിയും സാമ്പത്തിക വികസനവും സമന്വയിപ്പിച്ചു കൊണ്ടും സമഗ്ര വികസനം പങ്ക് വെച്ച് കൊണ്ടും വേണം നഗരസഭകൾ തുടർ പഞ്ചവത്സര പദ്ധതിക്ക് രൂപം നൽകേണ്ടത്. ദീർഘ വീക്ഷണത്തോടെ പദ്ധതികൾക്ക് രൂപം നൽകുകയും അതിനനുസൃതമായി പ്രോജക്ടുകൾ തയ്യാറാക്കുകയും വേണം. അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന തത്വങ്ങളായ സുതാര്യത, ജനപങ്കാളിത്തം, സാമൂഹ്യനീതി, അക്കൗണ്ടബിലിറ്റി തുടങ്ങിയതിനെ അടിസ്ഥാനമാക്കി ശാസ്ത്രീയമായി ജനപങ്കാളിത്തത്തോടെ അന്തിമ പദ്ധതികൾക്ക് രൂപം നൽകേണ്ട ചുമതല നഗരസഭകൾക്കാണ്. കേന്ദ്ര-സംസ്ഥാന നയങ്ങൾക്കനുസൃതമായി പ്രാദേശിക പദ്ധതികൾക്ക് രൂപം നൽകാനുള്ള ഉത്തരവാദിത്വം നഗരസഭയ്ക്കാണ്. നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന മാറ്റങ്ങൾ പാലിക്കാനും നഗരസഭ ബാദ്ധ്യസ്ഥമാണ്.

ഉല്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയ്ക്കായിരിക്കണം മുൻഗണന നൽകേണ്ടത്. പരിസ്ഥിതിയുടെയും, പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണത്തിനും സ്ഥായിയായ നില നിൽപ്പിനും പ്രത്യേക പരിഗണന നൽകണം. മാനവവികസനത്തിന് നിദാനമായ ആരോഗ്യം, വിദ്യാഭ്യാസം, സ്ഥായിയായ തൊഴിൽ എന്നീ മേഖലകളിൽ പ്രത്യേക ഊന്നൽ നൽകേണ്ടതാണ്.

വിദ്യാഭ്യാസ മേഖലയിലേയും, ആരോഗ്യ മേഖലയിലേയും സ്ഥാപനങ്ങളെല്ലാം തന്നെ 1995 ഒക്ടോബർ 2 മുതൽ നഗരസഭയുടെ നിയന്ത്രണാധികാരത്തിലാണ്. അതുകൊണ്ടു തന്നെ പ്രസ്തുത മേഖലയുടെ വികസനത്തിന് ഊന്നൽ നൽകേണ്ടത് നഗരസഭയുടെ ബാദ്ധ്യത കൂടിയാണ്. ജീവിത ഗുണനിലവാരം ഉയർത്തുന്നതിനു വേണ്ടി അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക പരിഗണന പഞ്ചവത്സപദ്ധതികളിൽ നൽകേണ്ടതാണ്. സേവന പ്രദാനത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്താൻ പദ്ധതികൾ ഉണ്ടാകണം.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെട്ട പ്രധാനപ്പെട്ട കാര്യങ്ങളിലൊന്ന് സാമൂഹ്യ നീതി ഉറപ്പ് വരുത്തുന്നതിന് പാർശ്വവൽക്കരിക്കപ്പെട്ടവരും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ മുഴുവൻ വിഭാഗങ്ങൾക്കും പ്രത്യേക പരിഗണന നൽകുക എന്നതാണ്. സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, പട്ടികജാതിക്കാർ, പട്ടികവിഭാഗക്കാർ, പരമ്പരാഗത മത്സ്യതൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്ക് വേണ്ടി പ്രത്യേക പദ്ധതികൾ തന്നെ രൂപം നൽകേണ്ടതുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടത്.

നഗരസഭയിൽ ലഭിക്കുന്ന ഫണ്ടിൽ പ്രധാനമായും വികസനഫണ്ടും, മെയിന്റനൻസ് ഫണ്ടും, പൊതു ആവശ്യ ഫണ്ടുമാണ്. വികസന ഫണ്ടിൽ നിന്നും ചില മേഖലകളിൽ നിർബ്ബന്ധമായും തുക വകയിരുത്താൻ നഗരസഭയോട് സർക്കാർ നിർദ്ദേശിക്കുന്നുണ്ട്. അങ്കണവാടികളിൽ പോഷകാഹാര വിതരണം, SSA പദ്ധതിക്ക് സർക്കാർ നിശ്ചയിക്കുന്ന ഫണ്ട് വിഹിതം, വയോജനങ്ങളുടെയും, ഭിന്നശേഷിയുള്ളവരുടെയും പാലിയേറ്റീവ് കെയർ എന്നിവയ്ക്ക് വേണ്ടി നിർബ്ബന്ധമായും ഫണ്ട് മാറ്റി വെച്ച് ശേഷം മാത്രമേ മറ്റ് വികസനപ്രവർത്തനങ്ങളിൽ ഫണ്ട് ഉപയോഗിക്കാവു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ പെട്ട കാര്യങ്ങൾക്കാണ് നിർബ്ബന്ധമായും ഫണ്ട് മാറ്റി വെക്കേണ്ടത് എന്നത് സ്റ്റാന്റിംഗ്കമ്മിറ്റിയുടെ ഉത്തരവാദിത്വം ബോധ്യമാക്കുന്നതാണ്. അതിൽ SSA മാത്രമാണ് വിദ്യാഭ്യാസ കമ്മിറ്റിയുടെ പരിധിയിൽ വരുന്നത്.

ലഭിക്കുന്ന വികസനഫണ്ടിൽ 5 ശതമാനത്തിൽ കുറയാത്ത തുക കുട്ടികൾ, വൃദ്ധർ, വിഭിന്ന ശേഷിയുള്ളവർ, മറ്റ് ദുർബ്ബല വിഭാഗക്കാർ, പാലിയേറ്റീവ് കെയർ എന്നിവയ്ക്ക് നിർബ്ബന്ധമായും മാറ്റി വെക്കേണ്ടതാണ്. കൂടാതെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെട്ട വനിതകളുടെ ക്ഷേമം എന്ന വിഷയവുമായി ബന്ധപ്പെട്ട് വികസനഫണ്ടിന്റെ 10% തുക വനിതാ ഘടകപദ്ധതിക്ക് വേണ്ടി മാത്രം മാറ്റി വെയ്ക്കണം. കൂടാതെ പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, ആശ്രയ എന്നിവയ്ക്ക് വേണ്ടിയുള്ള പദ്ധതികൾക്ക് രൂപം നൽകേണ്ടതും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലാണ്.

**അങ്കണവാടികളും പോഷകാഹാര വിതരണവും**

- അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണ്ണീച്ചർ മറ്റ് ഭൗതിക സൗകര്യ ങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകണം.
- സാമൂഹ്യക്ഷേമ വകുപ്പിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി താഴെ പറയുന്ന വിഭാഗ ങ്ങൾക്ക് അങ്കണവാടികളിലൂടെ പോഷകാഹാരം നൽകണം.

    1. 3 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ
    2. 6 വയസ്സുവരെ പ്രായമുള്ള അങ്കണവാടികളിൽ ഹാജരാകുന്ന കുട്ടികൾ
    3. കൗമാരക്കാരായ പെൺകുട്ടികൾ
    4. ഗർഭിണികളായ സ്ത്രീകൾ
    5. മുലയൂട്ടുന്ന അമ്മമാർ
    6. ഭക്ഷണം പാകം ചെയ്യാൻ ശേഷിയുള്ള ആരും വീട്ടിലില്ലാത്ത ആശ്രയ പദ്ധതി യിൽ ഉൾപ്പെട്ട അഗതി കുടുംബങ്ങളിലെ അംഗങ്ങൾ

അങ്കണവാടി പരിധിയിലെ മേൽപറഞ്ഞ മുഴുവൻ വിഭാഗങ്ങൾക്കും ഭക്ഷണം നൽകുക എന്നല്ല ഉദ്ദേശിക്കുന്നത്. അങ്കണവാടിയിൽ സ്ഥിരമായി വരുന്ന കുട്ടികൾ, സ്ഥിരമായി പോഷ കാഹാരം സ്വീകരിക്കാൻ അർഹതയുള്ളവരും തയ്യാറുള്ളവരുമായ മറ്റ് വിഭാഗങ്ങളിൽ പെട്ട വർ എന്നിവർക്ക് മാത്രമേ ഭക്ഷണം നൽകേണ്ടതുള്ളൂ.

1. അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്ന വരുടെ എണ്ണവും പോഷകാഹാര ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കണം.

**നഗരസഭയിൽ നടപ്പിലാക്കാവുന്ന ഭക്ഷണ വിതരണ പരിപാടികൾ**

1. നഗരഭരണ സ്ഥാപനങ്ങൾക്ക് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന എച്ച്.ഐ.വി അണുബാധിതർക്ക് പോഷകാഹാരം നൽകാവുന്നതാണ്.
2. 10 ശതമാനമെങ്കിലും പട്ടികവർഗ്ഗക്കാരായ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ പട്ടിക വർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് പാചകം ചെയ്ത് പ്രഭാത ഭക്ഷണം കുടുംബശ്രീ മുഖേന നൽകാവുന്നതാണ്.
3. പട്ടികവർഗ്ഗ പരിചരണ സേവന പാക്കേജ് പ്രകാരം അർഹതയുള്ള പട്ടികവർഗ്ഗ ക്കാർക്കുവേണ്ടി അങ്കണവാടികൾ മുഖേന പാചകം ചെയ്ത ഭക്ഷണ വിതരണം നട ത്താവുന്നതാണ്.
4. ആശ്രയ പരിചരണ സേവന പാക്കേജ് പ്രകാരം അർഹതയുള്ള അഗതികൾക്ക് അങ്കണവാടി മുഖേന പാചകം ചെയ്ത ഭക്ഷണവിതരണം നടത്താവുന്നതാണ്.
5. നിർധനരായ രോഗികൾക്ക് ആശുപത്രികളിൽ കഴിയുന്ന ദിനങ്ങളിൽ കുടുംബശ്രീ വഴി ഭക്ഷണം പാചകം ചെയ്ത് നൽകാവുന്നതും ആയതിന് വേണ്ടി വരുന്ന തുക ബന്ധ

പ്പെട്ട ആശുപത്രി അധികൃതരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കുടുംബ ശ്രീക്ക് കൊടുക്കാവുന്നതാണ്.

6. ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് കുടുംബശ്രീ വഴി അനുപൂരക പോഷകാഹാരവും, ഉച്ച ഭക്ഷണം പാചകം ചെയ്ത് നൽകാവുന്നതും സ്കൂൾ അധികൃതരുടെ സാക്ഷ്യപത്ര ത്തിന്റെ അടിസ്ഥാനത്തിൽ ആയതിന് വേണ്ടി വരുന്ന തുക നൽകാവുന്നതുമാണ്.
7. അങ്കണവാടി പോഷകാഹാരം, മുകളിൽ പറഞ്ഞ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പോഷ കാഹാര /ഭക്ഷണ വിതരണം എന്നിവ ഒഴികെ മറ്റ് പോഷകാഹാര /ഭക്ഷണ വിതരണ പരിപാടികൾ ഒന്നും തന്നെ ഏറ്റെടുക്കാവുന്നതല്ല.

**സാമൂഹ്യ സുരക്ഷിതത്വം**

കുട്ടികൾ, സ്ത്രീകൾ, വയോജനങ്ങൾ, പരമ്പരാഗത മത്സ്യതൊഴിലാളികൾ, പരമ്പരാ ഗത കൈതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ, അഗതികൾ, ശാരീരിക-മാനസിക വെല്ലു വിളി നേരിടുന്നവർ, പാലിയേറ്റീവ് കെയർ രോഗികൾ എന്നിവരുടെ ക്ഷേമ-വികസന -പു നരധിവാസ പ്രവർത്തനങ്ങൾ പരിഗണിക്കപ്പെടണം.

**വർക്കിംഗ് ഗ്രൂപ്പ്**

പഞ്ചവത്സര പദ്ധതികളും, വാർഷിക പദ്ധതികൾ തയ്യാറാക്കാനും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കാനും കരട് പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുവാനും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കണം. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ അഞ്ച് വർക്കിംഗ് ഗ്രൂപ്പാണ് നിലവിൽ ഉണ്ടാവേണ്ടത്.

1. ദാരിദ്ര്യലഘൂകരണം
2. സാമൂഹ്യക്ഷേമം
3. പട്ടികജാതി വികസനം
4. പട്ടികവർഗ്ഗ വികസനം
5. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം

വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർമാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ അല്ലാത്ത ഒരു കൗൺസിലറായിരിക്കും. കൺവീനർ ബന്ധപ്പെട്ട വിഷയ മേഖലയിലെ സീനിയർ ഓഫീ സർ ആയിരിക്കണം. എന്നാൽ സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാർ യഥാക്രമം സ്ത്രീ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കൗൺസിലർമാരായിരിക്ക ണം. വർക്കിംഗ് ഗ്രൂപ്പിന്റെ ഏകോപന ചുമതല ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേ ഴ്സനുമാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ യോഗം ആവശ്യാനുസരണം വിളിച്ച് ചേർക്കാവുന്നതാ ണ്. യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ 1/3 ആണ്. 7 മുതൽ 17 അംഗങ്ങൾ വരെ ഒരു വർക്കിംഗ് ഗ്രൂപ്പിൽ അംഗങ്ങളാക്കാവുന്നതാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ ചെയർമാൻ, കൺവീനർ എന്നിവരുടെ ഹാജർ നിർബ്ബന്ധമായിരിക്കും.

**വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ**

1. സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിൽ അതാത് മേഖലയിൽ സ്റ്റാറ്റസ് റിപ്പോർട്ടും കരട് പ്രോജക്ട് നിർദ്ദേശങ്ങളും യഥാസമയം തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കുന്നു.
2. വാർഡ്സഭയിൽ അച്ചടിച്ചു നൽകുന്നതിനാവശ്യമായ വിവരങ്ങളും പദ്ധതി രേഖയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങളും എഴുതി തയ്യാറാക്കി നൽകുന്നു.
3. പ്രോജക്ടുകൾ രൂപീകരിക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആവശ്യമെങ്കിൽ മറ്റു വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക.
4. സാമ്പത്തിക - സാങ്കേതിക - പ്രായോഗിക ക്ഷമതയുള്ളതും നിയമാനുസൃതവുമായ പ്രോജക്ടുകൾ നിശ്ചിത ഫോറങ്ങളിൽ തയ്യാറാക്കുക.
5. സ്റ്റേക്ക് ഹോൾഡർ കൂടിയാലോചനകൾ, വാർഡ്സഭ, വികസന സെമിനാർ എന്നിവയിൽ നടക്കുന്ന ചർച്ചകൾക്ക് അക്കാദമിക് സഹായം നൽകുക.
6. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുകയും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഭരണസമിതിയ്ക്കും നൽകുക.

**ബാങ്ക് പ്രതിനിധികളുമായുള്ള ചർച്ച**

വികസന പദ്ധതിയിൽ ഉൾപ്പെടുന്ന പ്രോജക്ടുകൾക്കുള്ള വായ്പാ സാധ്യതകളെകുറിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ബാങ്ക് പ്രതിനിധികളുമായി വാർഷിക പദ്ധതികൾക്കു മുന്നോടിയായി ചർച്ച നടത്തേണ്ടതാണ്.

**സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന**

ഓരോ വർക്കിംഗ് ഗ്രൂപ്പും ആ മേഖലയുമായി ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡർമാരുടെ ഒരു യോഗത്തിൽ വാർഷിക പദ്ധതി പ്രോജക്ടുകൾ ചർച്ച ചെയ്യേണ്ടതും നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

**സ്റ്റേക്ക് ഹോൾഡർ കൂടിയാലോചനക്ക് പരിഗണിക്കേണ്ട വിഭാഗങ്ങൾ**

1. കർഷകർ, കർഷക തൊഴിലാളികൾ, മത്സ്യ തൊഴിലാളികൾ
2. പരമ്പരാഗത കുടിൽ ഗ്രാമ ആധുനിക വ്യവസായ സംരംഭങ്ങളിലും സേവനങ്ങളിലും ഏർപ്പെട്ടിരിക്കുന്നവർ.
3. എ.ഡി.എസ്., സി.ഡി.എസ്. പ്രതിനിധികൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്
4. പി.ടി.എ., എം.പി.ടി.എ. സ്കൂൾ വികസന സമിതി പ്രതിനിധികൾ

5. അങ്കണവാടി, പ്രവർത്തകർ, മാതൃസമിതി ചെയർപേഴ്സൺമാർ, അങ്കണവാടി വെൽഫെയർ കമ്മിറ്റി ഭാരവാഹികൾ, ആശാവർക്കർമാർ
6. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ, മെഡിക്കൽ പ്രൊഫഷണലുകൾ, എൻ.ഇ.ഒ. കൾ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രതിനിധികൾ
7. യുവജന ക്ലബ്ബുകൾ, വായനശാലകൾ, കലാസാംസ്കാരിക സംഘടനകൾ, ബാല കൗൺസിലുകൾ-പ്രതിനിധികൾ
8. വനസംരക്ഷണ സമിതി പരിസ്ഥിതി പ്രവർത്തകർ
9. രാഷ്ട്രീയ സംഘടനകൾ, തൊഴിലാളി യൂണിയനുകൾ
10. അക്കാദമിക് സ്ഥാപനങ്ങളിലെ പ്രതിനിധികൾ
11. ധനകാര്യ സഥാപനങ്ങളുടെ പ്രതിനിധികൾ

**വാർഡ് സഭ**

പദ്ധതി ആസൂത്രണത്തിനും നിർവ്വഹണത്തിനും മോണിറ്ററിംഗിനും വേണ്ടി വാർഡ്സഭകൾ ചേരണം. വാർഡ്സഭയിൽ നിന്നും വരുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വെച്ചാണ് പദ്ധതി ആസൂത്രണം നടത്തേണ്ടത്. ചെയർപേഴ്സൺ/ ചെയർപേഴ്സൺ അധികാരപ്പെടുത്തുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ/ വാർഡ് കൺവീനർ എന്നിവരിൽ ആരുടെയെങ്കിലും അദ്ധ്യക്ഷതയിലാണ് യോഗം നടത്തേണ്ടത്.

**പദ്ധതി ആസൂത്രണ വാർഡ്സഭകൾ**

സ്റ്റേക്ക് ഹോൾഡർകൂടിയാലോചനക്കുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ അന്തിമമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടും പ്രോജക്ട് നിർദ്ദേശങ്ങളും ചർച്ച ചെയ്യുന്നതിന് വാർഡ് സഭകൾ ചേരേണ്ടതാണ്.

വാർഡ്സഭയിൽ സ്റ്റാറ്റസ് റിപ്പോർട്ടും കരട് പ്രോജക്ട് നിർദ്ദേശങ്ങളും പൊതുവായി അവതരിപ്പിക്കുകയും വർക്കിംഗ് ഗ്രൂപ്പിന്റെ അടിസ്ഥാനത്തിൽ വിവിധ വിഷയ മേഖലകളായി തിരിഞ്ഞ് ചർച്ച നടത്തേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പടിസ്ഥാനത്തിലുള്ള ചർച്ചകൾ ക്രോഡീകരിച്ച് വാർഡ്സഭ പ്ലീനറി സെക്ഷനിൽ അവതരിപ്പിക്കുകയും വാർഡ്സഭയോഗത്തിന്റെ തീരുമാനങ്ങൾ അവിടെ വെച്ചു തന്നെ എഴുതി ബന്ധപ്പെട്ട എല്ലാവരും ഒപ്പിടേണ്ടതാണ്.

ഹാജർ രജിസ്റ്റർ ഗ്രൂപ്പ് ചർച്ചകളുടെ നിർദ്ദേശങ്ങൾ ലഭിച്ച ചോദ്യങ്ങൾ, ഫോട്ടോഗ്രാഫ് എന്നിവയും മിനിട്സും തീരുമാനങ്ങളും തൊട്ടടുത്ത ദിവസം സെക്രട്ടറിയെ ഏൽപിക്കേണ്ടതാണ്.

ഓരോ വാർഡ്സഭയും ഓരോ വിഷയ മേഖലാ ഗ്രൂപ്പിൽ നിന്നും ഒന്നുവീതമുള്ള പ്രതിനിധികളെ നഗരസഭാതല വികസന സെമിനാറിൽ പങ്കെടുപ്പിക്കുന്നതിനായി തെരഞ്ഞെടുക്കേണ്ടതാണ്.

വാർഡ്സഭ ചർച്ചകൾക്കുശേഷം ഓരോ വർക്കിംഗ് ഗ്രൂപ്പും സ്റ്റാറ്റസ് റിപ്പോർട്ടിനും പ്രോജക്ട് നിർദ്ദേശങ്ങൾക്കും അന്തിമരൂപം നൽകണം.

**വികസന രേഖ, പദ്ധതി രേഖ തയ്യാറാക്കൽ**

തദ്ദേശഭരണ സ്ഥാപനത്തിന്റെ പൊതു വികസന കാഴ്ചപ്പാടും ഓരോ വിഷയ മേഖല സംബന്ധിച്ച വികസന കാഴ്ചപ്പാടും അവസ്ഥയും വ്യക്തമാകുന്ന രേഖയാണ് വികസന രേഖ. വികസന രേഖ പഞ്ചവത്സര പദ്ധതികാലയളവിലേക്ക് മാത്രം തയ്യാറായാൽ മതിയാകും.

വികസനരേഖ അടിസ്ഥാനമാക്കി ഓരോ തദ്ദേശഭരണസ്ഥാപനവും ഒരു പദ്ധതി രേഖയും തയ്യാറാക്കണം. പഞ്ചവത്സര പദ്ധതി കാലയളവിലേക്കും, ഓരോ വർഷത്തേയ്ക്കും പ്രത്യേകം പദ്ധതിരേഖ തയ്യാറാക്കണം.

**വികസന സെമിനാർ**

കരട് വികസനരേഖയും കരട് പദ്ധതി രേഖയും ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായ ഏകദിന വികസന സെമിനാർ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സംഘടിപ്പിക്കണം.

നഗരസഭ കൗൺസിലർമാർ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, വാർഡ്സഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ഊരുകൂട്ട പ്രതിനിധികൾ, എസ്.സി, എസ്.ടി. പ്രൊമോട്ടർമാർ, എ.ഡി.എസ്., സി.ഡി.എസ്. പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ, ആശാവർക്കർമാർ, സ്റ്റേക്ക് ഹോൾഡർ പ്രതിനിധികൾ, വിദഗ്ധർ, അക്കാദമിക് സ്ഥാപന പ്രതിനിധികൾ, പൊതു പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരെ വികസന സെമിനാറിലേക്ക് ക്ഷണിക്കേണ്ടതാണ്.

വാർഡ്സഭയ്ക്ക് നിർദ്ദേശിച്ചിട്ടുള്ള യോഗനടപടിക്രമവും രേഖകൾ സൂക്ഷിക്കേണ്ടക്രമവും ഉചിതമായ രീതിയിൽ വികസന സെമിനാറിനും അവലംബിക്കേണ്ടതാണ്.

**പദ്ധതിരേഖ കൗൺസിൽ അംഗീകാരം**

വികസന സെമിനാറിനുശേഷം തയ്യാറാക്കുന്ന വികസനരേഖയും അന്തിമ പദ്ധതിരേഖയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്റ്റിയറിംഗ് കമ്മിറ്റി ക്രോഡീകരിച്ച് കൗൺസിൽ തീരുമാനത്തിന്റെ പരിഗണനക്ക് വരുന്നു. കൗൺസിലിന്റെ പരിഗണനക്ക് വരുന്ന പദ്ധതി അംഗീകരിക്കുന്നതോടെ പദ്ധതിരേഖയിൽ ഉള്ള എല്ലാ പ്രോജക്ടുകൾക്കും ഭരണാനുമതി ലഭിച്ചതായി കണക്കാക്കുന്നു.

**പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരത്തോടെ നിർവ്വഹണം**

ഇങ്ങനെ ഭരണാനുമതി ലഭിച്ച പ്രോജക്ടുകൾ വിശദമായി തയ്യാറാക്കി അതത് നിർവ്വഹണ ഉദ്യോഗസ്ഥൻ മേലുദ്യോഗസ്ഥനിൽ നിന്നും അംഗീകാരം വാങ്ങുന്നതോടെ പ്രൊജക്ട് നിർവ്വ

ഹണ യോഗ്യമായി മാറുന്നു. ഇങ്ങനെ ലഭിച്ച പ്രോജക്ടുകൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികാനുമതിക്ക് വേണ്ടി കൗൺസിലിന്റെ പരിഗണനക്ക് വരികയും, കൗൺസിൽ അംഗീകരിക്കുന്നതോടെ പ്രോജക്ടിന് സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്യുന്നു. തുടർന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ നിർവ്വഹണം ആരംഭിക്കുന്നു. നഗരസഭയുടെ പദ്ധതി രൂപീകരണം മുതൽ അംഗീകാരം വരെയുള്ള കാര്യങ്ങൾ ചെയ്യത്തക്ക രീതിയിൽ സുലേഖ എന്ന വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ചെയ്യേണ്ടത്.

**മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റിംഗും:**

നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പ് തന്നെയാണ് മോണിറ്ററിംഗ് കമ്മിറ്റിയായും പ്രവർത്തിക്കേണ്ടത്. എല്ലാ പദ്ധതികൾ സംബന്ധിച്ചും വാർഡ്സഭയിൽ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കേണ്ടതുണ്ട്. മോണിറ്ററിംഗ് റിപ്പോർട്ട് താഴെ ചേർത്ത ഫോമിലാണ് തയ്യാറാക്കേണ്ടത്.

1. പ്രോജക്ടിന്റെ പേരും നമ്പറും:
2. വിശദാംശങ്ങൾ (ബാധകമായത് ടിക് ചെയ്യുക):

| | | | | |
|---|---|---|---|---|
| 1 | General | SCP | TSP | |
| | | | | |
| 2 | WCP | Child | Aged | Disabled |
| | | | | |
| 3 | Spill Over | New | Single Year | MultiYear |
| | | | | |

3. നിർവ്വഹണം തുടങ്ങിയ മാസം, വർഷം:
4. നിർവ്വഹണം അവസാനിച്ച മാസം, വർഷം:
5. ഉദ്ദേശിച്ച സമയത്ത് പൂർത്തീകരിച്ചുവോ?:
6. വിഭവസ്രോതസ്സുകളും വിനിയോഗവും:

| വിഭവസ്രോതസ്സ് | | | | | ആകെ |
|---|---|---|---|---|---|
| വകയിരുത്തിയ തുക | | | | | |
| വിനിയോഗിച്ച തുക | | | | | |

7. പ്രതീക്ഷിച്ച ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ?
8. പ്രോജക്ടിലൂടെ, കൈവരിച്ച യഥാർത്ഥ പ്രയോജനം:
9. വിഭാവനം ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം
10. പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം

11. പ്രോജക്ടിലൂടെ സൃഷ്ടിക്കപ്പെട്ട ആസ്തികൾ (സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ)

12. വിഭാവന ചെയ്ത എല്ലാ പ്രവർത്തനങ്ങളും നടന്നിട്ടുണ്ടോ?

13. നിർവഹണം കാര്യക്ഷമവും തൃപ്തികരവും ഗുണനിലവാരമുള്ളതാണോ ?

14. ഏതെങ്കിലും സർക്കാർ/തദ്ദേശഭരണ സ്ഥാപനത്തിന് തുക കൈമാറിയ പ്രോജക്ടാണോ?

15. തുക കൈമാറിയ പ്രോജക്ടാണെങ്കിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോ?

16. മറ്റ് അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ

ഒപ്പ്: ഒപ്പ്:

ചെയർമാൻ..........മോണിറ്ററിംഗ് കമ്മിറ്റി കൺവീനർ

സ്ഥലം:

തിയതി:

**1. ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കൽ**

നഗരസഭകൾ തയ്യാറാക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി (Anti poverty sub plan) പൊതു പദ്ധതിയുടെ അവിഭാജ്യ ഘടകമായിരിക്കണം. പ്രസ്തുത ഉപപദ്ധതി തയ്യാറാക്കി സമർപ്പിക്കാത്ത നഗരസഭയുടെ പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുന്നതല്ല. ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കുന്നതിന് ചുടെ വിവരിക്കുന്ന നടപടി ക്രമങ്ങൾ ഓരോ നഗരസഭയും പാലിക്കേണ്ടതാണ്.

എല്ലാ നഗരസഭയും ദാരിദ്ര്യലഘൂകരണത്തിന് മാത്രമായി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ സംബന്ധിച്ച് ലഭ്യമായ സ്ഥിതിവിവരങ്ങൾ വിലയിരുത്തി സംക്ഷിപ്തമായ ഒരു റിപ്പോർട്ട് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം. ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വേണ്ടി നടപ്പാക്കിയ എല്ലാ പരിപാടികളും തിട്ടപ്പെടുത്തി അവയുടെ ഫലപ്രാപ്തിയെകുറിച്ച് അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്.

കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി സംവിധാനത്തിലൂടെ താഴെത്തട്ടിൽ നിന്നും മുകളിലേക്കുള്ള ഒരു ആസൂത്രണ പ്രക്രിയ ആരംഭിക്കേണ്ടതാണ്.

ഡാറ്റാബേസിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കുന്ന കാര്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകി, അയൽക്കൂട്ടങ്ങൾ അതത് പ്രദേശത്തെ ദാരിദ്ര്യത്തിന്റെ അവസ്ഥ വിലയിരുത്തേണ്ടതാണ്.

- വീട്, ശുചിത്വ സംവിധാനം, കുടിവെള്ളം, വൈദ്യുതി, യാത്രാസൗകര്യം എന്നീ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത.
- ആരോഗ്യസ്ഥിതി.

- വിദ്യാഭ്യാസം
- റേഷൻകാർഡ്, പെൻഷൻ തുടങ്ങിയ അവകാശ അധികാരങ്ങളുടെ (entitlements) ലഭ്യത
- സൂക്ഷ്മസംരംഭങ്ങളുടെ പ്രവർത്തനവും പുതിയ സംരംഭങ്ങളുടെ സാധ്യതയും
- വൈദഗ്ദ്ധ്യ വികസനത്തിന്റെ ആവശ്യകത
- ശിശുക്കൾ, വൃദ്ധജനങ്ങൾ, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ, വനിതകൾ, പ്രത്യേകിച്ച് വിധവകളും ഉപേക്ഷിക്കപ്പെട്ട വനിതകളും നേരിടുന്ന പ്രത്യേക പ്രശ്നങ്ങൾ
- അഗതികൾ

ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി സംബന്ധിച്ച് അയൽക്കൂട്ടങ്ങളുടെ നിർദ്ദേശങ്ങൾ സൂക്ഷ്മ പദ്ധതിയുടെ രൂപത്തിൽ.

**ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റി തലത്തിൽ പദ്ധതി സംയോജനം**

അയൽക്കൂട്ടതലത്തിൽ രൂപംകൊള്ളുന്ന പദ്ധതി നിർദ്ദേശങ്ങൾ ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ പൊതുയോഗത്തിൽ വെച്ച് സംയോജിപ്പിക്കേണ്ടതാണ്. ഇപ്രകാരം സംയോജിക്കുമ്പോൾ വാർഡിലെ ദാരിദ്ര്യവുമായി ബന്ധപ്പെട്ട പൊതുവായ പ്രശ്നങ്ങൾ പരിഗണിക്കേണ്ടതും അവ സംബന്ധിച്ച നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതുമാണ്

**കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി തലത്തിൽ പദ്ധതി സംയോജനം**

ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റികൾ തയ്യാറാക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ പൊതുയോഗത്തിൽ അവതരിപ്പിച്ച് സംയോജിപ്പിക്കേണ്ടേതാണ്. ഇപ്രകാരം സംയോജിപ്പിക്കുമ്പോൾ തദ്ദേശഭരണ പ്രദേശത്തിലെ ദാരിദ്ര്യവുമായി ബന്ധപ്പെട്ട പൊതുപ്രശ്നങ്ങൾ വിലയിരുത്തുകയും വേണം.

കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ തയ്യാറാക്കുന്ന പദ്ധതി അപഗ്രഥനം ചെയ്തും പാവപ്പെട്ടവരുടെ ആവശ്യകത ഘട്ടം 2-ൽ തയ്യാറാക്കുന്ന റിപ്പോർട്ടുമായി ഒത്തുനോക്കിയും ആവശ്യമെങ്കിൽ വർക്കിംഗ് ഗ്രൂപ്പിന് പദ്ധതിയിൽ ഭേദഗതി വരുത്താവുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന കരട് പദ്ധതിയായിരിക്കണം സമന്വയ ശില്പശാലയിൽ അവതരിപ്പിക്കേണ്ടത്.

**സമന്വയ ശില്പശാല (Convergence Workshop)**

നഗരസഭ ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി നിർദ്ദേശങ്ങൾക്ക് അന്തിമരൂപം നൽകുന്നതിന്മുമ്പ് ഓരോ തദ്ദേശഭരണ സ്ഥാപനതലത്തിലും ഒരു സമന്വയ ശില്പശാല നടത്തേണ്ടതാണ്. ഈ ശിൽപശാലയിൽ ദാരിദ്ര്യലഘൂകരണ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ, മറ്റ് എല്ലാ വർക്കിംഗ് ഗ്രൂപ്പുകളുടെയും ചെയർപേഴ്സൻമാർ, വൈസ് ചെയർപേഴ്സൺമാർ, കൺവീനർമാർ ഡെവലപ്പ്മെന്റ് സൊസൈറ്റി ജനറൽബോഡി അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്. ദാരിദ്ര്യ ലഘൂകരണത്തിന് വേണ്ടി വിവിധ പദ്ധതികൾ സംയോജിപ്പിക്കുന്ന

തിനും വിവിധ മേഖലകളിലെ വിഹിതം ദാരിദ്ര്യ ലഘൂകരണത്തിന് പ്രയോജനപ്പെടുമെന്ന് ഉറപ്പുവരുത്തുന്നതിനും ഈ ശില്പശാലയിലൂടെ കഴിയണം.

**1 ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതിയുടെ കരട് തയ്യാറാക്കൽ**

മുനിസിപ്പാലിറ്റിയിലെ /കോർപ്പറേഷനിലെ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ജനറൽ ബോഡിയിലെ അംഗങ്ങൾ എന്നിവരുടെ സംയുക്തയോഗത്തിലാണ് ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കേണ്ടത്. ഇപ്രകാരം തയ്യാറാക്കുന്ന കരട് ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതിയിൽ ചുവടെ കൊടുത്ത അധ്യായങ്ങൾ ഉണ്ടാകണം:-

- നഗരസഭാ പ്രദേശത്തിലെ ദാരിദ്ര്യത്തിന്റെ അവസ്ഥാ വിശകലനം
- കഴിഞ്ഞ പത്ത് വർഷത്തെ അനുഭവങ്ങളുടെ സംക്ഷിപ്ത വിവരണം
- ദാരിദ്ര്യവുമായി ബന്ധപ്പെട്ട വസ്തുതകളും പ്രശ്നങ്ങളും
- ദാരിദ്ര്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും അവയുടെ മുൻഗണനയും
- നിർദ്ദേശിക്കുന്ന പ്രോജക്ടുകളും വിഹിതവും
- ആകെ ചെലവും വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വകയിരുത്തലും
- നിർവ്വഹണ രീതി.

**2. അഗതികൾക്ക് ആശ്രയ പ്രോജക്ട് തയ്യാറാക്കൽ**

ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്ക് വേണ്ടി ആശ്രയ എന്ന സ്പഷ്ടമായ പ്രോജക്ട് ഉണ്ടായിരിക്കണം. ആശ്രയ പ്രോജക്ട് തയ്യാറാക്കുക എന്നത് മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും ചുമതലയാണ്. ആശ്രയ പദ്ധതിയിലെ നിശ്ചിതഘടകങ്ങൾക്കു വേണ്ട സഹായം ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും നൽകണം.

ആശ്രയ പ്രോജക്ട് തയ്യാറാക്കുന്നതിന്റെ ആദ്യപടിയായി കുടുംബശ്രീ ആവിഷ്ക്കരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തണം. അതിന് ചുവടെ കൊടുത്തിരിക്കുന്ന ഒമ്പത് മാനദണ്ഡങ്ങളിൽ ഏഴ് മാനദണ്ഡമെങ്കിലും ബാധകമായ എല്ലാ കുടുംബങ്ങളുടെയും പട്ടിക തയ്യാറാക്കണം.

**നഗരപ്രദേശങ്ങൾ**

- ഭൂരഹിതർ/അഞ്ച്സെന്റ് ഭൂമിയിൽ താഴെയുള്ളവർ
- ഭവനരഹിതർ/ജീർണ്ണിച്ച വീട്ടിൽ താമസിക്കുന്നവർ
- 150 സെന്റീമീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ലാത്തവർ

- ജോലിയുള്ള ഒരാൾ പോലുമില്ലാത്ത കുടുംബം. ഒരു മാസം 10 ദിവസത്തിൽ താഴെമാത്രം ജോലി.
- വനിത കുടുംബനാഥയായിട്ടുള്ള കുടുംബം
- ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ പിടിപെട്ടവരോ ഉള്ള കുടുംബം
- പട്ടികജാതി/പട്ടികവർഗ്ഗ കുടുംബം
- കളർ ടെലിവിഷൻ ഇല്ലാത്ത കുടുംബം

**ഇപ്രകാരം കണ്ടെത്തുന്ന കുടുംബങ്ങളെ അംഗത്വത്തിലേക്ക് നയിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ വീണ്ടും പരിശോധിക്കേണ്ടതാണ്.**

- ഭക്ഷണത്തിന് വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരുംതന്നെ യില്ലാത്ത കുടുംബം.
- ഭിക്ഷാടനം തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ
- അതിക്രമങ്ങൾക്ക് ഇരയായിട്ടുള വനിതകൾ
- രാത്രികാലം പൊതുസ്ഥലങ്ങളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ
- സാമ്പത്തികപരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്ന വർ/വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ
- തെരുവ്കുട്ടികൾ, ദുർഗുണ പരിഹാര പാഠശാല (juvainal home), അഗതി മന്ദിരം (poor home)എന്നിവിടങ്ങളിൽ കഴിയുന്ന കുട്ടികൾ ഉള്ള കുടുംബം
- കുടുംബം പോറ്റുന്നതിന് തൊഴിൽ ചെയ്യാൻ നിർബന്ധിതരായ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ ഉള്ള കുടുംബം
- ലൈംഗികതൊഴിലാളികൾ (commercial sex workers) ഉള്ള കുടുംബം
- അബല മന്ദിരത്തിൽ താമസിക്കുന്ന വനിത അംഗമായിട്ടുള്ള കുടുംബം
- ചേരിപ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബം

ആദ്യം തയ്യാറാക്കിയ പട്ടികയിൽ മുകളിൽ വിവരിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള വ്യത്യസ്ഥ മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒന്ന് ബാധകമായ കുടുംബത്തെ അഗതി കുടുംബമായി കണക്കാക്കാവുന്നതാണ്.

മുകളിൽ വിവരിച്ച പ്രകാരം അഗതി കുടുംബങ്ങളുടെ പട്ടിക അയൽക്കൂട്ടം തയ്യാറാക്കി കഴിഞ്ഞാൽ അയൽക്കൂട്ട അംഗങ്ങൾ കഴിയുന്നിടത്തോളം വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കൊപ്പം ടീമുകളായി ഓരോ അഗതി കുടുംബവും സന്ദർശിക്കണം. ഓരോ ടീമും സന്ദർശിക്കുന്ന അഗതി കുടുംബത്തിന്റെ ഒരു രൂപരേഖ തയ്യാറാക്കണം. ഇതിനാവശ്യമായ

ഫോറങ്ങൾ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ലഭ്യമാക്കുന്നതാണ്. കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ പട്ടിക വാർഡ്സഭയിൽ അവതരിപ്പിച്ച് അംഗീകാരം തേടണം. ഇത് സംബന്ധിച്ച് ഉണ്ടാകുന്ന ഓരോ പരാതിയും സൂക്ഷ്മമായി പരിശോധിക്കേണ്ടതും വിശദമായ റിപ്പോർട്ട് വാർഡ്സഭയുടെ അടുത്തയോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

**അഗതി കുടുംബങ്ങൾക്കുവേണ്ടിയുള്ള പരിചരണ സേവനങ്ങളുടെ പാക്കേജ്**

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ദരിദ്രർക്കു വേണ്ടിയുള്ള നിലവിലുള്ള പരിപാടികൾക്കു പുറമേ, അഗതി കുടുംബങ്ങൾക്കായി ആശ്രയ പദ്ധതി പ്രകാരം പരിചരണ സേവനങ്ങളുടെ ഒരു പാക്കേജ് (package of care service) തയ്യാറാക്കേണ്ടതാണ്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ഭക്ഷണം**

- 65 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ അഗതികൾക്കും അന്നപൂർണ്ണ പദ്ധതി പ്രകാരം ഭക്ഷ്യധാന്യം സൗജന്യമായി ലഭ്യമാക്കണം.
- പെൻഷനോ മറ്റ് യാതൊരു വരുമാന മാർഗ്ഗമോയില്ലാത്ത, കൊടിയ ദാരിദ്ര്യം അനുഭവിക്കുന്ന അഗതി കുടുംബങ്ങൾക്ക് അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യണം. ഭക്ഷ്യധാന്യത്തിന്റെ വില നഗരസഭയ്ക്ക് നൽകുന്ന കുടുംബശ്രീ അഗതി പുനരധിവാസ ഫണ്ടിൽ നിന്നും കുടുംബങ്ങളുടെ റേഷൻകാർഡ് രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുവിതരണ കേന്ദ്രത്തിൽ (റേഷൻഷോപ്പിൽ) നേരിട്ട് ഒടുക്കേണ്ടതാണ്.
- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ദീർഘകാലമായി രോഗബാധിതർ, നിത്യരോഗികൾ, വളരെയേറെ പ്രായമുള്ളവർ എന്നിവർ മാത്രവും ഭക്ഷണം പാകം ചെയ്യാൻ ശേഷിയുള്ള ഒരാൾപോലും ഇല്ലാത്തതും ആയ അഗതി കുടുംബങ്ങൾക്ക് അങ്കണവാടികളിലൂടെ ഭക്ഷണം വിതരണം ചെയ്യണം. ഈ ചുമതല കുടുംബശ്രീ അയൽക്കൂട്ടങ്ങളെയും ഏരിയ ഡെവലപ്പമെന്റ് സൊസൈറ്റികളെയും ഏൽപ്പിക്കാവുന്നതാണ്. ഈ വിഭാഗത്തിലെ അംഗങ്ങൾക്ക് ഭക്ഷണം പാകം ചെയ്ത് വിതരണം നടത്തുന്നതിനുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനത്തിന്റെ അഗതി പുനരധിവാസ ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്. അപ്രകാരം ഒരു മാസം ഭക്ഷണം പാകം ചെയ്ത് നൽകുന്നതിനാവശ്യമായ തുക മുൻകൂറായി ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റികൾക്ക് നൽകാവുന്നതാണ്.

**ആരോഗ്യ സുരക്ഷ**

- ക്ഷയം, കുഷ്ഠം, ക്യാൻസർ, എയ്ഡ്സ്, ഹൃദ്രോഗം, വൃക്ക/മസ്തിഷ്ക സംബന്ധമായ രോഗങ്ങൾ തുടങ്ങിയവയ്ക്ക് ഇരയായിട്ടുള്ള അഗതികളുടെ ചികിത്സയ്ക്കായി കൈമാറ്റം ചെയ്തിട്ടുള്ള ആശുപത്രികളിൽ ലഭ്യമായ സേവനം പ്രയോജനപ്പെടുത്തണം. ഇതിനായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേക നടപടി സ്വീകരിക്കണം.

- അഗതി കുടുംബങ്ങളുടെ വ്യത്യസ്തങ്ങളായ ആരോഗ്യആവശ്യങ്ങൾ ശ്രദ്ധയോടെ നിരീക്ഷിക്കേണ്ട ചുമതല പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനാണ്.
- അഗതി കുടുംബങ്ങൾക്ക് ഏത് രീതിയിലാണ് സേവനം പ്രാധാനം ചെയ്യേണ്ടതെന്ന് തീരുമാനിക്കുന്നത് പ്രാഥമികാരോഗ്യ കേന്ദ്രവും നഗരസഭയും കൂടിയാലോചിച്ചായിരിക്കണം
- നിലവിലുള്ള പരിപാടികൾ/വികസന ഫണ്ട്/മറ്റ് സ്രോതസ്സുകൾ എന്നിവയിൽ നിന്ന് മുനിസിപ്പാലിറ്റി / കോർപ്പറേഷൻ ആവശ്യമായ വിഭവം കണ്ടെത്തേണ്ടതാണ്.
- മുകളിൽ പ്രതിപാദിച്ച വിഭാഗത്തിലെ രോഗങ്ങളുടെ ചികിത്സയ്ക്ക് മെഡിക്കൽ കോളേജുകളിലും ജില്ലാ/ജനറൽ ആശുപത്രികളിലും ലഭ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനവും പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനു വേണ്ടി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതും ചെലവ് അഗതി പുനരധിവാസ ഫണ്ടിൽ നിന്നും വഹിക്കാവുന്നതുമാണ്.
- ആധുനിക സൗകര്യങ്ങളുള്ള സ്വകാര്യ ആശുപത്രികളെകൊണ്ട് രോഗബാധിതരായ അഗതികളുടെ ചികിത്സ സൗജന്യമായി സ്പോൺസർ ചെയ്യിക്കുന്നതിന് നഗരസഭ പരിശ്രമിക്കേണ്ടതാണ്.
- പ്രധാനമന്ത്രിയുടെ/മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അഗതികൾക്ക് ചികിത്സാസഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ നഗരസഭകൾ സ്വീകരിക്കേണ്ടതാണ്.
- രോഗബാധിതരായ അഗതികൾക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കണം. അതിന് പ്രാഥമികാരോഗ്യ കേന്ദ്രം/ഇതര സർക്കാർ ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമായ ഫണ്ട് ഉപയോഗിക്കാവുന്നതാണ്. ആവശ്യമാണെങ്കിൽ അഗതി പുനരധിവാസ ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്. ഈ പ്രക്രിയയിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന് ആരോഗ്യമേഖലയിലെ വിദഗ്ദ്ധർ ഉൾപ്പെടുന്ന കമ്മിറ്റി ആവശ്യമായ മരുന്നുകൾ ഏത് എന്ന് നിശ്ചയിക്കേണ്ടതും അവ വാങ്ങി അഗതികളായ രോഗികൾക്ക് നൽകുകയും വേണം. രോഗികൾക്കാവശ്യമായ മരുന്നുകൾ യഥാസമയം ലഭിക്കുന്നുണ്ടെന്ന് അയൽക്കൂട്ടങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.
- പരോപകാര തൽപ്പരരായ വ്യക്തികളെയും ധർമ്മ സ്ഥാപനങ്ങളെയും അഗതികളുടെ ചികിത്സാ ആവശ്യങ്ങൾ സ്പോൺസർ ചെയ്യുവാൻ പ്രേരിപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ സ്പോൺസർമാരെ കണ്ടെത്തുന്നത് ആവശ്യമായ പരിചരണ പ്രവർത്തനങ്ങൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കാവുന്നതാണ്.
- തദ്ദേശഭരണ സ്ഥാപനതലത്തിൽ സന്നദ്ധ സേവന തൽപ്പരരായ ആതുര ശുശ്രൂഷാ പ്രവർത്തകരുടെ ഒരു സമിതി രൂപീകരിക്കുകയും അഗതികൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവരുടെ സേവനം ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

**ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ആശ്വാസം നൽകൽ**

- സ്വർണ്ണജയന്തി ഷഹരി റോസ്ഗാർ യോജന എന്ന കേന്ദ്രാവിഷ്കൃത പരിപാടികളിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അനുവദനീയമായ മൂന്ന് ശതമാനം തുക വിനിയോഗിക്കുന്ന പ്രോജക്ടുകൾ, ആശ്രയ കുടുംബങ്ങളിലെ ശാരീരിക- മാനസിക വെല്ലുവളികൾ നേരിടുന്നവർക്ക് പ്രത്യേക മുൻഗണന നൽകി നടപ്പാക്കേണ്ടതാണ്.
- കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം നൽകുവാനുള്ള പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കണം.
- പൊതുവിഭാഗം വികസനഫണ്ട് വിനിയോഗിച്ച് അഗതി കുടുംബങ്ങളിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.
- ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ തൊഴിലധിഷ്ഠിത പ്രോജക്ടുകൾക്ക് കേന്ദ്ര/സംസ്ഥാന സോഷ്യൽ വെൽഫെയർ അഡ്വൈസറി ബോർഡിൽ നിന്നും സാമ്പത്തികസഹായം ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

അഗതികളിൽ അർഹരായവർക്ക് വാർദ്ധക്യകാല പെൻഷനും മറ്റു പെൻഷനുകളും അനുവദിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉയർന്ന മുൻഗണന നൽകണം.

വൃദ്ധരുടെ ക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള ഉചിതമായ പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**കിടപ്പാടം**

- ഭൂരഹിതരായ എല്ലാ അഗതികുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിന് ഭൂമിവാങ്ങി നൽകിയതിനു ശേഷം മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകുവാൻ പാടുള്ളൂ.
- അഗതി കുടുംബങ്ങളുടെ പുനരധിവാസത്തിന് നഗരപ്രദേശങ്ങളിൽ 1 1/2 സെന്റിൽ കുറയാതെ ഭൂമി കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ കണ്ടെത്തേണ്ടതാണ്. ഭൂമിയുടെ വില, പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കായി നടപ്പാക്കുന്ന സമാന പരിപാടികൾക്ക് നിശ്ചയിച്ചിട്ടുള്ള ഉയർന്ന പരിധിക്ക് വിധേയമായി ഭൂവുടമയ്ക്ക് നേരിട്ട് നൽകാവുന്നതാണ്.

**പാർപ്പിടം**

- ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ സഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിനു ശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകുവാൻ പാടുള്ളൂ.

- അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

**കുടിവെള്ളം**

- നിലവിലുള്ള കുടിവെള്ള പ്രോജക്ടുകളിൽ അഗതി കുടുംബങ്ങളുടെ വീടുകൾക്ക് ഏറ്റവും സമീപത്തായി പബ്ലിക്ക് സ്റ്റാന്റ് പോസ്റ്റ് സ്ഥാപിക്കേണ്ടതാണ്.
- പുതുതായി ആരംഭിക്കുന്ന കുടിവെള്ള പ്രോജക്ടുകളിൽ അഗതി കുടുംബങ്ങൾ കൂടുതലുള്ള പ്രദേശങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.
- അഗതി കുടുംബങ്ങൾക്കായി തുറസ്സായ കിണർ കുഴിക്കാവുന്നതാണ്.

**വിദ്യാഭ്യാസം**

- അഗതി കുടുംബങ്ങളിൽ സ്കൂളിൽ ചേരാത്ത കുട്ടികളുണ്ടെങ്കിൽ അവരെ കണ്ടെത്തി എല്ലാവരെയും സ്കൂളിൽ പ്രവേശിപ്പിക്കാൻ നടപടി സ്വീകരിക്കണം
- വിദ്യാഭ്യാസം ഉപേക്ഷിച്ചവരെ വീണ്ടും സ്കൂളിൽ ചേർക്കാൻ നടപടി സ്വീകരിക്കുന്നതിലൂടെ അഗതി കുടുംബങ്ങളിലെ 18 വയസ്സിൽ താഴെ പ്രായമുള്ള എല്ലാ കുട്ടികളും വിദ്യാഭ്യാസം ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തണം.
- അഗതി കുടുംബത്തിലെ സ്കൂൾ കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ, യൂണിഫോം, കുട, ചെരുപ്പ്, സ്കൂൾബാഗ് മുതലായവ ലഭ്യമാക്കുന്നതിനുള്ള സഹായങ്ങൾ വ്യക്തികളോ, സംഘടനകളോ ഏർപ്പെടുത്തുന്ന സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുന്നതിന് ശ്രമിക്കണം.
- അഗതി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്താൻ പ്രത്യേക കോച്ചിംഗ് ഏർപ്പെടുത്താവുന്നതാണ്. ഇതിനായി യോഗ്യതയുള്ള ബിരുദധാരികൾ, കോളേജ് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സാക്ഷരതാ പ്രേരക്മാർ മുതലായവരെ ഉൾപ്പെടുത്തി ഒരു സപ്പോർട്ട് ഗ്രൂപ്പ് (support group) മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ രൂപീകരിക്കാവുന്നതാണ്. ഇതിനാവശ്യമായ സംഘാടന ചെലവ് കുടുംബശ്രീ അഗതി പുനരധിവാസഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്. എന്നാൽ ഹോണറേറിയം അനുവദിക്കാൻ പാടില്ല.

**സാമൂഹ്യമായ ഒറ്റപ്പെടൽ**

- അഗതി കുടുംബത്തിലെ അംഗങ്ങളെ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തുവാൻ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ നടപടികൾ സ്വീകരിക്കണം. അപ്രകാരം അവരുടെ സാമൂഹ്യമായ ഒറ്റപ്പെടൽ (social excludion)അവസാനിപ്പിക്കണം.
- അഗതി കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ നിർവ്വഹണം, മേൽനോട്ടം, മോണിറ്ററിംഗ് മുതലായ കാര്യങ്ങൾ അയൽക്കൂട്ടങ്ങളുടെ ചുമതലയിലായിരിക്കണം.

- അഗതി കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പൗരസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നുതിനുള്ള ശ്രമങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, അഗതികളെ കണ്ടെത്തുന്നതിനുള്ള സർവേ എന്നിവ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കണം.
- അഗതി കുടുംബങ്ങളിലെ അംഗങ്ങളുടെ സർഗ്ഗവാസന വികസിപ്പിക്കുന്നതിനും അവരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും സമൂഹത്തിലെ മറ്റു വിഭാഗങ്ങൾക്കൊപ്പം ഇടപഴകുന്നതിനുള്ള ആത്മ ബലം നൽകുന്നതിനും അനുയോജ്യമായ കൗൺസിലിംഗ് സംഘടിപ്പിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.
- അഗതികളുടെ മാനസിക ശാരീരിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ മന:ശാസ്ത്രജ്ഞന്മാരുടെയും വിദഗ്ദ്ധരുടെയും പ്രൊഫഷണൽ ഉപദേശാനുസരണം തദ്ദേശഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. അതിന്റെ ചെലവ് പൊതുവിഭാഗം വികസനഫണ്ടിൽ ഉൾപ്പെടുത്താവുന്നതാണ്.

**വസ്ത്രം**

വസ്ത്രം സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കാൻ ശ്രമിക്കേണ്ടതാണ്. പട്ടികവർഗ്ഗ വിഭാഗത്തിലെ ആശ്രയകുടുംബത്തിൽ ഉൾപ്പെട്ടവർക്ക് വസ്ത്രം നൽകേണ്ടിവരുന്നുവെങ്കിൽ സ്പോൺസർഷിപ്പ് ലഭിക്കാതെ വരുമ്പോൾ ചലഞ്ച് ഫണ്ടിൽ നിന്നും വസ്ത്രം ലഭ്യമാക്കാവുന്നതാണ്.

**തൊഴിൽ പരിശീലനവും തൊഴിലും**

- അഗതി കുടുംബങ്ങളെ ഘട്ടംഘട്ടമായി സ്വയംപര്യാപ്തിയിലേക്ക് നയിക്കുന്നതിന്റെ ഭാഗമായി സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
- ആശ്രയ കുടുംബങ്ങൾക്ക് അനുയോജ്യമായ സംരംഭങ്ങൾ കണ്ടെത്തി ആയത് വിജയകരമായി നടപ്പിലാക്കുന്നതിന് ആവശ്യമായ പരിശീലനം നൽകാവുന്നതാണ്. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളും നഗരസഭകളും കുടുംബശ്രീ മിഷനും നടപ്പിലാക്കുന്ന വൈദഗ്ദ്ധ്യ പരിശീലന പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്.
- ആശ്രയ കുടുംബങ്ങളിലെ തൊഴിൽ ചെയ്യുവാൻ ശേഷിയുള്ള അംഗങ്ങളെ ദേശീയ തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള തൊഴിൽകാർഡ് ലഭ്യമാക്കി തൊഴിലിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർ സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുമ്പോൾ സബ്സിഡിക്കുപുറമേ ബാങ്ക് വായ്പയ്ക്കു തുല്യമായ തുക പ്രത്യേക അപേക്ഷ പ്രകാരം കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്നും അനുവദിക്കാവുന്നതാണ്.

**പുനരധിവാസം**

സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തതും, ആരോഗ്യപരമായി പ്രശ്നങ്ങൾ ഉള്ളവരും ഒറ്റപ്പെട്ടവരുമായവരെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പുനരധിവാസ കേന്ദ്രങ്ങളിൽ

എത്തിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനത്തിന് സ്വന്തമായി പുനരധിവാസ കേന്ദ്രം ഇല്ലായെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ /സി.ഡി.എസ്സിന്റെ ഉത്തരവാദിത്വത്തിൽ ഏറ്റവും അടുത്ത സർക്കാർ അംഗീകൃത പുനരധിവാസ കേന്ദ്രത്തിൽ പ്രവേശിപ്പിക്കണം. ഇതിനാവശ്യമായ പ്രാഥമിക ചെലവുകൾ ആശ്രയ ഫണ്ടിൽ നിന്നും ഉപയോഗിക്കാവുന്നതാണ്.

**റിസർവ്വ്ഫണ്ട്**

ചലഞ്ച് ഫണ്ടായി അനുവദിക്കുന്ന തുകയുടെ ഒരു ശതമാനം അത്യാവശ്യ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി അക്കൗണ്ടിൽ റിസർവ്വ് ഫണ്ടായി സൂക്ഷിക്കേണ്ടതാണ്. ആശ്രയ പ്രോജക്ടിലെ കുടുംബാംഗങ്ങൾക്ക് പെട്ടെന്നുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ, മറ്റു അത്യാഹിതങ്ങൾ എന്നിവ നേരിടുന്നതിന് ഈ തുക സി.ഡി.എസ്. തീരുമാനപ്രകാരം ഉപയോഗിക്കാവുന്നതും വിലയിരുത്തൽ സമിതിയിൽ സാധൂകരണം വാങ്ങേണ്ടതുമാണ്.

**മോണിറ്ററിംഗ്**

ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം മോണിറ്ററിംഗ് സമിതിയിൽ നിക്ഷിപ്തമാണ്. ആശ്രയ പ്രോജക്ടിന്റെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഉപസമിതി രൂപീകരിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനായിരിക്കണം ഇതിന്റെ അദ്ധ്യക്ഷൻ. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, തദ്ദേശ ഭരണ സെക്രട്ടറി, സി.ഡി.എസ്. ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ആപ്പീസർ, അങ്കണവാടി സൂപ്പർവൈസർ, സി.ഡി.എസ്സിലെ സാമൂഹ്യ വികസന (ആശ്രയ)ത്തിന്റെ ചുമതലയുള്ള അംഗം, ഈ രംഗത്ത് പ്രവർത്തിക്കാൻ താല്പര്യമുള്ള രണ്ട് സാമൂഹ്യപ്രവർത്തകർ തുടങ്ങിയവർ അംഗങ്ങളായിരിക്കും. ഉപസമിതിയുടെ റിപ്പോർട്ട് നഗരസഭാ സമിതിയിൽ വിലയിരുത്തേണ്ടതാണ്. രണ്ടു മാസത്തിലൊരിക്കൽ നഗരസഭാ സമിതി നിർബന്ധമായും ആശ്രയ പദ്ധതി നടത്തിപ്പ് വിലയിരുത്തേണ്ടതാണ്. നഗരസഭാ സമിതിയുടെ റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

ജില്ലാ ആസൂത്രണ സമിതിയുടെ കീഴിൽ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ സന്ദർശിച്ച് പദ്ധതി വിലയിരുത്തൽ നടത്തുന്നതിന് ചുമതലപ്പെടുത്തേണ്ടതാണ്. ഡി.പി.സി. ചെർപേഴ്സൺ ചെയർപേഴ്സണും, ജില്ലാ കളക്ടർ കൺവീനറുമായ സമിതിയിൽ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ, ജില്ലാ മെഡിക്കൽ ആഫീസർ, ജില്ലാ സാമൂഹ്യക്ഷേമ ആഫീസർ തുടങ്ങിയ ഔദ്യോഗിക അംഗങ്ങൾക്കു പുറമെ, വിദഗ്ദ്ധ അംഗങ്ങളായി കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ പ്രതിനിധി, പുനരധിവാസ പ്രവർത്തനരംഗത്തേയും സാമൂഹ്യശാസ്ത്രരംഗത്തേയും വിദഗ്ദ്ധരും കൂടാതെ രണ്ടു സാമൂഹ്യപ്രവർത്തകരേയും അംഗങ്ങളായി ഉൾപ്പെടുത്താവുന്നതാണ്. ആവശ്യമെങ്കിൽ കൂടുതൽ അംഗങ്ങളെ സമിതിയിൻ ഉൾപ്പെടുത്താവുന്നതാണ്. സമിതിയുടെ അംഗങ്ങൾ പരമാവധി 15 പേർ വരെ ആകാം.

ആശ്രയപ്രവർത്തന പുരോഗതി വിലയിരുത്തൽ പ്രോജക്ടിന്റെ ഗുണനിലവാരം പരിശോധിക്കൽ, വിവിധ സ്പോൺസർഷിപ്പുകൾ കണ്ടെത്താൻ സഹായിക്കൽ തുടങ്ങിയവയാണ് സമിതിയുടെ മുഖ്യ ചുമതലകൾ. ഈ സമിതി പ്രവർത്തന പുരോഗതിയും വിലയിരുത്തലും സർക്കാറിന് സമർപ്പിക്കേണ്ടതാണ്.

ഒരു പ്രോജക്ട് രൂപീകരിച്ച് അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ അടുത്ത സാമ്പത്തിക വർഷത്തിൽ നിർബന്ധമായും സ്പിൽ ഓവറായി പദ്ധതി പ്രവർത്തനം തുടരേണ്ടതാണ്.

ആശ്രയ പ്രോജക്ടുകളുടെ സേവന ഗുണനിലവാരം വിലയിരുത്തുന്നതിനായി കുടുംബശ്രീ സംസ്ഥാനമിഷൻ പ്രത്യേക വിദഗ്ദ്ധ സംഘത്തെ നിയോഗിക്കേണ്ടതാണ്.

ഓരോ ആശ്രയ കുടുംബവും ഉൾപ്പെടുന്ന അയൽക്കൂട്ടം പ്രസ്തുത കുടുംബത്തിനായുള്ള പ്രോജക്ട് ഘടകങ്ങളുടെ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. പ്രോജക്ട് പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് അയൽക്കൂട്ടം സെക്രട്ടറി/പ്രസിഡണ്ട്, എ.ഡി.എസ്., സി.ഡി.എസ്. കമ്മിറ്റികളിൽ വിവരം നൽകേണ്ടതാണ്. ഇതിനായി ബന്ധപ്പെട്ട അയൽക്കൂട്ടങ്ങൾ ഒരു ആശ്രയ മോണിറ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ആശ്രയ പ്രോജക്ടുകൾ പരിശോധിക്കുന്നതിന് ജില്ലാ ആസൂത്രണസമിതി തലത്തിൽ ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അംഗീകരിച്ച ആശ്രയ പ്രോജക്ടിന്റെ ഒരു പകർപ്പ് സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷന് അയച്ച് കൊടുത്ത് പ്രോജക്ടിന്റെ അടങ്കലിന്റെ 40 ശതമാനമോ 15 ലക്ഷം രൂപയോ ഏതാണ് കുറവ് ആ തുക സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്ന് ലഭ്യമാക്കുന്നതിന് നടപടി ആവശ്യപ്പെടേണ്ടതാണ്.

**പ്രത്യേക ഘടകപദ്ധതി**

- പട്ടികജാതിക്കാരുടെ വിഭാക്കാരുടെ വികസനത്തിനുവേണ്ടി ഓരോ തദ്ദേശഭരണ സ്ഥാപനവും പദ്ധതിയുടെ ഭാഗമായി പ്രത്യേക ഘടകപദ്ധതി കൂടി തയ്യാറാക്കണം.അതിന്റെ വിശദാംശങ്ങൾ തയ്യാറാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തണം.
- പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യ വികസനം എന്നീ മൂന്ന് വിഭാഗങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.
- ഓരോ കുടുംബകേന്ദ്രീകൃത സമീപനത്തി (Household Centered Approach)ന്റേയും സാമൂഹ്യ സാമ്പത്തിക വികസനത്തിനാണ് മുഖ്യ ഊന്നൽ. ആശ്രയ മാതൃകയിൽ കുടുംബത്തെ ഒരു യൂണിറ്റായി പരിഗണിച്ച് അവരുടെ ആവശ്യങ്ങളും തുടർന്ന് ഹാബിറ്റാറ്റ് ഒരു യൂണിറ്റായും പരിഗണിച്ച് അവയുടെ ആവശ്യങ്ങളും നിർണ്ണയിക്കാം. ഇതിന് സഹായകരമായ വിശദമായ സ്ഥിതിവിവര കണക്കുകൾ ലഭ്യമാണ്. ഇവയ്ക്കുള്ള മാനദണ്ഡം തദ്ദേശസ്വയംഭരണ സ്ഥാപനം തീരുമാനിക്കണം.

- വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ടു പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും പട്ടികജാതി വിഭാഗക്കാരുടെ പൊതുസൗകര്യ വികസനത്തിനായുള്ള പ്രോജക്ടുകളും തയ്യാറാക്കാവുന്നതാണ്.
- വ്യക്തികൾക്കും കുടുംബങ്ങൾക്കും പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് മുമ്പ് ഓരോ ഗ്രാമപഞ്ചായത്തും നഗരഭരണ സ്ഥാപനവും മുഴുവൻ ബി.പി. എൽ കുടുംബങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് ആശ്രയ മാതൃകയിൽ ഒരു പരിപാടി തയ്യാറാക്കണം. ഓരോ കുടുംബത്തിലേയും ഓരോ വ്യക്തിയുടേയും ആവശ്യങ്ങൾ അതിൽ പരിഗണിക്കപ്പെടണം. 2010-2011 ൽ പട്ടികജാതി വിഭാഗത്തെ സംബന്ധിച്ച് നടത്തിയ സർവ്വെയുടെ അടിസ്ഥാനത്തിലായിരിക്കണം ഗുണഭോക്തൃ കുടുംബങ്ങളേയും ഗുണഭോക്തൃ പ്രദേശവും പ്രവർത്തനങ്ങളും നിശ്ചയിക്കേണ്ടത്.
- കുറഞ്ഞത് അഞ്ച് പട്ടികജാതി കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന ഒരു പ്രദേശം പട്ടികജാതി സങ്കേതമായി കണക്കാക്കി അവിടെ കുടിവെള്ളം, വൈദ്യുതി എന്നീ പൊതുസൗകര്യങ്ങൾക്കായി പ്രത്യേക ഘടകപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്.
- റോഡ്, വൈദ്യുതി, കുടിവെള്ളം എന്നീ പൊതു സൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടികജാതിക്കാരാണെങ്കിൽ മാത്രമേ പ്രത്യേക ഘടകപദ്ധതി വിഹിതം വകയിരുത്താവൂ. ജലസേചന പ്രോജക്ടാണെങ്കിൽ മൊത്തം ജലസേചനം നടത്തപ്പെടുന്ന കൃഷിഭൂമിയുടെ അമ്പത് ശതമാനത്തിലധികം പട്ടികജാതി വിഭാഗക്കാരുടേതായിരിക്കണം. ഇക്കാര്യം തെളിയിക്കുന്നതിനായി പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യ ഭൂപടം പ്രോജക്ടിനോടൊപ്പം തയ്യാറാക്കി വെയ്ക്കേണ്ടതും, ഭൂപടത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ സ്ഥാനവും പ്രയോജനം ലഭിക്കുന്ന എല്ലാ ഗുണഭോക്തൃ കുടുംബങ്ങളുടെയും സ്ഥാനവും (ജലസേചന പ്രോജക്ടുകളിൽ പ്രയോജനം ലഭിക്കുന്ന മൊത്തം കൃഷി സ്ഥലത്തിന്റെ സ്ഥാനം) അടയാളപ്പെടുത്തേണ്ടതും അപ്രകാരം അടയാളപ്പെടുത്തിയ സാമൂഹ്യ ഭൂപടത്തിൽ പട്ടികജാതി കുടുംബങ്ങളുടെ സ്ഥാനം (ജലസേചന പ്രോജക്ടുകളിൽ പട്ടികജാതി വിഭാഗക്കാരുടെ കൃഷി സ്ഥലത്തിന്റെ സ്ഥാനം) പ്രത്യേക നിറത്തിൽ കാണിച്ചിരിക്കേണ്ടതുമാണ്. പ്രോജക്ട് നടപ്പിലാക്കിയാൽ പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളുടെ വിലാസ പട്ടികയും ആതിൽ പട്ടികജാതി കുടുംബങ്ങളുടെ വിലാസപട്ടികയും സാമൂഹ്യഭൂപടത്തോടൊപ്പം ചേർത്തിരിക്കേണ്ടതാണ്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികകളും സാമൂഹ്യഭൂപടവും ബന്ധപ്പെട്ട പ്രദേശത്തിന്റെ ചുമതലയുള്ള പട്ടികജാതി വികസന വകുപ്പിലെ പട്ടികജാതി വികസന ഓഫീസർ സ്ഥലപരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതും അതോടൊപ്പം സാമൂഹ്യ ഭൂപടത്തിൽ താഴെ പറയുന്ന പ്രകാരം ഒരു സർട്ടിഫിക്കറ്റ് എഴുതി മേൽപറഞ്ഞ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.................................തദ്ദേശഭരണ സ്ഥാപനത്തിന്റെ............................................ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള......................................പ്രോജക്ട് ഞാൻ പരിശോധിക്കുകയും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളും പ്രവർത്തനങ്ങളും

ഞാൻ മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു. പ്രോജക്ട് മുഖേന പ്രയോജനം ലഭിക്കുന്ന ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ/ജലസേചനം നടത്തുന്ന കൃഷിസ്ഥലത്തിന്റെ ഉടമസ്ഥരിൽ അമ്പത് ശതമാനത്തിൽ അധികം പട്ടികജാതിക്കാരാണെന്ന് ഞാൻ നേരിട്ട് സ്ഥലപരിശോധന നടത്തിയതിൽ നിന്ന് എനിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ഈ പ്രോജക്ടിനു വേണ്ടി തയ്യാറാക്കിയ സാമൂഹ്യഭൂപടവും പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളുടെ വിലാസപ്പട്ടികയും പ്രയോജനം ലഭിക്കുന്ന പട്ടികജാതി വിഭാഗ കുടുംബങ്ങളുടെ വിലാസപ്പട്ടികയും ഞാൻ സാക്ഷ്യപ്പെടുത്തി ഇതോടൊപ്പം സമർപ്പിക്കുന്നു.

സർക്കാർ നിശ്ചയിക്കുന്ന പരിധിക്ക് വിധേയമാക്കി മാത്രമേ പ്രത്യേക ഘടകപദ്ധതി വിഹിതം റോഡ് വികസന പരിപാടികൾക്ക് വകയിരുത്താവൂ.

### പട്ടികവർഗ്ഗ ഉപപദ്ധതി.

- പ്രത്യേക ഘടകപദ്ധതിക്ക് നിശ്ചയിച്ചിട്ടുള്ള എല്ലാ നിബന്ധനകളും നിർദ്ദേശങ്ങളും പട്ടികവർഗ്ഗ ഉപപദ്ധതിക്കും ബാധകമായിരിക്കുന്നതാണ്. അവയും ചുവടെ പറയുന്ന അധിക നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കണം.
- പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും പദ്ധതി രൂപീകരണ ഗ്രാമസഭകൾ/വാർഡ്സഭകൾ ചേരുന്നതിനു മുമ്പായി പട്ടികവർഗ്ഗ ഊരുകളിൽ അനുബന്ധം 7 ൽ നൽകിയിട്ടുള്ള കാര്യപരിപാടിക്ക് സമാനമായ രീതിയിൽ ഊരുകൂട്ടയോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ഊരിലെ ആകെ വോട്ടർമാരിൽ അമ്പതുശതമാനത്തിലധികം ഊരുകൂട്ട യോഗത്തിൽ പങ്കെടുത്തിരിക്കണം. ഊരുകൾക്ക് സമീപം അങ്ങിങ്ങായി ചിതറി കിടക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളിലെ പ്രായപൂർത്തിയായവരേയും ഊരുകൂട്ട യോഗത്തിലേക്ക് ക്ഷണിക്കേണ്ടതാണ്. ഊരുകൂട്ടയോഗത്തിൽ വെച്ച് പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിക്കേണ്ടതും രേഖപ്പെടുത്തേണ്ടതുമാണ്. ഊരുകൂട്ട യോഗത്തിൽ നിന്ന് ഒരു സ്ത്രീയെയും ഒരു പുരുഷനെയും തദ്ദേശഭരണ സ്ഥാപനതല പട്ടികവർഗ്ഗ ഉപപദ്ധതി രൂപീകരണ സമിതിയിലേക്ക് തിരഞ്ഞെടുക്കേണ്ടതാണ്. കൂടാതെ ഊരുമൂപ്പനേയും ഈ സമിതിയിലേക്ക് ക്ഷണിക്കേണ്ടതാണ്.
- ഊരുകൂട്ടത്തിലും വാർഡ്സഭയിലും നഗരസഭാതല വികസന സെമിനാറിലും പട്ടികവർഗ്ഗ ഉപപദ്ധതി സംബന്ധിച്ച ചർച്ചകൾക്ക് ശേഷം തദ്ദേശഭരണ സ്ഥാപനതല പട്ടികവർഗ്ഗ ഉപപദ്ധതി രൂപീകരണസമിതിയുടെ യോഗം പ്രത്യേകമായി വിളിച്ചു ചേർക്കേണ്ടതാണ്. ഈ യോഗത്തിൽ ഊരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർക്കും ഊരുമൂപ്പൻമാർക്കും പുറമെ മുഴുവൻ പട്ടികവർഗ്ഗ പ്രമോട്ടർമാരെയും, പട്ടികവർഗ്ഗ വികസന പ്രവർത്തനകമ്മിറ്റി അംഗങ്ങളെയും തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ ജനപ്രതിനിധികളെയും ക്ഷണിക്കേണ്ടതാണ്. ഈ യോഗത്തിൽ വെച്ച് നഗരസഭയും സംസ്ഥാനസർക്കാരും ചെയ്യേണ്ടതായ പ്രവർത്തനങ്ങളുടെ മുൻഗണനാ പട്ടികയാണ് തയ്യാറാക്കേണ്ടത്. ഭേദഗതി ആവശ്യമെന്ന് നഗരസഭ കരുതുന്നുവെങ്കിൽ ആയതിന് മേൽപറഞ്ഞ യോഗത്തിന്റെ അംഗീകാരം വീണ്ടും വാങ്ങിക്കേണ്ടതാണ്.

- പട്ടികവർഗ്ഗ ഉപപദ്ധതിയിൽ പരിചരണ സേവന പാക്കേജ് പരിഗണിച്ചു കൊണ്ടായിരിക്കണം പട്ടികവർഗ്ഗ ഉപപദ്ധതി തയ്യറാക്കേണ്ടത്.
- പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം റോഡ് നിർമ്മാണത്തിന് വകയിരുത്തുവാൻ പാടില്ല. എന്നാൽ പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്ക് മാത്രമുള്ള നടപ്പാതകളും (foot steps)നടപ്പാലങ്ങളും (foot bridges)നിർമ്മിക്കാവുന്നതാണ് (പരിധി 3 മീറ്റർ).

## പട്ടികവർഗ ഉപപദ്ധതിയിലെ പരിചരണ സേവനങ്ങളുടെ പാക്കേജ്

- പട്ടികവർഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് കുറഞ്ഞത് 50 ശതമാനം തുക പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ പട്ടികവർഗക്കാരുടെ പരിചരണസേവന പാക്കേജിന് വകയിരുത്തണമെന്ന് പട്ടികവർഗ ഉപപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖ നിഷ്കർഷിക്കുന്നു. ഇതിനർഹരായ പട്ടികവർഗ അഗതി കുടുംബങ്ങളെ ആശ്രയ പ്രോജക്ടിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഊരുകൂട്ടങ്ങൾ കണ്ടെത്തണം.

അർഹരായ പട്ടികവർഗ അഗതികൾക്ക് ചുവടെ വിവരിക്കുന്ന പരിചരണ സേവനങ്ങളുടെ പാക്കേജ് നൽകാവുന്നതാണ്.

**ഭക്ഷണം**

- 65 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ പട്ടികവർഗ അഗതികൾക്കും അന്നപൂർണ്ണ പദ്ധതി പ്രകാരം ഭക്ഷ്യധാന്യം സൗജന്യമായി നൽകണം.
- യാതൊരു വരുമാനമാർഗ്ഗവും ഇല്ലാത്ത, കൊടിയ ദാരിദ്ര്യം അനുഭവിക്കുന്ന പട്ടികവർഗ കുടുംബങ്ങൾക്ക്, അന്ത്യോദയ അന്നയോജന പരിപാടി പ്രകാരം ഭക്ഷണ ധാന്യം വിതരണം ചെയ്യണം. ഭക്ഷ്യധാന്യം നൽകുന്നതിനാവശ്യമായതുക പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും പട്ടികവർഗ അഗതി കുടുംബങ്ങൾ റേഷൻകാർഡ് രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുവിതരണ കേന്ദ്രത്തിൽ (റേഷൻഷോപ്പിൽ) നേരിട്ട് ഒടുക്കേണ്ടതാണ്.
- പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കുന്ന ഫുഡ് സപ്പോർട്ട് പ്രോഗ്രാമിലൂടെ ഭക്ഷ്യധാന്യ വിതരണം പട്ടികവർഗ്ഗ കുടുംബശ്രീ അയൽക്കൂട്ട ശൃംഖല മുഖേന ആയിരിക്കണം.
- ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ദീർഘകാലമായി രോഗബാധിതർ, നിത്യരോഗികൾ, വളരെയേറെ പ്രായമുള്ളവർ എന്നിവർ മാത്രവും ഭക്ഷണം പാകം ചെയ്യാൻ ശേഷിയുള്ള ഒരാൾ പോലും ഇല്ലാത്തതും ആയ പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾക്ക് അംഗൻവാടികളിലൂടെ ഭക്ഷണം വിതരണം ചെയ്യണം. ഈ ചുമതല കുടുംബശ്രീയുടെ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളെയും ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റികളെയും ഏൽപ്പിക്കാവുന്നതാണ്. ഈ വിഭാഗത്തിലെ അഗതികൾക്ക് ഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനത്തിന്റെ പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതത്തിൽ നിന്ന് വഹിക്കാവുന്നതാണ്. അപ്രകാരം ഒരുമാസം ഭക്ഷണം പാകം ചെയ്ത് നൽകുന്നതിനാവശ്യമായ തുക ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റികൾക്ക് മുൻകൂറായി നൽകാവുന്നതാണ്.

## ആരോഗ്യസുരക്ഷ

- ക്ഷയം, കുഷ്ഠം, ക്യാൻസർ, എയ്ഡ്സ്, ഹൃദ്രോഗം, വൃക്ക/മസ്തിഷ്ക സംബന്ധമായ രോഗങ്ങൾ തുടങ്ങിയവയ്ക്ക് ഇരയായിട്ടുള്ള പട്ടികവർഗ്ഗ അഗതികളുടെ ചികിത്സയ്ക്കായി കൈമാറ്റം ചെയ്തിട്ടുള്ള ആശുപത്രികളിൽ ലഭ്യമായ സേവനം പ്രയോജനപ്പെടുത്ത ണം. ഇതിനായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേക നടപടി സ്വീകരി ക്കണം.
- അഗതി കുടുംബങ്ങളുടെ വ്യത്യസ്തങ്ങളായ ആരോഗ്യ ആവശ്യങ്ങൾ ശ്രദ്ധയോടെ നിരീക്ഷിക്കേണ്ട ചുമതല പ്രാഥമികാരോഗ്യ കേന്ദ്രത്തിനാണ്.
- അഗതി കുടുംബങ്ങൾക്ക് ഏതു രീതിയിലാണ് സേവനം പ്രദാനം ചെയ്യേണ്ടതെന്ന് തീരുമാനിക്കുന്നത് പ്രാഥമികാരോഗ്യ കേന്ദ്രവും നഗരസഭ/ഗ്രാമപഞ്ചായത്തും കൂടിയാ ലോചിച്ചായിരിക്കണം.
- നിലവിലുള്ള പരിപാടികൾ/വികസനഫണ്ട്/മറ്റ് സ്രോതസ്സുകൾ എന്നിവയിൽ നിന്ന് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ആവശ്യമായ വിഭവം കണ്ടെത്തേണ്ടതാണ്.
- മുകളിൽ പ്രതിപാദിച്ച വിഭാഗത്തിലെ രോഗങ്ങളുടെ ചികിത്സയ്ക്ക് മെഡിക്കൽ കോളേ ജുകളിലും ജില്ലാ ജനറൽ ആശുപത്രികളിലും ലഭ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാ രുടെ സേവനവും പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനുവേണ്ടി പ്രത്യേക മെഡി ക്കൽക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതും ചെലവ് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിത ത്തിൽ നിന്നും വഹിക്കാവുന്നതുമാണ്.
- ആധുനിക സൗകര്യങ്ങളുള്ള സ്വകാര്യ ആശുപത്രികളെ കൊണ്ട് രോഗബാധിതരായ അഗതികളുടെ ചികിത്സ സൗജന്യമായി സ്പോൺസർ ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പരിശ്രമിക്കേണ്ടതാണ്.
- പ്രധാനമന്ത്രിയുടെ /മുഖ്യമന്ത്രിയുടെ /പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പു മന്ത്രി യുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പട്ടികവർഗ്ഗ അഗതികൾക്ക് ചികിത്സാസഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ തദ്ദേശഭരണസ്ഥാപനങ്ങൾ സ്വീകരിക്കേണ്ട താണ്.
- പട്ടികവർഗ്ഗ അഗതി കുടുംബങ്ങളിലെ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ സൗജ ന്യമായി ലഭ്യമാക്കണം. അതിന് പ്രാഥമിക ആരോഗ്യകേന്ദ്രം/ഇതര സർക്കാർ ആശുപ ത്രികൾ എന്നിവിടങ്ങളിൽ ലഭ്യമായ ഫണ്ട് ഉപയോഗിക്കാവുന്നതാണ്. ആവശ്യമെങ്കി ൽ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതവും വിനിയോഗിക്കാവുന്നതാണ്. ഈ പ്രക്രിയയിൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് ആരോഗ്യമേഖല വിദഗ്ദ്ധർ അടങ്ങുന്ന ഒരു ടെക്നി ക്കൽ കമ്മിറ്റി ആവശ്യമായ മരുന്നുകൾ ഏതെന്ന് നിശ്ചയിക്കേണ്ടതും അവ വാങ്ങി രോഗികൾക്ക് നേരിട്ട് നൽകേണ്ടതുമാണ്. രോഗികൾക്ക് യഥാസമയം കൃത്യമായി മരു ന്നുകൾ ലഭ്യമാക്കുന്നുവെന്ന് പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.
- പരോപകാര തൽപ്പരരായ വ്യക്തികളെയും ധർമ്മ സ്ഥാപനങ്ങളെയും പട്ടികവർഗ്ഗ അഗ തികളുടെ ചികിത്സാ ആവശ്യങ്ങൾ സ്പോൺസർ ചെയ്യുവാൻ പ്രേരിപ്പിക്കേണ്ടതാണ്.

ഇത്തരത്തിൽ സ്പോൺസർമാരെ കണ്ടെത്തുന്നത് ആവശ്യമായ പരിചരണ പ്രവർത്തനങ്ങൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കാവുന്നതാണ്.

- തദ്ദേശഭരണ സ്ഥാപനതലത്തിൽ സന്നദ്ധ സേവന തൽപ്പരരായ ആതുര ശുശ്രൂഷാ പ്രവർത്തകരുടെ ഒരു സമിതി രൂപീകരിക്കുകയും പട്ടികവർഗ്ഗ അഗതികൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവരുടെ സേവനം ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

## ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആശ്വാസം നൽകൽ

- പട്ടികവർഗ്ഗ അഗതികൾക്ക് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം നൽകുവാനുള്ള പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കണം.
- ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന പട്ടികവർഗ്ഗക്കാരുടെ തൊഴിലധിഷ്ഠിത പ്രോജക്ടുകൾക്ക് കേന്ദ്ര/സംസ്ഥാന സോഷ്യൽ വെൽഫെയർ അഡ്വൈസറി ബോർഡിൽ നിന്നും സാമ്പത്തികസഹായം ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.
- പട്ടികവർഗ്ഗ അഗതികളിൽ അർഹരായവർക്ക് വാർദ്ധക്യകാല പെൻഷനും മറ്റു പെൻഷനുകളും അനുവദിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉയർന്ന മുൻഗണന നൽകണം.
- വൃദ്ധരുടെ ക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള ഉചിതമായ പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

### കിടപ്പാടം

- ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് വയ്ക്കുവാൻ ഭൂമി നൽകണം. ഇതിന് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്.
- പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയും പുനരധിവാസ പദ്ധതി ഏറ്റെടുക്കാവുന്നതാണ്.
- പട്ടികവർഗ്ഗ അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നഗരപ്രദേശങ്ങളിൽ $1^1/_2$ സെന്റിൽ കുറയാതെ ഭൂമി ഗുണഭോക്താക്കൾ തന്നെ കണ്ടെത്തേണ്ടതാണ്. ഭൂമിയുടെ യഥാർത്ഥ വില, പട്ടികവർഗ്ഗക്കാർക്കായി നടപ്പാക്കുന്ന സമാന പരിപാടിക്ക് നിശ്ചയിച്ചിട്ടുള്ള ഉയർന്ന പരിധിക്ക് വിധേയമായി ഭൂവുടമയ്ക്ക് നേരിട്ട് നൽകാവുന്നതാണ്.

### പാർപ്പിടം

- ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ സഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം.

- പട്ടികവർഗ്ഗ അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾ മുഖേനയോ ഊരു വികസനസമിതി മുഖേനയോ ആയിരിക്കണം.

**കുടിവെള്ളം**

- പരമ്പരാഗത സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായിരിക്കണം ആദ്യ പരിഗണന നൽകേണ്ടത്.
- പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന കുടിവെള്ള പ്രോജക്ടുകൾ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം ആരംഭിക്കേണ്ടതാണ്.
- നിലവിലുള്ള കുടിവെള്ള പ്രോജക്ടുകളിൽ പട്ടികവർഗ്ഗ അഗതി കുടുംബങ്ങളുടെ വീടുകൾക്ക് ഏറ്റവും സമീപത്തായി പബ്ലിക്ക് സ്റ്റാന്റ് പോസ്റ്റ് സ്ഥാപിക്കേണ്ടതാണ്.
- പുതുതായി ആരംഭിക്കുന്ന കുടിവെള്ള പ്രോജക്ടുകളിൽ പട്ടികവർഗ്ഗ കുടുംബങ്ങൾ കൂടുതലുള്ള പ്രദേശങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.
- പട്ടികവർഗ്ഗ സങ്കേതങ്ങളിൽ തുറസ്സായ കിണർ കുഴിക്കാവുന്നതാണ്.

**വിദ്യാഭ്യാസം**

- വിദ്യാഭ്യാസം ഉപേക്ഷിച്ചവരെ വീണ്ടും സ്കൂളിൽ ചേർക്കാൻ ശ്രമങ്ങൾ നടത്തുന്നതിലൂടെ 18 വയസ്സിൽ താഴെ പ്രായമുള്ള എല്ലാ പട്ടികവർഗ്ഗ കുട്ടികളും അവരുടെ കുടുംബ സ്ഥിതി പരിഗണിക്കാതെ തന്നെ വിദ്യാഭ്യാസം തുടരുന്നുവെന്ന് ഉറപ്പ് വരുത്തണം.
- സ്കൂൾവർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ ഓരോ ഊരിലും സർവേ നടത്തി സ്കൂളിൽ ചേർന്നിട്ടില്ലാത്ത പട്ടികവർഗ്ഗ കുട്ടികളെ കണ്ടെത്തി അവരെ സ്കൂളിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കണം.
- പട്ടികവർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികളിൽ പ്രീമെട്രിക്ക് ഹോസ്റ്റലിൽ ചേർന്ന് പഠിക്കുവാൻ സൗകര്യം ലഭിക്കാത്ത എല്ലാ പട്ടികവർഗ വിദ്യാർത്ഥികൾക്കും ആവശ്യമായ പഠനോപകരണങ്ങൾ, യൂണിഫോം മുതലായവ തദ്ദേശഭരണ സ്ഥാപനത്തിന്റെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ഉപയോഗിച്ച് വിതരണം ചെയ്യേണ്ടതാണ്. ഈ പാക്കേജ് പ്രകാരം നൽകാവുന്ന ധനസഹായത്തിന്റെ നിരക്ക് ചുവടെ ചേർക്കുന്നു.

| ഇനം | | വാർഷിക അലവൻസിന്റെ പരിധി (രൂപ) |
|---|---|---|
| 1. സ്കൂൾ യൂണിഫോം വാങ്ങുന്നതിന് | | |
| • ലോവർ പ്രൈമറി വിദ്യാർത്ഥികൾക്ക് | : | 500 |
| • അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് | : | 600 |
| • ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് | : | 800 |
| 2. നോട്ട് ബുക്ക്, സ്റ്റേഷനറി മുതലായവ വാങ്ങുന്നതിന്. | | |
| • ലോവർ പ്രൈമറി വിദ്യാർത്ഥികൾക്ക് | : | 200 |
| • അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് | : | 250 |
| • ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് | : | 400 |

3. കുട,ചെരുപ്പ്/ഷൂസ്, സ്കൂൾ ബാഗ്, പെൻസിൽ, പേന എന്നിവ അടങ്ങിയ കിറ്റ് എല്ലാ സ്റ്റാൻഡേർഡുകളിലെയും വിദ്യാർത്ഥികൾക്ക് : 500

- മുകളിൽ വിവരിച്ചിട്ടുള്ള വിദ്യാഭ്യാസ ധനസഹായം ഗ്രാമപഞ്ചായത്തുകളും നഗരസഭാ സ്ഥാപനങ്ങളും മാത്രമേ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകേണ്ടതുള്ളൂ.
- പട്ടികവർഗ്ഗ അഗതി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്താൻ പ്രത്യേക കോച്ചിംഗ് ഏർപ്പെടുത്താവുന്നതാണ്. ഇതിനായി യോഗ്യതയുള്ള ബിരുദധാരികൾ, കോളേജ് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സാക്ഷരതാ പ്രേരക്മാർ മുതലായവരെ ഉൾപ്പെടുത്തി ഒരു സപ്പോർട്ട് ഗ്രൂപ്പ് (support group) മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ രൂപീകരിക്കാവുന്നതാണ്. സപ്പോർട്ട് ഗ്രൂപ്പിന് ആവശ്യമായ സംഘാടന ചെലവ് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണ്. എന്നാൽ ഹോണറേറിയം അനുവദിക്കാൻ പാടില്ല.

**സാമൂഹ്യമായ ഒറ്റപ്പെടൽ**

- പട്ടികവർഗ്ഗ അഗതി കുടുംബത്തിലെ അംഗങ്ങളെ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തുവാൻ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ നടപടികൾ സ്വീകരിക്കണം. അപ്രകാരം അവരുടെ സാമൂഹ്യമായ ഒറ്റപ്പെടൽ (social excludion)അവസാനിപ്പിക്കണം.
- പട്ടികവർഗ്ഗ അഗതി കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ നിർവ്വഹണം, മേൽനോട്ടം, മോണിറ്ററിംഗ് മുതലായ കാര്യങ്ങൾ ബന്ധപ്പെട്ട ഊരുകൂട്ടങ്ങളുടെ ചുമതലയിലായിരിക്കണം.
- പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പൗരസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നുതിനുള്ള ശ്രമങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, അഗതികളെ കണ്ടെത്തുന്നതിനുള്ള സർവേ എന്നിവ ഊരുകൂട്ടങ്ങളുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കണം.
- പട്ടികവർഗ്ഗ അഗതികളുടെ മാനസിക ശാരീരിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ മന:ശാസ്ത്രജ്ഞമാരുടെയും വിദഗ്ദ്ധരുടെയും പ്രൊഫഷണൽ ഉപദേശാനുസരണം തദ്ദേശഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. അതിന്റെ ചെലവ് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്.
- പട്ടികവർഗ്ഗ അഗതികളുടെ സർഗ്ഗവാസന വികസിപ്പിക്കുന്നതിനും അവരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും സമൂഹത്തിലെ മറ്റു വിഭാഗങ്ങൾക്കൊപ്പം ഇടപഴകുന്നതിനുള്ള ആത്മബലം നൽകുന്നതിനും അനുയോജ്യമായ കൗൺസിലിംഗ് സംഘടിപ്പിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം.

## വനിതാഘടക പദ്ധതി

സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിനായി ഒരു വനിതാഘടകപദ്ധതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തയ്യാറാക്കേണ്ടതുമാണ്. വനിതാഘടക പദ്ധ

തിയുടെ വിശദാംശങ്ങൾ പദ്ധതിരേഖയുടെ അദ്ധ്യായത്തിൽ ചേർക്കേണ്ടതാണ്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യപദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. സ്ത്രീക്കും പുരുഷനും ഒരുപോലെ പ്രയോജനം ലഭിക്കുന്ന വീട് നിർമ്മാണം, കക്കൂസ് നിർമ്മാണം മുതലായവയും സമാനസ്വഭാവമുള്ളവയും വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. എന്നാൽ പ്രായപൂർത്തിയായ ഒരു പുരുഷനും അംഗമായി ഇല്ലാത്തതും സ്ത്രീ കുടുംബനാഥയായിട്ടുള്ളതുമായ കുടുംബത്തിലെ സ്ത്രീക്ക് വീട്, കക്കൂസ്, കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

## കുട്ടികൾ, വൃദ്ധർ ഭിന്നശേഷിയുള്ളവർ എന്നിവർക്കായുള്ള പ്രത്യേക പദ്ധതി

മേൽപ്പറഞ്ഞ ഓരോ വിഭാഗത്തിന്റെയും പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, ഓരോ വിഭാഗത്തിനും പ്രത്യേകമായി പദ്ധതികൾ തയ്യാറാക്കണം. മൂന്ന് വിഭാഗങ്ങൾക്കും പ്രത്യേകമായി പദ്ധതി തയ്യാറാക്കി പദ്ധതിരേഖയിൽ ചേർക്കേണ്ടതാണ്. അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, അങ്കണവാടി പോഷകാഹാര വിതരണം എന്നിവ കുട്ടികൾക്കുള്ള പ്രത്യേക പദ്ധതിയിലെ ഇനങ്ങളായി ഉൾപ്പെടുത്താവുന്നതല്ല.

# 7

# സ്ത്രീകളുടേയും കുട്ടികളുടേയും വികസനം

**ആമുഖം**

73, 74 ഭരണഘടനാ ഭേദഗതികളോടെ സ്വതന്ത്ര്യ അസ്തിത്വം കൈവന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഒരു പ്രധാനപ്പെട്ട കടമയായി സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമപ്രവർത്തനവും വികസനവും ഉൾചേർന്നിരുന്നു. ഈ ഭരണഘടന ഭേദഗതിയുടെ അടിസ്ഥാനത്തിൽ നടന്ന അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ ആദ്യഘട്ടം മുതൽ തന്നെ കേരളം ഈ പ്രശ്നങ്ങൾക്ക് പരമാവധി ഇടം നല്കുക ഉണ്ടായി. വികേന്ദ്രീകൃതാസൂത്രണത്തിന് തുടക്കം കുറിച്ച ജനകീയാസൂത്രണത്തിന്റെ ആദ്യപ്രക്രിയയായിരുന്ന വികസന റിപ്പോർട്ട് തയ്യാറാക്കുമ്പോൾ തന്നെ അതിൽ ഒരു അദ്ധ്യായം വനിതകളുടെ വികസനം അവസ്ഥയെ കുറിച്ചായിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പദ്ധതി തുകയുടെ 10 ശതമാനമെങ്കിലും വനിതാ ഘടകപദ്ധതിയ്ക്കുവേണ്ടി നീക്കിവെയ്ക്കണം എന്ന ഉത്തരവ് ഉണ്ടായി. ഇതോടൊപ്പം തന്നെ കേരളത്തിൽ വ്യാപകമായ തോതിൽ വനിതകളുടെ അയൽകൂട്ടങ്ങൾ രൂപീകരിയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള ജാഗ്രതാ സമിതികൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രൂപീകരിക്കുന്നതിനുള്ള നിർദ്ദേശവും ഈ സമയത്ത് തന്നെയാണ് ഉണ്ടായത്. ഈ പ്രവർത്തനങ്ങൾ എല്ലാം ചേർന്നപ്പോൾ ഈ പ്രശ്നത്തെപറ്റി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗൗരവതരമായി ചിന്തിക്കുന്ന ഒരവസ്ഥ സംജാതമായി.

സത്രീകളുടേയും കുട്ടികളുടേയും വികസനം സുസാധ്യമാക്കുന്നതിൽ 73,74 ഭരണഘടനാ ഭേദഗതി പ്രകാരം നിലവിൽ വന്ന പഞ്ചായത്തി രാജ്/നഗരപാലിക സ്ഥാപനങ്ങൾക്ക് പരമ പ്രധാന പങ്കാണ് നിർവഹിക്കാനുള്ളത്. അമ്മയും കുഞ്ഞും തമ്മിലും, കുട്ടിയും കുടുംബവും തമ്മിലും അഭേദ്യമായ ബന്ധമാണുള്ളത്. അത് കൊണ്ടു തന്നെ സ്ത്രീ വികസനവും കുട്ടികളുടെ വികസനവും പരസ്പര ബന്ധിതമായ ഒരു വിഷയ മേഖലയായി കണക്കാക്കപ്പെടുന്നു. എന്നാൽ ശിശു വികസനം എന്ന കാഴ്ച്ചപ്പാടിൽ നിന്നും കുട്ടികളുടെ സമഗ്ര വികസനം എന്ന സമീപന മാറ്റം ഇന്ന് ദൃശ്യമാണ്. വനിതാ ക്ഷേമമെന്നതാകട്ടെ സ്ത്രീ വികസനം എന്നും വനിതാ ഘടക പദ്ധതി എന്ന സവിശേഷമായ വികസന സമീപനത്തിലേക്കും മാറിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കുട്ടികളുടെ സമഗ്ര വികസനവും, വനിതാ വികസനവും പ്രത്യേകം പരിശോധിക്കപ്പെടാവുന്നതാണ്.

## കുട്ടികളുടെ വികസനം

കുട്ടികളാണ് ഭാവിയുടെ പ്രതീക്ഷയും രാഷ്ട്ര വികസനത്തിന്റെ നാഴികക്കല്ലും. ഈ പ്രാധാന്യം മുന്നിൽ കണ്ടുവേണം ഏതു വികസനത്തിന്റേയും ഗതി നിർണ്ണയിക്കാൻ. ബാല നിയമം അനുസരിച്ച് 18 വയസ്സിൽ താഴെ പ്രായമുള്ള എല്ലാവരേയും കുട്ടികളായി കണക്കാക്കാം. ഇവർ ആകെ ജനസംഖ്യയുടെ 20 0/0 ത്തിൽ അധികം വരും. നമ്മുടെ രാഷ്ട്രം പ്രഖ്യാപിച്ചിട്ടുള്ള കുട്ടികൾക്കായുള്ള അവകാശ പ്രഖ്യാപനത്തിൽ (ചിൽഡ്രൻസ് ചാർട്ടർ 2003) ഈ രാജ്യത്തെ പൗരൻമാരായ മുഴുവൻ കുട്ടികൾക്കും അതിജീവനം, സംരക്ഷണം, വികസനം, പങ്കാളിത്തം എന്നീ നാലു മൗലികമായ അവകാശങ്ങൾ ഉറപ്പാക്കപ്പെടുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ സ്ഥിതി വിവര കണക്കുകൾ സൂചിപ്പിക്കുന്നത് ശിശുമരണം, പോഷണകുറവ്, രോഗബാധ, അരക്ഷിതത്വം, പഠന പിന്നോക്കാവസ്ഥ, അഭിപ്രായ സ്വാതന്ത്ര്യ കുറവ് തുടങ്ങിയ ഇന്ത്യൻ കുട്ടികൾ വളരെ ക്ലേശ പൂർണ്ണമായ ജീവിതമാണ നയിക്കുന്നത് എന്നാണ്. അതേസമയം  കുട്ടികളുടെ പുരോഗതി ലക്ഷ്യമാക്കുന്ന ഉദ്യമങ്ങളിൽ കേരളത്തിന് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന് പിന്നിൽ തദ്ദേശ സ്ഥാപനങ്ങൾ വഹിച്ച പങ്ക് എല്ലാവരും അംഗീകരിക്കുന്നതാണ്. എന്നാൽ കേരളത്തിലെ കുട്ടികൾ അഭിമുഖീകരിക്കുന്ന അതി സങ്കീർണ്ണമായ പല പ്രശ്നങ്ങളും ഇനിയും പരിഹരിക്കപ്പെടേണ്ടതുണ്ട്. ഇതാകട്ടെ നിലവിലുള്ള പദ്ധതികളും സമീപനങ്ങളും അപ്പാടെ തുടർന്നു കൊണ്ടു മാത്രം പരിഹരിക്കപ്പെടുമെന്ന് കരുതുവാൻ വയ്യ. ഇതിനായി പ്രശ്ന മേഖലകൾ വ്യക്തമായി വിലയിരുത്തി നൂതനമായ പരിഹാര ശ്രമങ്ങൾ ആവിഷ്കരിക്കണം. വിവിധ മേഖലകളിലെ കുട്ടികൾക്കായുള്ള സേവനങ്ങൾ ഏകോപിപ്പിക്കുകയും, വിഭവ സ്രോതസ്സുകൾ പരമാവധി ഉപയുക്തമാക്കുകയും പ്രാദേശികമായി വിജയകരമാകുന്ന പ്രോജക്ടുകൾക്ക് രൂപം കൊടുക്കുകയും വേണം.

പൂജ്യം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളെ സംബന്ധിച്ച് ഏക മാത്രമായ കേന്ദ്രീകൃത സേവനം സാദ്ധ്യമല്ല. കാരണം ഓരോ പ്രായത്തിലും കുഞ്ഞിന്റെ ആവശ്യങ്ങളും, ധർമ്മങ്ങളും, പ്രശ്നങ്ങളും വ്യത്യാസങ്ങൾ ഉൾക്കൊള്ളുന്നതാണ്. ജനനം മുതൽ 18 വരെ കുട്ടികളുടെ ഓരോ വികാസ ഘട്ടങ്ങൾക്കും അനുയോജ്യമായ പരിചരണം ഏർപ്പെടുത്തുന്നതിനുള്ള ഒരു ജീവിത ചക്രസമീപനവും ക്ഷേമമെന്നതിലുപരി സേവനം കുട്ടിയുടെ അവകാശമാണെന്ന കാഴ്ചപ്പാടും സ്വീകരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യണം. ഗർഭാവസ്ഥയിലും, പ്രാഥമിക ശൈശവത്തിലും (0 -1) ശൈശവത്തിലും 0(1-3) ആദ്യ ബാല്യത്തിലും (3-6) കുട്ടികൾക്കായി സംയോജിത ശിശുവികസന -സുരക്ഷാ നയം രൂപപ്പെടുത്താം. പ്രാഥമിക വിദ്യാഭ്യാസ കാലമായ ബാല്യം(6-12)കൗമാരം(12-18) എന്നീ രണ്ടു ദശകളിലും, പ്രശ്നപഠനവും പരിഹാര ശ്രമവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതോടൊപ്പം അന്യ സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ, അനാഥർ തുടങ്ങിയവർക്കും അനുയോജ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താൻ  നഗരസഭകൾ സാധ്യമായ ശ്രമങ്ങൾ ചെയ്യണം. നിലവിൽ കുട്ടികളുടെ സേവനത്തെ മേഖലകളായി തിരിച്ച് നടപ്പാക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഐ.സി.ഡി.എസ്., ആരോഗ്യം, വിദ്യാഭ്യാസം, പട്ടികജാതി, പട്ടികവർഗ്ഗ വികസനം, സാമൂഹ്യ

സുരക്ഷിതത്വം തുടങ്ങി വ്യത്യസ്ഥ മേഖലകൾ തീർത്തും ഒറ്റപ്പെട്ട പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഈ സേവനങ്ങളെ പ്രാദേശികമായ പ്രശ്ന പരിഹാര സമീപനവുമായി ഉൾചേർത്ത് പ്രായോഗിക പ്രോജക്ടുകൾക്ക് രൂപം നൽകണം.

## ശിശു വികസന പരിപാടി

കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന്റെ സഹായത്തോടെ തദ്ദേശ സർക്കാറുകളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പ്രധാന പരിപാടിയാണ് സംയോജിത ശിശു വികസന പദ്ധതി (ഐ.സി.ഡി.എസ്.) 700 ജനങ്ങൾക്ക് 1 എന്നു കണക്കാക്കി രൂപീകരിച്ചിട്ടുള്ള അങ്കണവാടികളാണ് സേവനകേന്ദ്രം. ഇവരെ നിരീക്ഷിക്കുന്നതിന് അങ്കണവാടികൾക്ക് ഒരു സൂപ്പർവൈസറും ഉദ്ദേശ്യം 100 അങ്കണവാടികൾക്ക് ഒരു ഐ.സി.ഡി.എസ്. പ്രൊജക്ട് ഓഫീസറും ഉണ്ടായിരിക്കും. നിയന്ത്രണ ചുമതല നഗരസഭകൾക്കായിരിക്കും.

അങ്കണവാടി പ്രദേശത്തെ ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, 5 വയസ്സിനു താഴെയുള്ള കുട്ടികൾ എന്നിവരുടെ അനുപൂരക പോഷണം, വളർച്ചാ നിരീക്ഷണം, പ്രതിരോധ കുത്തിവെയ്പ്പ്, ആരോഗ്യപോഷണ വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം എന്നീ സേവനങ്ങൾക്കൊപ്പം കുമാരി ക്ലബ്ബുകളുടെ പ്രവർത്തനം, ജാഗ്രതാസമിതി, ഗ്രാമസഭസംഘാടനം എന്നിവയും അങ്കണവാടി ചുമതലകളിൽപെടും. അങ്കണവാടി പ്രവർത്തനങ്ങളെ സഹായിക്കുന്നതിനും ഡിവിഷൻ കൗൺസിലറുടെ നേതൃത്വത്തിൽ അങ്കണവാടി ക്ഷേമകമ്മിറ്റി പ്രവർത്തിക്കുന്നു.

ഒരു ഡിവിഷണിൽ ഒരു അങ്കണവാടിയെ ഗ്രാമസഭ കേന്ദ്രമാക്കി ഉയർത്താവുന്നതാണ്. കുട്ടികൾ, സ്ത്രീകൾ, വൃദ്ധർ, വിഭിന്നശേഷിക്കാർ തുടങ്ങിയവർക്കുള്ള ആനുകൂല്യങ്ങൾ, നിർദ്ദേശങ്ങൾ മുതലായവ ലഭ്യമാക്കുന്നതിനുള്ള സാമൂഹ്യ വിഭവകേന്ദ്രമായി ഈ അങ്കണവാടിയെ പരിവർത്തിപ്പിക്കാവുന്നതാണ്.

## അനുപൂരക പോഷകാഹാരം

0-03 വയസ്സു വരെയുള്ള കുഞ്ഞുങ്ങൾക്ക് ടേക്ക് ഹോം റേഷൻ (ന്യൂട്രീമിക്സ്)

3-5 പ്രീ സ്കൂൾ കുട്ടികൾക്ക് ഉച്ച ഭക്ഷണവും, ഇടനേരം അനുപൂരക ഭക്ഷണവും.

ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും-അനു പൂരക പോഷണം.

കൗമാരക്കാരായ പെൺകുട്ടികൾക്ക്-പോഷകാഹാരം എന്നിവ ഐ.സി.ഡി.എസ്. (കലോറി -പ്രോട്ടീൻ) മാനദണ്ഡം അനുസരിച്ച് നിർബന്ധപൂർവ്വം നൽകേണ്ടതാണ്. ഭക്ഷണ ചെലവിന്റെ ഒരു ഭാഗം കേന്ദ്ര സർക്കാർ വിഹിതമായി ഇപ്പോൾ ലഭ്യമാണ്.

അങ്കണവാടി പോഷകാഹാരവും സേവനങ്ങളും നിശ്ചിത പ്രായത്തിലുള്ള അന്യദേശ തൊഴിലാളികളുടെ ശിശുക്കൾക്കും ലഭ്യമാക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കാവുന്നതാണ്.

ജനനിബിഡമായ നഗരങ്ങളിൽ രണ്ട് അങ്കണവാടികൾ അടുത്തടുത്ത് പ്രവർത്തിപ്പിച്ച് മാതൃകാ അങ്കണവാടികൾ രൂപപ്പെടുത്താൻ കഴിയും.

പൊതു വിദ്യാലയങ്ങളിൽ ചെലവേറിയ പ്രീ സ്കൂളിനു പകരം ഇരട്ട അങ്കണവാടി സേവനം ഉപയുക്തമാക്കി പരീക്ഷിക്കാവുന്നതാണ്.

അങ്കണവാടികൾ പ്രാദേശിക സേവന ഏകോപനങ്ങൾക്കുള്ള വിഭവ കേന്ദ്രമായും വികസിപ്പിക്കാവുന്നതാണ്.

നിർവ്വഹണം: ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസർ /സൂപ്പർവൈസർ

മോണിറ്ററിംഗ്: കുമാരി ക്ലബ്ബ് പ്രവർത്തനങ്ങൾ സജീവമാണെന്ന് ഉറപ്പ് വരുത്തണം.

ശിശുക്കളെയും 2 വയസ്സു വരെയുള്ളവരെയും വളർച്ചാ നിരീക്ഷണത്തിനും വികസനവ്യതിയാന നിർണ്ണയത്തിനും വിധേയമാക്കിയിട്ടുണ്ടെന്നും, ഗുണഭോക്താക്കൾ യഥാർത്ഥത്തിലുള്ളവരാണെന്നും ഉറപ്പ് വരുത്താൻ വെൽഫെയർ കമ്മിറ്റിക്ക് ശ്രദ്ധയുണ്ടായിരിക്കണം.

## വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് /ഉപകരണങ്ങൾ

എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ലഭ്യമായ വിവര സ്രോതസ്സുകൾ കൂട്ടിയിണക്കി വിഭിന്ന ശേഷിയുള്ളവരുടെ കാററഗറി, പ്രായം, വിദ്യാലയം, സ്ഥാപനം തുടങ്ങിയവ ഉൾക്കൊള്ളിച്ച് പട്ടിക തയ്യാറാക്കേണ്ടതാണ്. സ്കോളർഷിപ്പ് അപേക്ഷയും വിശകലനവും വർഷത്തിന്റെ ആദ്യപാദത്തിൽ ചെയ്യേണ്ടതാണ്. സ്കോളർഷിപ്പ്/സ്റ്റൈപ്പന്റ് കുട്ടിക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഉപകരണ വിതരണം പല സ്ഥലത്തു നിന്നും ഒരാൾക്ക് തന്നെ ലഭിക്കുന്നതും ഒഴിവാക്കുവാൻ വിഭിന്ന ശേഷി പട്ടികയിൽ കോറം നൽകി, കാർഡു നൽകുന്നതിന് നടപടികൾ എടുക്കാവുന്നതാണ്.

നിർവ്വഹണം: സാമൂഹ്യ സുരക്ഷിതത്വ മേഖല നിർവ്വഹണ ഉദ്യോഗസ്ഥ/നഗരസഭ

## ബഡ്സ് സ്കൂൾ/റീഹാബിലിറ്റേഷൻ കേന്ദ്രം

മാനസിക വെല്ലുവിളി നേരിടുന്ന പൊതുവിദ്യാലയ പ്രവേശനം അസാധ്യമാകുന്നവർക്കായി ബഡ്സ് സ്കൂൾ ആരംഭിക്കാം. 18 വയസ്സ് കഴിഞ്ഞ മാനസിക വെല്ലുവിളി നേരിടുന്നവരുടെ പകൽ പരിപാലനം, തൊഴിൽ പരിശീലനം തുടങ്ങിയ സേവനങ്ങൾക്കായി ബഡ്സ് റീഹാബിലിറ്റേഷൻ കേന്ദ്രം ആരംഭിക്കുന്നതിനും നിർദ്ദേശമുണ്ട്. (മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.)

നിർവ്വഹണം. സാമൂഹ്യ സുരക്ഷിതത്വ മേഖല നിർവ്വഹണ ഉദ്യോഗസ്ഥ/നഗരസഭ

### ബാലസഭ

കുട്ടികളുടെ പങ്കാളിത്തവകാശം ഉറപ്പാക്കുന്നതിനും, കലാ, കായിക, സാംസ്കാരിക, വിജ്ഞാന പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിനുമായി ബാലസഭകളും, ബാലസമി

തികളും രൂപീകരിക്കേണ്ടതാണ്. ഓരോ ഡിവിഷനിലും അയൽക്കൂട്ടാടിസ്ഥാനത്തിൽ ബാല സഭകളും, ഡിവിഷൻ തലത്തിൽ ബാല സമിതികളും രൂപീകരിക്കണം. ഈ സംവിധാനം അനാഥാലയങ്ങൾ, അന്യതൊഴിലാളി ആവാസ കേന്ദ്രങ്ങൾ, ചേരികൾ, കോളനികൾ തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിപ്പിക്കുന്നതിനും ശ്രദ്ധയുണ്ടാവണം. ഒഴിവു ദിനങ്ങളിൽ അങ്കണവാടികൾ, ലൈബ്രറികൾ തുടങ്ങിയവ ഇതിനായി ഉപയോഗിക്കാൻ അവസരം ഒരുക്കണം. 5 മുതൽ 15 വയസ്സ് വരെയുള്ളവർക്കായിരിക്കും അംഗത്വം.

മാർഗ്ഗ നിർദ്ദേശങ്ങൾ കുടുംബശ്രീ മിഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## കുമാരി ക്ലബ്ബുകൾ

പരസ്പര ബന്ധമില്ലാത്ത വിദ്യാലയങ്ങളിൽ പഠിക്കുന്നവരെ ഏകോപിപ്പിക്കുന്നതിനും ആശയവിനിമയത്തിനും കലാ കായിക കഴിവുകൾ പ്രകാശിപ്പിക്കുന്നതിനും, കൗമാരകാല സംശയങ്ങൾ ദുരീകരിക്കുന്നതിനും കുമാരി ക്ലബ്ബുകളുടെ പ്രവർത്തനം ഉപയോഗപ്പെടുത്താവുന്നതാണ്.

## കുട്ടികളുടെ സംരക്ഷണ വേദി

തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രദേശത്തു പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്ക് ഗ്രാന്റ് നൽകുന്നതോടൊപ്പം കുട്ടികളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിന് ഓർഫനേജ് കൺട്രോൾ ബോർഡ് ചട്ടങ്ങളിൽ അനുശാസിക്കുന്ന ബാലവേദികൾ പ്രവർത്തിക്കുന്നുണ്ടെന്നും അവരുടെ വികസനത്തിനു ആവശ്യമായ സജ്ജീകരണങ്ങളുണ്ടെന്നും ഉറപ്പ് വരുത്തണം.

## ഹെൽപ്പ് ലൈൻ കോർഡിനേഷൻ

ചൈൽഡ് ലൈൻ-മിസിംഗ് ചൈൽഡ് ലിങ്ക്, ഫൗണ്ടലിംഗ് ഹോം, പ്രൊട്ടക്ടീവ് ഹോം, ബാലക്ഷേമ സമതി (CWC) ജുവൈനൽ പോലീസ്, പ്രൊബേഷൻ ഓഫീസർ, ഫാമിലി കൗൺസലിംഗ് സെന്റർ, സ്ത്രീ കൗൺസിലിംഗ് ജാഗ്രതാ സമിതി തുടങ്ങിയ സംവിധാനങ്ങളുടെ പരസ്പര സഹായ ശൃംഖല (Net work) നഗരസഭകൾക്ക് ഉണ്ടാക്കാം. ഇത്തരം ഒരു സംവിധാനത്തിന് കുട്ടികൾക്ക് എവിടെയും സുരക്ഷ ഉറപ്പുവരുത്തുവാൻ കഴിയും. ഉയർന്ന് വരുന്ന രണ്ടാം തലമുറ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് ഈ സംവിധാനം സാധ്യമാകും.

## വനിതാ വികസനം

വികേന്ദ്രീകൃതാസൂത്രണ ബജറ്റിൽ 10 ശതമാനം ഏതു മേഖലയിൽ നിന്നും വനിതാഘടക പദ്ധതിക്കായി നീക്കി വെക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്വയം സഹായ സംഘങ്ങൾ, അയൽകൂട്ടങ്ങൾ, വനിതാ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കൽ എന്നിങ്ങനെ സ്ത്രീ പക്ഷ വികസനം നടപ്പാക്കുന്നതിന് അനുകൂലമായ സമീപനം ഇത് സൃഷ്ടിച്ചിട്ടുണ്ട് എന്നാൽ ഇന്നും സ്ത്രീ-പക്ഷവികസന കാഴ്ചപ്പാടുള്ളതും, ലിംഗ തുല്യതക്ക് സഹായിക്കുന്നതുമായ പദ്ധതികൾ രൂപപ്പെടുന്നതിന് പ്രതീക്ഷിക്കുന്ന തരത്തിൽ കഴിഞ്ഞിട്ടുണ്ടോ എന്ന് സംശയമാണ്.

കേരളത്തിലെ ജനസംഖ്യയുടെ 51.4% വും സ്ത്രീകളാണ്. സ്ത്രീകൾ, സുപ്രധാനമായ മാനവ ശേഷിയും സാമൂഹിക സാമ്പത്തിക വിശകലനത്തിലെ നിർണ്ണായക ഘടകവുമാണ്. സ്ത്രീ സമൂഹത്തിന്റെ ബുദ്ധിപരവും കായികവും സാമൂഹികവുമായ സർവ്വശേഷികളും ഉയർത്തി കൊണ്ടുവരുവാൻ സാധ്യമാകണമെങ്കിൽ എപ്പോഴും എവിടെയും അവർക്ക് നിർഭയമായി സഞ്ചരിക്കുവാനും, അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനും പ്രതിഭയും സാമർത്ഥ്യവും ഉപയോഗപ്പെടുത്തുവാനും കഴിയുന്ന സാമൂഹ്യ തലം സൃഷ്ടിക്കപ്പെണം. വരുമാനം അന്തസിന്റെ അടയാളമായി കണക്കാക്കപ്പെടുന്ന സമ്പത്ത് വ്യവസ്ഥിതിയിൽ സ്ത്രീ ശാക്തീകരത്തിന്റെ ഒരുപാധി അവരേയും വരുമാനമുള്ളവരാക്കുകയാണ്. പ്രത്യക്ഷമായും പരോക്ഷമായും ഇതിനാവശ്യമായ സാങ്കേതിക, സാമൂഹിക ശാക്തീകരണ സംവിധാനങ്ങൾ നിശ്ചിത കാലയളവിനുള്ളിൽ സൃഷ്ടിക്കുകയാണ് നഗരസഭകളുടെ നയം. ഈ കാഴ്ചപ്പാടോടെ ജന്റർ ബജറ്റിംഗ്, സ്ത്രീ സൗഹൃദ സമൂഹം സ്ത്രീ പക്ഷ പ്രോജക്ടുകൾ, കർമ്മ പരിപാടികൾ എന്നിവയ്ക്ക് ഊന്നൽ കൊടുക്കാൻ കഴിയണം. സുരക്ഷിതമായ താമസം, തൊഴിൽ ഉപജീവന മാർഗ്ഗം മൂന്നു ഘടകങ്ങൾക്ക് പ്രാധാന്യം നൽകാവുന്നതാണ്.

## ജാഗ്രതാ സമിതികൾ

ഗാർഹിക അക്രമത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ, സ്ത്രീകളെ നിന്ദ്യമായി ചിത്രീകരിക്കൽ തടയുക, വിവാഹ പിൻതുടർച്ചയും സ്വത്തവകാശവും, അന്തർ സംസ്ഥാനം കുടിയേറ്റ തൊഴിലാളികളുടെ സംരക്ഷണം, തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ, തുടങ്ങിയ സംരക്ഷണ സേവനങ്ങൾക്കു വേദിയായി പ്രവർത്തിക്കേണ്ട ഒന്നാണ് ജാഗ്രതാ സമിതി.

ഈ പ്രവർത്തനം സുസ്ഥായിയായും സർവ്വസമയത്തും സ്ത്രീകൾക്ക് ലഭ്യമാകുന്ന ഒന്നായും നഗരസഭകൾ രൂപപ്പെടുത്തണം. സ്ത്രീ സുരക്ഷയ്ക്കു ഭീഷണിയാകുന്ന പ്രദേശങ്ങളുടെ മാപ്പിംഗ്, പ്രശ്ന പരിഹാര പ്രവർത്തനം തുടങ്ങിയവയും വനിതാ വർക്കിംഗ് ഗ്രൂപ്പുമായി ചേർന്ന് നിർവ്വഹിക്കാവുന്നതാണ്.

### സ്ത്രീകളുടെ ശാക്തീകരണവും നഗര തൊഴിൽ മേഖലയിലെ ഇടപെടലും

കുടുംബശ്രീ വിലയിരുത്തൽ സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാനും നഗര തൊഴിൽ പദ്ധതികൾ പൂർണ്ണമായും ഉപയുക്തമാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കണം.

കുടുബശ്രീ സാധ്യതകൾ : എല്ലായിടത്തും അയൽകൂട്ടം, സംഘകൃഷി, യുവശ്രീ, ടെക്നോളജി ഫണ്ട്, ഇന്നോവേഷൻ ഫണ്ട്, ക്രൈസിസ് മാനേജ് ഫണ്ട്, വിപണി വികസന സഹായങ്ങൾ

എസ്.ജെ.എസ്.ആർ.വൈ. പദ്ധതി

നഗര സ്വയം തൊഴിൽ പദ്ധതി (USEP)

നഗര വനിതാ സ്വയം സഹായ പദ്ധതി (UWSP)

വൈദഗ്ദ്ധ്യ വികസന പദ്ധതി (STEP-UP)

നഗരങ്ങളിൽ തന്നെ താമസക്കാരായ സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുന്ന മുഴുവൻ സ്ത്രീകളുടെയും തൊഴിലിലേക്കും വരുമാന സൃഷ്ടിയിലേക്കും നയിക്കുവാൻ ഉതകുന്ന പല പദ്ധതികളുമുണ്ട്. ചില തൊഴിൽ മേഖലകൾ അന്തസ് കുറഞ്ഞതാണെന്ന ചിന്ത ഇന്നും സമൂഹത്തിലുണ്ട്. എന്നാൽ ഈ മേഖലകളുടെ മേൽനോട്ടവും, മാർഗ്ഗ നിർദ്ദേശങ്ങളും നഗരസഭകളുടേതാണെങ്കിൽ ഈ മേഖലയിലേക്ക് പലരും കടന്ന് വരുമെന്ന് മാലിന്യ നിർമ്മാർജ്ജനയജ്ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. വ്യക്തമായ കർമ്മ പരിപാടി രൂപപ്പെടുത്തി മുൻപിൽ ബന്ധശൃംഖല ഉറപ്പാക്കി ഏകോപിത പ്രവർത്തന സഹായം നൽകുവാനും നഗര തൊഴിൽ പദ്ധതി, നഗരസഭാ പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്താൽ ഈ രംഗം വളരെ ശക്തി പ്രാപിക്കും.

## അതിക്രമങ്ങൾക്കിരയാകുന്നവർക്കുള്ള പിന്തുണ സംവിധാനങ്ങൾ

സാമൂഹ്യനീതി വകുപ്പ് നേരിട്ടും നഗരസഭാ പങ്കാളിത്തത്തോടെയും നടത്തപ്പെടുന്ന വനിതാ ക്ഷേമ മന്ദിരങ്ങൾ, കേന്ദ്ര ഗ്രാന്റ് ഉപയുക്തമാക്കി പ്രവർത്തിക്കുന്ന എൻ.ജി.ഒ. അഭയ കേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും, ഏതു സ്ത്രീക്ക് പ്രശ്നങ്ങൾ ഉണ്ടാവുകയോ, പ്രതിരോധിക്കുകയോ വേണ്ടി വരുമ്പോൾ അടിയന്തിരമായി സഹായം നൽകുന്നതിനുള്ള സംവിധാനം രൂപപ്പെടുത്തുവാനും ശ്രമിക്കണം.

## സ്ത്രീകൾക്ക് സംഘടിത സമ്മേളനങ്ങൾക്കുള്ള വേദികൾ നിർമ്മിക്കൽ - ജന്റർ പാർക്ക്

സ്ത്രീകൾക്ക് മാത്രമായി കോൺഫറൻസ് ഹാൾ, വനിതാ വിപണന കേന്ദ്രങ്ങൾ, വനിതാ പഠന കേന്ദ്രം, കംഫർട്ട് സ്റ്റേഷൻ, കൗൺസിലിംഗ് കേന്ദ്രം, പകൽസമയ വിശ്രമ കേന്ദ്രം, വനിതാ ലൈബ്രറി, ജാഗ്രതാ സമിതി, കുടുംബശ്രീ ഓഫീസ് തുടങ്ങിയ സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന വാടക ചുമത്തുന്ന ജന്റർ പാർക്കുകൾ നഗരസഭകൾക്ക് പൊതു ഗതാഗത കേന്ദ്രങ്ങൾക്കടുത്ത് സുരക്ഷിത മേഖലയിൽ സ്ഥാപിക്കാവുന്നതാണ്. ഇത്തരം കേന്ദ്രങ്ങൾ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ഏറെ ശക്തിപകരും.

## നിർഭയ കുമാരി ക്ലബ്ബ്

കൗമാരക്കാരായ പെൺകുട്ടികളുടെ കായികക്ഷമത ഉയർത്തുവാൻ പ്രാപ്തമായ സൈക്ലിംഗ്, നീന്തൽ, കളരി, കരാട്ടെ തുടങ്ങിയവയ്ക്കൂന്നൽ നൽകുന്ന പ്രവർത്തനങ്ങൾ നിർഭയ പരിപാടിയുടെ ഭാഗമായി കുമാരി ക്ലബ്ബുകൾ വഴി സംഘടിപ്പിക്കാം. പൂന്തോട്ടം, അടുക്കള തോട്ടം എന്നിവയും പരിവർത്തനങ്ങളിൽ ഉൾപ്പെടുത്താം.

ബാലസഭയുമായി ചേർന്ന് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പാചക ക്ലാസ്, തുന്നൽ ക്ലാസ്, ഗൃഹമോഡി, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ ക്ലാസുകളും ലിംഗപദവി തുല്യതക്ക് സഹായകമാകും.

പ്രോജക്ട് ആശയങ്ങൾ പ്രോജക്ടുകളായി രൂപപ്പെടുത്തുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ട ഘടകങ്ങൾ

**അങ്കണവാടി പോഷകാഹാര പരിപാടി**

- വളർച്ചാ നിരീക്ഷണം
- ഗുണഭോക്തൃ പട്ടിക തയ്യാറാക്കലും ആവശ്യങ്ങൾ കണക്കാക്കലും
- ടോക്ക് ഹോം റേഷൻ സംവിധാനം
- പ്രീ സ്കൂൾ പോഷകാഹാരം
- അമ്മമാർക്കുള്ള പ്രത്യേക പോഷകാഹാര പദ്ധതി
- കൗമാരക്കാരായ പെൺകുട്ടികളുടെ പോഷകാഹാരം
- പോഷകാഹാര ഗുണമേന്മ ഉറപ്പാക്കൽ, സംഭരണം, സുരക്ഷിതത്വം, വിതരണം ശാസ്ത്രീയമാക്കൽ
- പോഷകാഹാര ദുരുപയോഗം തടയൽ സംവിധാനങ്ങൾ
- തടസ്സം ഒഴിവാക്കിയിട്ടുള്ള പോഷണ വിതരണം
- ധനസ്രോതസ്സുകൾ സംയോജിപ്പിക്കൽ

**അങ്കണവാടി സേവനമേന്മവത്ക്കരണ പരിപാടി**

- ന്യൂട്രീഷൻ ഗാർഡൻ
- പോഷണ വിദ്യാഭ്യാസ വ്യാപനം
- ഗ്രോത്ത് മോണിറ്ററിംഗ് ചിട്ടപ്പെടുത്തൽ
- ഹെൽത്ത് കാർഡ്

**അങ്കണവാടി ബഹുമുഖ പ്രവർത്തന കേന്ദ്രം (Multipurpose Centre)**

- കുമാരി ക്ലബ്ബുകൾക്കുള്ള വേദി
- ബാലസഭാ വേദി
- അഡോളസന്റ് ബോയ്സ് ക്ലബ്ബ്
- ഗ്രാമസഭ/വാർഡ്സഭ
- ആവശ്യമായ നിർമ്മാണ വിപുലീകരണ പ്രവർത്തനം
- അങ്കണവാടി സാധന സാമഗ്രികൾ സംരക്ഷിക്കുന്നതിനുള്ള സംവിധാനം

**അങ്കണവാടി ആരോഗ്യ വിദ്യാഭ്യാസം**

- മെഡിസിൻ കിറ്റ് ലഭ്യത
- റഫറൽ സംവിധാനം
- ഗ്രോത്ത് മോണിറ്ററിംഗ് സംവിധാനങ്ങൾ (ഉയരവും തൂക്കവും)
- ഫസ്റ്റ് എയ്ഡ് ബോക്സ്

**കുട്ടികൾക്കായുള്ള ജാഗ്രതാ സമിതികൾ**

- സ്കൂൾ വിജിലൻസ് കമ്മിറ്റി
- പ്രാദേശിക വിജിലൻസ് കമ്മിറ്റി
- ജാഗ്രതാ സമിതി പ്രവർത്തനങ്ങളുമായി ഏകോപനം
- സനാഥ ബാല്യം

**സമഗ്ര വിദ്യാഭ്യാസ വികസന പ്രോജക്ട്**

- സ്കൂൾ സ്റ്റുഡൻസ് ഡാറ്റാ കളക്ഷൻ
- സ്കൂൾ പശ്ചാത്തല സൗകര്യ വികസനം
- ഗുണമേന്മയുള്ള വിദ്യാഭ്യാസ പ്രോജക്ട്
- സ്കൂൾ ഗ്രീൻ ഇനീഷ്യേറ്റീവ്
- സ്കൂൾ വിദ്യാർത്ഥികളുടെ മാനസികാരോഗ്യ വികസന പരിപാടി
- സ്കൂൾ ആരോഗ്യ പരിപാടി വ്യാപനം

**സമഗ്ര ആരോഗ്യ പരിപാടി**

- ശൈശവകാല ആരോഗ്യ സുരക്ഷാ പദ്ധതി
- വിവാഹം മുതൽ എല്ലാ നിർണ്ണയ (Vital) വിവരങ്ങളും ശേഖരിക്കലും രേഖപ്പെടുത്തലും
- ഗർഭകാല പരിശോധനകളും സഹായങ്ങളും ഉറപ്പ് വരുത്തൽ
- പ്രതിരോധ ഔഷധ ചികിത്സയും, പ്രതിരോധ കുത്തിവെപ്പും സമ്പൂർണ്ണമാക്കൽ
- അനുപൂരക പോഷകാഹാരത്തിന്റെ പ്രസക്തി പ്രചരിപ്പിക്കൽ
- മുഴുവൻ ഗർഭിണികൾക്കും ആശുപത്രി പ്രസവം ഉറപ്പാക്കൽ
- പ്രസവാനന്തരം മരണങ്ങൾ ഇല്ലാതാക്കൽ
- എല്ലാ ആശുപത്രികളിലും ബാല സൗഹൃദ, സ്ത്രീ സൗഹൃദ സംവിധാനങ്ങൾ ഒരുക്കൽ
- അധിക വാക്സിനുകൾ
- ആരോഗ്യ ഇൻഷൂറൻസ്
- Non Communicable disease നിയന്ത്രണം
- പ്രാദേശിക ഹെൽത്ത് കമ്മിറ്റി ശാക്തീകരണം
- ജില്ലാതല early intervention centre
- ജില്ലാ-താലൂക്ക് ആശുപത്രികളിൽ നവജാത ശിശുക്കൾക്കായുള്ള ഇൻക്യൂബേറ്റർ സംവിധാനം

- ആംബുലൻസ് സേവന വിപുലീകരണം
- പ്രതിരോധ ഔഷധ ചികിത്സ-ലഭ്യത ഉറപ്പാക്കൽ
- ഫാമിലി സർവ്വെ രജിസ്റ്റർ പൂർണ്ണമാക്കൽ
- വിവാഹങ്ങൾ, ഗർഭധാരണം, ജനനം, മരണം, അന്യദേശ കുട്ടികളുടെ സാന്നിദ്ധ്യം തുടങ്ങിയവ രേഖപ്പെടുത്തൽ
- മെഡിക്കൽ ഓഫീസറുടെ വാർഷിക ആരോഗ്യ പരിശോധന
- JPHN ന്റെ നേതൃത്വത്തിൽ പ്രതിമാസ ആരോഗ്യ നിരീക്ഷണം

**വിഭിന്ന ശേഷി ലഘൂകരണ ഇടപെടലുകൾ**

- കാലേകൂട്ടിയുള്ള വികസന വ്യതിയാന നിർണ്ണയം
- റഫറൽ സംവിധാനം ഒരുക്കൽ
- വിഭിന്ന ശേഷിയുള്ളവരുടെ പട്ടിക തയ്യാറാക്കൽ
- ന്യൂനക്ഷമതാ നിർണ്ണയ ക്യാമ്പുകൾ
- സഹായ ഉപകരണങ്ങൾ ലഭ്യമാക്കൽ
- സവിശേഷ വിദ്യാഭ്യാസവും പൊതുവിദ്യാഭ്യാസവും ഉറപ്പാക്കൽ
- വിഭിന്നശേഷിയുള്ളവരുടെ സ്കോളർഷിപ്പ്

**അങ്കണവാടികൾ ശിശുസൗഹൃദമാക്കൽ**

- കളിപ്പാട്ടങ്ങളും കളിയുപകരണങ്ങളും
- ശിശുസൗഹൃദ ടോയ്‌ലറ്റ് സംവിധാനങ്ങൾ
- ന്യൂനപക്ഷ ഭാഷാപഠന സംവിധാനങ്ങൾ
- അന്യസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കായുള്ള സംവിധാനം

**എല്ലാ അങ്കണവാടികൾക്കും കെട്ടിടം**

- ഭൂമി സ്വരൂപിക്കൽ
- ശിശു സൗഹൃദ രൂപകൽപ്പന
- കളിസ്ഥലവും തോട്ടവും
- കെട്ടിടത്തിന്റെ ശുചിത്വവും ആകർഷണതയും

**ബാലസഭാ ശാക്തീകരണം**

- വാർഡ്തല രൂപീകരണം
- പ്രവർത്തന സൗകര്യമൊരുക്കൽ

- കുമാരി ക്ലബ്ബുകളുമായി യോജിച്ച പ്രവർത്തനം
- ബാല പഞ്ചായത്ത് പ്രവർത്തനം
- സാമൂഹിക സുരക്ഷിതത്വം

**കുടിവെള്ളം, ശുചിത്വം**

- ശുദ്ധജല ലഭ്യത എല്ലാ സ്ഥാപനങ്ങളിലും ഉറപ്പാക്കൽ
- കുട്ടികൾക്കായുള്ള എല്ലാ സ്ഥാപനങ്ങളിലും ഉറപ്പാക്കൽ
- കുട്ടികൾക്കായുള്ള എല്ലാ സ്ഥാപനങ്ങളിലും ബയോഗ്യാസ് പ്ലാന്റ്
- മഴവെള്ള സംഭരണിയും ജലസുരക്ഷാ ബോധവൽക്കരണവും
- പരിശോധനകളും ക്ലോറിനേഷനും ബോധവൽക്കരണവും വഴി ജലമേന്മ ഉറപ്പാക്കൽ -Water card
- പ്ലാസ്റ്റിക് ഉപയോഗ ലഘൂകരണവും പ്രചാരണവും
- പൊതുസ്ഥാപന ശുചിത്വ നിലവാരം തിട്ടപ്പെടുത്തലും ഉറപ്പാക്കലും
- എല്ലാ പൊതുസ്ഥാപനങ്ങളിലും ജീവനക്കാർക്കും സന്ദർശകർക്കും ടോയ്‌ലറ്റ് സൗകര്യം, ഇരിപ്പിടങ്ങൾ കുടിവെള്ള സംവിധാനങ്ങൾ, മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ, ജലനിർഗ്ഗമന സംവിധാനങ്ങൾ (കുട്ടികളുടെ സമഗ്ര വികസനവും തദ്ദേശ സ്ഥാപനങ്ങളും അദ്ധ്യായം 6)

**കുട്ടികൾക്കായുള്ള കാർഷിക പിന്തുണ പ്രോജക്ട് (ഗ്രീൻ ഇനീഷ്യേറ്റീവ്)**

- അങ്കണവാടികൾ, വിദ്യാലയങ്ങൾ, സ്റ്റുഡൻസ് ഹോസ്റ്റൽ എന്നിവിടങ്ങളിൽ പോഷകാഹാരത്തോട്ടങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള സഹായ പരിപാടികൾ

**കുട്ടികൾക്കനുയോജ്യമായ പശ്ചാത്തല വിദ്യാഭ്യാസ പ്രോജക്ട്**

- കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്ന സംവിധാനങ്ങൾ എല്ലാ സഞ്ചാരപഥങ്ങളിലും (കടത്ത്, റോഡ്) തടസ്സ വിമുക്തസൗകര്യങ്ങൾ എല്ലാ പൊതുസ്ഥാപനങ്ങളിലും
- ശിശു സ്ത്രീ സൗഹൃദ സംവിധാനങ്ങൾ, ടോയ്‌ലറ്റ് നിർമ്മാണത്തിലും മറ്റ് ശുചിത്വ സംവിധാനങ്ങളിലും
- വിദ്യാലയങ്ങളിലേയും ആരോഗ്യ സ്ഥാപനങ്ങളിലേയും അടുക്കളയുടെ ശുചിത്വനിലവാരം പാലിക്കൽ
- കുട്ടികളുടെ പൊതു കളിസ്ഥലങ്ങൾ അപകടരഹിതവും ആകർഷകവും ആരോഗ്യകരവുമാക്കുക

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കായുള്ള പ്രത്യേക പ്രോജക്ടുകൾ**

- വിദ്യാദീപ്തി സമഗ്ര പ്രോജക്ട് - പ്രീ മെട്രിക് ഹോസ്റ്റൽ പഠനിലവാരം ഉയർത്തുന്നതിനുള്ള പരിപാടി
- പട്ടികവർഗ്ഗ നഴ്സറി സ്കൂൾ നവീകരണം
- ദുർഘട വനമേഖലകളിൽ അങ്കണവാടികൾ

സ്ത്രീകളുടേയും കുട്ടികളുടേയും വികസനം സംബന്ധിച്ച് തികച്ചും സമഗ്രമായതും ശാസ്ത്രീയമായതുമായ കാഴ്ചപ്പാടാണ് വികേന്ദ്രീകൃതാസൂത്രണ പ്രസ്ഥാനത്തിന് തുടക്കം മുതലേ ഉണ്ടായിരുന്നത് എന്ന മേൽ സംഗതികളിൽ നിന്ന് വ്യക്തമാകും.

**8**

# പട്ടികജാതി /പട്ടികവർഗ്ഗ വികസനം

ചരിത്രപരമായ കാരണങ്ങളാൽ സമൂഹത്തിന്റെ സമസ്ത മേഖലകളിൽ നിന്നും ബഹിഷ്കൃതരായ വിഭാഗങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് ഭരണഘടനാപരമായി തന്നെ പട്ടികവിഭാഗങ്ങളുടെ അവകാശങ്ങളും സംരക്ഷണവും നൽകികൊണ്ടുള്ള സമീപനമാണ് സ്വതന്ത്ര ഭാരതം കൈക്കൊണ്ടിട്ടുള്ളത്. ഒരു നിശ്ചിത കാലയളവിൽ പിന്നോക്കാവസ്ഥ പടിപടിയായി മാറ്റി രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ പൊതു സമൂഹത്തോടൊപ്പം എത്തിയ്ക്കുവാനുള്ള പരിശ്രമമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

കേരളത്തിൽ ഭരണഘടനയുടെ 341-ാം ആർട്ടിക്കിൾ പ്രകാരം 53 പട്ടികജാതി വിഭാഗങ്ങൾ ഉണ്ട്. ഇതിൽ 4 വിഭാഗങ്ങളെ ദുർഭല വിഭാഗങ്ങളായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. നായാടി, വേടൻ, കള്ളാടി, ചക്കിലിയൻ/അരുന്ധതീയർ എന്നിവർ. ഈ വിഭാഗങ്ങളുടെ വികസനത്തിന് പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ട്. 1996 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പട്ടികജാതി വിഭാഗങ്ങൾക്കുള്ള പ്ലാൻഫണ്ടിന്റെ മൂന്നിൽ രണ്ട് ഭാഗം നല്കി വരുന്നു. സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് പട്ടിക വിഭാഗങ്ങളുടെ ജനസംഖ്യാനുപാതികമായിട്ടുള്ള ഫണ്ടാണുള്ളത്.

342-ാം ആർട്ടിക്കിൾ പ്രകാരം 36 പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉണ്ട്. ഇതിൽ അഞ്ച് വിഭാഗങ്ങളെ കേന്ദ്രസർക്കാറിന്റെ നിർദ്ദേശ പ്രകാരം പ്രത്യേക ദുർബല വിഭാഗക്കാരായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. കൊറഗർ, കാട്ടുനായ്ക്കൻ, ചോലനായ്ക്കൻ, കുറുമ്പർ, കാടർ എന്നിവർ ഈ വിഭാഗങ്ങളുടെ വികസനത്തിന് 13-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ അനുവദിച്ച 148 കോടി രൂപയുടെ പ്രോജക്ട് നടപ്പിലാക്കി വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്ലാൻ ഫണ്ടിന്റെ 50 ശതമാനം ഫണ്ടാണ് ഇപ്പോൾ നൽകി വരുന്നത്. കേരളത്തിൽ 35 നഗരസഭകളിൽ മാത്രമാണ് പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള പ്ലാൻ ഫണ്ട് ലഭിക്കുന്നത്.

**പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ**

1. പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ഇടയിലുള്ള ഭൂരഹിതരെയും, ഭവനരഹിതരെയും പുനരധിവസിപ്പിക്കുക. മുനിസിപ്പൽ പ്രദേശങ്ങളിൽ രണ്ട് സെന്റ് ഭൂമിക്ക് 2 ലക്ഷം രൂപയും കോർപ്പറേഷനിൽ ഒന്നര സെന്റ് ഭൂമിക്ക് 3 ലക്ഷം രൂപയും ഭൂമി വാങ്ങാൻ അനുവദിച്ചിട്ടുണ്ട്.

2. പട്ടികവിഭാഗങ്ങളിൽ ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് സഹായം നൽകുക.
3. പട്ടിക വിഭാഗങ്ങളിൽ വീട് പുതുക്കുന്നതിനുള്ള തുക അനുവദിക്കുക.
4. പട്ടികവിഭാഗങ്ങളുടെ കോളനിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക.
5. പട്ടികവിഭാഗത്തിൽ നിന്നുള്ള കുട്ടികൾക്ക് വേണ്ടി ക്ഷേമപരിപാടികൾ ആരംഭിക്കുക.
6. പ്രീ സ്കൂൾ, ബാലവാടികൾ, നഴ്സറി സ്കൂൾ, ഡെ കെയർ കേന്ദ്രങ്ങൾ, ഡോർമെറ്ററികൾ എന്നിവയുടെ നടത്തിപ്പ്.
7. പട്ടികവിഭാഗങ്ങളിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കുക.
8. പട്ടികജാതി വകയിൽ കൈമാറി കിട്ടിയ പ്രീമെട്രിക്ക്, പോസ്റ്റ്മെട്രിക്ക് ഹോസ്റ്റലുകളുടെ നടത്തിപ്പ്.
9. പട്ടിക വിഭാഗങ്ങളുടെ വിവാഹം, വൈദ്ധ്യചികിത്സ, ഉപരിപഠനം എന്നിവയ്ക്ക് സഹായം ചെയ്യൽ.
10. പട്ടികവിഭാഗങ്ങളുടെ സഹകരണ സംഘങ്ങൾ തുടങ്ങുവാൻ പ്രോത്സാഹനവും നിലവിലുള്ളവയ്ക്ക് സംരക്ഷണവും നൽകുക.
11. പട്ടിക വിഭാഗങ്ങൾക്കു വേണ്ടി മറ്റു ക്ഷേമപരിപാടികൾ നടപ്പിലാക്കുക. ഇതിലേയ്ക്കായി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവരശേഖരണം 2008 ലെ റിപ്പോർട്ടും പട്ടികജാതി സങ്കേതങ്ങളുടെയും കുടുംബാംഗങ്ങളുടെയും അടിസ്ഥാന വിവരങ്ങൾ (2009-2010). മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിൽ ക്രോഡീകരിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തി ബന്ധപ്പെട്ട വിഷയാടിസ്ഥാനത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി വാർഡ്സഭ/ ഊരുകൂട്ടം എന്നിവയിൽ അവതരിപ്പിച്ച് നൂതന ആശയങ്ങൾക്ക് രൂപം നൽകി ആസൂത്രണ പ്രക്രിയ മികവുറ്റതാക്കേണ്ടതാണ്.

**പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ പ്രത്യേക ഘടകപദ്ധതിയും പട്ടികവർഗ്ഗ ഉപപദ്ധതിയും**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ  പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കായുള്ള ആസൂത്രണ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ.(എം.എസ്)നമ്പർ 225/12 തസ്വഭവ. തിയതി 18.8.2012) ഇതിനനുസരിച്ച് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതികളും തയ്യാറാക്കണം. പട്ടികവിഭാഗങ്ങൾ താമസിക്കുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ വികസനരേഖ, പദ്ധതിരേഖ എന്നിവക്കൊപ്പം പ്രത്യേക ഘടകപദ്ധതിരേഖയും പട്ടികവർഗ്ഗ ഉപപദ്ധതി രേഖയും പ്രത്യേകമായി തയ്യാറാക്കണം. ഇത് തയ്യാറാക്കുന്നതിൽ എസ്.ടി.പ്രമോട്ടർക്ക് നിർണ്ണായകമായ ചുമതലകൾ നിർവ്വഹിക്കാനുണ്ട്.

- നഗരസഭയിലെ മുഴുവൻ എസ്.റ്റി പ്രൊമോട്ടർമാരെയും വർക്കിംഗ് ഗ്രൂപ്പുകളിൽ അംഗങ്ങളാക്കേണ്ടതാണ്.
- പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കേണ്ടതിൽ പട്ടികവിഭാഗങ്ങളുടെ ജനസംഖ്യക്കു ആനുപാതികമായി ആ വിഭാഗത്തിൽപ്പെട്ടവരെ ഓരോ വർക്കിംഗ് ഗ്രൂപ്പിലും അംഗങ്ങളാക്കേണ്ടതാണ്.
- പട്ടികവിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യവികസനം എന്നീ മൂന്നു വിഭാഗങ്ങളിൽ പദ്ധതി ഉണ്ടായിരിക്കേണ്ടതാണ്.
- പട്ടികവിഭാഗ സർവ്വേയിലൂടെ ലഭ്യമായിട്ടുള്ള വിശദമായ സ്ഥിതി വിവരകണക്കുകൾ പ്രയോജനപ്പെടുത്തി ഉല്പാദന മേഖലയ്ക്ക് പകരം കുടുംബകേന്ദ്രീകൃത (Household Approach) സമീപനത്തിന്റെ അടിസ്ഥാനത്തിൽ ഉള്ള വികസനത്തിനാണ് പട്ടികവിഭാഗത്തിൽ ഊന്നൽ കൊടുക്കേണ്ടത്. കുടുംബത്തെ ഒരു യൂണിറ്റായി പരിഗണിച്ച് ഒരോ കുടുംബത്തിന്റെയും സാമൂഹിക സാമ്പത്തിക വികസനത്തിനാണ് പ്രാധാന്യം നൽകേണ്ടത്. തുടർന്ന് സങ്കേതം/ഊര് ഒരു യൂണിറ്റായി പരിഗണിച്ച് അവരുടെ ആവശ്യങ്ങളും നിർണ്ണയിക്കണം.
- പട്ടികവിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കും കുടുംബങ്ങൾക്കും പ്രയോജനപ്പെടുന്ന പ്രോജക്ടുകളും സങ്കേതങ്ങളുടെ/ഊരുകളുടെ പൊതു സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രോജക്ടുകളും തയ്യാറാക്കാവുന്നതാണ്.
- തദ്ദേശഭരണസ്ഥാപനത്തിന്റെ പരിധിയിൽ ഉള്ള മുഴുവൻ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികവിഭാഗ കുടുംബങ്ങളേയും ഉൾപ്പെടുത്തികൊണ്ട് ആശ്രയ മോഡൽ വികസന പരിപാടി തയ്യാറാക്കണം. ഓരോ കുടുംബത്തിലേയും ഓരോ വ്യക്തിയുടെയും ആവശ്യങ്ങൾ പരിഗണിക്കപ്പെടണം.
- കുറഞ്ഞത് അഞ്ച് പട്ടികവിഭാഗ കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന പ്രദേശമാണ് പട്ടികജാതി സങ്കേതം/പട്ടികവർഗ്ഗ ഊര്. കുടിവെള്ളം, വൈദ്യുതി, റോഡ്, ജലസേചനം എന്നീ പൊതു സൗകര്യങ്ങൾ നടപ്പിലാക്കുമ്പോൾ അതിനായി പ്രാബല്യത്തിൽ വരുത്തിയിട്ടുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്. ഈ നിബന്ധനകൾ ചുവടെ കൊടുക്കുന്നു.

1. സങ്കേതങ്ങളിൽ/ഊരുകളിൽ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി ജലസേചനപദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ജലസേചനം ചെയ്യാൻ ഉദ്ദേശിക്കുന്ന കൃഷിഭൂമിയുടെ 50% ൽ അധികം പട്ടികവിഭാഗക്കാരുടെ കൈവശത്തിലുള്ളതുമായിരിക്കണം. ഇക്കാര്യം തെളിയിക്കുന്നതിനായി പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യഭൂപടം പ്രോജക്ടിനോടൊപ്പം തയ്യാറാക്കി വെയ്ക്കേണ്ടതും, ഭൂപടത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ സ്ഥാനവും പ്രയോജനം ലഭിക്കുന്ന ഗുണഭോക്തൃ കുടുംബങ്ങളുടെയും സ്ഥാനവും അടയാളപ്പെടുത്തേണ്ടതാണ്. പട്ടികവിഭാഗക്കാരുടെയും

മറ്റു വിഭാഗക്കാരുടെയും കൃഷിസ്ഥലം വ്യത്യസ്ത നിറങ്ങളിൽ അടയാളപ്പെടുത്തണം. പട്ടികവിഭാഗക്കാരുടെ പേരും, മേൽവിലാസവും അടങ്ങിയ ലിസ്റ്റും ഉൾപ്പെടുത്തേണ്ട താണ്.

2. പട്ടികജാതി സങ്കേതങ്ങളിൽ/ഊരുകളിൽ വൈദ്യുതി എത്തിക്കുന്നതിനായി തയ്യാറാക്കുന്ന പ്രോജക്ടുകൾക്കൊപ്പം സാമൂഹ്യഭൂപടവും ഗുണഭോക്താക്കളുടെ പട്ടികയും ഉണ്ടായിരിക്കണം. ഗുണഭോക്താക്കളിൽ 50% അധികം പട്ടികവിഭാഗകുടുംബങ്ങൾ ആയിരിക്കണം. കെ.എസ്.ഇ.ബി. യുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാക്കിയ എസ്റ്റിമേറ്റും ഉൾപ്പെടുത്തിയിരിക്കണം.

3. പട്ടികവിഭാഗ സങ്കേതങ്ങളിൽ/ഊരുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി തയ്യാറാക്കുന്ന പ്രോജക്ടുകൾക്കും സോഷ്യൽ മാപ്പ്, ഗുണഭോക്തൃ ലിസ്റ്റ്, എസ്റ്റിമേറ്റ് എന്നിവ ഉണ്ടായിരിക്കണം.

4. പട്ടികവിഭാഗ വിഹിതം റോഡുകളുടെ കാര്യത്തിൽ കോളനികളിലെ റോഡുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. സംസ്ഥാന പ്ലാനിംഗ് ബോർഡ് രൂപീകരിച്ച കോർ ഗ്രൂപ്പ് എസ്.സി.പി. പ്രവർത്തികളുടെ ചെലവുകൾ അവലോകനം ചെയ്യേണ്ടതാണ്.

5. സർക്കാർ നിശ്ചയിക്കുന്ന പരിധിക്ക് വിധേയമാക്കി മാത്രമേ പ്രത്യേക ഘടകവിഹിതം റോഡ് വികസന പരിപാടികൾക്ക് തുക വകയിരുത്താവൂ.

6. പട്ടികവിഭാഗ സങ്കേതങ്ങളിലേക്കും/ഊരുകളിലേക്കുമുള്ള റോഡുകളുടെ നിർമ്മാണത്തിന് ജനറൽ ഫണ്ട് വിനിയോഗിക്കേണ്ടതാണ്. സങ്കേതങ്ങളിലെ /ഊരുകളിനുള്ളിലെ റോഡുകൾക്ക് പ്രത്യേക ഘടകപദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്. പട്ടികവർഗ്ഗ ഊരുകളിലേക്കുള്ള റോഡുകളുടെ വീതി 1.50 മീറ്ററിൽ നിന്നും 3 മീറ്ററായി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ പ്രയോജനം പട്ടികവിഭാഗക്കാർക്കും മറ്റുള്ളവർക്കും ലഭിക്കുന്നുണ്ടെങ്കിൽ പട്ടികവർഗ്ഗ വികസനഫണ്ടിൽ നിന്നും ആനുപാതികമായി തുക ചെലവഴിക്കാവുന്നതാണ്.

- കൃഷിഭൂമിയില്ലാത്ത പട്ടികവിഭാഗക്കാർക്ക് പാട്ടകൃഷി ചെയ്യുന്നതിന് ധനസഹായം അനുവദനീയമാണ്.
- പട്ടികവിഭാഗത്തിൽപ്പെട്ട മെറിറ്റോറിയസ് ആയ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിക്കുന്നതിന് ധനസഹായം നൽകാം.
- പട്ടികവിഭാഗ യുവജനങ്ങൾക്ക് വിദേശത്തു ജോലി ലഭ്യമാക്കുന്നതിനുള്ള ധനസഹായം നൽകാവുന്നതാണ്.
- പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് വിനിയോഗിച്ച് ചെയ്യുന്ന കുടിവെള്ള വിതരണ പ്രോജക്ടുകൾക്ക് ഗുണഭോക്തൃവിഹിതം നിർബന്ധമില്ല.

- 10 ശതമാനമെങ്കിലും പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിൽ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് കുടുംബശ്രീ മുഖേന പ്രഭാതഭക്ഷണം പാചകം ചെയ്ത് നൽകാവുന്നതാണ്.
- ഐ.എ.വൈ. പദ്ധതി പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും ഭവനരഹിതർക്ക് വീടുകൾ അനുവദിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അപ്രകാരം ഐ.എ.വൈ. പദ്ധതിയിൽ പരമാവധി വീടുകൾ അനുവദിച്ച ശേഷവും ഭവനരഹിതർ അവശേഷിക്കുന്നുണ്ടെങ്കിൽ മാത്രം തദ്ദേശഭരണസ്ഥാപനങ്ങൾ വികസന ഫണ്ടിൽ നിന്നും വീടുകൾ അനുവദിച്ചാൽ മതിയാകും. ബന്ധപ്പെട്ട വകുപ്പു ഉദ്യോഗസ്ഥരിൽ നിന്ന് ഇത് സംബന്ധിച്ച സാക്ഷ്യപത്രം വാങ്ങി ഭവന നിർമ്മാണ പ്രോജക്ടുകൾക്കൊപ്പം സമർപ്പിക്കേണ്ടതാണ്.
- കുടുംബത്തിനു മാത്രമെ വീടിന് അർഹതയുള്ളൂ. കുടുംബമെന്നാൽ ഭർത്താവ്, ഭാര്യ, അച്ഛനമ്മമാർ, മക്കൾ എന്നിവരടങ്ങുന്നതാകുന്നു. ഭാര്യ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ ഭാര്യയുടെ പേരിലായിരിക്കണം വീട് അനുവദിക്കേണ്ടത്. അപേക്ഷ സമർപ്പിക്കേണ്ടതും ഭാര്യ ആയിരിക്കണം.
- ഭൂരഹിത ഭവനരഹിതർക്ക് വീട് ലഭ്യമാക്കുന്നതിനായിരിക്കണം ഏറ്റവും കൂടുതൽ മുൻഗണന നൽകേണ്ടത്.
- 2009 ൽ നടത്തിയ സർവേ പ്രകാരം ബി.പി.എൽ. കുടുംബമാണെന്നു സെക്രട്ടറിയും വാസയോഗ്യമായ വീടില്ല എന്ന് രണ്ട് ഉദ്യോഗസ്ഥരും സാക്ഷ്യപ്പെടുത്തിയവരിൽ നിന്നും മുൻഗണനാ ക്രമത്തിലായിരിക്കണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്. ഐ. എ.വൈ ഉൾപ്പെടെയുള്ള എല്ലാ ഭവന നിർമ്മാണ പദ്ധതികൾക്കും ഈ നിബന്ധന ബാധകമായിരിക്കുന്നതാണ്.
- ധനസഹായം ലഭിച്ച് നിർമ്മിച്ച വീടുകൾ 12 വർഷം വിൽക്കുവാനോ കൈമാറ്റം ചെയ്യുവാനോ പാടില്ല.
- 66 ച.മീറ്ററിൽ കൂടുതൽ തറ വിസ്തൃതിയുള്ള വീടുകൾ നിർമ്മിക്കാൻ ധനസഹായം നൽകാൻ പാടില്ല.
- ധനസഹായത്തോടെ ഒരു വീട് നിർമ്മിച്ചു കഴിഞ്ഞാൽ 12 വർഷത്തിനു മുൻപ് പുതിയ വീടിനോ 6 വർഷത്തിനു മുൻപ് വീട് റിപ്പയർ/പുനരുദ്ധാരണത്തിനോ ധനസഹായം നൽകാൻ പാടില്ല. 12/6 ന് ശേഷം മേൽപ്പറഞ്ഞ ധനസഹായം നൽകണമെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നും വാസയോഗ്യമായ വീടില്ല എന്നതിനു സർട്ടിഫിക്കറ്റ് നേടിയിരിക്കണം.
- നിലവിലുള്ള വീട് പുനരുദ്ധാരണം നടത്തി വാസയോഗ്യമാക്കാൻ കഴിയുന്നപക്ഷം ഒരിക്കലും പുതിയ വീടിന് വേണ്ടി ധനസഹായം നൽകാൻ പാടില്ല. എസ്റ്റിമേറ്റ് തയ്യാ

റാക്കിയതിന്റെ അടിസ്ഥാനത്തിൽ പുനരുദ്ധാരണത്തിനുള്ള ധനസഹായം മാത്രം നൽകേണ്ടതാണ്.

**പട്ടികവർഗ്ഗ ഉപപദ്ധതിയിലെ പരിചരണ സേവനങ്ങളുടെ പാക്കേജ് (പ്രാദേശിക പദ്ധതി രൂപീകരണ അദ്ധ്യായത്തിൽ)**

പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും കുറഞ്ഞത് 50% തുക പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ പട്ടികവർഗ്ഗക്കാരുടെ പരിചരണ സേവനങ്ങളുടെ പാക്കേജിന് വകയിരുത്തണമെന്ന് നിഷ്കർഷിക്കുന്നു. ഇതിന് അർഹരായ പട്ടികവർഗ്ഗ അഗതി കുടുംബങ്ങളെ ആശ്രയ പ്രോജക്ടിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡപ്രകാരം (മാർഗ്ഗരേഖ അനുബന്ധം 14 കാണുക.) കണ്ടെത്തേണ്ടതാണ്.

9

# ദാരിദ്ര്യലഘൂകരണം.

എന്താണ് ദാരിദ്ര്യാവസ്ഥ ?

മനുഷ്യന്റെ പ്രാഥമികവും അടിസ്ഥാനപരവുമായ ആവശ്യങ്ങൾ പോലും നിർവ്വഹിക്കാൻ കഴിയാതെ വരുന്ന അവസ്ഥയാണ് കേവല ദാരിദ്ര്യം. (Absolute proverty) ഭക്ഷണം, വസ്ത്രം, പാർപ്പിടം, കുടിവെള്ളം, ശുചിത്വം (Sanitation), പ്രാഥമിക ആരോഗ്യം (Primary Health), പ്രാഥമിക വിദ്യാഭ്യാസം തുടങ്ങിയവയെ പ്രാഥമിക ആവശ്യങ്ങളായി വിശേഷിപ്പിക്കാം. ഇത്തരം പ്രാഥമിക ആവശ്യങ്ങളുടെ ഇല്ലായ്മയും തൻമൂലമുണ്ടാകുന്ന സാമൂഹ്യ നീതിനിഷേധങ്ങളുടേയും ആകെത്തുകയാണ് ദാരിദ്ര്യം. ഈ അടിസ്ഥാന ഘടകങ്ങളെ നാലായി  തിരിക്കാം.

1. അടിസ്ഥാന ആവശ്യങ്ങൾ-ഭക്ഷണം, വസ്ത്രം, പാർപ്പിടം
2. അടിസ്ഥാന സൗകര്യങ്ങൾ-കുടിവെള്ളം, ശുചിത്വം, വൈദ്യുതി, മാലിന്യ നിർമ്മാർജ്ജനം, ഗതാഗതം.
3. അടിസ്ഥാന സേവനങ്ങൾ-ചികിത്സ, വിദ്യാഭ്യാസം, ബാങ്കിംഗ്, പൊതുവിതര സംവിധാനം.
4. അടിസ്ഥാന അവകാശങ്ങളുടെ നിഷേധം.-അടിമത്തം, ഉച്ചനീചത്വം, അവമതിപ്പ്, അവഗണന, ഒഴിവാക്കൽ, ഒറ്റപ്പെടുത്തൽ, അവജ്ഞ, സ്ത്രീ-പുരുഷ വിവേചനം.

ഈ നാല് അവസ്ഥകളെയും മറികടക്കുന്നതിനുള്ള പ്രവർത്തനമാണ് ദാരിദ്ര്യനിർമ്മാർജ്ജനം.മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ദാരിദ്ര്യനിർമ്മാർജ്ജനം ആനുകൂല്ല്യ വിതരണമല്ല.മറിച്ച് അവകാശങ്ങളും അവസരങ്ങളും നേടിയെടുക്കാനുള്ള കഴിവുകൾ ആർജിക്കുന്നതിന് പിൻതുണയും സാഹചര്യവും ലഭ്യമാക്കലാണ്.

**ദാരിദ്ര്യത്തിന്റെ പ്രത്യാഘാതങ്ങൾ**

- അന്തസ്സോടെയും സ്വാതന്ത്ര്യത്തോടെയും സമാധാനത്തോടെയും ജീവിക്കാനുള്ള മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടുക.
- മനുഷ്യ സമൂഹം ആർജിച്ച പുരോഗതിയുടെ ഗുണഫലങ്ങൾ അനുഭവിക്കുന്നതിനുള്ള അവസരം ലഭ്യമാക്കാതിരിക്കുക.

- സ്വന്തം പ്രദേശത്തിന്റെയും രാഷ്ട്രത്തിന്റെയും പുരോഗതിക്കും മതിപ്പിനും ഇടിവ് തട്ടുന്നു.
- ശൈശവ മരണങ്ങൾ, പട്ടിണി മരണങ്ങൾ, രോഗബാധ, പഠനശേഷികുറവ്, പോഷണ കുറവ്, അകാലമരണം, ആത്മഹത്യ, സ്ത്രീകൾക്കെതിരെയുള്ള വിവേചനം, കുട്ടികളുടെ ചൂഷണം, മദ്യാസക്തി, സാമൂഹ്യ അധഃപതനം എന്നിവ പെരുകുന്നു.

**നഗര ദാരിദ്ര്യ നിർമ്മാർജ്ജനം കേരളത്തിൽ**

നമ്മുടെ സംസ്ഥാനത്തെ നഗര ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ പ്രധാനമായും രണ്ട് ഏജൻസികൾ വഴിയാണ് നടപ്പിലാക്കി വരുന്നത്. (1)കുടുംബശ്രീ (2)തദ്ദേശഭരണ സ്ഥാപനങ്ങൾ. ഇത് കൂടാതെ ചില സർക്കാർ വകുപ്പുകൾ വഴി ചില പ്രത്യേക ദാരിദ്ര്യലഘൂകരണ പദ്ധതികൾ ചില പ്രത്യേക വിഭാഗങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.

**കുടുംബശ്രീ**

ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമാക്കികൊണ്ട് രൂപം കൊണ്ടതാണ് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ അഥവാ കുടുംബശ്രീ. സംസ്ഥാനസർക്കാർ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ളതാണ്. ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ഏകോപിപ്പിക്കുന്നതിനും, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിലുള്ള സാമൂഹ്യസംഘടനാ സംവിധാനമെന്ന നിലയിൽ സമീപിച്ചു കൊണ്ടുമാണ് സംസ്ഥാനസർക്കാർ കുടുംബശ്രീക്ക് രൂപം നൽകിയത്. ഇതോടെ പ്രത്യേകമായി രൂപീകരിച്ചിരുന്ന എല്ലാ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും കുടുംബശ്രീ മിഷനിൽ ലയിച്ചു.

സ്ത്രീശാക്തീകരണത്തിലൂടെ ദാരിദ്ര്യനിർമ്മാർജ്ജനം സാധ്യമാക്കുവാനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. സ്ത്രീകളെ സ്വയംസഹായ സംഘങ്ങളായി സംഘടിപ്പിച്ച് അവരിൽ സമ്പാദ്യശീലം വളർത്തുകയും സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും സ്വയംസംരംഭകരായി അവരെ വളർത്തിയെടുത്ത് അവരുടെ വരുമാനം വളർത്തി കുടുംബദാരിദ്ര്യം ഇല്ലാതാക്കുകയാണ് ഈ നൂതനശൈലി. സ്ത്രീകളിൽ അവകാശബോധം വളർത്താനും പ്രശ്നങ്ങൾ നേരിടാനും പരിഹരിക്കുവാനും അവരെ മാനസികമായും സാമൂഹികമായും സാമ്പത്തികമായും സജ്ജരാക്കുവാനും ഇതിലൂടെ സാധിക്കുന്നു. പുറമെ നിന്നുള്ള ആനുകൂല്ല്യങ്ങളുടെ നിഷ്ക്രിയ സ്വീകർത്താക്കൾക്ക് പകരം സ്വയം സഹായിക്കാനും മറ്റുള്ളവരെ സഹായിക്കുവാനും ഇതിലൂടെ ദാരിദ്ര്യനിർമ്മാർജ്ജനത്തിനും സാമൂഹിക വികസനത്തിനും നേതൃത്വം നൽകാൻ അവരെ പ്രാപ്തരാക്കുവാനും കുടുംബശ്രീ ലക്ഷ്യംവയ്ക്കുന്നു.

**ഉദ്ദേശലക്ഷ്യങ്ങൾ.**

1. ദരിദ്ര കുടുംബങ്ങളെ അവർ ഉൾപ്പെടുന്ന വിഭാഗത്തിന്റെ പങ്കാളിത്തത്തോടെ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തുക.

2. ദരിദ്ര കുടുംബങ്ങളെ പ്രതിനിധീകരിക്കുന്ന വനിതകളെ സംഘടനാ സംവിധാനത്തിലൂടെ ശക്തിപ്പെടുത്തുക.
3. മിതവ്യയ സമ്പാദ്യശീലം വളർത്തുക.
4. ദരിദ്രരുടെ ആവശ്യങ്ങൾക്ക് വായ്പാസഹായത്തിനുതകും വിധം അയൽക്കൂട്ട/സി.ഡി.എസ്. സംവിധാനങ്ങളെ അനൗപചാരിക ബാങ്കുകളായി സജ്ജമാക്കുക.
5. വിദഗ്ദ്ധ പരിശീലനവും സാമ്പത്തിക പിന്തുണയും നൽകി ദരിദ്രവനിതകളെ സ്വയം സംരംഭകരാക്കുക വഴി അവരുടെ സാമ്പത്തിക സ്ഥിതിയും ജീവിതനിലവാരവും മെച്ചപ്പെടുത്തുക.
6. ദരിദ്രർക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുക.
7. മെച്ചപ്പെട്ട ആരോഗ്യം, പോഷണം, പ്രാഥമിക വിദ്യാഭ്യാസം എന്നിവ ദരിദ്രവിഭാഗങ്ങൾക്ക് ലഭ്യമാക്കുക.
8. പാവപ്പെട്ട വനിതകളെ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ പങ്കാളികളാക്കുക.

**സംഘടനയുടെ ശക്തി.**

അയൽക്കൂട്ടം, ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റി (എ.ഡി.എസ്.), കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി (സി.ഡി.എസ്.) എന്നിവ ഉൾപ്പെടുന്ന ത്രിതല സംഘടനാ സംവിധാനത്തിലൂടെ ദരിദ്രവിഭാഗങ്ങളിൽപ്പെടുന്ന വനിതകളെ സംഘടിപ്പിച്ച് അവരിൽ അവകാശബോധവും പ്രതികരണശേഷിയും നേതൃത്വപാടവും വളർത്തി ശക്തരാക്കുക എന്നതാണ് കുടുംബശ്രീയുടെ ലക്ഷ്യം.

**അയൽക്കൂട്ടം**

കുടുംബശ്രീ ത്രിതല സംഘടനാസംവിധാനത്തിലെ പ്രാഥമികതലമാണ് അയൽക്കൂട്ടം. ഒരു കുടുംബത്തിൽ നിന്ന് ഒന്ന് എന്ന നിലയിൽ 18 വയസ്സ് പൂർത്തിയായ 10 മുതൽ 20 വരെ വനിതാ അംഗങ്ങളുടെ കൂട്ടായ്മയാണിത്. ഇത്തരത്തിൽ കേരളത്തിലുടനീളം ഗ്രാമ നഗര ദരിദ്ര-ധനിക വ്യത്യാസമില്ലാതെ രൂപീകരിക്കപ്പെട്ട സ്ത്രീകളുടെ ഏറ്റവും വലിയ പ്രസ്ഥാനമാണിന്ന് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ. അയൽക്കൂട്ടത്തിന്റെ പ്രതിവാര യോഗങ്ങളും ജനാധിപത്യരീതിയിൽ തീരുമാനമെടുക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന രീതിയും സ്ത്രീശാക്തീകരണത്തെ സഹായിക്കുന്നു. വീടിന്റെ നാല് ചുവരുകൾക്കുള്ളിൽ കഴിഞ്ഞിരുന്ന സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാൻ ഇത് സഹായിച്ചിട്ടുണ്ട്. പ്രതിവാരയോഗങ്ങളിലൂടെ പ്രശ്നങ്ങൾ പരസ്പരം മനസ്സിലാക്കുവാനും അവ പരിഹരിക്കുന്നതിനാവശ്യമായ നേതൃത്വപാടവം കൈവരിക്കുവാനും അവർക്ക് സാധിച്ചിരിക്കുന്നു.

അയൽക്കൂട്ടത്തിന് ഒരു പൊതുസഭയും ഭരണസമിതിയുമുണ്ട്. ഒരു അയൽക്കൂട്ടത്തിലെ എല്ലാ അംഗങ്ങളും അടങ്ങുന്നതാണ് അയൽക്കൂട്ട പോതുസഭ. പൊതുസഭയിൽ നിന്നും

തെരഞ്ഞെടുക്കപ്പെടുന്ന അഞ്ച് അംഗങ്ങൾ ഉൾപ്പെടുന്നതാണ് അയൽക്കൂട്ടത്തിന്റെ ഭരണ സമിതി. പ്രസിഡന്റ്, സെക്രട്ടറി, വരുമാനദായക വോളന്റിയർ, ആരോഗ്യ വിദ്യാഭ്യാസ വോളന്റിയർ, അടിസ്ഥാന വികസന വോളന്റിയർ എന്നിവരാണ് ഭരണസമിതിയുടെ ഔദ്യോഗിക ഭാരവാഹികൾ.

**ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റി (എ.ഡി.എസ്).**

ഒരു വാർഡിലെ എല്ലാ അയൽക്കൂട്ടങ്ങളിലെയും തെരഞ്ഞെടുക്കപ്പെടുന്ന 5 അംഗ ഭരണ സമിതിയാണ് എ.ഡി.എസ്സിന്റെ പൊതുസഭ.ഒരു വാർഡ് പ്രദേശത്ത് 2 അയൽക്കൂട്ടങ്ങൾ എങ്കിലും (ബി.പി.എൽ അംഗങ്ങൾ ഉൾപ്പെടുന്ന അയൽക്കൂട്ടങ്ങൾ) നിലവിലുണ്ടെങ്കിൽ എ.ഡി.എസ്. രൂപീകരിക്കാവുന്നതാണ്.

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ പ്രധാനപ്പെട്ട തലമാണ് എ.ഡി.എസ്. അയൽക്കൂട്ടങ്ങളെ പരസ്പരം ബന്ധിപ്പിച്ച് നിർത്തുന്ന ശക്തമായ ചുമതലയാണ് എ.ഡി.എസ്. നിർവ്വഹിക്കുന്നത്. അയൽക്കൂട്ടങ്ങളുടെയും സി.ഡി.എസ്സിന്റെയും സ്ത്രീശാക്തീകരണ പ്രാദേശിക സാമ്പത്തിക വികസന-ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു നിർത്തുന്ന പ്രധാനപങ്കും എ.ഡി.എസ് നിർവ്വഹിക്കുന്നു. അത് കൊണ്ടു തന്നെ എ.ഡി.എസ്സിന് പ്രത്യേക പ്രസക്തിയുണ്ട്. ഇതോടൊപ്പം അതാത് എ.ഡി.എസ്സിന്റെ പ്രവർത്തന പരിധിയിലുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ കണ്ടെത്തി അവരെ അയൽക്കൂട്ടങ്ങളുമായി ബന്ധിപ്പിക്കുകയും അവരെ സാമ്പത്തികമായി വളർത്തിയെടുക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു. ഈ പ്രവർത്തനങ്ങൾ വഴി വാർഡ് പ്രദേശത്ത് മെച്ചപ്പെട്ട ഒരു വനിതാ നേതൃനിര വളർന്നുവരുന്നു.

എ.ഡി.എസ് പൊതുസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഏഴംഗങ്ങളാണ് എ.ഡി.എസ്. ഭരണസമിതി. ഇവരിൽ നിന്നും ചെയർപേഴ്സൺ,വൈസ് ചെയർപേഴ്സൺ,സെക്രട്ടറി എന്നീ മൂന്ന് ഔദ്യോഗിക ഭാരവാഹികളെ തെരഞ്ഞെടുക്കുന്നു.

**കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി (സി.ഡി.എസ്).**

ഗ്രാമപഞ്ചായത്ത്-നഗരസഭ തലത്തിലെ കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ത്രിതീയ (അപെക്സ്)തലമാണ് സി.ഡി.എസ്. കുടുംബശ്രീയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളായ സാമ്പത്തിക ശാക്തീകരണം, സാമൂഹിക ശാക്തീകരണം, സ്ത്രീ ശാക്തീകരണം എന്നിവ സാക്ഷാത്കരിക്കുന്നതിന് അയൽക്കൂട്ടങ്ങൾക്കും, എ.ഡി.എസുകൾക്കും നേതൃത്വം നൽകുന്ന സുപ്രധാന ചുമതല സി.ഡി.എസ്. നിർവ്വഹിക്കുന്നു. ജനസംഖ്യ കൂടുതൽ ഉള്ള നഗരസഭകളിൽ ഒന്നിലധികം സി.ഡി.എസ്. രൂപീകരിക്കും.

**ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

1. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റികൾ, കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി എന്നീ ത്രിതല സാമൂഹ്യാധിഷ്ഠിത സംഘടനാസംവി

ധാനത്തിലൂടെ സ്ത്രീ ശാക്തീകരണത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും വേണ്ടി പ്രവർത്തിക്കുക.

2. നഗരസഭാ തദ്ദേശഭരണ പ്രദേശത്ത് പ്രവർത്തിക്കുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെയും (എൻ.എച്ച്.ജി) ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റികളുടെയും (എ.ഡി.എസ്.) ഏകോപനവും വ്യാപനവും മോണിറ്ററിംഗ് നടത്തുക.

3. കുടുംബശ്രീ അയൽക്കൂട്ട കുടുംബങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവും മാനസികവുമായ പുരോഗതിക്കായി ഒരു അപ്പക്സ് സന്നദ്ധ സംഘടനയായി പ്രവർത്തിക്കുക.

4. പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് തുടങ്ങിയ പ്രവർത്തനങ്ങളിൽ കമ്മ്യൂണിറ്റി മോണിറ്ററിംഗ് ഏജൻസിയായി പ്രവർത്തിക്കുക.

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും സദ്ഭരണത്തിനും വേണ്ടി നടക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുക.

6. പ്രാദേശിക ആസൂത്രണം ശക്തിപ്പെടുത്താനും, ഗുണനിലവാരം ഉയർത്തുന്നതിനുമായി നടക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുക.

7. പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യനിർമ്മാർജ്ജനം, വനിതാ ഘടക പദ്ധതി, സ്ത്രീ ശാക്തീകരണം, സദ്ഭരണം തുടങ്ങിയ രംഗങ്ങളിലെ വികസനാസൂത്രണത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കുക.

8. തദ്ദേശസ്വയം ഭരണ സർക്കാർ ഏൽപ്പിക്കുന്ന ജീവനോപാധികൾ (livelihood) ആർജ്ജിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള പ്രാദേശിക വികസന പ്രവർത്തനങ്ങളും വിശിഷ്യാ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും വനിതാ ക്ഷേമപദ്ധതികളും ഫലപ്രദമായി ആവിഷ്ക്കരിച്ചു നടപ്പാക്കുക.

9. അയൽക്കൂട്ട തലത്തിൽ മിതവ്യയ സമ്പാദ്യ/വായ്പാ പരിപാടികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് നേതൃത്വം നൽകുക.

10. സി.ഡി.എസ് പ്രതിനിധാനം ചെയ്യുന്ന ഭൂപ്രദേശത്തിന്റെ പോതുവേയും അയൽക്കൂട്ട കുടുംബങ്ങളുടെ പ്രത്യേകിച്ചുമുള്ള സ്വാശ്രയത്വത്തിന് ഉതകുന്ന തരത്തിൽ സാമൂഹിക സാമ്പത്തിക സൗകര്യങ്ങൾ പ്രാപ്തമാക്കുന്നതിനുള്ള സർക്കാർ വകുപ്പുകൾ, അംഗീകൃത സ്ഥാപനങ്ങൾ, സർക്കാർ വികസന ഏജൻസികൾ, ധനകാര്യ സ്ഥാപനങ്ങൾ മുതലായവയുമായി അയൽക്കൂട്ടങ്ങളെ ബന്ധപ്പെടുത്തുകയും സഹകരണ സ്ഥാപനങ്ങളുടെ ഓഹരികൾ വാങ്ങുന്നതിനും നിക്ഷേപങ്ങൾ നടത്തുന്നതിനും വായ്പയെടുക്കുന്നതിനും സഹായിക്കുകയും ചെയ്യുക.

11. അയൽക്കൂട്ടാംഗങ്ങളെ സ്വയം തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിനും, പ്രവർത്തിപ്പിക്കുന്നതിനും പ്രോത്സാഹനവും സഹായവും നൽകുക.

12. സാമൂഹിക സാമ്പത്തിക ശാക്തീകരണത്തിന് ഉതകുന്ന തരത്തിൽ ആശയപരവും സാങ്കേതികവുമായ പരിശീലനങ്ങൾ അംഗകുടുംബങ്ങൾക്ക് നൽകുക.
13. പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉതകുന്ന പ്രവർത്തനങ്ങൾ നേരിട്ട് ഏറ്റെടുത്ത് പ്രായോഗികമാക്കുക.
14. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പാർശ്വവൽകരിക്കപ്പെട്ട ജനവിഭാഗങ്ങൾ, കുട്ടികൾ തുടങ്ങിയവരുടെ അവകാശങ്ങളും സാമൂഹികനീതിയും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

**സി.ഡി.എസ്. ഘടന.**

- സി.ഡി.എസ്. പൊതുസഭ (ജനറൽ ബോഡി)

സി.ഡി.എസ്. പരിധിയിലുള്ള എല്ലാ ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റി (എ.ഡി.എസ്.) കളിലേയും എല്ലാ ഭരണസമിതി അംഗങ്ങളും.

- സി.ഡി.എസ്. ഭരണ സമിതി.
- സി.ഡി.എസ്. ഭരണ സമിതി അംഗങ്ങളുടെ എണ്ണം എ.ഡി.എസ്സുകളുടെ എണ്ണത്തിന് തുല്ല്യമായിരിക്കും.
- സി.ഡി.എസ് ഭരണ സമിതിയിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നീ ഔദ്യോഗിക ഭാരവാഹികളെ കൂടാതെ അഞ്ചിൽ കവിയാത്ത വനിതാ ജനപ്രതിനിധികൾ, രണ്ട് മുൻ സി.ഡി.എസ്. ഭാരവാഹികൾ എന്നിവർ എക്സ് ഒഫീഷ്യോ അംഗങ്ങളായി ഉൾപ്പെടുന്നതായിരിക്കും ഭരണസമിതി.

**കുടുംബശ്രീയും സാമ്പത്തിക ശാക്തീകരണവും.**

*മൈക്രോ ഫൈനാൻസ്/ത്രിഫ്റ്റ് ആന്റ് ക്രെഡിറ്റ്.*

കുടുംബശ്രീ സംവിധാനത്തിന്റെ അടിത്തറയാണ് ലഘുസമ്പാദ്യ വായ്പാ പ്രവർത്തനം. അയൽക്കൂട്ടത്തിന്റെ സജീവതയും സുസ്ഥിരതയും ലഘുസമ്പാദ്യ വായ്പാപ്രവർത്തനത്തിന്റെ കൃത്യതയെ അടിസ്ഥാനമാക്കിയാണ്. സാമ്പത്തിക ശാക്തീകരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടഘടകമായി കുടുംബശ്രീ മൈക്രോ ഫൈനാൻസിനെ കാണുന്നു. മൈക്രോ ഫൈനാൻസ് പ്രവർത്തനം വഴി പാവപ്പെട്ടവർക്കിടയിൽ സമ്പാദ്യം വളർത്തുന്നതിനും ഇങ്ങനെ ചെറിയ സമ്പാദ്യങ്ങൾ ഒരുമിച്ചു കൂട്ടി വലിയ സമ്പാദ്യം (Community Capital) സ്വരൂപിക്കാനും സഹായിക്കുന്നു.

**കുടുംബശ്രീയുടെ മൈക്രോ ഫൈനാൻസ് മേഖലയിലുള്ള പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ**

*ലഘുസമ്പാദ്യത്തിലൂടെ അനൗപചാരിക ബാങ്കിംഗിലേയ്ക്ക്.*

ദരിദ്രകുടുംബങ്ങളിലെ വനിതകൾ അയൽക്കൂട്ടങ്ങളിലൂടെ സംഘടിതരാകുന്നതോടൊപ്പം സാമ്പത്തിക സ്വാശ്രയത്വം നേടുന്നതിന് ഉതകുന്ന തരത്തിൽ അയൽക്കൂട്ടങ്ങൾ സ്വയംസ

ഹായസംഘങ്ങളായും പ്രവർത്തിക്കുന്നു. ഓരോ കുടുംബവും അവരുടെ നിത്യനിദാന ചെലവുകളിൽ കുറവു വരുത്തി കണ്ടെത്തുന്ന മിച്ചം തുക അയൽക്കൂട്ടങ്ങളിൽ നിക്ഷേപിക്കുന്നു. ഈ തുക തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ അയൽക്കൂട്ടത്തിന്റെ അക്കൗണ്ടിൽ ബാങ്കിൽ നിക്ഷേപിക്കുന്നു. അയൽക്കൂട്ടാംഗങ്ങളുടെ വായ്പ അപേക്ഷയുടെ മുൻഗണന പ്രകാരം യോഗ തീരുമാനമനുസരിച്ച് അക്കൗണ്ടിൽ നിന്ന് പിൻവലിച്ച് അംഗങ്ങൾക്ക് വായ്പയായി നൽകുന്നു. ഈ വായ്പാ തുക നിശ്ചിത കാലാവധിക്കുള്ളിൽ അയൽക്കൂട്ട യോഗങ്ങളിൽ വെച്ച് അംഗങ്ങൾ തിരിച്ചടയ്ക്കുന്നു.അയൽക്കൂട്ടങ്ങളിൽ ആരംഭിക്കുന്ന നിക്ഷേപ വായ്പാ സംവിധാനത്തിലൂടെ ഏറ്റവും പാവപ്പെട്ടവർക്കുപോലും കൊച്ചുകൊച്ചു തുകകൾ സമ്പാദിക്കാൻ കഴിയും. ഈ തുകകൾ ഒന്നിച്ചു ചേർത്താൽ ലഭ്യമാകുന്ന വലിയ തുക ദരിദ്രരുടെ ആവശ്യങ്ങൾക്ക് വേഗത്തിൽ ലഭ്യമാകുന്നു. ദരിദ്രരുടെ ആവശ്യങ്ങളെ പ്രധാനമായും നാലായി തരംതിരിക്കാം.

ഉപഭോഗാവശ്യങ്ങൾ (Consumption needs) അടിയന്തിരാവശ്യങ്ങൾ(Contingency needs) ആഘോഷാവശ്യങ്ങൾ (Festival needs) വരുമാനദായക പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ (Income Generation Activity Needs) ഇത്തരത്തിലുള്ള ദരിദ്രരുടെ -കൊച്ചു കൊച്ചു ആവശ്യങ്ങൾക്ക് സ്വകാര്യപണമിടപാടുകാരെ ആശ്രയിക്കാതെ വായ്പാ സൗകര്യം ലഭ്യമാക്കുകയെന്നതാണ് ഈ ലഘു നിക്ഷേപ വായ്പാ സംഘങ്ങളിലൂടെ ഉദ്ദേശിക്കുന്നത്.

കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ ഉൾപ്പെട്ടിട്ടുള്ള അയൽക്കൂട്ടാംഗങ്ങളിൽ നിന്നും 1118.93 കോടി രൂപ നിക്ഷേപമായി സമാഹരിക്കുന്നതിനും അതിൽ നിന്നും 2848.39 കോടി രൂപ അംഗങ്ങൾക്ക് വായ്പയായി ലഭ്യമാക്കുന്നതിനും സാധിച്ചു.

**ലിങ്കേജ് ബാങ്കിംഗ്**

അയൽക്കൂട്ട പ്രവർത്തനങ്ങളുടെ കാര്യക്ഷമതയുടെ ഫലപ്രദമായ ഒരു സൂചകമാണ് ലിങ്കേജ് ബാങ്കിംഗ്. കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം സസൂക്ഷ്മം നിരീക്ഷിക്കുന്ന ബാങ്കുകൾ ഈ യൂണിറ്റുകൾക്ക് ധനസഹായം ലഭ്യമാക്കുന്നു എന്നതാണ് ലിങ്കേജ് ബാങ്കിംഗ് പ്രവർത്തനത്തിന്റെ അന്ത:സത്ത. നബാർഡ് ആവിഷ്ക്കരിച്ച ലിങ്കേജ് ബാങ്കിംഗ് പദ്ധതി പ്രകാരം ആരംഭിച്ച് ആറു മാസം കഴിഞ്ഞതും നല്ലനിലയിൽ പ്രവർത്തിക്കുന്നതുമായ അയൽക്കൂട്ടങ്ങൾക്ക് അവയുടെ സമ്പാദ്യത്തിന് ആനുപാതികമായി (സമ്പാദ്യത്തിന്റെ ആറ് ഇരട്ടി വരെ) ബാങ്കുകൾ വായ്പ ലഭ്യമാക്കുന്നതാണ്. ഇതിലേക്കാവശ്യമായ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ബാങ്കുകൾ വിലയിരുത്തുകയും (ഗ്രേഡിംഗ്) അതിന്റെ അടിസ്ഥാനത്തിൽ വായ്പ ലഭ്യമാക്കുകയാണ് ചെയ്യുന്നത്. അയൽക്കൂട്ടാംഗങ്ങളുടെ ഏതാവശ്യങ്ങൾക്കും ഈ തുക വിനിയോഗിക്കാവുന്നതാണ്.

**എങ്ങനെയാണ് ബാങ്കുമായി ലിങ്ക് ചെയ്യുന്നത് (ഗ്രേഡിംഗ്)**

ബാങ്കുകൾ അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിനു മുമ്പ് അവയുടെ പ്രവർത്തനം വിലയിരുത്തുന്നു. അതിനെ ഗ്രേഡിംഗ് എന്നു പറയുന്നു. ഗ്രേഡിംഗിനായി ബാങ്കുകൾ ഉപയോഗിക്കുന്ന പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

- അയൽക്കൂട്ടത്തിലെ അംഗസംഖ്യ
- അയൽക്കൂട്ട യോഗം ചേരുന്നതിലെ കൃത്യത(എല്ലാ ആഴ്ചയിലും).
- അയൽക്കൂട്ടയോഗത്തിലെ ഹാജർ.
- തീരുമാനമെടുക്കുന്നതിലെ കൂട്ടായ്മ.
- അയൽക്കൂട്ടത്തിന് സമാഹരിക്കാൻ കഴിയുന്ന ലഘുസമ്പാദ്യം.
- ഇതിൽ നിന്നും ലഭ്യമാകുന്ന ലഘുവായ്പ.
- വായ്പയുടെ തിരിച്ചടവിലെ കൃത്യത.
- പലിശനിരക്ക്.
- ഓരോ അംഗത്തിന്റേയും സമ്പാദ്യവും വായ്പയും.
- അംഗങ്ങളുടെ വിദ്യാഭ്യാസനിലവാരം.
- ബാങ്കിംഗ് നടപടികളുടെ അറിവ്.
- അയൽക്കൂട്ടരേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലെ കൃത്യത.

**കുടുംബശ്രീ പിന്തുണകൾ**

**മാച്ചിംഗ് ഗ്രാന്റ്:-**

ലഘു സമ്പാദ്യം പ്രോത്സാഹിപ്പിക്കുന്നതിനും ബാങ്ക് ലിങ്കേജ് വായ്പാ സൗകര്യം പ്രയോജനപ്പെടുത്തുന്നതിനും അയൽക്കൂട്ടങ്ങൾക്ക് പ്രോത്സാഹനമായി മാച്ചിംഗ്ഗ്രാന്റ് കടുംബശ്രീയിൽ നിന്നും ലഭിക്കുന്നു. ലിങ്കേജ് വായ്പ ലഭിച്ച അയൽക്കൂട്ടങ്ങളുടെ സാന്നിദ്ധ്യത്തിൽ 10% പരമാവധി 5000 രൂപ മാച്ചിംഗ് ഗ്രാന്റിൽ ലഭിക്കുന്നു. പ്രവർത്തനം ആരംഭിച്ച് 6 മാസം കഴിഞ്ഞതും നബാർഡിന്റെ എസ്.എച്ച്.ജി. ഗ്രേഡിംഗ് നടപടികൾ മുഖേന ഗ്രേഡിംഗ് പാസായി ലിങ്കേജ് വായ്പ ലഭിച്ച അയൽക്കൂട്ടങ്ങൾക്കാണ് മാച്ചിംഗ് ഗ്രാന്റ് ലഭിക്കുന്നത്. 50 ശതമാനമോ അതിൽ കൂടുതലോ എസ്.സി./എസ്.ടി. അംഗങ്ങൾ ഉള്ള അയൽക്കൂട്ടങ്ങൾക്ക് ഗ്രേഡിംഗിൽ 80% മാർക്ക് ലഭ്യമായാൽ ലിങ്കേജ് വായ്പയുടെ അഭാവത്തിലും മാച്ചിംഗ് ഗ്രാന്റ് ലഭിക്കുന്നതാണ്.

**പലിശ സബ്സിഡി:-**

ബാങ്ക് ലിങ്കേജ് വായ്പയെടുക്കാൻ സന്നദ്ധരായി മുന്നോട്ടു വരുന്ന അയൽക്കൂട്ടങ്ങളും ബാങ്ക് ലിങ്കേജ് വായ്പയുടെ പലിശനിരക്ക് അറിയുമ്പോൾ തങ്ങൾക്ക് വായ്പ എടുത്താൽ തിരിച്ചടയ്ക്കാൻ സാധിക്കാതെ വരുമോ എന്ന ഭയം മൂലം ലിങ്കേജ് വായ്പയെടുക്കുവാൻ മടിക്കുന്നു. നിലവിൽ 10% മുതൽ 15% വരെ പലിശയാണ് വിവിധ ബാങ്കുകൾ ലിങ്കേജ് വായ്പയ്ക്ക് ഈടാക്കുന്നത്. ഇതിന് പരിഹാരമെന്ന നിലയിലാണ് പലിശ സബ്സിഡി ഒരു സഹായമായി കുടുംബശ്രീമിഷൻ ലഭ്യമാക്കുന്നത്. പലിശ സബ്സിഡി സ്കീം പ്രകാരം വായ്പയുടെ പലിശനിരക്ക് 9% ആയി നിജപ്പെടുത്തിയിരിക്കുന്നു. 9% പലിശയ്ക്ക് ബാങ്കു

കൾ നൽകുന്ന വായ്പയ്ക്ക് 5% നിരക്കിൽ സബ്സിഡി നൽകും. ഫലത്തിൽ അയൽക്കൂട്ട ങ്ങൾക്ക് 4% പലിശയ്ക്ക് ബാങ്ക് ലിങ്കേജ് വായ്പ ലഭിക്കും. പലിശ സബ്സിഡി പ്രകാരം അയൽക്കൂട്ടങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ ലിങ്കേജ് ലോൺ എടുക്കാം. അയൽക്കൂട്ടങ്ങൾക്ക് ആവശ്യമെങ്കിൽ 1 ലക്ഷം രൂപയിൽ കൂടുതൽ വായ്പ എടുക്കാവുന്നതാണ്. എന്നാൽ 1 ലക്ഷം രൂപ വരെയുള്ള വായ്പ തുകയ്ക്ക് മാത്രമേ പലിശ സബ്സിഡി ലഭിക്കുകയുള്ളൂ.

**മൈക്രോ സംരംഭങ്ങൾ**

**കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ**

അയൽക്കൂട്ട കുടുംബാംഗങ്ങളുടെ അഭിരുചി, കഴിവ്, താത്പര്യം തുടങ്ങിയ അടിസ്ഥാന വരുമാനങ്ങളെ ആശ്രയിച്ച് വരുമാനദായക പ്രവർത്തനങ്ങൾ ആരംഭിക്കുന്ന അംഗങ്ങൾക്ക് പ്രോത്സാഹനവും പരിശീലനവും സാമ്പത്തികസഹായവും കുടുംബശ്രീയിൽ നിന്നും നൽകുന്നു. ഉത്പാദന മേഖലയിലും സേവന മേഖലയിലുമായി ധാരാളം അംഗങ്ങൾക്ക് വരുമാനമുണ്ടാക്കാൻ ഈ പദ്ധതി സഹായകരമായിട്ടുണ്ട്.

**മൈക്രോ സംരംഭങ്ങളുടെ സവിശേഷതകൾ**

- 5000 രൂപ മുതൽ 2,50,000 രൂപ വരെ മുടക്കു മുതൽ
- വ്യക്തിഗതമായോ, ഗ്രൂപ്പായോ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽപ്പെട്ടവർ
- സംരംഭകർക്ക്/സംരംഭകയ്ക്ക് എല്ലാ ചെലവുകളും കഴിഞ്ഞ് പ്രതിമാസ 1,500/- രൂപ എങ്കിലും അധിക വരുമാനം ലഭിക്കണം.
- പ്രതിവർഷം ഒരു ലക്ഷം രൂപ മുതൽ 5 ലക്ഷം രൂപ വരെ വിറ്റുവരവ് ലക്ഷ്യമിടുന്നു.
- ഉടമ-മാനേജർ-തൊഴിലാളി എന്നിവർ ഒന്നു തന്നെ ആയിരിക്കും.

**വിവിധ മൈക്രോ സംരംഭ പദ്ധതികൾ**

1. ഗ്രാമീണ ചെറുകിട സൂക്ഷ്മ സംരംഭ പദ്ധതി (ആർ.എം.ഇ.)

55 വയസ്സിനു താഴെയുള്ള സ്ത്രീകൾ വ്യക്തിഗതമായോ സംഘം ചേർന്നോ ആരംഭി ക്കുന്ന സംരംഭങ്ങളാണ് ആർ.എം.ഇ.

ഈ പദ്ധതിയിൽ ഉൾപ്പെടുന്ന അംഗങ്ങൾക്ക് വിദ്യാഭ്യാസ യോഗ്യത പ്രത്യേകമായി പരാമർശിക്കുന്നില്ല. എന്നാൽ കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ നേരിട്ട് അംഗത്വമുള്ളവരാ യിരിക്കണം.

**മാനദണ്ഡങ്ങൾ.**

- 18 നും 55 നും ഇടയ്ക്ക് പ്രായം.
- അയൽക്കൂട്ട കുടുംബത്തിലെ സ്ത്രീകൾ മാത്രം.
- വിദ്യാഭ്യാസ യോഗ്യത ബാധകമല്ല.
- വ്യക്തിഗതമോ ഗ്രൂപ്പോ ആകാം.

2. യുവശ്രീ പദ്ധതി

അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് 50,000 തൊഴിൽ അവസരങ്ങൾ സഷ്ടിക്കുക യെന്ന ഉദ്ദേശത്തോടു കൂടി ആവിഷ്ക്കരിച്ച പദ്ധതിയാണിത്. കുടുംബശ്രീയിലെ മറ്റു ചെറുകിട സൂക്ഷ്മ സംരംഭങ്ങളെപ്പോലെ തന്നെയാണ് സബ്സിഡിയും മറ്റ് ആനുകൂല്ല്യങ്ങളും.

സ്ത്രീകൾക്ക് മാത്രമോ പുരുഷൻമാർക്ക് മാത്രമോ പുരുഷൻമാരും സ്ത്രീകളും കൂടി ചേർന്നോ യൂണിറ്റുകൾ ആരംഭിക്കാം. പുരുഷൻമാർ നേരിട്ട് അയൽക്കൂട്ടത്തിൽ ഇല്ലെങ്കിലും അവരുടെ കുടുംബാംഗങ്ങൾ അയൽക്കൂട്ടത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

- 18 നും 55 നും ഇടയ്ക്ക് പ്രായം.
- അയൽക്കൂട്ട കുടുംബാംഗങ്ങൾ (സ്ത്രീ/പുരുഷൻ/മിക്സഡ് ഗ്രൂപ്പ്)
- പത്താംതരം പഠിച്ചിരിക്കണം
- വ്യക്തിഗതമോ ഗ്രൂപ്പോ ആകാം.

**എസ്.ജെ.എസ്.ആർ.വൈ.**

നഗരദരിദ്രർക്ക് സ്വയം തൊഴിലിലൂടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യം വെച്ചു കൊണ്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് എസ്.ജെ.എസ്.ആർ.വൈ. എസ്.ജെ.എസ്.ആർ. വൈ ഫണ്ടിന്റെ 75% കേന്ദ്രവിഹിതവും 25% സംസ്ഥാന വിഹിതവുമാണ്.

നഗരങ്ങളിലെ പാവപ്പെട്ടവരുടെ എണ്ണം, പട്ടികജാതി ജനസംഖ്യ എന്നിവയ്ക്ക് ആനുപാതികമായിട്ടാണ് കേന്ദ്ര സംസ്ഥാന സർക്കാറുകൾക്ക് ഫണ്ട് അനുവദിക്കുക. ഓരോ വർഷവും സംസ്ഥാന സർക്കാറിന് ലഭിക്കുന്ന ഫണ്ട് നഗരസഭയിലെ പാവപ്പെട്ടവരുടെ എണ്ണം, പട്ടികജാതി ജനസംഖ്യ എന്നിവയ്ക്ക് ആനുപാതികമായിട്ടാണ് നഗരസഭകൾക്ക് വിതരണം ചെയ്യുക.

**എസ്.ജെ.എസ്.ആർ.വൈ. വിവിധ ഘടകങ്ങൾ**

**1. അർബൻ സെൽഫ് എംപ്ലോയ്മെന്റ് പ്രോഗ്രാം (യു.എസ്.ഇ.പി.)**

- കഴിഞ്ഞ 3 വർഷങ്ങളായി നഗരപ്രദേശത്ത് താമസിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ
- ഗുണഭോക്താക്കൾ ഏറ്റവും കുറഞ്ഞത് 18 വയസ് പ്രായപൂർത്തിയായിരിക്കേണ്ടതാണ്. ഉയർന്ന പ്രായപരിധിയില്ല.
- വ്യക്തിഗത പ്രോജക്ടുകൾക്കുള്ള പരമാവധി തുക 2 ലക്ഷമാണ്. സബ്സിഡി തുക പദ്ധതിയുടെ 25 ശതമാനമോ 50000 രൂപയോ ഏതാണ് കുറവ് അതായിരിക്കും
- പദ്ധതിയുടെ 5 ശതമാനം തുക ഗുണഭോക്തൃവിഹിതമായി സ്വരൂപിക്കേണ്ടതാണ്. പദ്ധതിയിൽ സ്വരൂപിക്കുന്ന ആസ്തി ബാങ്കിൽ പണയപ്പെടുത്തി ലോൺ ലഭ്യമാക്കാവുന്നതാണ്.

- കൊളാറ്ററൽ സെക്യൂരിറ്റിയുടെ ആവശ്യമില്ല. തിരിച്ചടവ് കാലാവധി കുറഞ്ഞത് 3 വർഷവും കൂടിയത് 7 വർഷവും ആയിരിക്കും.
- തിരിച്ചടവ് കാലാവധി വായ്പയെടുക്കുന്ന തിയതി മുതൽ 6 മാസത്തിനു ശേഷം മുതൽ ആരംഭിക്കുന്നതായിരിക്കും.

**2. അർബൻ വിമെൺ സെൽഫ് ഹെൽപ്പ് പ്രോഗ്രാം (യു.ഡബ്ല്യു.എസ്.പി.)**

- നഗരപ്രദേശത്ത് താമസിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ 18 വയസ്സിനു മുകളിലുള്ള വനിതകളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ
- ഉയർന്ന പ്രായപരിധിയില്ല.
- ധനകാര്യസ്ഥാപനങ്ങളിൽ കുടിശ്ശികയുള്ള വ്യക്തികൾക്ക് ഇത്തരം കുടിശിക നില നിൽക്കുന്നിടത്തോളം കാലം ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല.
- ഒരു ഗ്രൂപ്പിൽ ഏറ്റവും കുറഞ്ഞത് 5 അംഗങ്ങൾ ഉണ്ടായിരിക്കണം.
- ഏറ്റെടുക്കാവുന്ന പ്രോജക്ട് തുകയ്ക്ക് ഉയർന്ന പരിധിയില്ല.
- സബ്സിഡി തുക പ്രോജക്ട് തുകയുടെ 35 ശതമാനമോ 3 ലക്ഷം രൂപയോ ഏതാണോ കുറവ് അതായിരിക്കും.
- തിരിച്ചടവ് കാലാവധി കുറഞ്ഞത് 3 വർഷവും കൂടിയത് 7 വർഷവുമാണ്.
- തിരിച്ചടവ് കാലാവധി വായ്പയെടുക്കുന്ന തീയതി മുതൽ 6 മാസത്തിനു ശേഷം മുതൽ ആരംഭിക്കുന്നതായിരിക്കും.
- പദ്ധതിയുടെ 5 ശതമാനം തുക ഗുണഭോക്തൃ വിഹിതമായി സ്വരൂപിക്കേണ്ടതാണ്. കൊളാറ്ററൽ സെക്യൂരിറ്റി ആവശ്യമില്ല.

**3. അർബൻ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് നെറ്റ് വർക്ക് (യു.സി.ഡി.എൻ.)**

- കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തെ പുഷ്ടിപ്പെടുത്തുന്നതിന് ഈ ഘടകം വിനിയോഗിക്കാവുന്നതാണ്.
- നഗരപ്രദേശത്തെ ദരിദ്ര വിഭാഗക്കാരുടെ സർവ്വതോന്മുഖമായ പുരോഗതിക്കു വേണ്ടി വിവിധ പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും ആവശ്യമായ സാമൂഹിക ഇടപെടൽ നടത്തുവാൻ ഉതകുന്ന തരത്തിലും പ്രത്യേകിച്ച് ലൈവ്‌ലിഹുഡ് പ്രോജക്ടുകൾ, വൈദഗ്ദ്ധ്യ പരിശീലനം, പാർപ്പിടം, കുടിവെള്ളം, ശുചിത്വം, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷിതത്വം, സാമൂഹ്യസേവനം എന്നീ മേഖലകളിലെ സേവനങ്ങളും സഹായങ്ങളും അർഹരായവർക്ക് എത്തിക്കുന്നതിനും ഉതകുന്ന തരത്തിൽ സംഘടനാ സംവിധാനം പുഷ്ടിപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം.

താഴെപ്പറയുന്ന ഉത്തരവാദിത്വങ്ങൾ സി.ഡി.എസ്സിന്റേതായി കണക്കാക്കാവുന്നതാണ്.

- സംഘടനാ സംവിധാനം വിപുലീകരിക്കുക
- സി.ഡി.എസ്. ആക്ഷൻ പ്ലാൻ തയ്യാറാക്കുക
- ലൈവ്‌ലിഹുഡ് സർവ്വേകൾ, ഭവന സർവ്വേകൾ, ചേരി പഠനങ്ങൾ എന്നിവ നടത്തുകയും വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കലും. (ഡേറ്റാ ബെയ്സ് സൂക്ഷിക്കൽ)
- എസ്.ജെ.എസ്.ആർ.വൈ. പദ്ധതി നടപ്പിലാക്കുക.
- പരിശീലനങ്ങൾ വിലയിരുത്തുകയും പരിശീലനം സംഘടിപ്പിക്കുകയും തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുകയും ചെയ്യുക.
- വിവിധ വകുപ്പുകളുമായുള്ള സംയോജനം നടപ്പിലാക്കുക.

**4. സ്റ്റെപ്പ് അപ്പ് (STEP UP)**

- നഗരപ്രദേശത്ത് താമസിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ
- ഗുണഭോക്താക്കളുടെ 30% വനിതകൾ ആയിരിക്കണം.
- പട്ടികജാതി-പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ എണ്ണം നഗരപ്രദേശങ്ങളിലെ ഈ വിഭാഗങ്ങളുടെ ജനസംഖ്യാനുപാതത്തിന്റെ ഇരട്ടിയായിരിക്കും. 15 ശതമാനം ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നുള്ളവരായിരിക്കണം.
- വർദ്ധിച്ച വരുമാനം ലഭിക്കുന്നതിന് ഉതകുന്ന തരത്തിൽ വ്യവസായ-ബിസിനസ് സേവന മേഖലകളിൽ പരിശീലനം നൽകാവുന്നതാണ്.
- പരിശീലനം സർക്കാർ സ്ഥാപനങ്ങളിലോ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിലോ വ്യക്തമായ സിലിബസ്സിന്റെ അടിസ്ഥാനത്തിലും പരീക്ഷയുടെ അടിസ്ഥാനത്തിലും ആയിരിക്കേണ്ടതാണ്. പരീക്ഷ ജയിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.
- എഞ്ചിനീയറിംഗ് കോളേജുകൾ, ഐ.റ്റി.ഐ., പോളിടെക്നിക്കുകൾ, ശ്രമിക് വിദ്യാപീഠം, കോളേജുകൾ എന്നിവയുടെ സേവന സൗകര്യങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.
- ഇത്തരത്തിൽ സർക്കാർ അംഗീകൃത സ്ഥാപനങ്ങളുമായി ബന്ധിച്ചുള്ള പരിശീലനങ്ങൾക്ക് ഒരു ഗുണഭോക്താവിന് എല്ലാ ഇനങ്ങളിലുമായി 10000 രൂപ വരെ ചെലവഴിക്കാവുന്നതാണ്.

**കുടുംബശ്രീ സാമ്പത്തിക സഹായങ്ങൾ**

**1. സബ്സിഡി**

വ്യക്തിഗത സംരംഭങ്ങൾക്ക് പ്രോജക്ട് ചെലവിന്റെ 30% പരമാവധി 7,500/-രൂപ (ഏതാണോ കുറവ്) എന്ന ക്രമത്തിൽ

ഗ്രൂപ്പ് സംരംഭങ്ങൾക്ക് പ്രോജക്ട് ചെലവിന്റെ 50% പരമാവധി ഒരു വ്യക്തിക്ക് 10,000/-രൂപ (ഏതാണോ കുറവ്) എന്ന ക്രമത്തിൽ.

**2. റിവോൾവിംഗ് ഫണ്ട്**

ബാങ്ക് വായ്പ ലഭ്യമാക്കി ആരംഭിച്ച് ആറ് മാസം പൂർത്തിയാക്കിയ തൊഴിൽസംരംഭങ്ങൾക്ക് പ്രോജക്ട് തുകയുടെ 15% അല്ലെങ്കിൽ 35,000/-രൂപ ഏതാണോ കുറവ് ആ തുക റിവോൾവിംഗ് ഫണ്ടായി നൽകുന്നു.

**3. ഇന്നവേഷൻ ഫണ്ട്**

വ്യത്യസ്തവും നൂതനവുമായ സൂക്ഷ്മ സംരംഭങ്ങൾക്ക് നൽകുന്ന ഫണ്ടാണ്. മൊത്തം പദ്ധതി ചെലവിന്റെ 50% ഇന്നവേറ്റീവ് ഫണ്ടായി തൊഴിൽ സംരംഭങ്ങൾക്ക് ലഭിക്കും.

**4.ടെക്നോളജി ഫണ്ട്**

വിജയകരമായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് മെച്ചപ്പെട്ട സാങ്കേതിക വിദ്യയോ യന്ത്ര സാമഗ്രിയോ ലഭ്യമാക്കുന്നതിന് കുടുംബശ്രീ നൽകുന്ന ഫണ്ടാണിത്. മൊത്തം പദ്ധതി ചെലവിന്റെ 50% ടെക്നോളജി ഫണ്ടായി തൊഴിൽ സംരംഭങ്ങൾക്ക് ലഭിക്കും.

**5. ക്രൈസിസ് മാനേജ് ഫണ്ട്**

പ്രതിസന്ധി നേരിടുന്ന സൂക്ഷ്മ സംരംഭങ്ങൾക്ക് പലിശരഹിത ഹ്രസ്വകാല വായ്പ പ്രദാനം ചെയ്യുകയാണ് ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിലൂടെ പ്രധാനമായി ലക്ഷ്യമിടുന്നത്. സംരംഭങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ക്രൈസിസ് മാനേജ് ഫണ്ട് ലഭിക്കുന്നതിന് അർഹതയുണ്ട്.

**6. രണ്ടാംഘട്ട ധനസഹായം**

കുടുംബശ്രീ ഗ്രാമീണ സൂക്ഷ്മ സംരംഭ പദ്ധതി പ്രകാരമോ യുവശ്രീ പദ്ധതി പ്രകാരമോ ആരംഭിച്ച ഗ്രൂപ്പ് സംരംഭങ്ങൾക്ക് പഞ്ചായത്തിന്റെ പദ്ധതിവിഹിതം, പ്രത്യേക കേന്ദ്ര സഹായം, എസ്.ജെ.എസ്.ആർ.വൈ. തുടങ്ങിയ ഗവൺമെന്റിന്റെ ഏതെങ്കിലും പദ്ധതി പ്രകാരം ഫണ്ട് ലഭ്യമാക്കി ആരംഭിച്ചിട്ടുള്ള കുടുംബശ്രീ സംരംഭങ്ങൾ എന്നിവയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി രണ്ടാംഘട്ട ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്.

**എന്താണ് ബാക്ക് എന്റ് സബ്സിഡി ?**

മൈക്രോ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കുടുംബശ്രീയിൽ നിന്നും നൽകുന്ന സബ്സിഡികൾ ബാക്ക് എന്റ് സബ്സിഡിയായിട്ടാണ് നൽകുന്നത്. ബാക്ക് എന്റ് സബ്സിഡികൾ താഴെ പറയും പ്രകാരമാണ് ബാങ്കുകൾ കൈകാര്യം ചെയ്യുന്നത്.

- സബ്സിഡി തുക ഒരു പ്രത്യേക അക്കൗണ്ടിൽ (സബ്സിഡി റിസർവ്വ് അക്കൗണ്ട്) ബാങ്കിൽ സൂക്ഷിക്കുന്നു.

- സബ്സിഡി തുകയ്ക്ക് പലിശ ലഭിക്കുന്നതല്ല.
- സബ്സിഡി തുക ഒഴിവാക്കിയുള്ള വായ്പാ തുകയ്ക്ക് മാത്രമെ ഗുണഭോക്താക്കളിൽ നിന്നും ബാങ്ക് പലിശ ഈടാക്കുകയുള്ളൂ.

ഉദാ:-*പത്ത് അംഗങ്ങൾ ചേർന്ന് ആരംഭിക്കുന്ന ഒരു സോപ്പ് നിർമ്മാണ യൂണിറ്റിന്റെ ആകെ പ്രോജക്ട് തുക 2,50,000/-രൂപയാണ്. ഇതിൽ-ഗുണഭോക്തൃ വിഹിതം -10.000/-രൂപ, ബാങ്ക് വായ്പ -2,40,000/-രൂപ, കുടുംബശ്രീ സബ്സിഡി-1,00,000/-രൂപ.*

കുടുംബശ്രീയിൽ നിന്നും ലഭിച്ച സബ്സിഡി തുകയായ 1,00,000/-രൂപ ബാങ്ക് സബ്സിഡി റിസർവ്വ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.ഇങ്ങനെ ചെയ്യുമ്പോൾ ബാങ്ക് വായ്പ നൽകിയ 2,40,000/- രൂപയിൽ നിന്നും സബ്സിഡി തുകയായ 1,00,000/-രൂപ കുറച്ച് ബാക്കിയുള്ള തുകയായ 1,40,000/- രൂപയ്ക്ക് മാത്രമെ പലിശ ഈടാക്കുകയുള്ളൂ.(2,40,000-1,00,000=1,40,000/-രൂപ)

ഇപ്രകാരം ഗുണഭോക്താവ് 1,40,000/-രൂപയും അതിന്റെ പലിശയും കൂടിയുള്ള തുക മാത്രം തിരിച്ചടച്ചാൽ മതിയാകും.

# 10

# വാർഡ്സഭ/വാർഡ് കമ്മിറ്റി

**നിശബ്ദ വിപ്ലവത്തിന്റെ തുടക്കം**

അധികാര വികേന്ദ്രീകരണത്തിലൂടെയാണ് അധികാരം ജനങ്ങളിലെത്തിയത്. വികസനത്തിന്റേയും വികേന്ദ്രീകരണത്തിന്റേയും നിശബ്ദവിപ്ലവത്തിന് കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയുമായി വികസനം ലക്ഷ്യവും, അധികാര വികേന്ദ്രീകരണം അതിനുള്ള മാർഗ്ഗവുമായി പരിണമിച്ചതിലൂടെയാണ് ജനാധിപത്യ പ്രക്രിയയുടെ അത്ഭുതകരമായ പരീക്ഷണം കേരളം യഥാർത്ഥ്യമാക്കിയത്.

ഭരണഘടനയുടെ 73,74-ാം ഭേദഗതിയിലൂടെ ആരംഭിക്കപ്പെട്ടത് ചലനാത്മകതയുടെ ചരിത്രമാണ്. മഹാരാജാക്കന്മാരുടേയും ചക്രവർത്തിമാരുടേയും ചെങ്കോലുകൾക്കും, കൊളോണിയൽ ഭരണകൂടങ്ങളുടെ അടിച്ചമർത്തലുകൾക്കുംശേഷം ജനാധിപത്യത്തിന്റെ ശംഖൊലി മുഴങ്ങിയ നമ്മുടെ രാജ്യത്ത് സാമൂഹ്യ നീതിയും, സാമ്പത്തിക വികസനവും ശക്തിപ്പെടണമെങ്കിൽ പ്രാദേശിക ഭരണകൂടങ്ങൾക്ക് അധികാരവും, സാമ്പത്തിക സഹായങ്ങളും അനിവാര്യമാക്കണമെന്നുള്ള കാഴ്ച്ചപ്പാടാണ് 73,74 ഭരണഘടനാ ഭേദഗതികൾ ശരിവച്ചത്.

പ്രാദേശിക ഭരണ സംവിധാനങ്ങൾക്ക് ഭരണഘടനാപരമായ പിൻബലവും, പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാനുള്ള ചുമതലകളും നൽകുക മാത്രമല്ല, ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സാമ്പത്തിക സഹായവും നൽകേണ്ടത് സംസ്ഥാന സർക്കാരുകളുടെ ബാദ്ധ്യതയാക്കുകയും ചെയ്തതിലൂടെയാണ് വികസന വിപ്ലവത്തിന് തുടക്കമായത്.

പ്രാദേശിക വികസനത്തിന് വഴിയൊരുക്കുന്ന വികസന അജണ്ട തയ്യാറാക്കുന്നതിനുള്ള പരമോന്നതമായ അധികാരം വാർഡ്സഭ/വാർഡ് കമ്മിറ്റി വഴി ജനങ്ങളിലെത്തി. ഒരു വാർഡിൽ നടപ്പാക്കേണ്ട വികസനത്തിന്റെ ദിശ നിശ്ചയിക്കുന്നതിന് വാർഡിലെ ജനങ്ങൾക്ക് കഴിയുന്നു എന്നത് അധികാരവികേന്ദ്രീകരണത്തിന്റേയും വികസനത്തിന്റേയും കൊടിയടയാളമായി മാറിക്കഴിഞ്ഞിരിക്കുന്നു.

**വാർഡ്സഭയുടെ രൂപീകരണം**

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 42 എ വാർഡ്സഭകളുടെ രൂപീകരണത്തെക്കുറിച്ച് വിശദീകരിക്കുന്നു. ഒരു ലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ള ഏതൊരു മുനിസിപ്പാലിറ്റിയിലും അതിന്റെ ഓരോ വാർഡിനും ഒരു വാർഡ്സഭ ഉണ്ടായിരിക്കുന്നതും ആ വാർഡിലെ വോട്ടർ പട്ടികയിൽ പേരുള്ള എല്ലാ ആളുകളും ആ വാർഡ് സഭയിൽ അംഗങ്ങ

ളായിരിക്കുന്നതുമാണ് എന്നാണ് മുനിസിപ്പാലിറ്റി ആക്ട് വിശദമാക്കുന്നത്. അതായത് ഒരു ലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികൾ നിലവിൽ വരുമ്പോൾ തന്നെ വാർഡ്സഭയും നിവവിൽവരും എന്ന് ചുരുക്കം.

എന്നാൽ ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരസഭകളിൽ വാർഡ് കമ്മിറ്റികൾ രൂപീകരിക്കണം എന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. വാർഡ് കമ്മിറ്റിയിൽ ആ വാർഡിലെ എല്ലാ വോട്ടർമാരും അംഗങ്ങളായിരിക്കുകയില്ല. മറിച്ച് വാർഡ് കമ്മിറ്റിയിലേക്ക് അംഗങ്ങളെ നിർദ്ദേശിക്കുകയാണ് ചെയ്യുന്നത്.

**കൺവീനർ**

വാർഡ് കൗൺസിലറാണ് വാർഡ്സഭയുടെ കൺവീനർ. ശാരീരികമായോ, മറ്റ് തരത്തിലോ ഒരു കൗൺസിലർക്ക് വാർഡ്സഭാ കൺവീനർ എന്ന നിലയിൽ തന്റെ കടമകൾ നിർവ്വഹിക്കാൻ സാധിക്കാത്ത സ്ഥിതി ഉണ്ടായാൽ ചെയർപേഴസൻ തൊട്ടടുത്തുള്ള ഏതെങ്കിലും വാർഡിനെ പ്രതിനിധീകരിക്കുന്ന കൗൺസിലറെ കൺവീനറായി നിയമിക്കേണ്ടതാണ്.

**കൺവീനറുടെ ചുമതലകൾ**

വാർഡ്സഭ കുറഞ്ഞപക്ഷം 3 മാസത്തിലൊരിക്കൽ വിളിച്ചുചേർക്കേണ്ടത് കൺവീനറുടെ ചുമതലയാണ്.

ഒരു വാർഡിലെ വോട്ടർമാരിൽ 10% കുറയാത്ത എണ്ണം വരുന്ന വോട്ടർമാർ രേഖാമൂലം ആവശ്യപ്പെട്ടാൽ അതിൽ ഉന്നയിക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിലേക്കായി വാർഡ്സഭയുടെ ഒരു അസാധാരണ യോഗം അപ്രകാരം ആവശ്യപ്പെട്ടതിനുശേഷം പതിനഞ്ച് ദിവസത്തിനകം കൺവീനർ വിളിച്ചുകൂട്ടണം.

എന്നാൽ രണ്ട് സാധാരണയോഗങ്ങൾക്കിടയിലുള്ള കാലയളവിൽ ഒരിക്കൽ മാത്രം ഇപ്രകാരമുള്ള അസാധാരണ യോഗം വിളിച്ചു കൂട്ടിയാൽ മതിയാവും. വാർഡിലെ ആകെ വോട്ടർമാരിൽ പത്തുശതമാനം ആവശ്യപ്പെടുമ്പോൾ എല്ലാം വാർഡ്സഭ വിളിച്ചുകൂട്ടേണ്ടതില്ല എന്ന് ചുരുക്കം.

വാർഡ്സഭ ചേരുമ്പോൾ ആ വാർഡിനെ സംബന്ധിച്ച് മുൻവർഷത്തെ വികസനപരിപാടികളും നടപ്പുവർഷം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വികസന പരിപാടികളും, അതിന് വേണ്ടിവരുന്ന ചെലവും സംബന്ധിച്ച ഒരു റിപ്പോർട്ടും, മുൻ വർഷത്തെ വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റും ഭരണ നിർവ്വഹണത്തിന്റെ ഒരു റിപ്പോർട്ടും വാർഡ്സഭ മുൻപാകെ കൺവീനർ സമർപ്പിക്കണം.

വാർഡ്സഭ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടത് ചെയർപേഴ്സനാണ്. അദ്ദേഹത്തിന് അദ്ധ്യക്ഷത വഹിക്കാൻ കഴിയാത്ത പക്ഷം ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനെ അദ്ധ്യക്ഷത വഹിക്കാൻ നിയോഗിക്കാം. ചെയർപേഴ്സൺ/സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരുടെ അഭാവത്തിൽ കൺവീനറായ വാർഡ് കൗൺസിലറാണ് അദ്ധ്യക്ഷത വഹിക്കേണ്ടത്.

കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം മേൽ വിവരിച്ച ചുമതലകളാണ് കൺവീനർ നിർവ്വഹിക്കേണ്ടതെങ്കിലും വാർഡ്സഭ വിജയകരമാക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും കൺവീനറുടെ ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതാണ്. പരമാവധി വോട്ടർമാരെ വാർഡ്സഭയിൽ പങ്കെടുപ്പിക്കാനും, ക്രിയാത്മകമായ ചർച്ചകളും, നിർദ്ദേശങ്ങളും അവരിൽ നിന്നും ഉണ്ടാകുന്നതിന് വേണ്ടതായ പ്രചോദനം നൽകാനും കൺവീനർക്ക് കഴിയും.

വാർഡിലെ വികസന പ്രക്രിയകളിൽ വോട്ടർമാർക്ക് ഉണ്ടായിരിക്കേണ്ട പങ്ക് അവരെ ബോദ്ധ്യപ്പെടുത്തുന്നതിൽ വാർഡ് കൺവീനർ വിജയിച്ചാൽ മാത്രമെ വാർഡ്സഭകളുടെ ഉദ്ദേശലക്ഷ്യങ്ങൾ സഫലമാകുകയുള്ളൂ. വാർഡ്സഭകൾ പ്രഹസനങ്ങൾ ആയി മാറാതിരിക്കുന്നതിന് വാർഡ് കൺവീനർക്ക് ഏറെ സംഭാവനകൾ നൽകാൻ കഴിയും.

രാഷ്ട്രീയ, ജാതി-മത ചിന്തകൾക്ക് അതീതമായ ഒരു കൂട്ടായ്മയായി വാർഡ്സഭയെ മാറ്റുകയാണ് വാർഡ് കൗൺസിലറുടെ യഥാർത്ഥ ഉത്തരവാദിത്വം. തുറന്ന മനസ്സും ബന്ധനമില്ലാത്ത കൈകളുമയി താൻ പ്രതിനിധാനം ചെയ്യുന്ന വാർഡിന്റെ വികസനത്തിനായി എല്ലാ വിഭാഗത്തിലും ഉൾപ്പെടുന്ന ജനങ്ങളുടെ പിന്തുണ നേടുമ്പോൾ ഒരു വാർഡ് കൗൺസിലർ വാർഡ് കൺവീനർ എന്ന പദവിയെ മഹത്തരമാക്കുകയാണ് ചെയ്യുന്നത്.

**ക്വാറം**

ഒരു വാർഡ്സഭയുടെ ക്വാറം ആകെ അംഗങ്ങളുടെ (ആകെ വോട്ടർമാരുടെ) 10% ആയിരിക്കും.

എന്നാൽ ക്വാറം തികയാതെ മാറ്റിവയ്ക്കുന്ന വാർഡ്സഭയുടെ യോഗം വീണ്ടും കൂടുമ്പോൾ അപ്രകാരമുള്ള യോഗത്തിന്റെ ക്വാറം 50 ആയിരിക്കുന്നതാണ്.

**വാർഡ്സഭയിൽ പങ്കെടുക്കേണ്ടവർ**

വാർഡിലെ വോട്ടർമാരെ കൂടാതെ ചെയർപേഴ്സൺ ആവശ്യപ്പെടുന്നതനുസരിച്ച് മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥർ വാർഡ്സഭായോഗത്തിൽ പങ്കെടുക്കണം. കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന വാർഡ്സഭാ കോ-ഓർഡിനേറ്റർ വാർഡ്സഭ വിളിച്ചുകൂട്ടുന്നതിന് മാത്രമല്ല മിനിറ്റ്സ് ബുക്കിൽ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിനും തുടർ നടപടികൾ എടുക്കുന്നതിനും കൺവീനറെ സഹായിക്കുകയും വേണം.

**സബ് കമ്മിറ്റി രൂപീകരണം**

വാർഡ്സഭയുടെ ഏതെങ്കിലും പദ്ധതിയോ, നയമോ, തീരുമാനമോ, പൊതുവായോ, പ്രത്യേകമായോ നടപ്പാക്കുന്നതിന് സഹായിക്കുന്നതിനും വാർഡ്സഭയുടെ അവകാശങ്ങളും ചുമതലകളും അഭിവൃദ്ധിപ്പെടുത്തുന്നതിലേയ്ക്കും വാർഡ്സഭയ്ക്ക് പത്തിൽ കുറയാതെ അംഗങ്ങളുള്ള ഒരു സബ്കമ്മിറ്റി രൂപീകരിക്കാം.

**വാർഡ് കമ്മിറ്റി**

ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരസഭയിലാണ് വാർഡ് കമ്മിറ്റി രൂപീകരിക്കേണ്ടത്. കൗൺസിൽ രൂപീകരിച്ച് 3 മാസത്തിനകം ഓരോ വാർഡിനും മുനിസിപ്പാ

ലിറ്റി ആക്ട് 43-ാം വകുപ്പ് പ്രകാരമുള്ള ഒരു വാർഡ് കമ്മിറ്റി രൂപീകരിക്കണം. ചെയർപേഴ്സനാണ് വാർഡ് കമ്മിറ്റി രൂപീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്.

**വാർഡ് കമ്മിറ്റിയുടെ ഘടന**

1. വാർഡ് കൗൺസിലറാണ് വാർഡ് കമ്മിറ്റിയുടെ ചെയർമാൻ സ്ഥാനം വഹിക്കേണ്ടത്. വാർഡ് കമ്മിറ്റി യോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടതും ഇദ്ദേഹമാണ്.
2. നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആ വാർഡിലെ റെസിഡൻസ് അസോസിയേഷനിൽ അംഗങ്ങളായിട്ടുള്ളവരിൽ നിന്നും നിർണ്ണയിക്കപ്പെട്ട രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന 15 പേർ
3. നഗരസഭയിൽ പ്രാതിനിധ്യമുള്ള ഓരോ രാഷ്ട്രീയ കക്ഷിയും നിർദ്ദേശിക്കുന്ന ഒരാൾ വീതം.
4. ആ വാർഡിൽ പ്രവർത്തിക്കുന്ന എല്ലാ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മേധാവികൾ
5. ചെയർപേഴ്സൺ, വാർഡ് കൗൺസിലറും കൂട്ടായി നാമ നിർദ്ദേശം ചെയ്യുന്ന 20 പേർ

5 (a). വാർഡിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സംഘടനകളെയും സന്നദ്ധ സംഘടനകളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളേയും വ്യവസായ വാണിജ്യ സ്ഥാപനങ്ങളേയും പ്രതിനിധീകരിക്കുന്ന 10 പേർ.

5(b). ആ വാർഡിൽ തൊഴിൽപരമായി പ്രവർത്തിക്കുന്ന കൃഷി, വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം, എൻജിനീയറിംഗ് എന്നീ മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ പ്രതിനിധീകരിച്ച് 5 പേർ.

5(c). രജിസ്ട്രേഡ് ട്രേഡ്യൂണിയനുകളിൽ പെട്ട 5 പേർ

ഇതിൽ എ, ബി എന്നീ വിഭാഗത്തിൽപ്പെട്ടവർ ആ വാർഡിലെ താമസക്കാർ ആയിരിക്കണമെന്നില്ല.

**യോഗങ്ങളുടെ കാലയളവ്**

വാർഡ് കമ്മിറ്റിയുടെ യോഗം വാർഡ് കമ്മിറ്റി ചെയർമാനായ കൗൺസിലർ മൂന്ന് മാസത്തിലൊരിക്കൽ നിർബന്ധമായും വിളിച്ചു കൂട്ടണം. എന്നാൽ ആവശ്യാനുസരണം എപ്പോൾ വേണമെങ്കിലും വാർഡ് കമ്മിറ്റി വിളിച്ചു കൂട്ടാവുന്നതാണ്.

**യോഗനോട്ടീസ്**

വാർഡ് കമ്മിറ്റിയുടെ നോട്ടീസ് യോഗ തീയതിക്ക് ഏഴു ദിവസം മുമ്പായി അംഗങ്ങൾക്ക് നൽകണം. കൂടാതെ നോട്ടീസ് പകർപ്പ് നഗരസഭയുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുകയും വേണം.

നോട്ടീസിൽ യോഗസ്ഥലം, തീയതി, സമയം, അജണ്ട എന്നിവ രേഖപ്പെടുത്തുകയും വേണം.

**ക്വാറം**

വാർഡ് കമ്മിറ്റിയുടെ ക്വാറം അതിന്റെ അംഗസംഖ്യയുടെ അഞ്ചിലൊന്ന് ആയിരിക്കുന്നതാണ്. യോഗത്തിന് നിശ്ചയിച്ചിട്ടുള്ള സമയം കഴിഞ്ഞ് 30 മിനിട്ടിനുള്ളിൽ ക്വാറം തികയുന്നില്ലെങ്കിൽ അദ്ധ്യക്ഷൻ യോഗം മറ്റൊരു ദിവസത്തേയ്ക്ക് മാറ്റി വയ്ക്കണം.

ക്വാറം തികയാത്തതുകൊണ്ട് മാറ്റിവയ്ക്കുന്ന യോഗങ്ങൾ 15 ദിവസത്തിനകം വീണ്ടും കൂടേണ്ടതാണെന്ന് വാർഡ് കമ്മിറ്റി രൂപീകരണവും യോഗനടപടിക്രമങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്നു.

**രജിസ്റ്റർ സൂക്ഷിക്കണം.**

വാർഡ് കമ്മിറ്റിയിലുള്ള അംഗങ്ങളുടെ പേരുവിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതും ഹാജരാകുന്ന അംഗങ്ങൾ അതിൽ ഹാജർ രേഖപ്പെടുത്തേണ്ടതുമാണ്.

**അദ്ധ്യക്ഷൻ**

വാർഡ് കൗൺസിലർ കൂടിയായ വാർഡ് കമ്മിറ്റിയുടെ ചെയർമാനാണ് യോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടത്. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ഹാജറുള്ള അംഗങ്ങൾ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുത്ത ഒരംഗത്തിന് അദ്ധ്യക്ഷത വഹിക്കാവുന്നതാണ്.

**ചർച്ച ചെയ്യേണ്ട വിഷയങ്ങൾ (അജണ്ട)**

വാർഡ് കമ്മിറ്റി ചെയർമാനുമായി ആലോചിച്ച് സെക്രട്ടറിയോ, അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ (വാർഡ് കോർഡിനേറ്റർ) വാർഡ് കമ്മിറ്റിയിൽ ചർച്ച ചെയ്യേണ്ട സംഗതികൾ ഉൾകൊള്ളിച്ചുകൊണ്ട് ഒരു അജണ്ട തയ്യാറാക്കേണ്ടതും വാർഡ് കമ്മിറ്റിയുടെ യോഗാരംഭത്തിൽ അത് അംഗങ്ങളെ വായിച്ചു കേൾപ്പിക്കേണ്ടതുമാണ്.

**യോഗനടപടിക്കുറിപ്പ്**

വാർഡ് കമ്മിറ്റിയോഗത്തിന്റെ നടപടിക്കുറിപ്പ് സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ തയ്യാറാക്കണം. അദ്ധ്യക്ഷൻ യോഗതീരുമാനങ്ങൾക്ക് താഴെ ഒപ്പ് വെയ്ക്കണം. യോഗം കഴിഞ്ഞ് 5 ദിവസത്തിനുള്ളിൽ യോഗനടപടികുറിപ്പ് അംഗങ്ങൾക്ക് നൽകുകയും അതിന്റെ പകർപ്പ് നഗരസഭയുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും വേണം.

യോഗനടപടികളും അംഗങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സെക്രട്ടറിയോ, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ രേഖപ്പെടുത്തുകയും ഭൂരിപക്ഷ തീരുമാനങ്ങൾ പതിനഞ്ച് ദിവസത്തിനകം ചെയർപേഴ്സനെ അറിയിക്കേണ്ടതുമാണ്. ഇവ എത്രയും വേഗം കൗൺസിൽ പരിഗണനക്ക് ചെയർപേഴ്സൺ സമർപ്പിക്കുകയും വേണം. വാർഡ് കമ്മിറ്റി സമർപ്പിക്കുന്ന നിർദ്ദേശങ്ങൾക്കും പ്രമേയങ്ങൾക്കും കൗൺസിൽ അർഹമായ പരിഗണന നൽകേണ്ടതാണ്.

**വികസനപദ്ധതികൾ തയ്യാറാക്കൽ**

ഓരോ വാർഡ് കമ്മിറ്റിയും ഓരോ സാമ്പത്തികവർഷവും അവസാനിക്കുന്നതിന് മൂന്ന് മാസം മുമ്പുള്ള അതിന്റെ ഒരു യോഗത്തിൽ വച്ച് അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള വികസനപദ്ധതികൾ, ഓരോ ഇനത്തിലും പ്രതീക്ഷിക്കുന്ന ചെലവിന്റെ എസ്റ്റിമേറ്റ് സഹിതം മുൻഗണനാ ക്രമത്തിൽ നിശ്ചിത മാതൃകയിൽ തയ്യാറാക്കി ചെയർപേഴ്സൺ മുഖേന കൗൺസിലിൽ സമർപ്പിക്കണം.

**ആനുകാലിക റിപ്പോർട്ട് സമർപ്പിക്കൽ**

വാർഡ് കമ്മിറ്റിയെ ഏൽപിച്ചിട്ടുള്ള ചുമതലകളെ സംബന്ധിച്ച് ഓരോ വാർഡ് കമ്മിറ്റിയും ചെയർപേഴ്സൺ മുഖേന കൗൺസിലിന് 3 മാസത്തിലൊരിക്കൽ റിപ്പോർട്ട് നൽകേണ്ടതാണ്.

**വാർഡ് കമ്മിറ്റിയുടേയും വാർഡ്സഭകളുടേയും ചുമതലകൾ**

വാർഡ് കമ്മിറ്റികൾക്കും വാർഡ്സഭകൾക്കും നിയമപരമായ ചുമതലകൾ ലഭിച്ചതാണ് അധികാരവികേന്ദ്രീകരണത്തിന്റെ ഏറ്റവും ഗുണപരമായ മാറ്റം. ജനങ്ങളിൽ അധികാരമെത്തി എന്ന യാഥാർത്ഥ്യം ജനങ്ങൾക്ക് തന്നെ ബോദ്ധ്യപ്പെടുന്നതിന് ഉതകുന്ന തരത്തിൽ ആവശ്യമായ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുകയായിരിക്കണം ഓരോ കൗൺസിലറുടെയും ചുമതല.

താഴെ പറയുന്ന അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നതിന് കേരളാ മുനിസിപ്പാലിറ്റി ആക്ട് വാർഡുസഭകളേയും വാർഡ് കമ്മിറ്റികളേയും അധികാരപ്പെടുത്തുന്നു.

1. നഗരസഭയുടെ വികസന പദ്ധതി രൂപീകരിക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുക
2. നഗരസഭാ പ്രദേശത്ത് നടപ്പാക്കേണ്ട വികസനപ്രവർത്തനങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾക്ക് രൂപം നൽകുക, മുൻഗണന നിശ്ചയിക്കുക, അടുത്ത മൂന്ന് മാസത്തേക്കുള്ള പ്രവർത്തന പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
3. നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡപ്രകാരം അർഹരായ അപേക്ഷകരെ കണ്ടെത്തി മുൻഗണനാ ക്രമത്തിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി നഗരസഭകൾക്ക് നൽകുക (നഗരസഭയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുക. ലഭിക്കുന്ന അപേക്ഷകളിൽ അന്വേഷണം നടത്തിയ ശേഷം കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി വാർഡ്സഭ/വാർഡ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കേണ്ടതും അപേക്ഷകരെ കൂടി ക്ഷണിച്ച് അതിന്റെ യോഗത്തിൽ വച്ച് കരട് ലിസ്റ്റ് വാർഡ്സഭ/കമ്മിറ്റി സൂക്ഷ്മപരിശോധന നടത്തി അന്തിമലിസ്റ്റ് കൗൺസിലിന് സമർപ്പിക്കേണ്ടതും ലിസ്റ്റിൽ ഒരു മാറ്റം വരുത്താതെ കൗൺസിൽ അംഗീകരിക്കേണ്ടതുമാണ്.)

4. വികസനപദ്ധതികൾ തയ്യാറാക്കുന്നതിന് ആവശ്യമായ സഹായങ്ങളും, സൗകര്യവും ചെയ്തു കൊടുക്കുക.
5. വാർഡിൽ നടപ്പാക്കുന്ന വികസന പരിപാടികളെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ആവശ്യപ്പെടുകയും നടപ്പാക്കൽ നിരീക്ഷിക്കുകയും ചെയ്യുക.
6. സാമൂഹ്യക്ഷേമ പരിപാടികൾക്കായി സന്നദ്ധസേവനവും പണമായോ സാധനമായോ ഉള്ള സഹായങ്ങളും നൽകുകയും സമാഹരിക്കുകയും ചെയ്യുക.
7. തെരുവ് വിളക്കുകൾ, വാട്ടർ ടാപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുക, പൊതു ശുചീകരണ ഘടകങ്ങൾ, ജലസേചന സൗകര്യങ്ങൾ മറ്റ് പൊതു ആവശ്യപദ്ധതികൾ ഇവയുടെ മുൻഗണനാക്രമം നിശ്ചയിക്കുക.
8. സാക്ഷരതാ പരിപാടികൾ ആവിഷ്കരിക്കൽ, ശുചിത്വം, പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം എന്നിവയെ സംബന്ധിച്ച ബോധവൽക്കരണ പദ്ധതി ആവിഷ്കരിക്കുക. അഴിമതി, വ്യാജവും കൃത്രിമവുമായ ഇടപാടുകൾ തുടങ്ങിയ സാമൂഹികതിന്മകളിൽ നിന്ന് ജനങ്ങൾക്ക് സംരക്ഷണം നൽകുക.
9. സൗഹാർദ്ദവും ഐക്യവും വളർത്തുകയും ജനങ്ങൾക്കിടയിൽ സൽമനോഭാവം വളർത്തുന്നതിനായി കലാകായിക മേളകൾ സംഘടിപ്പിക്കുകയും ചെയ്യുക.
10. വാർഡിൽ വികസന പ്രവർത്തനം മൂലം ലഭിക്കുന്ന ഗുണഭോക്താക്കളെ സഹായിക്കുകയും നിരീക്ഷിക്കുകയും ചെയ്യുക.
11. സർക്കാരിൽ നിന്നും പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള ക്ഷേമ സഹായങ്ങൾ ലഭിക്കുന്നവരുടെ അർഹത പരിശോധിക്കുക.
12. നികുതി ഫീസ്, വാടക തുടങ്ങി നഗരസഭകൾക്ക് ലഭിക്കേണ്ട തുകകൾ യഥാസമയം നൽകുന്നതിനായി ജനങ്ങളെ ബോധവൽക്കരിക്കുക.
13. അടുക്കളത്തോട്ടം, ഉദ്യാനകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക
14. ജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നിവയുടെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.
15. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നതിലും സ്പെഷ്യസ് പ്ലാനിംഗ് നടപ്പാക്കുന്നതിനുള്ള വീഴ്ചകൾ കണ്ടെത്തുക.
16. പൊതുജനാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുക
17. പരിഗണനയ്ക്ക് വരുന്ന ആഡിറ്റ് റിപ്പോർട്ടിനേയും പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ടിനേയും കുറിച്ച് ചർച്ച ചെയ്യുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കൗൺസിലറെ അറിയിക്കുകയും ചെയ്യുക.
18. ശുചീകരണ പ്രക്രിയകളിൽ ജീവനക്കാരുമായി സഹകരിക്കുകയും സന്നദ്ധസേവനം നൽകുകയും ചെയ്യുക.

**കർത്തവ്യങ്ങൾ**

1. വികസനവും ക്ഷേമവും സംബന്ധിച്ചിട്ടുള്ള പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക.
2. ആരോഗ്യം, സാക്ഷരതാ പരിപാടികളെക്കുറിച്ച് പ്രചരിപ്പിക്കുകയും ജനങ്ങളെ പങ്കാളികളാക്കുകയും ചെയ്യുക.
3. സാമൂഹ്യസാമ്പത്തിക അടിസ്ഥാന രേഖകൾ ശേഖരിക്കുക
4. വികസന പ്രവർത്തന പുരോഗതിയെ സംബന്ധിച്ച വിവരം ശേഖരിക്കുക
5. നികുതി നൽകുന്നതിനും, വായ്പതിരിച്ചടക്കുന്നതിനും പരിസ്ഥിതി ശുചീകരണം മെച്ചപ്പെടുത്തുന്നതിനും വേണ്ടതായ ധാർമ്മിക മാർഗ്ഗങ്ങൾ അവലംബിക്കുക
6. പ്രാദേശിക വിവര സമാഹരണം നടത്തുക
7. വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക
8. സാംക്രമിക രോഗങ്ങൾ, പ്രകൃതിക്ഷോഭ ദുരന്തങ്ങൾ ഉണ്ടായാൽ പെട്ടെന്ന് വിവരം നൽകാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക
9. പരിസ്ഥിതി പ്രശ്നങ്ങളെകുറിച്ച് ബോധവൽക്കരണം നടത്തുക.

**അവകാശങ്ങൾ**

1. അടുത്ത മൂന്നുമാസങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അനുഷ്ഠിക്കേണ്ട സേവനങ്ങളും, പ്രവർത്തനങ്ങളും സംബന്ധിച്ച വിവരം ലഭിക്കുക
2. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദമായ കണക്കുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കുക
3. വാർഡ് പ്രദേശത്തെ സംബന്ധിച്ച കൗൺസിൽ തീരുമാനങ്ങൾ യുക്തിപൂർവ്വമാണോ എന്നറിയുക
4. വാർഡ്സഭ/കമ്മിറ്റി തീരുമാനത്തിൻ മേൽ എടുത്ത തുടർനടപടികളെ പറ്റിയും, തീരുമാനങ്ങൾ നടപ്പാക്കാതിരുന്നതിനുള്ള കാരണങ്ങളെപ്പറ്റിയും വിശദീകരണങ്ങൾ അറിയുക.
5. വാർഡിലെ നഗരാസൂത്രണ പദ്ധതികൾ, കെട്ടിട നിർമ്മാണ പെർമിറ്റുകൾ എന്നിവയുടെ വിവരങ്ങൾ ലഭിക്കുക.

**ചരിത്രത്തോടൊപ്പം നടക്കുക**

വാർഡ്സഭ/ വാർഡ്കമ്മിറ്റികൾ കേരളത്തിൻ വികസന ചരിത്രത്തിൽ അടയാളപ്പെടുത്തികഴിഞ്ഞ അദ്ധ്യായങ്ങളാണ്. അധികാരത്തിൽ സ്പർശിക്കാൻ സാധാരണ ജനങ്ങൾക്ക് അവസരം നൽകിയ പുരോഗമനപരവും ഭരണഘടനാ പിൻബലവുമുള്ള ഈ സംവിധാനം രാജ്യത്തിന് മാതൃകയായി മാറിയതിൽ നമുക്ക് അഭിമാനിക്കാൻ കഴിയും. മരത്തണലുകളിലും, വീടുമുറ്റങ്ങളിലും കൂട്ടം കൂടിയിരുന്നുകൊണ്ട് ഓരോ നഗരവാസികളും തങ്ങളുടെ നാടിന്റെ വികസനത്തിനുള്ള പദ്ധതികൾ ചർച്ച ചെയ്യുകയും, ഗുണപരമായ തീരുമാനങ്ങളി

ലെത്തുകയും, ക്ഷേമപെൻഷനുകളുടേയും സാമ്പത്തിക ആനുകൂല്യങ്ങളുടെയും അർഹരായ വരെ നിശ്ചയിക്കുകയും ചെയ്യുന്നതു വഴി അഭിമാനകരമായ ഒരു വികസന പ്രക്രിയയ്ക്ക് നാടും നഗരവും സാക്ഷ്യം വഹിക്കുന്നു. പക്ഷെ വാർഡ് സഭകളിൽ നിന്നും ആദ്യകാലത്തു ണ്ടായ ആവേശം ദുർബ്ബലപ്പെടുന്നതിന്റെ സൂചനകൾ ചില സ്ഥലങ്ങളിലെങ്കിലും സംഭവിച്ചു തുടങ്ങിയിരിക്കുന്നു. കാരണങ്ങൾ പലതുണ്ടെങ്കിലും ഈ അവസ്ഥ പരിതാപകരമാണെന്ന തിൽ സംശയമില്ല. വാർഡ്സഭകളും, വാർഡ് കമ്മിറ്റികളും പ്രഹസനങ്ങളായി മാറാതിരി ക്കുന്നതിന് നിതാന്ത ജാഗ്രത എല്ലാ ഭാഗത്ത് നിന്നും അനിവാര്യമായും ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ വാർഡ്സഭയുടെ കൺവീനർ/വാർഡ് കമ്മിറ്റിയുടെ ചെർമാൻ ആയ കൗൺസി ലർക്ക് പ്രത്യേക താല്പര്യം ഉണ്ടായിരിക്കണം. ചരിത്രത്തോടൊപ്പം നടക്കുക, അല്ലെങ്കിൽ ചരിത്രം നമ്മെ തെറ്റുകാരെന്ന് വിധിക്കുകയും പരാജിതരെന്ന് വിളിക്കുകയും ചെയ്യും.